KOTTAYAM PUBLIC LIBRARY

Call No. ന A2 Acc. No. 19639

Author രാമൻ നമ്പ്യാർ, ജി. കെ

Title ഭാരത [illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഭാരതം പ്രബന്ധം

വിഷയങ്ങൾ

1. പാഞ്ചാലീസ്വയംബരം (ഉത്തരഭാഗം)

2. യുധിഷ്ഠിരാഭിഷേകം, 3. സുന്ദോപസുന്ദോപാഖ്യാനം.

ഭാഷാവ്യാഖ്യാനസഹിതം.

വ്യാഖ്യാതാക്കന്മാർ

സി. കെ. രാമൻനമ്പ്യാർ അവർകൾ

കെ. രാമൻനമ്പ്യാർ അവർകൾ

പ്രസാധകൻ

കോച്ചാമ്പിള്ളി മഠത്തിൽ രാമൻനമ്പ്യാർ

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിച്ചത്.

1106.

പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു.

KOTTAYAM PUBLIC LIBRARY 19634

MA2

KOTTAYAM PUBLIC LIBRARY ☆ KOTTAYAM ☆

# ഭാരതം പ്രബന്ധം

## പാഞ്ചാലീസ്വയംബരം

### ഉത്തരഭാഗം.

പ. ഉച്ചൈരുച്ചാൎയ്യമാണേ ക്ഷിതിസുരനിവഹൈ-
സ്സാധുവാദേ തദാനീ-
മന്തസ്സന്തോഷപൂൎണ്ണേ ദ്രുപദനരപതൌ
പൌരസാൎത്ഥേ കൃതാൎത്ഥേ
"ഹാ! ധാൎഷ്ട്യം ബ്രഹ്മബന്ധോരനൃപതിരിഹ കഃ
കന്യകാരത്നമീഹേ-
തേ"ത്യക്ഷുഭ്യന്നസൂയാദ്ദുരഭിഭവചല-
ന്മാനസാ മാനവേന്ദ്രാഃ. 1

വ്യാ—(തദാനീം)അപ്പോൾ (ക്ഷിതിസുരനിവഹൈഃ)ബ്രാഹ്മണരുടെ സമൂഹത്താൽ (സാധുവാദേ)സ്വസ്തിവചനം (ഉച്ചൈഃ) ഉറക്കെ (ഉച്ചാൎയ്യമാണേ) ഉച്ചരിക്കപ്പെട്ടും സമയത്തിങ്കലും (ദ്രുപദനരപതൌ) പാഞ്ചാലരാജാവു് (അന്തഃസന്തോഷപൂൎണ്ണേ) ഉള്ളിൽ സന്തോഷംകൊണ്ടു നിറഞ്ഞവനായിരിക്കും സമയത്തിങ്കലും (പൌരസാൎത്ഥേ) പുരവാസികളുടെ സമൂഹം (കൃതാൎത്ഥേ ച) കൃതകൃത്യ—അഭീഷ്ടത്തെ സിദ്ധിച്ച—മായിരിക്കും സമയത്തിങ്കലും (മാനവേന്ദ്രാഃ) രാജാക്കന്മാർ (അസൂയാദ്ദുരഭിഭവചലന്മാനസാഃ)അസൂയയുടെ അകാലത്തിലുള്ള ആവിൎഭാവം ഹേതുവായിട്ടു് ഇളകിയിരിക്കുന്ന മനസ്സോടുകൂടിയവരായിട്ടു് (ബ്രഹ്മബന്ധോഃ) ബ്രാഹ്മണന്റെ (ധാൎഷ്ട്യം) കൂസലില്ലായ്മ (ഹാ) കഷ്ടം—ക്ഷന്തവ്യമല്ലാത്തതാകുന്നു. (ഇഹ) ഇവിടെ—ഈ രാജസദസ്സിൽ (അ

നൃപതിഃ) രാജാവല്ലാത്ത (കഃ) ഏവനൊരുത്തൻ (കന്യകാരത്നം) ഉത്തമയായ കന്യകയെ (ഈഹേത) ഇച്ഛിക്കും. (ഇതി) എന്നിപ്രകാരം വിചാരിച്ച് (അക്ഷുഭ്യൻ) കോപിച്ചു.

സാ—ദുർവ്വേധമായ ലക്ഷ്യം താഴത്തും സ്പൃഹണീയമായ വരണമാല സവ്യസാചിയുടെ കഴുത്തിലും ആയപ്പോൾ രംഗസ്ഥന്മാരായ ബ്രാഹ്മണരാസകലം പ്രമോദഭരിതന്മാരായി ഉറക്കെ അർജ്ജുനനെ പ്രശംസിച്ചുകൊണ്ട് ആ വധൂവരന്മാരെ പലവിധത്തിൽ ആശിർവ്വദിച്ചു. രാജാക്കന്മാരെല്ലാം മടങ്ങിയപ്പോൾ നിരാശനായിത്തീന്നിരുന്ന ദ്രുപദനാകട്ടെ പുത്രിക്ക് സമുചിതനായ വരനെ ലഭിച്ചതിനാൽ ഉള്ളിൽ സന്തോഷംകൊണ്ടു നിറഞ്ഞു. പൌരന്മാരാകട്ടെ തങ്ങളുടെ ഹിതത്തെത്തന്നെ അനുവത്തിച്ച് രഞ്ജിപ്പിച്ചു പോരുന്ന രാജാവിൻെറ പ്രിയപുത്രിയും തങ്ങൾക്ക് പ്രിയപ്പെട്ടവളുമായ രാജകുമാരി സുമംഗലയായതു നിമിത്തം കൃതാത്ഥന്മാരായി. ആ സമയം ഭഗ്നേച്ഛന്മാരും പരാജിതന്മാരുമായ രാജാക്കന്മാർ അസൂയയെ തടുപ്പാൻ മനസ്സിന്നു ശക്തിയില്ലാതെ "അമ്പോ! ഒരു ബ്രാഹ്മണാധമൻെറ അധികപ്രസംഗം. ഇത് ക്ഷന്തവ്യമോ? അനേകം വീരന്മാരായ രാജാക്കന്മാർ നിറഞ്ഞിരിക്കുന്ന ഈ സദസ്സിൽ ലേശംപോലും രാജത്വമില്ലാത്ത ഒരുത്തൻ അത്യുത്തമയായ കന്യകയെ കിട്ടേണമെന്നാഗ്രഹിച്ച് യത്നിക്കയോ?" എന്നിപ്രകാരം വിചാരിച്ച് വല്ലാതെ കോപിച്ചു പുറപ്പെട്ടു.

പ. "യദി സമമനയാഹം നിർഗ്ഗമിഷ്യാമി തൂഷ്ണീം
ധ്രുവമിഹ വിഹസേയുർഭീരുരിത്യേവ ഭൂപാഃ"
ഇതി കൃതമതിരുച്ചൈശ്ശാന്തഗംഭീരനാദാം
സകലജനസമക്ഷം വാചമൂചേ കിരീടീ. 2

വ്യാ—(കിരീടീ) അർജ്ജുനൻ (അഹം) ഞാൻ (തൂഷ്ണീം) മൌനത്തെ അവലംബിച്ച് (അനയാസഹ) ഇവളോടുകൂടെ(യദിനിർഗ്ഗമിഷ്യാമി) പോയാൽ (ഇഹ) ഇവിടെയുള്ള (ഭൂപാഃ) രാജാക്കന്മാർ (ഭീരുഃ ഇതി ഏവ) ഭീരു എന്നുതന്നെ (മാം) എന്നെ

(വിഹസേയുഃ) പരിഹസിക്കും (ധ്രുവം) നിശ്ചയം (ഇതി കൃതമതിഃ) എന്നിപ്രകാരം ചെയ്യപ്പെട്ട ബുദ്ധിയോടുകൂടിയവനായിട്ട് (ശാന്തഗംഭീരനാദാം) ശാന്തമായും ഗംഭീരമായും ഇരിക്കുന്ന നാദത്തോടുകൂടിയ (വാചം) വാക്കിനെ (സകലജനസമക്ഷം) ഒട്ടൊഴിയാതെയുള്ള ജനങ്ങളുടെ മുമ്പിൽവെച്ച് (ഉച്ചൈഃ) ഉറക്കേ (ഊചേ) പറഞ്ഞു.

സാ—അപ്പോൾ അർജ്ജുനൻ "ഞാൻ ഒന്നും മിണ്ടാതെ ഇവളോടുകൂടി പോകുന്നതായാൽ ഇവിടെക്കൂടിയിരിക്കുന്ന രാജാക്കന്മാരെല്ലാം എന്നെ ഭീരു എന്നുതന്നെ നിശ്ചയമായും പരിഹസിക്കും. അതിന്നിടവരുത്തരുത്" എന്നിങ്ങനെ നിശ്ചയിച്ച് ശാന്തരസപ്രധാനമാണെങ്കിലും വൈരികൾക്ക് ഭയത്തെക്കൊടുക്കുന്നതായ വാക്കിനെ എല്ലാവരുടേയും മുമ്പിൽ വെച്ച് ഉറക്കെപ്പറഞ്ഞു.

പ. "ദത്തൈവേയം ഖലു നൃപതിനാ ഛിന്നലക്ഷായ കന്യാ
വിദ്ധ്വാ ഭൂയസ്ത്വദഹമധുനാ രാജപുത്രീം നയാമി
ഭൂപേഷ്വേകോ യദി ന സഹതേ ന്യായ്യവൃത്തിം മമൈതാം
സദ്യസ്സന്നഹ്യതു ഭുജബലവ്യക്തയേ മൃത്യവേ വാ". 3

വ്യാ—(ഇയം കന്യാ) ഈ കന്യക (നൃപതിനാ) രാജാവിനാൽ (ഛിന്നലക്ഷായ) ഛേദിക്കപ്പെട്ട ലക്ഷത്തോടുകൂടിയവനായിക്കൊണ്ട് (ദത്താ ഏവ ഖലു) കൊടുക്കപ്പെട്ടവളായിട്ടുതന്നെ ഭവിക്കുന്നുവല്ലോ (അഹം) ഞാൻ (അധുനാ) ഇപ്പോൾ (തൽ) അതിനെ (വിദ്ധ്വാ) ഛേദിച്ചിട്ട് (രാജപുത്രീം) രാജകുമാരിയെ (നയാമി) കൊണ്ടുപോകുന്നു. (മമ) എന്റെ (ഏതാം) ഈ (ന്യായ്യവൃത്തിം) യുക്തമായ പ്രവൃത്തിയെ (ഭൂപേഷു) രാജാക്കന്മാരിൽ (ഏകഃ) ഒരുവനെങ്കിലും (നസഹതേയദി) സഹിക്കുന്നില്ല എങ്കിൽ (സഃ) അവൻ (സദ്യഃ) ഉടനെ (ഭുജബലവ്യക്തയേ) കയ്യൂക്കിനെ വ്യക്തമാക്കുവാനായിക്കൊണ്ടോ (മൃത്യവേവാ) മരണത്തിന്നായിക്കൊണ്ടോ (സന്നഹ്യതു) ഒരുമ്പെടട്ടെ.

സാ—"ഈ കന്യകയെ, ആരോ ലക്ഷം ഛേദിക്കുന്ന അവന്നായി ദ്രുപദൻ കൊടുത്തിരിക്കുന്നു. അതിൽ ജാത്യാചാരങ്ങളു

ടെ നോട്ടമില്ല. ഇത് നിങ്ങൾക്കെല്ലാവക്കും അറിയാമല്ലോ. ഞാൻ ഇപ്പോൾ ആ ലാക്കറെത്തു് രാജകുമാരിയേ കൊണ്ടുപോകുന്നു. എൻെറ ഈ ന്യായ്യമായ പ്രവൃത്തി രാജാക്കന്മാരിൽ ഒരുവനെങ്കിലും സഹിക്കാതുണ്ടെങ്കിൽ അവൻ വേഗത്തിൽ തൻെറ കയ്യൂക്ക കാട്ടാൻ ഒരുമ്പെടട്ടെ. എന്നാൽ അവൻെറ ഈ ഉദ്യമത്തിൻെറ ഫലം മരണം തന്നെയായിരിക്കും".

പ. "ലക്ഷച്ഛേദസ്തവജളമതേ! കാകതാലീയ എ്യഷഃ
സ്ഥായൽഗവ്വഃ പുനരപിചകിം ജല്പസി! സ്വല്പസാരം
ക്ഷോണീന്ദ്രാണാംസദസിമിഷതാന്നേഷ്യസേചേത്തപമേനാം
ച്ഛേത്സ്യാമസ്തേഝടിതിവരണസ്രഗ്വിണീംകണ്ഠനാളീം". 4

വ്യാ—(ഹേജളമതേ) അല്ലയോ മന്ദബുദ്ധിയായവനേ (തവ) നിൻെറ (എ്യഷഃലക്ഷച്ഛേദഃ) ഈ ലാക്കറക്കൽ (കാകതാലീയഃ)കാക്ക പനമേൽ വന്നിരുന്നപ്പോൾ ഫലത്തിൻെറ വീഴ്ചപോലെ യദൃച്ഛാസംഭൂതമാകുന്നു. (പുനരപിച) എന്നിട്ടും (സ്ഥായൽഗവ്വഃ) വദ്ധിച്ച ഗവ്വോടുകൂടിയവനായിട്ട് (സ്വല്പസാരം) ഏററവും അല്പമായിരിക്കുന്ന സാരത്തോടു കൂടുംവണ്ണം—അശ്രദ്ധേയമാകുംവണ്ണം(കിംജല്പസി)നീ പുലമ്പുന്നുവോ.(തപം)നീ (സദസി) സഭയിൽ (മിഷതാം) നോക്കിക്കൊണ്ടു നിൽക്കുന്ന (ക്ഷോണീന്ദ്രാണാം) രാജാക്കന്മാരെ അനാദരിച്ച് (എനാം) ഇവളേ (നേഷ്യസേചേൽ) കൊണ്ടുപോകും എങ്കിൽ (ഝടിതി) ഉടനെ (തേ) നിൻെറ (വരണസ്രഗ്വിണീം) വരണമാലയോടുകൂടിയ (കണ്ഠനാളീം) താമരത്തണ്ടുപോലെയിരിക്കുന്ന കഴുത്തിനെ (ഛേത്സ്യാമഃ) ഞങ്ങൾ ച്ഛേദിക്കുന്നുണ്ടു.

സാ—അർജ്ജുനൻെറ വാക്കുകേട്ട് രാജാക്കന്മാർ ഇങ്ങിനെ പറഞ്ഞു:—"എടാ, മന്ദമതെ! നീ ലക്ഷം ഛേദിച്ചു എന്നു വിചാരിച്ചു ഞെളിയേണ്ട. ഒരു കാക്ക പനമേൽ വന്നിരുന്ന ഉടനെ വീണതായ അതിൻെറ ഫലത്തെ കാക്ക തട്ടിയിട്ടതായിക്കരുതാറുണ്ടോ? അതുപോലെ നിൻെറ ഈ പ്രവൃത്തിയും ദൈവാധീനത്താൽ ഫലിച്ചു എന്നല്ലാതെ പരാക്രമംകൊണ്ടല്ല. പരമാ

ത്ഥം ഇങ്ങിനെ ഇരിക്കെ ഇതാലോചിച്ചറിവാൻ നൈപുണ്യമില്ലാതെ ഗർവ്വ് മുഴുത്തു നീ അൎത്ഥമില്ലാതെ ചിലയ്ക്കുന്നുവോ? മാന്യന്മാരായ രാജാക്കന്മാരാസകലം നോക്കിക്കൊണ്ടിരിക്കെ സദസ്സിൽ അവരെ അവമാനിച്ച് നീ ഈ കന്യകയെക്കൊണ്ടു പോകുന്നതായാൽ വരണമാലയോടുകൂടിയ നിൻെറ കണ്ഠം താമരത്തണ്ടുപോലെ ഞങ്ങൾ എളുപ്പത്തിൽ ഖണ്ഡിച്ചു കളയുന്നുണ്ടു. ഇതിൽ ആലോചനയേ ഇല്ല”.

പ. ഇതി ബ്രുവന്തസ്സൎവ്വേപി രോഷപോഷാരുണേക്ഷണാഃ
തൂൎണ്ണമുത്ഥായ യുദ്ധായ സന്നഹ്യന്തിസ്മ തേനൃപാഃ. 5

വ്യാ—(തേനൃപാഃ) ആ രാജാക്കന്മാർ (സൎവ്വേ അപി) എല്ലാവരും (ഇതി ബ്രുവന്തഃ) ഇപ്രകാരം പറയുന്നവരായി (രോഷപോഷാരുണേക്ഷണാഃ) കോപത്തിൻെറ വൃദ്ധിഹേതുവായിട്ട് ചുവന്ന കണ്ണുകളോടുകൂടിയവരായിട്ട് (തൂൎണ്ണം) വേഗത്തിൽ (ഉത്ഥായ) എഴുനീററ് (യുദ്ധായ) യുദ്ധത്തിന്നായിക്കൊണ്ടു (സന്നഹ്യന്തിസ്മ) ഒരുമ്പെട്ടു.

സാ—ഇപ്രകാരം പറഞ്ഞുകൊണ്ടു ആ രാജാക്കന്മാരാസകലം കോപം പരമകാഷ്ഠയിൽ എത്തിയതിനാൽ ചുവന്ന കണ്ണുകളോടുകൂടി വേഗം എഴുനീററ് യുദ്ധത്തിന്നായി ഒരുമ്പെട്ടു.

പ. “അസ്മജ്ജാതിൎജ്ജളൈവേത്യഭിമതമനസോ
വീക്ഷ്യകൎമ്മാത്ഭുതന്നഃ
പ്രൌഢാസൂയാഃ ക്രമന്തേ ദ്വിജതരുണമമും
നിസ്സഹായം നിരോദ്ധും
ബ്രാഹ്മണ്യജ്യോതിഷാമൂൻവയമിഹതരസാ
ഭസ്മയാമഃ സ്മയാന്ധാ-”
നിത്ഥംപൃത്ഥ്വീസുരേന്ദ്രാഃ കതിചിദഥജവാ-
ദുത്ഥിതാ ബദ്ധരോഷാഃ. 6

വ്യാ—(അസ്മജ്ജാതിഃ) നമ്മുടെ ജാതി (ജളാ ഏവ) സാമൎത്ഥ്യമില്ലാത്തതുതന്നെ (ഇതി) എന്നിങ്ങനെ (അഭിമതമനസഃ) നിശ്ചയിച്ച മനസ്സോടുകൂടിയവരായ (യേ) യാവചിലർ (നഃ)

നമ്മുടെ (അത്ഭുതം) ആശ്ചര്യ്യഹേതുവായ (കർമ്മ) കർമ്മത്തെ (വീക്ഷ്യ) കണ്ടിട്ട് (പ്രൌഢാസൂയാഃ) വർദ്ധിച്ച അസൂയയോടുകൂടിയവരായിട്ട് (നിസ്സഹായം) സഹായിയോടുകൂടാത്ത (അമും ദ്വിജതരുണം) ഈ ബ്രാഹ്മണയുവാവിനെ (നിരോദ്ധും) തടയുവാനായിക്കൊണ്ട് (ക്രമന്തേ) ഉദ്യമിക്കുന്നു. (സ്മയാന്ധാൻ) ഗർവ്വുകൊണ്ടു വിവേകശൂന്യന്മാരായ (അമൂൻ) ഇവരെ (വയം) ഞങ്ങൾ (ഇഹ) ഇവിടെ വെച്ച് (ബ്രാഹ്മേണ) ബ്രാഹ്മണരെസ്സംബന്ധിച്ച (ജ്യോതിഷാ) തേജസ്സുകൊണ്ട് (തരസാ) ഉടനെ (ഭസ്മയാമഃ) ഭസ്മമാക്കിച്ചെയ്യുന്നു. (ഇതി) എന്നിപ്രകാരം വിചാരിച്ച് (കതിചിൽ പൃത്ഥ്വീസുരേന്ദ്രാഃ) ചില ബ്രാഹ്മണർ (ബദ്ധരോഷാഃ) ചേന്ന കോപത്തോടുകൂടിയവരായിട്ട് (ജവാൽ) വേഗത്തിൽ (ഉത്ഥിതാഃ) എഴുന്നീററു.

സാ—രാജാക്കന്മാർ യുദ്ധത്തിന്നൊരുങ്ങിയപ്പോൾ ചില ബ്രാഹ്മണർ "നമ്മുടെ ജാതി കൂട്ടാകെ ഒന്നിനും കൊള്ളരുതാത്തതെന്നു ഉറപ്പിച്ചുവെച്ചിരിക്കകൊണ്ട്, വിചാരിച്ചിരിക്കാതെ നമ്മുടെ ഈ അത്ഭുതകർമ്മം കണ്ടപ്പോൾ അസൂയവർദ്ധിച്ച് ഒരു സഹായവുമില്ലാത്ത ഈ ബ്രാഹ്മണകുമാരനെ തടയുവാൻ പുറപ്പെട്ടുന്ന ഗർവ്വിഷ്ഠന്മാരായ ഈ രാജാക്കന്മാരെ ഞങ്ങൾ ഇവിടെവെച്ച് ബ്രാഹ്മണതേജസ്സുകൊണ്ടു ശപിച്ച് ഉടനെ ഭസ്മമാക്കുന്നുണ്ട്" എന്നിപ്രകാരം വിചാരിച്ച് വേഗത്തിൽ കോപത്തോടെ എഴുന്നീററു.

പ. വസ്ത്രാണ്യാബദ്ധ്യമദ്ധ്യേ തദനുനിജവൃസീ–
രായുധീകൃത്യഘോരം
തജ്ജന്യാതജ്ജയന്തോ നൃപകുലമഭിതോ
ദഷ്ടിരോഷ്ഠം ദശന്തഃ
രക്ഷാമന്ത്രം ജപന്തസ്സനിഭൃതമഭയാ–
ദ്ദർശിതോഗ്രാഭിമാനാ–
സ്സഞ്ചേലുർഭൂമിപാലാൻ പ്രതിധരണിസുരാ
ഹാസയന്തോ ജനൗഘാൻ.

വ്യാ—(തദനു) അനന്തരം (ധരണിസുരാഃ) ബ്രാഹ്മണർ (വസ്ത്രാണി) ഉത്തരീയവസ്ത്രങ്ങളെ (മദ്ധ്യേ) അരയിൽ (ബദ്ധ്വാ) കെട്ടീയിട്ടും (നിജവൃസീഃ) തന്റെ ആസനങ്ങളെ (ഘോരം) ഭയങ്കരമാകുംവണ്ണം (ആയുധീകൃത്യ) ആയുധമാക്കിച്ചെയ്തിട്ടും (നൃപകുലം) രാജസമൂഹത്തെ (അഭിതഃ) അഭിമുഖമാക്കിപ്പിടിച്ചിരിക്കുന്ന (തർജ്ജന്യാ) ചൂണ്ടാണിവിരൽകൊണ്ടു (തർജ്ജയന്തഃ) നിന്ദിക്കുന്നവരും (ദഷ്ടിഃ) പല്ലുകളെക്കൊണ്ടു (ഓഷ്ഠം) ചുവട്ടിലെ ചുണ്ടിനെ (ദശന്തഃ) കടിക്കുന്നവരും (രക്ഷാമന്ത്രം) രക്ഷക്കായിക്കൊണ്ടുള്ള മന്ത്രത്തെ (സുനിഭൃതം) ഏററവും മനസ്സിരുത്തി (ജപന്തഃ) ജപിക്കുന്നവരും (അഭയാൽ) ഭയമില്ലായ്ക ഹേതുവായിട്ട് (ദർശിതോഗ്രാഭിമാനാഃ) കാണിക്കപ്പെട്ട വലിയ ഗർവ്വോടുകൂടിയവരും ആയിട്ട് (ജനൌഘാൻ) ജനസമൂഹത്തെ (ഹാസയന്തഃ) ചിരിപ്പിച്ചുകൊണ്ട് (ഭൂമിപാലാൻ പ്രതി) രാജാക്കന്മാരുടെ നേരിട്ട് (സഞ്ചേലുഃ) കൂട്ടമായി പുറപ്പെട്ടു.

സാ—എന്നുതന്നെയല്ല ആ ബ്രാഹ്മണർ ഉത്തരീയം അരയിൽകെട്ടി അവനവന്റെ ആവണപ്പലക വലിയ ആയുധമായെടുത്ത് കയ്യുപൊക്കി ചൂണ്ടാണിവിരൽ നേരെക്കാട്ടി വിറപ്പിച്ചുകൊണ്ട് രാജാക്കന്മാരെ അധിക്ഷേപിച്ചും, പല്ലുകൊണ്ടു ചുണ്ടു കടിച്ചും, ത്രിഷ്ടുപ് അനുഷ്ടുപ് മുതലായ രക്ഷാമന്ത്രങ്ങളെ മനസ്സിരുത്തിജ്ജപിച്ചും, അർജ്ജുനനെ പിൻബലമായിക്കരുതി പേടിയില്ലായ്കയാൽ വലിയ ഗർവ്വുകാണിച്ചുംകൊണ്ട്, വിജാതീയമായ യുദ്ധസന്നാഹത്താൽ ജനങ്ങളെ ആസകലം ചിരിപ്പിക്കയുംചെയ്ത് രാജാക്കന്മാരുടെ നേരിട്ടു കൂട്ടമായി പുറപ്പെട്ടു.

പ. പാർത്ഥോപിസസ്മിതമുഖോവിനിവാര്യ്യവിപ്രാം_
സ്ഥാനേവരക്ഷിതുമയുങ്ക്തനൃപാലപുത്രീം
വിപ്രൈശ്ചകൈശ്ചനതദാ പവനാത്മജന്മാ
സാഹായ്യകേ സപദി തസ്യ നിയോജിതോഭൂൽ. 8

വ്യാ—(പാർത്ഥഃ അപി) അർജ്ജുനനാകട്ടെ (സസ്മിതമുഖഃ) മന്ദഹാസത്തോടുകൂടിയ മുഖത്തോടുകൂടിയവനായിട്ട് (താൻ വി

പ്രാൻ) ആ ബ്രാഹ്മണരെ (വിനിവാൎയ്യ) തടഞ്ഞിട്ട് (നൃപാലപുത്രീം) രാജകുമാരിയെ (രക്ഷിതും ഏവ) രക്ഷിപ്പാനായിക്കൊണ്ടുതന്നെ (അയുങ്ക്ത) ഏൎപ്പെടുത്തി. (തദാ) അപ്പോൾ (സപദി) ഉടനെ (കൈശ്ചനവിപ്രൈഃ) ചില ബ്രാഹ്മണരാൽ (പവനാത്മജന്മാ) വായുപുത്രൻ (തസ്യ) അദ്ദേഹത്തിന്റെ—അൎജ്ജുനന്റെ (സാഹായ്യകേ) സഹായകൎമ്മത്തിൽ (നിയോജിതഃ) ഏൎപ്പെടുത്തപ്പെട്ടവനായിട്ട് (അഭൂൽ) ഭവിച്ചു.

സാ—അൎജ്ജുനനാകട്ടെ തനിക്കിതിൽ ലേശംപോലും പരിഭ്രമമില്ലെന്ന് മന്ദഹാസത്താൽ സൂചിപ്പിച്ചുകൊണ്ട് ക്ഷുബ്ധന്മാരായ ബ്രാഹ്മണരെ യുദ്ധോദ്യമത്തിൽനിന്നു നിവൎത്തിപ്പിച്ച് അവരെ പാഞ്ചാലിയെ രക്ഷിപ്പാൻ മാത്രമായി ഏൎപ്പെടുത്തി. ആ സമയം ചില ബ്രാഹ്മണർ ഉടനെ ഭീമസേനനെ നിൎബ്ബന്ധിച്ച് അൎജ്ജുനന്നു സഹായിപ്പാൻവേണ്ടിപ്പുറപ്പെടുവിച്ചു.

പ. ദൃഷ്ട്വാ ഭീമോപിപാൎത്ഥം വിരഥമഥസമു
ദീക്ഷമാണസ്സമന്താൽ
പശ്യന്ദൂരേ മഹാന്തം കുരുനൃപതിരഥം
തൂൎണ്ണമുൽപ്ലുത്യതസ്മിൻ
ഏതാ ചൈനം ചപേടാൎപ്പണസമപസര-
ദ്രക്ഷിലോകം ക്ഷണേന
വ്യദ്ഭ്രാന്തേ ഭൂപസംഘേ മിഷതിസതിദദൌ
സാദരം സോദരായ. 9

വ്യാ—(അഥ) അനന്തരം (ഭീമഃ അപി) ഭീമനും (പാൎത്ഥം) അൎജ്ജുനനെ (വിരഥം) രഥത്തോടുകൂടാത്തവനായി (ദൃഷ്ട്വാ) കണ്ടിട്ട്—ആലോചിച്ചിട്ട് (സമന്താൽ) ചുററും (സമുദീക്ഷമാണഃ) വഴിപോലെ നോക്കുന്നവനായി (ദൂരേ) ദൂരത്തിൽ (മഹാന്തം) ഉൽകൃഷ്ടമായ (കുരുനൃപതിരഥം) കുരുക്കളുടെ രാജാ—ദുൎയ്യോധനവിന്റെ തേരിനെ (പശ്യൻ) കാണുന്നവനായിട്ട് (തൂൎണ്ണം) വേഗത്തിൽ (തസ്മിൻ) അതിൽ (ഉൽപ്ലുത്യ) ചാടിക്കയറി (ചപേടാൎപ്പണസമപസരദ്രക്ഷിലോകം) പരത്തിയ കൈകൊണ്ടുള്ള

അടികൊണ്ടു വഴിപോലെ അകററിയ കാവൽക്കാരോടുകൂടിയ (ഏനം) ഇതിനെ—രഥത്തെ (ഹൃത്വാ ച) ബലാൽക്കാരമായിക്കൊണ്ടുപോരുകയും ചെയ്യ് (ഭൂപസംഘേ) രാജസമൂഹം (വ്യദ്ഭ്രാന്തേ) എന്തുചെയ്യേണ്ടു എന്നറിയാത്തവരായി (മിഷതി സതി) നോക്കിക്കൊണ്ടു നിൽക്കുമ്പോൾ (സോദരായ) സോദരനായിക്കൊണ്ട് (സാദരം) ആദരവോടുകൂടി (ക്ഷണേന) ക്ഷണത്തിൽ (ദദൌ) കൊടുത്തു.

സാ—ഉടനെ ഭീമസേനൻ അർജ്ജുനന്നു് തേരില്ലെന്നോർത്ത് അതിന്നു വഴിയെന്തെന്നു ചുററം നോക്കിയപ്പോൾ ദൂരേയായി ദുര്യ്യോധനൻെറ വിശേഷപ്പെട്ട രഥം കിടക്കുന്നതുകണ്ടു. തനിക്കും അവകാശമുണ്ടല്ലോ. വേഗം അടുത്തുചെന്ന് അതിൽ ചാടിക്കയറി. ആ സമയം അതിനെക്കാത്തുകൊണ്ടു നിന്നവർ തടയുവാൻ വന്നു എങ്കിലും അവരെ ആസകലം കൈപരത്തി അകലെ അടിച്ചോടിച്ച് ബലാൽക്കാരമായി തെളിച്ചുകൊണ്ടുപോന്നു വേഗത്തിൽ ആദരവോടെ അർജ്ജുനന്നായിക്കൊടുത്തു. ഭീമസേനൻെറ ഗാത്രപുഷ്ടിയും പുറപ്പാടും അർജ്ജുനൻെറ കൂസലില്ലായ്മയും ഒക്കക്കൂടെക്കണ്ടപ്പോൾ രാജാക്കന്മാരെല്ലാം സ്തബ്ധ്യും അസഹ്യതയും ഉണ്ടെങ്കിലും അല്പനേരം എന്തുചെയ്യേണ്ടു എന്നറിയാതെ നോക്കിക്കൊണ്ട് ഒന്നമ്പരന്നുനിന്നുപോയി.

പ. അദ്ധായുദ്ധായലക്ഷത്രുടനപടുമമും
ചാപദണ്ഡം പ്രഗൃഹ്ണ-
ന്നാരാദാരൂഢ്യതസ്ഥൌ രണഭുവി വലഭി-
ന്നന്ദനസ്സ്യന്ദനാന്തം
ഭീമോപി ക്രൂരകർമ്മാ ചിരസമയസമാ-
കാംക്ഷിതം സാമ്പരായം
പ്രാപ്യപ്രീതാന്തരാത്മാ സ്വയമനുജകൃതേ
സൂതകൃത്യം വിതേനേ. 10

വ്യാ—(വലഭിന്നന്ദനഃ) ഇന്ദ്രസൂനു (അദ്ധാ) എല്ലാവരും കാണ്കെതന്നെ (ലക്ഷത്രുടനപടും) ലക്ഷത്തിൻെറ ഛേദത്തിൽ സ

മത്ഥമായ (അമും) ഈ (ചാപദണ്ഡം) പ്രശസ്തമായ വില്ലിനെ (പ്രഗൃഹ്ണൻ) എടുത്തുംകൊണ്ട് (സ്യന്ദനാന്തം) തേർത്തടത്തെ (ആരുഹ്യ) കയറീട്ട് (ആരാൽ) ദൂരത്തിൽ (രണഭുവി) യുദ്ധക്കളത്തിൽ (തസ്ഥൌ) നിന്നു. (ക്രൂരകർമ്മാ) നിർദ്ദയങ്ങളായ കർമ്മങ്ങളോടുകൂടിയ (ഭീമഃ അപി) ഭീമനും (ചിരസമയസമാകാംക്ഷിതം) വളരെക്കാലം മുതൽക്ക് ഏററവും ആഗ്രഹിക്കപ്പെട്ടതായ (സാമ്പരായം) യുദ്ധത്തെ (പ്രാപ്യ) ലഭിച്ചിട്ട് (പ്രീതാന്തരാത്മാ) സന്തോഷിച്ച അന്തഃകരണത്തോടുകൂടിയവനായിട്ട് (സ്വയം) താൻതന്നെ (അനുജകൃതേ) അനുജനുവേണ്ടി (സൂതകൃത്യം) സാരത്ഥ്യത്തെ (വിതേനേ) ചെയ്തു.

സാ—അപ്പോൾ അർജ്ജുനൻ എല്ലാവരും കാൺകെതന്നെ, ലക്ഷ്യംഭേദിപ്പാൻ വെച്ചിരുന്നതും താൻ കുലയേററിയതുമായ വില്ലെടുത്തു തേരിൽകയറി രംഗത്തിൽനിന്നും മാറി ദൂരെ പോർക്കളത്തിൽചെന്നു യുദ്ധത്തിന്നായൊരുങ്ങിനിന്നു. സ്വതവേ ക്രൂരകർമ്മങ്ങളിൽ പ്രീതിയേറിയ ഭീമസേനൻ, വളരേക്കാലമായി താൻ ഏററവും കൊതിച്ചുകൊണ്ടിരുന്ന യുദ്ധം കിട്ടിയതുകൊണ്ട് ഉള്ളിൽ സന്തോഷത്തോടെ സഹോദരനായി പരപ്രേരണകൂടാതെ തന്നെ സാരത്ഥ്യം നടത്തി.

പ. “രേരേ സമ്പ്രതി തിഷ്ഠതിഷ്ഠകുമതേ!
 ത്വം ക്വപ്രയാണോദ്യത—
സ്സന്നദ്ധോ ഭവ മംക്ഷു ഭുംക്ഷ്വ ച ഫലം
 ധാർഷ്ട്യസ്യതേസാമ്പ്രതം”
ഇത്യുക്ത്വാ പരിവാര്യ്യ തം നൃപതയോ
 രുദ്ധാശമദ്ധ്യാശരൈ—
ശ്ശൈലം വാരിഭിരംബുദാ ഇവ ജവാ-
 ദക്ഷോഭ്യമഭ്യാകിരൻ. 11

വ്യാ—(രേരേ കുമതേ) എടാ എടാ ദുഷ്ടബുദ്ധേ (ത്വം) നീ (സമ്പ്രതി) ഇപ്പോൾ (തിഷ്ഠതിഷ്ഠ) നിൽക്കുക നിൽക്കുക (ത്വം) നീ (ക്വ) എവിടെ (പ്രയാണോദ്യതഃ) ഓടിപ്പോകുവാനായി തുട

ങ്ങുന്നു. (ത്വം) നീ (സന്നദ്ധഃ) നല്ലപോലെ ഒരുങ്ങിയവനായി (ഭവ) ഭവിച്ചാലും (ത്വം) നീ (സാമ്പ്രതം) ഇപ്പോൾ (മംക്ഷു) വേഗത്തിൽ (തേ) നിൻെറ (ധാർഷ്ട്യസ്യ) അതിപ്രസംഗത്തിൻെറ (ഫലം) ഫലത്തെ (ഭുംക്ഷ്വ ച) അനുഭവിക്കുകയും ചെയ്ക. (ഇതി ഉക്ത്വാ) ഇപ്രകാരം പറഞ്ഞിട്ട് (നൃപതയഃ) രാജാക്കന്മാർ (അഥാ) ഉടനെ (അക്ഷോഭ്യം) കോപിക്കപ്പെടുവാൻ അയോഗ്യനായ (തം) അദ്ദേഹത്തെ (ദശാശം) തടയപ്പെട്ട ദിക്കുകളോടു കൂടുംവണ്ണം (പരിവാര്യ) വളഞ്ഞിട്ട് (അംബുദാഃ) മേഘങ്ങൾ (വാരിഭിഃ) ജലങ്ങളേക്കൊണ്ട് (ശൈലം ഇവ) പർവ്വതത്തെ എന്നപോലെ (ജവാൽ) വേഗത്തോടുകൂടി (ശരൈഃ) ശരങ്ങളേക്കൊണ്ട് (അഭ്യാകിരൻ) വർഷിച്ചു.

സാ—"എടാ എടാ ദുർമ്മതേ! ഇപ്പോൾ നീ നില്ല നില്ല. ബുദ്ധിദോഷം നിമിത്തം അകൃത്യം പ്രവർത്തിച്ച് ഞങ്ങളേ നേരിട്ടു കണ്ടപ്പോൾ നീ എവിടേക്കു പേടിച്ചോടുവാൻ തുടങ്ങുന്നു? നല്ലപോലെ ഒരുങ്ങിനിന്നോ. നിൻെറ അതിപ്രസംഗത്തിൻെറ ഫലം ഉടനെ നീ അനുഭവിക്കും" എന്നിങ്ങനെ പറഞ്ഞു രാജാക്കന്മാർ, കോപിച്ചാൽ തന്നോടു യാതൊന്നും ഫലിക്കാതിരിക്കത്തക്കവണ്ണം പരാക്രമശാലിയായ അർജ്ജുനനെ പുറത്തുപോകാൻ പഴുതില്ലാതെ പൊട്ടന്നനവേ വളഞ്ഞു. മേഘങ്ങൾ ജലംകൊണ്ടു പർവ്വതത്തെ എന്നപോലെ ശരങ്ങളെക്കൊണ്ടു വേഗത്തിൽ അദ്ദേഹത്തെ വർഷിക്കയും ചെയ്തു.

മേഘങ്ങൾ വർഷിച്ചാൽ അതുകൊണ്ടു പർവ്വതത്തിന്നു വല്ല ഹാനിയും തട്ടുമോ. അതുപോലെ നിഷ്പ്രയോജനമായിരുന്നു വീരനായ അർജ്ജുനനിൽ ഇവരുടെ ശരപ്രയോഗമെന്ന് ഉപമകൊണ്ടു സൂചിപ്പിക്കുന്നു.

പ. അഥ ഭീമോ ഭീമബലഃ
ക്രോധാദാദായ സിംഹരസിതാനി
ഹേഷീഭീഷിതവിശ്വാ-
നശ്വാൻ വേഗേന ചോദയാമാസ.

വ്യാ—(അഥ) അനന്തരം (ഭീമബലഃ) ഭയങ്കരമായ ബലത്തോടുകൂടിയ (ഭീമഃ) ഭീമസേനൻ (ക്രോധാൽ) കോപംഹേതുവായിട്ട് (സിംഹരസിതാനി) സിംഹനാദങ്ങളെ (ആധായ) ചെയ്തിട്ട് (ഹേഷിഭീഷിതവിശ്വാൻ) ഹേഷ—കുതിരയുടെ ശബ്ദം—കൊണ്ടു ഭയപ്പെട്ടെത്തിയ ലോകത്തോടുകൂടിയ (അശ്വാൻ) കുതിരകളെ (വേഗേന) വേഗത്തിൽ (ചോദയാമാസ) തെളിച്ചു.

സാ—ഉടനെ മഹാബലവാനായ ഭീമസേനൻ കോപംഹേതുവായിട്ട് അട്ടഹാസങ്ങളെ ചെയ്ത് ഹേഷാരവംകൊണ്ടു ലോകം മുഴുവൻ ഭയപ്പെട്ടുന്നുന്ന കുതിരകളെ വേഗത്തിൽ തെളിച്ചു.

പ. ആകർണ്ണാകൃഷ്ടചാപസ്സമരഭുവി തദാ
സോയമച്ഛിന്നരൂപാം
വർഷന്നാരാചധാരാംപ്രതിഭടപൃതനാ—
മണ്ഡലേ ചണ്ഡവേഗാം
ഈഷദ്രക്താന്തനേത്രാഞ്ചലചലനകലാ—
സൂചിതക്രോധവേഗ—
സ്സദ്യോ വിദ്വേഷിവീരാൻപ്രതി മഹിതമഹ—
സ്സഞ്ചയസ്സഞ്ചചാല. 13

വ്യാ—(തദാ) അപ്പോൾ (മഹിതമഹസ്സഞ്ചയഃ) ഉൽകൃഷ്ടമായ വീര്യസമൂഹത്തോടുകൂടിയ (സഃ അയം) ആ ഇവൻ—അർജ്ജുനൻ (സമരഭുവി)യുദ്ധഭൂമിയിൽ (ആകർണ്ണാകൃഷ്ടചാപഃ)ചെവിവരെ വലിച്ച വില്ലോടുകൂടിയവനായി (പ്രതിഭടപൃതനാമണ്ഡലേ) ശത്രുക്കളുടെ സൈന്യത്തിൻെറ വൃത്താകാരത്തിലുള്ള സമൂഹത്തിൽ (അച്ഛിന്നരൂപാം) മുറിയാത്ത ആകൃതിയോടുകൂടിയതും (ചണ്ഡവേഗാം) ഏററവും വേഗത്തോടുകൂടിയതും ആയ (നാരാചധാരാം) ശരധാരയെ (വർഷൻ) വർഷിക്കുന്നവനായി (ഈഷദ്രക്താന്തനേത്രാഞ്ചലചലനകലാസൂചിത ക്രോധവേഗഃ) കുറഞ്ഞൊന്നു ചുവന്നിരിക്കുന്ന അററങ്ങളോടുകൂടിയ കടക്കണ്ണുകളുടെ ഇളക്കമാകുന്ന സൂചകംകൊണ്ടു സൂചിപ്പിക്കപ്പെട്ട കോപത്തിൻെറ ആധിക്യത്തോടുകൂടിയവനായിട്ടു (വിദ്വേഷിവീരാൻ

പ്രതി) വീരന്മാരായ ശത്രുക്കളുടെ നേരെ (സദ്യഃ) വേഗത്തിൽ (സഞ്ചചാല) വഴിപോലെ ചെന്നു.

സാ—രാജാക്കന്മാരെല്ലാം തന്നോടു നേരിട്ടപ്പോൾ ഉൽകൃഷ്ടങ്ങളായ വീരഗുണങ്ങൾ തികഞ്ഞവനും ലക്ഷ്യം ഭേദിച്ചതുകൊണ്ടുതന്നെ മററുള്ളവരെ അതിശയിച്ചവനുമായ അർജ്ജുനൻ ചോക്കളത്തിൽ ചെവിമുട്ടെ വില്ലുവലിച്ച്, വളഞ്ഞുനിൽക്കുന്ന ശത്രുസൈന്യത്തിൻെറ നടുവിൽ വളരെ വേഗത്തോടും ധാരമുറിയാതെയും ശരങ്ങളെ വർഷിച്ചും കുറഞ്ഞൊന്നു് അററംചുവന്നിരിക്കുന്ന കടക്കണ്ണിൻെറ ഇളക്കംകൊണ്ടു കോപാധിക്യത്തെ വെളിപ്പെടുത്തിയും വീരന്മാരായ ശത്രുക്കളൊടു ക്ഷണത്തിൽ ശക്തിയോടുകൂടി നേരിട്ടു.

പ. തസ്യശിലീമുഖപക്ഷീ
ജവഭരഝങ്കാരചാരുപക്ഷപുടഃ
ഹസ്തികുലമസ്തകാന്തേ
വിനിപത്യപപൌമദോദയന്നിഖിലം. 14

വ്യാ—(തസ്യ) അദ്ദേഹത്തിൻെറ (ശിലീമുഖപക്ഷ്) ശരമാകുന്ന പക്ഷീ—ചിറകുകളോടുകൂടിയതു (ജവഭരഝങ്കാരചാരുപക്ഷപുടഃ) വേഗാധിക്യംകൊണ്ടും ഝങ്കാരശബ്ദംകൊണ്ടും മനോഹരങ്ങളായ ചിറകുകളോടുകൂടിയതായിട്ടു (ഹസ്തികുലമസ്തകാന്തേ) ഗജസമൂഹത്തിൻെറ മസ്തകപ്രദേശത്തിൽ (വിനിപത്യ) വീണിട്ടു് (നിഖിലം) കട്ടൊഴിയാതെയുള്ള (മദോദയം) മദത്തിൻെറ ആവിർഭാവത്തെ—പുറപ്പെടുന്നമദത്തെ (പപൌ) കുടിച്ചു.

സാ—അർജ്ജുനൻെറ ശരങ്ങളാകുന്ന പക്ഷികൾ ഝങ്കാരശബ്ദത്തോടുകൂടി വളരെവേഗത്തിൽ ചിറകടിച്ചു പറന്നു ഗജങ്ങളുടെ മസ്തകത്തിന്മേൽ ചെന്നിരുന്നു അവിടെനിന്നു പുറപ്പെടുന്ന മദജലം മുഴവൻ കുടിച്ചു. അർജ്ജുനൻെറ ശരങ്ങൾ ആനകളുടെ മസ്തകത്തിൽചെന്നു തറച്ച് അവയുടെ ഉങ്കാസകലം ശമിപ്പിച്ചു എന്നു താൽപര്യം.

പ. നാപംവേഷമാത്രേണ സദ്യേ തേസവ്യസാചിനഃ
കിന്തുശൌര്യോഷ്മണാപ്യേനം ബാന്ധവം മേനിരേനൃപാഃ.15

വ്യാ—(സൎവ്വേ) ഒട്ടൊഴിയാതെയുള്ള (തേനൃപാഃ) ആരാജാക്കന്മാർ (സവ്യസാചിനഃ) അൎജ്ജുനന്റെ (വേഷമാത്രേണന) വേഷം മാത്രം കൊണ്ടല്ല (പരം കിന്തു) എന്നാൽ പിന്നെയോ (ശൌൎയ്യോഷ്മണാ അപി) ശൌൎയ്യത്തിന്റെ ചൂടുകൊണ്ടും (എനം) ഇദ്ദേഹത്തെ (ബാഡവം) ബ്രാഹ്മണനായിട്ട്, ബഡവാഗ്നിയായിട്ട് എന്നും (മേനിരേ) വിചാരിച്ചു.

സാ—നേരിട്ടു യുദ്ധം ചെയ്യുന്ന രാജാക്കന്മാരെല്ലാം ബ്രാഹ്മണവേഷാവലംബിയായ അൎജ്ജുനനെ വേഷംകൊണ്ടു മാത്രമല്ല ശൌൎയ്യംകൊണ്ടുള്ള ചൂടുകൊണ്ടും ബാഡവനായിട്ട് വിചാരിച്ചു.

വേഷം കണ്ടു് ബ്രാഹ്മണനാണെന്നു് നിശ്ചയിക്കപ്പെട്ടിരുന്ന അൎജ്ജുനൻ, നേരിട്ടു യുദ്ധംചെയ്യുന്ന രാജാക്കന്മാൎക്കു് അസഹ്യമായ പരാക്രമത്തിന്റെചൂടുകൊണ്ടു് അഗ്നിയായിത്തോന്നി. അഗ്നി ചൂടുകൊണ്ടു് എപ്രകാരമോ അപ്രകാരം അൎജ്ജുനൻ തന്റെ പരാക്രമംകൊണ്ടു് മററുള്ളവൎക്കു് അടുക്കുവാൻ കഴിയാത്തവനാണെന്നു തീൎച്ചപ്പെട്ടു എന്നു താല്പൎയ്യം.

പ. പാൎത്ഥേഷുഭിന്നകരിമസ്തകനിൎഗ്ഗതാനി
മുക്താഫലാനി ഘനശോണിതരൂഷിതാനി
യുദ്ധാങ്കണേ ശുശുഭിരേ പരിതസ്സരന്ത-
സ്തസ്യപ്രതാപദഹനാദിവ വിഷ്ഫുലിംഗാഃ. 16

വ്യാ—(പാൎത്ഥേഷുഭിന്നകരിമസ്തകനിൎഗ്ഗതാനി) അൎജ്ജുനന്റെ ശരങ്ങളാൽ പിളൎക്കപ്പെട്ട, ആനകളുടെ മസ്തകങ്ങളിൽ നിന്നു പുറപ്പെട്ടവയും (ഘനശോണിതരൂഷിതാനി) കൊഴുത്ത ചോരയാൽ പുരളപ്പെട്ടവയുമായ (മുക്താഫലാനി) മുത്തുരത്നങ്ങൾ (യുദ്ധാങ്കണേ) പോൎക്കളത്തിൽ (പരിതഃ) എല്ലാടവും (സരന്തഃ) സഞ്ചരിക്കുന്ന (തസ്യ) അൎജ്ജുനന്റെ (പ്രതാപദഹനാൽ) പ്രതാപമാകുന്ന അഗ്നിയിൽ നിന്നുണ്ടായ (വിഷ്ഫുലിംഗാഃ ഇവ) തീപ്പൊരികളൊ എന്നു തോന്നുമാറ് (ശുശുഭിരേ) ശോഭിച്ചു.

സാ—അൎജ്ജുനന്റെ ശരങ്ങളേററു പിളൎന്ന ഗജങ്ങളുടേ മ

സ്തകങ്ങളിൽനിന്നു പുറപ്പെട്ടവയും കൊഴുത്ത ചോരപുരണ്ടവയുമായ മുത്തുരത്നങ്ങൾ, യുദ്ധഭൂമിയിൽ ചുററും പാറിനടക്കുന്ന അദ്ദേഹത്തിൻെറ പ്രതാപമാകുന്ന അഗ്നിയുടെ പൊരികളോ എന്ന ശങ്കയെ ഉളവാക്കി.

പ. ഖണ്ഡിതദണ്ഡാനിതദാ
ശ്വേതച്ഛത്രാണി ധരണിപതിതാനി
തുലയന്തിസ്മസമന്താ-
ദ്വരശരവർഷോത്ഥിതം ശിലീന്ധ്രകുലം. 17

വ്യാ—(തദാ) അപ്പോൾ (ഖണ്ഡിതദണ്ഡാനി) മുറിക്കപ്പെട്ട കാലോടുകൂടിയവയായി (ധരണിപതിതാനി) ഭൂമിയിൽ വീണവയായ (ശ്വേതച്ഛത്രാണി) വെളുത്ത വെങ്കററക്കുടകൾ (സമന്താൽ) ചുററും (വരശരവർഷോത്ഥിതം) മഹത്തായ ശരങ്ങളുടെ, ജലങ്ങളുടെ എന്നും വർഷംകൊണ്ടുണ്ടായ (ശിലീന്ധ്രകുലം) കൂണുകളുടെ സമൂഹത്തെ (തുലയന്തിസ്മ) ഉപമാനപ്പെടുത്തി.

സാ—യുദ്ധം നടന്നുകൊണ്ടിരിക്കെ ഇടവിടാതെയുള്ള അർജ്ജുനൻെറ മൂർച്ചയേറിയ ശരംകൊണ്ടു കാലുമുറിഞ്ഞു ഭൂമിയിൽ കമഴ്ന്നുവീണുകിടക്കുന്ന വെളുത്ത വെങ്കററക്കുടകൾ, വലിയ വർഷംകൊണ്ടു ചുററും മുളച്ച കൂൺകളോടു സാദൃശ്യംനേടി.

പ. വർഷതിവിജയപയോദേ
ശൈത്ര്യവതീന്നിബിഡശരധാരാഃ
ക്ഷണമപിശിഥിലിതപക്ഷഃ
സ്ഥാതുന്ന ശശാകരാജഹംസഗണഃ. 18

വ്യാ—(വിജയപയോദേ) അർജ്ജുനനാകുന്ന മേഘം (ശൈത്ര്യവതീഃ) ശൈത്ര്യം—മൂർച്ച—ആകുന്ന ശൈത്ര്യത്തോടു—തണുപ്പോടുകൂടിയ (ശിതസ്യഭാവഃ, ശീതസ്യഭാവഃ ശൈത്ര്യം.) (നിബിഡശരധാരാഃ) ഇടതൂർന്ന ശരധാര—അസ്ത്രധാര—യാകുന്ന ശരധാര— ജലധാരയേ (വർഷതി) വർഷിക്കുമ്പോൾ (രാജഹംസഗണഃ) രാജഹംസങ്ങളാകുന്ന—ശ്രേഷ്ഠന്മാരായ രാജാക്കന്മാരാകുന്ന രാജഹംസങ്ങളുടെ—അരയന്നങ്ങളുടെ (രാജഹംസം= കൊക്കും കാലും ചുവന്നു ശരീരം വെളുത്ത അരയന്നം) സമൂഹം (ശി

ഥിലിതപക്ഷഃ) ബന്ധം അയഞ്ഞ പക്ഷങ്ങളാകുന്ന — സഹായികളാകുന്ന പക്ഷങ്ങളോടു — ചിറകുകളോടുകൂടിയതായിട്ട (ക്ഷണം അപി) ക്ഷണനേരം പോലും (സ്ഥാതും) നില്പാനായിക്കൊണ്ടു (നശശാക) ശക്തമായില്ല.

സാ — മേഘം തണുത്തതും ഇടതൂന്നതുമായ ജലധാരയെ വഷിക്കുമ്പോൾ അരയന്നങ്ങളുടെ ചിറകുകൾ കുഴയുകയും തങ്ങൾ ഭൂമിയിൽ ക്ഷണനേരംപോലും സ്ഥിതിചെയ്യുവാൻ ശക്തങ്ങളല്ലാതെ തീരുകയും ചെയ്യുന്നതുപോലെ; അർജ്ജുനൻ മൂച്ചയേറിയതും ഇടതൂന്നതുമായ ശരധാരചൊരിയവേ വീരന്മാരായ രാജാക്കന്മാരുടെ സഹായികളായ സൈന്യങ്ങളാസകലം ക്ഷീണിച്ചു ചിന്നിച്ചിതറി കാടിപ്പോകുകയും തങ്ങൾ യുദ്ധക്കളത്തിൽ ക്ഷണംപോലും നില്പാൻ സമത്ഥന്മാരല്ലാതെ തീരുകയും ചെയ്തു.

പ. കേചിത്സഞ്ഛിന്നചാപാഃ കതിചന വിരഥാഃ
　　　കേപിനില്ലൂനഖഡ്ഗാഃ
　കേപിത്രുട്യൽകിരീടാഃ കതിചിദപിതഥാ
　　　മംക്ഷുസംക്ഷുണ്ണഗാത്രാഃ
　യുദ്ധേകൃത്താതപത്രാഃ കതിചനനിഹത-
　　　പ്രായസൈന്യാസ്തഥാന്യേ
　കിംഭൂയോഭിവ്വചോഭിഃ? സകലനൃപതയോ
　　　വിദ്രുതാഃ ക്ഷുദ്രശൌയ്യാഃ. 19

വ്യാ — (യുദ്ധേ) യുദ്ധത്തിൽ (കേചിൽ) ചിലർ (സഞ്ഛിന്നചാപാഃ) മുറിഞ്ഞ വില്ലോടുകൂടിയവരും (കതിചന) ചിലർ (വിരഥാഃ) നശിച്ച രഥത്തോടുകൂടിയവരും (കേപി) ചിലർ (നില്ലൂനഖഡ്ഗാഃ) മുറിഞ്ഞ കഴുത്തോടുകൂടിയവരും (കേപി)ചിലർ (ത്രുട്യൽകിരീടാഃ) പൊട്ടിയ കിരീടത്തോടുകൂടിയവരും (തഥാ) അപ്രകാരം (കതിചിൽ) ചിലർ (മംക്ഷു) വേഗത്തിൽ (സംക്ഷുണ്ണഗാത്രാഃ) പൊടിഞ്ഞ അവയവങ്ങളോടുകൂടിയവരും (കതിചന) ചിലർ (കൃത്താതപത്രാഃ) മുറിഞ്ഞ കുടയോടുകൂടിയവരും(തഥാ) അപ്രകാരം (അന്യേ) മററചിലർ (നിഹതപ്രായസൈന്യാഃ അപി) മിക്കവാറും മരിച്ച സൈന്യങ്ങളോടുകൂടിയവരും ആയി

(ഭൂയോഭിഃ) അനേകം (വചോഭിഃ) വാക്കുകളെക്കൊണ്ടു (കിം) എന്തു പ്രയോജനം (സകലനൃപതയഃ) എല്ലാരാജാക്കന്മാരും (ക്ഷുദ്രശൌര്യ്യാഃ) അല്പമായ—നശിച്ച ശൌര്യ്യത്തോടുകൂടിയവരായിട്ട് (വിദ്രുതാഃ) ഓടി.

സാ—ഇപ്രകാരം യുദ്ധത്തിൽ ചിലരുടെ വില്ലു മുറിഞ്ഞു. ചിലരുടെ തേരു പോയി. ചിലരുടെ കഴുത്തു കണ്ടിച്ചു. ചിലരുടെ കിരീടം പൊട്ടി. അതുപോലെ ചിലരുടെ ശരീരം മുഴുവൻ ഉടനെ തവിടുപൊടിയായി. ചിലരുടെ കുടയൊടിഞ്ഞു. അങ്ങിനെ തന്നെ മററു ചിലരുടെ സൈന്യം മിക്കവാറും ചത്തൊടുങ്ങി. എന്തിന്നധികം പറയുന്നു? ഒടുവിൽ രാജാക്കന്മാരുടെ കൂട്ടത്തിൽ മരിക്കാതെ വല്ലവരുമുണ്ടെങ്കിൽ അവരെല്ലാം ശൌര്യ്യമാസകലം നശിച്ചോടി പമ്പകടക്കുകയും ചെയ്തു.

19639

പ. ദൃഷ്ട്വാതത്രപലായമാനമഖിലം
ക്ഷോണീപതീനാംകുലം
സൈന്യംവിദ്രുതശേഷമേഷസകലം
സന്നഹ്യജന്യാങ്കണേ
അഭ്യായാത്സ്വരഥാപഹാരജനിത-
ക്രോധാസഹാത്മാസമം
രാധേയേനസമസ്തകാർമ്മുകവതാം
വര്യ്യേണദുര്യ്യോധനഃ. 20

വ്യാ—(സ്വരഥാപഹാരജനിതക്രോധാസഹാത്മാ) തന്റെ രഥത്തിന്റെ അപഹാരം ഹേതുവായിട്ടുണ്ടായ, ക്രോധത്തിന്റെ അസഹമായ—കോപത്തെ സഹിപ്പാൻ ത്രാണിയില്ലാത്ത മനസ്സോടുകൂടിയ (ഏഷഃദുര്യ്യോധനഃ) ഈ—ഭഗ്നമനോരഥനായ ദുര്യ്യോധനൻ (തത്ര) യുദ്ധമദ്ധ്യത്തിൽ (പലായമാനം) ഓടിപ്പോകുന്ന (അഖിലം) താനൊഴിച്ച് ഒട്ടൊഴിയാതെയുള്ള (ക്ഷോണീപതീനാംകുലം) രാജാക്കന്മാരുടെ സമൂഹത്തെ (ദൃഷ്ട്വാ) കണ്ടിട്ട് (വിദ്രുതശേഷം) ഓടിപ്പോയതിൽനിന്നു ബാക്കിയുള്ള (അഖിലം

സൈന്യം) എല്ലാസൈന്യത്തേയും (സന്നഹ്യ) ഒരുമിച്ചുകൂട്ടിച്ചേ ത്തിട്ട് (സമസ്തകാർമ്മുകവതാം) എല്ലാവില്ലാളികളിലുംവെച്ച് (വ യ്യേണ) ശ്രേഷ്ഠനായ (രാധേയേനസമം) കർണ്ണനോടുകൂടി (ജന്യാ ങ്കണേ) യുദ്ധക്കളത്തിൽ (അഭ്യായാൽ) അർജ്ജുനനോടു—നേരിട്ടു.

സാ—തൻെറ രഥം ഭീമസേനൻ അപഹരിച്ച കോപം മ നസ്സിൽ സഹിക്കായ്കയാലും താൻ ആഗ്രഹിച്ചിരുന്ന പാഞ്ചാ ലിയെ അർജ്ജുനൻ കയ്ക്കലാക്കയാലും പകവീട്ടാൻ ഉററുനോക്കി ക്കൊണ്ടിരുന്ന ദുര്യോധനൻ, യുദ്ധത്തിൽ സകല രാജാക്കന്മാരും തോററോടിപ്പോകുന്നതായിക്കണ്ടപ്പോൾ ഓടിപ്പോയവർ കഴിച്ച ബാക്കിയുള്ള സൈന്യത്തെ മുഴുവൻ ഒരുമിച്ചുകൂട്ടി സന്നദ്ധന്മാരാ ക്കി എല്ലാവില്ലാളികളിലും വെച്ച മുമ്പനായ കർണ്ണനോടുകൂടെ യു ദ്ധക്കളത്തിൽ അർജ്ജുനനോടു നേരിട്ടു.

പ. “രേരേമഹീസുരകുലാധമ!തിഷ്ഠ,തിഷ്ഠ
കപ്രസ്ഥിതോസി?പരിമുഷ്യനൃപാലപുത്രീം
അദ്യൈവകർണ്ണശരദർശിതയാപദവ്യാ
സദ്യഃപ്രയാസ്യസികൃതാന്തപുരീംദുരാത്മൻ!” 21

വ്യാ—(രേരേമഹീസുരകുലാധമ) എടാ എടാ ബ്രാഹ്മണ കുലത്തിൽ അധമനായുള്ളവനേ (തിഷ്ഠതിഷ്ഠ) നീ നില്ക്കുക നി ല്ക്കുക (നൃപാലപുത്രീം) രാജപുത്രിയെ (പരിമുഷ്യ) മോഷ്ടിച്ചിട്ട് (ക്വ) എവിടേക്ക് (പ്രസ്ഥിതഃ) പുറപ്പെട്ടവനായി (അസി) നീ ഭവിക്കുന്നു. (ഹേ ദുരാത്മൻ) അല്ലയോ ദുർബ്ബുദ്ധേ (അദ്യഏവ) ഇ പ്പോൾതന്നെ (കർണ്ണശരദർശിതയാ) കർണ്ണൻെറ ശരത്താൽ കാണി ക്കപ്പെട്ട (പദവ്യാ) മാർഗ്ഗത്തിലൂടെ (കൃതാന്തപുരീം)അന്തകൻെറ നഗരത്തിലേക്ക് (സദ്യഃ) ഉടനെ (പ്രയാസ്യസി) നീ പോകും.

സാ—ആദ്യമായി ദുര്യോധനൻ അർജ്ജുനനെ അധിക്ഷേ പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു— “എടാ എടാ ബ്രാഹ്മണ കുലാധമ! നില്ക്ക് നില്ക്ക്. നീ രാജകുമാരിയെ മോഷ്ടിച്ച് എവി ടേക്ക പോകുന്നു?— ഒരു ബ്രാഹ്മണൻ, അതിലും വിശേഷം ആ കുലത്തിൽ അധമൻ ശ്രേഷ്ഠയായ ഒരു രാജകുമാരിയെ അപഹ

രിക്കുക എന്നത് ഉചിതമോ? ഇതെങ്ങിനെ ക്ഷത്രിയക്ക് ക്ഷന്ത വ്യമാകും? എടാ ദുർബ്ബുദ്ധേ! നിൻെറ അവിവേകത്തിൻേറയോ അഥവാ ഗർവ്വിൻേറയോ, ഫലമായി ഇപ്പോൾതന്നെ നീ കണ്ണന്റെ ശരം കാണിച്ചു തരുന്ന വഴിയിൽകൂടി വേഗത്തിൽ കാലൻെറ നഗരമണയാൻ പോകുന്നു"—കണ്ണശരമേററ് മരിക്കാറായി എന്നു താൽപര്യം.

കണ്ണൻ പറയുന്നു—

പ. പൃത്ഥ്വീന്ദ്രാഃപൃഥുവിക്രമാദ്വിജവധേ
സംസ്മൃത്യയൽപാതകം
ത്വാമുൽസൃജ്യഗതാസ്തദദ്യമനുഷേ
സ്വീയംഭുജാവൈഭവം
മദ്ബാഹുസ്തുപുനർജ്ജിഘാംസുനിധനേ
നിഷ്പാതകത്വംവിദ-
ന്നച്ഛിത്വാജിതകാശിനസ്തവശിരോ
നൈവാദ്യവിശ്രാമ്യതി. 22

വ്യാ—(പൃഥുവിക്രമാഃ) മഹത്തായ പരാക്രമത്തോടുകൂടിയ (പൃത്ഥ്വീന്ദ്രാഃ) രാജാക്കന്മാർ (ദ്വിജവധേ) ബ്രാഹ്മണൻെറ വധത്തിൽ (പാതകം) പാപത്തെ (സംസ്മൃത്യ) ഓർത്തിട്ട് (ത്വാം) നിന്നെ (ഉൽസൃജ്യ) ഉപേക്ഷിച്ചിട്ട് (ഗതാഃ) പോയി (ഇതിയൽ) എന്നതു യാതൊന്ന് (തൽ) അതിനെ (അദ്യ) ഇപ്പോൾ (സ്വീയം) തന്നെസ്സംബന്ധിച്ച (ഭുജാവൈഭവം) കയ്യൂക്കു നിമിത്തമാണെന്ന് (മനുഷേ) നീ വിചാരിക്കുന്നു. (പുനഃ) എന്നാൽ (ജിഘാംസുനിധനേ) കൊല്ലുവാനിച്ഛിക്കുന്നവൻെറ വധത്തിൽ (നിഷ്പാതകത്വം) പാപമില്ലായ്മയേ (വിദൻ) അറിയുന്ന (മദ്ബാഹുഃ തു) എൻെറ കയ്യാകട്ടെ (ജിതകാശിനഃ) ജയിച്ചു എന്നഭിമാനിക്കുന്ന (തവ) നിൻെറ (ശിരഃ) ശിരസ്സിനെ (അച്ഛിത്വാ) ഛേദിക്കാതെ (അദ്യ) ഇപ്പോൾ (നവിശ്രാമ്യതി) അടങ്ങുകയില്ല.

സാ—മഹാപരാക്രമികളായിരിക്കുന്ന രാജാക്കന്മാർ ബ്രഹ്മഹത്യ പാപമാണെന്നു വിചാരിച്ച് നിന്നെ വധിക്കാതെ വിട്ടു പോയി. അവൎക്ക് കഴിവില്ലാഞ്ഞിട്ടല്ല. അതിനെ നീ ഇപ്പോൾ

നിന്റെ കൈകളുടെ വൈഭവമാണെന്നു വിചാരിക്കുന്നു. എന്നാൽ എന്റെ കൈകൾക്കു് വിശേഷമുണ്ടു്. തന്നെ കൊല്ലുവാൻ വരുന്നവനെ വധിക്കുന്നതിൽ പാപമില്ലെന്നറിയാം. അതിനാൽ അതു്, സകലരെയും ജയിച്ചു എന്നഭിമാനിച്ചുകൊണ്ടു നിൽക്കുന്ന നിന്റെ തലയറക്കാതെ അടങ്ങുകയില്ല".

പ. ഇത്ഥമാകർണ്ണ്യ കർണ്ണസ്യ ഭാഷിതംഗർവ്വരൂഷിതം
അംഭോധിരവഗംഭീരാം വാചമൂചേധനഞ്ജയഃ. 23

വ്യാ—(ഇത്ഥം) ഇപ്രകാരം (ഗർവ്വരൂഷിതം) ഗർവ്വത്തോടുകൂടിയ (കർണ്ണസ്യഭാഷിതം) കർണ്ണന്റെ വാക്കിനെ (ആകർണ്ണ്യ) കേട്ടിട്ടു് (ധനഞ്ജയഃ) അർജ്ജുനൻ (അംഭോധിരവഗംഭീരാം) സമുദ്രത്തിന്റെ ശബ്ദംപോലെ ഗംഭീരയായിരിക്കുന്ന (ഗിരം) വാക്കിനെ (ഊചേ) പറഞ്ഞു.

സാ—ഇപ്രകാരമുള്ള സഗർവ്വമായ കർണ്ണന്റെ വാക്കുകേട്ടു് അർജ്ജുനൻ നീരാഴിയുടെ ഇരമ്പൽപോലെ ഗംഭീരയായ വാക്കിനെ പറഞ്ഞു.

അംഭോധിരവഗംഭീരാം—ധൈര്യനിർഭയത്വാദികളെ ദ്യോതിപ്പിക്കുന്നു.

പ. രേരാധേയ!വികത്ഥനൈരലമലം
ഗീർവ്വൈഭവംവേദ്മിതേ
തദ്ദോർവ്വൈഭവമസ്തിചേൽപ്രകടയ
പ്രത്യേഹിയുദ്ധാങ്കണം
യോലക്ഷേചിചതാദൃശേക്ഷിതിഭൃതാം
ലക്ഷേപിദൃഷ്ടോദയോ
നോസുപ്തഞ്ചമൃതഞ്ചസമ്പ്രതിപുന–
സ്ത്വൈവമദ്ബാഹുനാ. 24

വ്യാ—(രേരാധേയ) എടാ രാധാസുത—നികൃഷ്ടകുലാഭിജാതനായ കർണ്ണ (വികത്ഥനൈഃ അലം അലം) ആത്മപ്രശംസകളെക്കൊണ്ടുള്ളതു് മതി മതി. (തെ) നിന്റെ (ഗീർവ്വൈഭവം) വാക്കുമാത്രത്തെ (വേദ്മി) ഞാൻ അറിയുന്നു. (തൽ) അതുപോ

ത്തുവായിട്ട് (ദോൎവ്വൈഭവം) ബാഹുബലം (അസ്തിചേൽ) ഉണ്ട് എങ്കിൽ (പ്രകടയ) പ്രകാശിപ്പിക്കുക. (യുദ്ധാങ്കണം പ്രത്യേഹി) നീ യുദ്ധക്കളത്തിലേക്കു വന്നാലും (താദൃശേ) അപ്രകാരമിരിക്കുന്ന—അനന്യഭേദ്യമായ (ലക്ഷ്യേ) ലാക്കിലും (താദൃശേ) അനന്യജയ്യമായ (ക്ഷിതിഭൃതാം ചക്രേ അപി) രാജാക്കന്മാരുടെ സമൂഹത്തിലും (യഃ) യാതൊന്ന്—ബാഹു (ദൃഷ്ടോദയഃ) കാണപ്പെട്ട വൈഭവത്തോടുകൂടിയതാകുന്നു (തേന ഏവ) അതുതന്നേയായ (മദ്ബാഹുനാ) എന്റെ കയ്യിനാൽ (പുനഃ) പിന്നീട് (സമ്പ്രതി) ഇപ്പോൾ (നൊ മൃതം ച) മരിപ്പു എന്നുള്ളതുണ്ടായില്ല (നൊ സുപ്തം ച) ഉറങ്ങൂ എന്നുള്ളതും ഉണ്ടായില്ല.

സാ—ഹ്യടാ, ആഭിജാത്യമില്ലാത്തവനെ കർണ്ണ! ആത്മപ്രശംസ ചെയ്യുന്നമതി—നിന്റെ വാക്സാമൎത്ഥ്യത്തെപ്പററി എനിക്കറിയാം. കയ്യൂക്കിന്റെ കഥ അറിഞ്ഞിട്ടില്ല. അതിനാൽ കയ്യൂക്കുണ്ടെങ്കിൽ കാണിക്കു്. പോർക്കളത്തിൽവന്ന് എന്നോടു നേരിടുക. അഭേദ്യമായ ആ ലാക്കിലും അജയ്യന്മാരായ അനേകം രാജാക്കന്മാരിലും എന്റെ കൈകളുടെ വൈഭവം നീ നല്ലപോലെ കണ്ടുവല്ലൊ. എന്റെ ആ കൈകൾതന്നെ, ലാക്കറുത്തു രാജാക്കന്മാരെ തോൽപിച്ചതിൽപിന്നെ ഇപ്പൊൾ മരിക്കുകയോ ഉറങ്ങുകയോ ചെയ്തിട്ടില്ല—നശിക്കുകയോ അവയുടെ ശക്തി ക്ഷയിക്കുകയോ ചെയ്തിട്ടില്ല എന്നൎത്ഥം.

പ. ഇതികടുതരവാദക്ഷോഭിതസ്സാഭിമാനം
നിജധനുരഭികൎഷന്നംഗരാൾസംഗരാന്തേ
അപരിമിതമുദീൎണ്ണൈൎഘോരനാരാചപൂരൈഃ
സ്ഥഗിതതനുമകാൎഷീദ്വിക്രമീശക്രസൂനും. 25

വ്യാ—(ഇതി) ഇപ്രകാരമുള്ള (കടുതരവാദക്ഷോഭിതഃ) ഏററവും പരുഷങ്ങളായ വാക്കുകളെക്കൊണ്ടു കോപിച്ച (വിക്രമീ) പരാക്രമിയായ (അംഗരാൾ) കർണ്ണൻ (സംഗരാന്തേ) യുദ്ധക്കളത്തിൽ (നിജധനുഃ) തന്റെ വില്ലിനെ (സാഭിമാനം) ഗർവ്വോടുകൂടുംവണ്ണം (അഭികൎഷൻ) വലിച്ചുകൊണ്ട് (അപരിമിതം) കണ

ക്കില്ലാതെ (ഉദീർണ്ണൈഃ) പുറപ്പെടുന്ന (ഘോരനാരാചപൂരൈഃ) മൂർച്ചയുള്ള ശരങ്ങളുടെ സമൂഹങ്ങളെക്കൊണ്ട് (ശക്രസൂനും) ഇന്ദ്രപുത്രനെ (സ്ഥഗിതതനും) മൂടിയ ശരീരത്തോടു കൂടിയവനാക്കി (ആകാംഷീൽ) ചെയ്തു.

സാ—പരാക്രമിയായ കർണ്ണൻ ഇപ്രകാരം അർജ്ജുനന്റെ പരുഷങ്ങളായ വാക്കുകൾ കേട്ട് കോപിച്ച് ചോക്കളത്തിൽ ചെന്നു യുദ്ധംതുടങ്ങി. തന്നോടു കിടനിൽക്കാൻ ആരുംതന്നെയില്ലെന്ന ഗർവ്വനിമിത്തം എതിരാളിയെ നിസ്സാരനായിക്കരുതി ചെവിമുട്ടെ വില്ലുവലിച്ചു വിടുന്ന ശരനിരകൊണ്ട് വിജയന്റെ ശരീരം മൂടി.

പ. തേചാരുപക്ഷാനിസ്സീമം നിർഗ്ഗതാശ്ശലഭാ ഇവ
ധനഞ്ജയമുപാഗമ്യ തരസാനേശുരാശുഗാഃ. 26

വ്യാ—(ചാരുപക്ഷാഃ) മനോഹരങ്ങളായ, മൃദുക്കളായ എന്നും ചിറകുകളോടുകൂടിയവയും (നിസ്സീമം) അവധിയില്ലാതെ (നിർഗ്ഗതാഃ) പുറപ്പെട്ടവയും ആയ (തേ ആശുഗാഃ) ആ ശരങ്ങൾ, വേഗത്തിൽ ഗമിക്കുന്നവ എന്നും (ധനഞ്ജയം) അർജ്ജുനനെ, അഗ്നിയെ എന്നും (ഉപാഗമ്യ) അടുത്തിട്ട് (ശലഭാഇവ) ഈയാൻപാററകൾ എന്നപോലെ (തരസാ) വേഗത്തിൽ (നേശുഃ) നശിച്ചു.

സാ—ദുർബ്ബലങ്ങളായ ചിറകുകളോടുകൂടിയ ഈയാൻപാററകൾ കണക്കില്ലാതെ പുറപ്പെട്ട് അഗ്നിയുടെ അടുത്തുചെന്ന് ക്ഷണത്തിൽ ദഹിച്ചുപോകും പോലെ, നല്ല ചിറകുകളോടുകൂടിയവയും കണക്കില്ലാതെ കർണ്ണന്റെ വില്ലിൽനിന്നു പുറപ്പെട്ടവയുമായ ശരങ്ങൾ അർജ്ജുനന്റെ സമീപത്തുചെന്നപ്പോൾ അദ്ദേഹത്തിന്റെ ശരംകൊണ്ടു നുറുങ്ങി വേഗത്തിൽ നശിച്ചുപോയി. അഗ്നിക്കു ശലഭങ്ങൾ എന്നപോലെ ഏററവും നിസ്സാരങ്ങളായിരുന്നു അർജ്ജുനനു കർണ്ണശരങ്ങൾ എന്നു താൽപര്യം.

പ. കർണ്ണേനപാർത്ഥായവികൃഷ്യമുക്താ
അപാർത്ഥപാതാവിശിഖാബഭ്രവുഃ

പാൎത്ഥേനചാകൎണ്ണവികൃഷ്ടമുക്താഃ
കൎണ്ണേനിപേതുസ്സ്ഫുടഡംശരൌഘാഃ. 27

വ്യാ—(കൎണ്ണേന) കൎണ്ണനാൽ (വികൃഷ്യ) നല്ലപോലെ വലിച്ചിട്ട് (പാൎത്ഥായ) അൎജ്ജുനന്നായി (മുക്താഃ) വിടപ്പെട്ട (വിശിഖാഃ) ശരങ്ങൾ (അപാൎത്ഥപാതാഃ) വ്യൎത്ഥമായ പതനത്തോടുകൂടിയവയായിട്ട്, അൎജ്ജുനനിൽ പതനത്തോടു കൂടാത്തവയായിട്ട് എന്നും (ബഭൂവുഃ) ഭവിച്ചു. (പാൎത്ഥേനച) അൎജ്ജുനനാലാകട്ടെ (ആകൎണ്ണവികൃഷ്ടമുക്താഃ) ചെവിവരെ വലിച്ചു വിടപ്പെട്ടവയായ, കൎണ്ണനായിക്കൊണ്ടു വലിച്ചു വിടപ്പെട്ടവയല്ലാത്ത എന്നും (ശരൌഘാഃ) ശരസമൂഹങ്ങൾ (കൎണ്ണേ) കൎണ്ണനിൽ (സ്ഫുടഡം) ഉറപ്പോടുകൂടും വണ്ണം—ഊന്നി (നിപേതുഃ) പതിച്ചു.

സാ—കൎണ്ണൻ അൎജ്ജുനന്റെ നേൎക്ക് ശക്തിയോടുകൂടി വലിച്ചുവിട്ട ശരങ്ങൾ അദ്ദേഹത്തിൽ വേണ്ടപോലെ ഏൽക്കാതെ മുഴുവൻ വിഫലങ്ങളായി. എന്നാൽ അൎജ്ജുനൻ ചെവിമുട്ടെ വലിച്ച് കൎണ്ണന്റെ നേൎക്കയച്ച ശരങ്ങൾ ഒന്നും പഴുതിലാകാതെ ഊന്നിത്തറക്കുകയും ചെയ്തു.

ഇവിടെ ശ്ലേഷംകൊണ്ടും സമാസപദച്ഛേദങ്ങളുടെ വ്യത്യാസംകൊണ്ടും 'കൎണ്ണൻ അൎജ്ജുനന്റെ നേൎക്കയച്ച ശരങ്ങൾ അൎജ്ജുനനിൽ പതിച്ചില്ലെന്നും, അൎജ്ജുനൻ കൎണ്ണന്റെ നേൎക്കയക്കാത്ത ശരങ്ങൾ കൎണ്ണനിൽ പതിച്ചു എന്നും' വിരോധം.

പ. "കിം ത്വം സാക്ഷാദ്ധനുൎവ്വേദോ? രാമോവാ? വിപ്രസത്തമ!
അഥസാക്ഷാദ്ധരിഹയഃ? സാക്ഷാദ്വാവിഷ്ണുരച്യുതഃ?" 28

വ്യാ—(ഹേ വിപ്രസത്തമ) അല്ലയോ ബ്രാഹ്മണശ്രേഷ്ഠ (ത്വം) അങ്ങ് (സാക്ഷാൽ) പ്രത്യക്ഷമായ (ധനുൎവ്വേദഃ കിം) ധനുൎവ്വേദമോ (രാമഃ വാ) അഥവാ പരശുരാമനോ (അഥ) അല്ലെങ്കിൽ (സാക്ഷാൽ ഹരിഹയഃ കിം) സാക്ഷാൽ ഇന്ദ്രനോ (വാ) അല്ലെങ്കിൽ (അച്യുതഃ) കോട്ടമില്ലാത്ത (സാക്ഷാൽ വിഷ്ണുഃ കിം) സാക്ഷാൽ വിഷ്ണുവോ.

സാ—യുദ്ധവൈദഗ്ദ്ധ്യംകണ്ട് അത്ഭുതപ്പെട്ട കർണ്ണൻ അർജ്ജുനനോടു ചോദിച്ചു. "അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! അങ്ങ് മൂർത്തിമത്തായ ധനുർവ്വേദമോ? അഥവാ പരശുരാമനോ? അല്ലെങ്കിൽ സാക്ഷാൽ ഇന്ദ്രനോ? അതോ എന്തുതന്നേയായാലും യന്തൊരു കോട്ടവുംതട്ടാത്ത സാക്ഷാൽ വിഷ്ണുതന്നെയോ? ഇതുകൊണ്ട് അർജ്ജുനനിൽ കർണ്ണന്ന് ബഹുമാനവും തനിക്ക് അല്പം ധൈര്യക്ഷയവും ദ്യോതിക്കുന്നു.

പ. "മൽപ്രശംസേനകിംകർണ്ണ! ധനുർവ്വേദോനചാസ്മ്യഹം
നാപിരാമോനദേവേശഃ ബ്രാഹ്മണോഹമരിന്ദമ!". 29

വ്യാ—(ഹേ കർണ്ണ) അല്ലയോ കർണ്ണ (മൽപ്രശംസേന) എന്റെ സ്തുതികൊണ്ട് (കിം) എന്തുഫലം (അഹം) ഞാൻ (ധനുർവ്വേദഃ) ധനുർവ്വേദമായിട്ട് (നചാസ്മി) ഭവിക്കുന്നില്ലതന്നെ. (രാമഃ അപിന) പരശുരാമനും അല്ല. (നദേവേശഃ) ദേവേന്ദ്രനും അല്ല. (ഹേ അരിന്ദമ) അല്ലയോ ശത്രുക്കളെ അടക്കുന്നവനെ (അഹം) ഞാൻ (ബ്രാഹ്മണഃ) ബ്രാഹ്മണനാകുന്നു.

സാ—കർണ്ണന്റെ വാക്കുകേട്ട് അർജ്ജുനൻ ഇപ്രകാരം പറഞ്ഞു:—"അല്ലയോ കർണ്ണ! എന്നെ എന്തിനായി ഇങ്ങിനെ പ്രശംസിക്കുന്നു. ഞാൻ ധനുർവ്വേദമല്ല. പരശുരാമനും അല്ല. ദേവേന്ദ്രനും അല്ല. അല്ലയോ അരിന്ദമ ഞാൻ കേവലം ഒരു ബ്രാഹ്മണനാകുന്നു."

പ. കിംകിമേഷബതസായകോൽകരഃ
പാർത്ഥമുക്ത ഇവമാംപ്രബാധതേ
ഇത്യസൌരവിസുതോവിലോകയൻ
ജിഷ്ണുമേവതമബോധിഭൂസുരം. 30

വ്യാ—(കിം കിം) എന്തെന്ത് (ബത) ആശ്ചര്യം (ഏഷഃ സായകോൽകരഃ) ഈ ശരസമൂഹം (പാർത്ഥമുക്തഃ ഇവ) അർജ്ജുനനാൽ അയക്കപ്പെട്ടതുപോലെ (മാം) എന്നെ (പ്രബാധതേ) ഏറ്റവും പീഡിപ്പിക്കുന്നു (ഇതി) എന്നിപ്രകാരം വിചാരിച്ച് (അസൌരവിസുതഃ) ഈ കർണ്ണൻ (വിലോകയൻ) സൂക്ഷിച്ചുനോ

ക്കന്നവനായിട്ട് (തം ഭൂസുരം) ആ ബ്രാഹ്മണനെ (ജിഷ്ണും ഏവ) അജ്ജുനനായിട്ടുതന്നെ (അബോധി) അറിഞ്ഞു.

സാ—"എന്തെന്ത്! ആശ്ചൎയ്യം! ഈ ശരങ്ങൾ കന്നൊഴിയാതെ അജ്ജുനൻ പ്രയോഗിച്ചതുപോലെ എന്നെ കഠിനമായി പീഡിപ്പിക്കുന്നു. ഇതിന്നു കാരണമെന്തു?" എന്നിങ്ങനെ വിചാരിച്ച് കൎണ്ണൻ ആ ബ്രാഹ്മണനെ സൂക്ഷിച്ചുനോക്കി. അപ്പോൾ അദ്ദേഹം ഒരു ബ്രാഹ്മണൻ അല്ല അജ്ജുനൻ തന്നെയാണെന്ന് കൎണ്ണന്നു മനസ്സിലായി.

പ. തദനു ച സോധികരോഷ-
പ്രജ്വലിതോ വജ്രിസൂനമഭിനിപതൻ
ഉദ്ബണതദ്ബാണഗണാ-
നസഹിഷ്ണുൎഭൂയ ഏവ വിമുഖോഭൂൽ. 31

വ്യാ—(തദനു ച) അനന്തരമാകട്ടെ (സഃ) കൎണ്ണൻ (അധികരോഷപ്രജ്വലിതഃ) വൎദ്ധിച്ചതായ കോപംകൊണ്ട് ജ്വലിച്ചവനായിട്ട് (വജ്രിസൂനും) ഇന്ദ്രപുത്രനെ (അഭിനിപതൻ) നേരിട്ടു ചെന്നവനായിട്ട് (ഉദ്ബണതദ്ബാണഗണാൻ) ക്രൂരങ്ങളായ അദ്ദേഹത്തിന്റെ ബാണസമൂഹങ്ങളെ (അസഹിഷ്ണുഃ) സഹിപ്പാൻ അശക്തനായിട്ട് (ഭൂയഃ) പിന്നെയും (വിമുഖഃ ഏവ) പിന്തിരിഞ്ഞവനായിട്ടുതന്നെ (അഭൂൽ) ഭവിച്ചു.

സാ—തന്റെ ജന്മവൈരിയായ അജ്ജുനനാണെന്നറിഞ്ഞപ്പോൾ കൎണ്ണന്ന് കോപം അത്യധികം വൎദ്ധിച്ചു. വീണ്ടും യുദ്ധത്തിന്നായി നേരിട്ടു. എങ്കിലും ക്രൂരങ്ങളായ അജ്ജുനന്റെ ശരങ്ങളേൽക്കാൻ ശക്തിയില്ലാതെ പിന്നെയും മടങ്ങുകതന്നെ ചെയ്തു.

പ. കൃതോജിഷ്ണുശരൈഃകൎണ്ണസ്സഫലൈരഫലോദ്യമഃ
സപത്രൈസ്സൈശ്ചനിഷ്പത്രാ കൃതാതസ്യവരൂഥിനീ. 32

വ്യാ—(സഫലൈഃ) നല്ല അഗ്രഭാഗങ്ങളോടുകൂടിയ (ജിഷ്ണുശരൈഃ) അജ്ജുനന്റെ ശരങ്ങളാൽ (കൎണ്ണഃ) കൎണ്ണൻ (അഫലോദ്യമഃ) നിഷ്ഫലമായ പ്രയത്നത്തോടുകൂടിയവനാക്കി (കൃതഃ) ചെയ്യപ്പെട്ടു. (സപത്രൈഃ) നല്ല ചിറകുകളോടുകൂടിയ (തൈഃ) അ

വയാൽ (തസ്യ) അദ്ദേഹത്തിൻെറ (വരൂഥിനീ) സേന (നിഷ്ട്രാ) വാഹനങ്ങളോടുകൂടാത്തതാക്കി (കൃതാ) ചെയ്യപ്പെട്ടു.

സാ—ഉറപ്പും മൂച്ച്ര്യമേറിയ അജ്ജുനൻെറ ശരങ്ങൾ കണ്ണൻെറ ഉദ്യമത്തെ തീരെ നിഷ്ഫലമാക്കി. എന്നുതന്നെയല്ല; നല്ല ചിറകുകളോടുകൂടിയ ആ ശരങ്ങൾ അദ്ദേഹത്തിൻെറ സൈന്യത്തിലുള്ള വാഹനങ്ങളെ മുഴുവൻ നശിപ്പിച്ചു.

പ. സുയോധനസ്യാപി തഥാ ശരീരം
വിദാരയന്തിസ്മകിരീടിബാണാഃ
"ഹാ കണ്ണ! കണ്ണേതി വിലാപശാലീ
യഥാസകണ്ണസ്യരുജം വിതേനേ. 33

വ്യാ—(കിരീടിബാണാഃ) അജ്ജുനൻെറ ശരങ്ങൾ (സുയോധനസ്യ അപി) ദുര്യോധനൻേറയും (ശരീരം) ശരീരത്തെ (തഥാ) അപ്രകാരം (വിദാരയന്തിസ്മ) പിളന്നു. (യഥാ) യാതൊരുപ്രകാരം (സഃ) അദ്ദേഹം—ദുര്യോധനൻ (ഹാ കണ്ണകണ്ണ) അയ്യോ കണ്ണ കണ്ണ (ഇതി) എന്നിപ്രകാരം (വിലാപശാലീ) പിന്നെയും പിന്നെയും നിലവിളിയോടുകൂടിയവനായിട്ട് (കണ്ണസ്യ) ശ്രോതാക്കളുടെ ചെവിക്ക്, കണ്ണന്ന് എന്നും (രുജം) വേദനയെ, ദുഃഖത്തെ എന്നും (വിതേനേ) ചെയ്തു.

സാ—അജ്ജുനൻെറ ശരങ്ങൾ കണ്ണൻെറ മാത്രമല്ല ദുര്യോധനൻേറയും ശരീരത്തെപ്പിളന്നു. അദ്ദേഹമാകട്ടെ അതുകൊണ്ടുള്ള വേദന സഹിക്കാതെ "അയ്യോ, കണ്ണ! കണ്ണ!" എന്നിങ്ങനെ പിന്നെയും പിന്നെയും വിളിച്ചു നിലവിളിച്ചു. കേൾപ്പാൻ ദുസ്സഹമായ ഈ നിലവിളി കണ്ണൻെറ മനസ്സിന്ന് ഖേദത്തെക്കൊടുത്തു.

പ. കിം ഗിരാ? വിജയബാണനിഗ്ഗളൽ—
കങ്കടാന്തപരിപാതശോണിതൌ
അംഗരാജകുരുരാജപുംഗവൌ
സംഗരാജിരതലാൽ പലായിതൌ. 34

വ്യാ—(ഗിരാ കിം) വാക്കുകൊണ്ടെന്ത്. (അംഗരാജകുരുരാജപുംഗവൌ) വീരന്മാരായ കണ്ണദുര്യോധനന്മാർ (വിജയബാണനിഗ്ഗളൽകങ്കടാന്തപരിപാതശോണിതൌ) അജ്ജുനൻെറ ശരം

കൊണ്ടു പൊട്ടിയ ചട്ടയുടെ ഇടയിൽകൂടി പുറത്തേക്കു ഒഴുകുന്ന ചോരയോടുകൂടിയവരായിട്ട് (സംഗരാജിരതലാൽ) യുദ്ധക്കള ത്തിൽനിന്ന് (പലായിതൌ) ഓടി.

സാ—എന്തിന്നധികം പറയുന്നു? വീരന്മാരായ കർണ്ണനും ദു ര്യോധനനും അർജ്ജുനൻെറ ശരംകൊണ്ടു പൊട്ടിയ ചട്ടയുടെ ഉ ള്ളിൽകൂടി പുറത്തേക്കു ചോരയൊഴുകിക്കൊണ്ട് പോൎക്കളത്തിൽ നിന്നു തോറ്റോടി.

പ. സ്ത്രീരത്നലാഭമുദിതൌയുവരത്നലാഭ-
പ്രീതാം പ്രഗൃഹ്യകമനീം കുരുവംശവീരൌ
കൌലാലമാലയമുപേത്യപുരൈവതത്ര
പ്രാപ്പൈൎയമാത്മജയമൈൎമ്മിളിതാവഭൂതാം. 35

വ്യാ—(സ്ത്രീരത്നലാഭമുദിതൌ) സ്ത്രീരത്നത്തിൻെറ ലാഭം ഹേതുവായിട്ട് സന്തുഷ്ടന്മാരായിരിക്കുന്ന (കുരുവംശവീരൌ) ഭീമാ ൎജ്ജുനന്മാർ (യുവരത്നലാഭപ്രീതാം) യുവരത്നത്തിൻെറ ലാഭം ഹേ തുവായിട്ട് സന്തുഷ്ടയായ (കമനീം) പാഞ്ചാലിയെ (പ്രഗൃഹ്യ) സ്വീകരിച്ചിട്ട് (കൌലാലം) കുലാലനെസ്സംബന്ധിച്ച (ആലയം) ഭവനത്തെ (ഉപേത്യ) പ്രാപിച്ചിട്ട് (തത്ര) അവിടെ (പുരാ ഏ വ) യുദ്ധാരംഭത്തിന്നു മുമ്പുതന്നെ (പ്രാപ്പൈഃ) ചെന്നവരായ (യ മാത്മജയമൈഃ) ധൎമ്മപുത്രരോടും നകുലസഹദേവന്മാരോടും (മി ളിതൌ) കൂടിച്ചേൎന്നവരായിട്ട് (അഭൂതാം) ഭവിച്ചു.

സാ—അനന്തരം സ്ത്രീരത്നത്തെ ലഭിച്ചതുകൊണ്ടു സന്തോ ഷമുൾക്കൊണ്ട വീരന്മാരായ ഭീമാർജ്ജുനന്മാർ, യുവരത്നത്തെ കി ട്ടിയതുനിമിത്തം സന്തുഷ്ടയായ പാഞ്ചാലിയേയുംകൊണ്ടു കുലാല ഭവനത്തിൽചെന്നു, യുദ്ധം തുടങ്ങുന്നതിന്നു മുമ്പുതന്നെ അവി ടെ എത്തിച്ചേൎന്നിരുന്ന ധൎമ്മപുത്രരോടും നകുലസഹദേവന്മാരോ ടും കൂടിച്ചേൎന്നു.

പ. അംബാംഗൃഹോദരഗതാംബഹിരാഗതാസ്തേ
ഭിക്ഷേയമസ്ത്യുപഹൃതേതിസഹിലമൂചുഃ
സാഭുജ്യതാംസഹഭവദ്ഭിരിതിബ്രുവാണാ
കുന്തീനിരേത്യചനിരീക്ഷ്യവിലജ്ജിതാഭൂൽ. 36

വ്യാ—(ബഹിഃ) പുറത്തു (ആഗതാഃ) വന്ന (തേ) അവർ (ഗൃഹോദരഗതാം) ഗൃഹത്തിന്റെ ഉള്ളിൽ ഇരിക്കുന്ന (അംബാം) അമ്മയോട് (ഇയം) ഇതാ (ഭിക്ഷാ) ഭിക്ഷാ (ഉപഹൃതാ) കൊണ്ടുവരപ്പെട്ടതായിട്ട് (ആസ്തി) ഭവിക്കുന്നു. (ഇതി) എന്നിപ്രകാരം (സലീലം) നേരമ്പോക്കായി (ഊചുഃ) പറഞ്ഞു. (സാകുന്തീ) ആ കുന്തി (ഭവദ്ഭിഃ) നിങ്ങളാൽ (സഹ) ഒരുമിച്ച് (ഭുജ്യതാം) ഭുജിക്കപ്പെട്ടാലും (ഇതി) എന്ന് (ബ്രുവാണാ) പറയുന്നവളായിട്ട് (നിരേത്യ ച) പുറത്തുവന്നിട്ടാകട്ടെ (നിരീക്ഷ്യ) പാഞ്ചാലിയെ കണ്ടിട്ട് (വിലജ്ജിതാ) ഏററവും ലജ്ജിച്ചവളായി (അഭൂൽ) ഭവിച്ചു.

സാ— ഭവനത്തിന്റെ പുറത്തുവന്ന് അവർ ഉള്ളിലിരിക്കുന്ന അമ്മയോട് "ഇതാ ഞങ്ങൾ ഭിക്ഷകൊണ്ടുവന്നിരിക്കുന്നു" എന്നു നേരമ്പോക്കായി പറഞ്ഞു. അകത്തിരിക്കുകയായിരുന്നതുകൊണ്ട് വാസ്തവം ധരിക്കാതെ പുത്രവത്സലയായ കുന്തി "അത് നിങ്ങൾ ഒരുമിച്ചു ഭുജിക്കുവിൻ" എന്നിങ്ങനെ പറഞ്ഞു. പുറത്തുവന്നു നോക്കിയപ്പോൾ ഒരു കന്യകയാണെന്നറിഞ്ഞ് ഒരു വധുവിനെ അഞ്ചാൾ കൂടി അനുഭവിക്കുകയോ? എന്നോർത്തു വല്ലാതെ ലജ്ജിച്ചു.

ഗ. തദോ അ പമദാഉളമൌളിമാണിദാ ഏ താ ഏ
സഹ തത്ത ഏവ്വ ഖണം ഉപവിസന്തേസു തേസു ണിരു
പമരൂപഭാവളാവണ്ണ പരിമളധാരിതാരിസതരുണീരഅ
ണേദംസണജണിദപഞ്ചാഉഹവിയാരം അപ്പണോ വി
അ കണിട്ഠംണം വി ദേഖിഅ ജണ്ണീഏ ഏവ്വ മുഹകമളം
പുണോവി വിളോളഅന്തോ ധമ്മസുദോ സവ്വഹാ മാഏ
സഞ്ചവാഏ ഏവ്വ ഭവിസ്സദി'ത്തി ണിഅമാണസവിസ്സം
ഭേണ സംഭാവഅന്തോ ണിയവഅണോ ദോസം ആസംകി
അ പരിപുച്ഛന്തിം കുന്തിഭോഅത്ഥണ അം "കുസളം ഏ
വ്വ ഭഅവം സാഅജ്ജസ്സദി"ത്തി സമാസ്സാസദവന്തോ.

ഛാ—തതശ്ച പ്രമദാകുലമൌലിമാനിതയാ തയാ സഹ
തത്രൈവക്ഷണമുപവിശത്സു തേഷു നിരുപമരൂപഭാവലാവ
ണ്യപരിമളധാരിതാദൃശതരുണീരത്നദർശനജനിതപഞ്ചായു

ധവികാരം ആത്മനാനുജകനിഷ്ഠാനാമപിദൃഷ്ട്വാജനന്യാഏ
വമുഖകമലം പുനരപി വിലോകയൻ ധർമ്മസുതഃ സർവ്വഥാ
മാതാസത്യവാഗേവഭവിഷ്യതീതി നിജമാനസവിസ്രംഭേണ
സംഭാവയന്നിജവചനേ ദോഷമാശങ്ക്യ പരിപൃച്ഛന്തീം കു
ന്തിഭോജതനയാം "കുശലമേവഭഗവാൻ സാധയിഷ്യതീ"
തി സമാശ്വാസിതവാൻ. 57

വ്യാ— (തദോഅ) അനന്തരമാകട്ടേ (പമദഉളമൌളിമാ ണിദാഏ) നാരിമാരുടെ കുലത്തിന്റെ ശിരസ്സിനാൽ മാനിക്കപ്പെട്ടവളായ (താഏ സഹ) അവളോടുകൂടേ (തത്രഏവ്വ) അവിടെതന്നെ (ക്ഷണം) അല്പനേരം (ഉപവിസന്തേസുതേസു) ഇരിക്കുന്നഅവരിൽ (ഞിരുപമരൂപഭാവലാവണ്ണ പരിമളധാരി രാരിസ തരുണിരഅണദംസണജണിദരപഞ്ചാഉഹവിയാരം) ഏതിരററൂപത്തേയും ഭാവത്തേയും ലാവണ്യത്തേയും സൌരഭ്യത്തേയും ധരിക്കുന്ന അപ്രകാരമിരിക്കുന്ന യുവതീരത്നത്തിന്റെ ദർശനം കൊണ്ടുണ്ടായ കാമവികാരത്തെ (അപ്പണോവിഅ) തനിക്കു എന്നപോലെ (കണിട്ടാണംവി) സോദരന്മാൎക്കും (ദേഖിഅ) കണ്ടിട്ട് (ജണണീഏവ്വ) അമ്മയുടെ തന്നെ (മുഹകമളം) മുഖകമലത്തെ (പുണോവി) വീണ്ടും (വിളോളഅന്തോ) നോക്കുന്ന (ധമ്മസുദോ) ധൎമ്മപുത്രൻ '(ണിഅമാണസവിസ്സംഭേണ) തന്റെ മനസ്സിലുള്ള വിശ്വാസം ഹേതുവായിട്ട് (സവ്വഹാ) സൎവ്വപ്രകാരത്തിലും (മാആ) അമ്മ (സച്ചവാആ ഏവ്വ) സത്യമായ വാക്കോടുകൂടിയവളായിത്തന്നെ (ഭവിസ്സദിത്തി) ഭവിക്കും എന്നിങ്ങനെ (സംഭാവഅന്തോ) മിക്കവാറും നിശ്ചയിച്ചുകൊണ്ട് (ണിയവഅണേ) തന്റെ വാക്കിൽ (ദോസം) ദോഷത്തെ—അന്യായതയെ (ആസംകിഅ) ആശങ്കിച്ചിട്ട് (പരിപുച്ഛന്തിം) ചോദിക്കുന്ന (കുന്തിഭോഅതണഅം) കുന്തിഭോജന്റെ പുത്രിയെ—കുന്തിയെ (കുസളംഏവ്വ) കുശലത്തെത്തന്നെ (ഭഅവം) ഭഗവാൻ—ശ്രീകൃഷ്ണൻ (സാഅഇസ്സദ്) സാധിപ്പിക്കും (ഇത്തി) എന്നിപ്രകാരം പറഞ്ഞ് (സമാസ്സാസദവന്തോ) വഴിപോലെ ആശ്വസിപ്പിച്ചു.

സാ—പിന്നെ അവർ സകലസുന്ദരിമാക്കും ശിരോഭൂഷണ മായ പാഞ്ചാലിയോടുകൂടി കുറച്ചുനേരം അവിടെത്തന്നെ ഇരുന്നു. അവരിൽ ധമ്മപുത്രർ എതിരററസൌന്ദയ്യം, ഭാവം, ലാവണ്യം, സൌരഭ്യം ഇതുകളോടുകൂടിയ അപ്രകാരമിരിക്കുന്ന തരുണീരത്ന ത്തെക്കാണുകകൊണ്ട് തനിക്കെന്നപോലെ സഹോദരന്മാക്കും കാമവികാരം ഉണ്ടായതായി കണ്ട് എന്തുചെയ്യേണ്ടു എന്നറിയാ തെ അഭിപ്രായമറിവാനായി അമ്മയുടെ മുഖകമലത്തെത്തന്നെ വീണ്ടും നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ 'എന്നിങ്ങനേയായാലും അമ്മയുടെവാക്ക് സത്യമായിത്തന്നെ വരികയുള്ളു'. എന്ന് ത ന്റെ അന്തഃകരണവൃത്തിയെ പ്രമാണമാക്കി മുക്കാലും തീച്ച പ്പെടുത്തി. 'തന്റെ വാക്ക് അന്യായമായിപ്പോയല്ലോ' എന്നു വിചാരിച്ച് ധമ്മലോപത്തിലുള്ള ഭയത്താൽ എന്താണ് ചെ യ്യേണ്ടത്? എന്നു ചോദിക്കുന്ന കുന്തിയെ "ഭഗവാൻ ക്ഷേമത്തെ ത്തന്നെ നമുക്കു വരുത്തുകയുള്ളു—ധമ്മ്യമായ വഴിയിൽക്കൂടി അ മ്മയുടെ വാക്ക് സത്യമാക്കിത്തീക്കും" എന്നുപറഞ്ഞു സമാധാനി പ്പിക്കയുംചെയ്തു.

പ. താവത്സവത്സലതയാതരളാന്തരാത്മാ
പത്മേക്ഷണസ്സഹബലേനകുലാലഗേഹം
ഗൂഢംപ്രവിശ്യവചനൈരമൃതായമാനൈ-
രാശ്വാസ്യപാണ്ഡുജനുഷഃസ്വപുരീംപ്രതസ്ഥേ. 38

വ്യാ—(താവൽ) അപ്പോൾതന്നെ (വത്സലതയാ) പാണ്ഡ വന്മാരിലുള്ള വാത്സല്യം ഹേതുവായിട്ട് (തരളാന്തരാത്മാ) ച ഞ്ചലമായ—സവ്വദാ പ്രിയത്തെ ച്ചെയ്യാൻ ഉദ്യുക്തമായിരിക്കുന്ന മനസ്സോടുകൂടിയ (പത്മേക്ഷണഃ) ശ്രീകൃഷ്ണൻ (ബലേനസഹ) ബലഭദ്രനോടുകൂടെ (കുലാലഗേഹം) കുലാലന്റെ ഭവനത്തെ (ഗൂഢം) മററാരും അറിയാതെ (പ്രവിശ്യ) പ്രവേശിച്ചിട്ട് (അമൃ തായമാനൈഃ) അമൃതംപോലെ ആചരിക്കുന്ന (വചനൈഃ) വാ ക്കുകളെക്കൊണ്ട് (പാണ്ഡുജനുഷഃ) പാണ്ഡവന്മാരെ (ആശ്വാ സ്യ) ആശ്വസിപ്പിച്ചിട്ട് (സ്വപുരീം) തന്റെ നഗരത്തിലേക്ക് (പ്രതസ്ഥേ) പുറപ്പെട്ടു.

സാ—പാണ്ഡവന്മാരിലുള്ള വാത്സല്യാതിരേകം ഹേതുവായിട്ട് അവരെ ദുഃഖത്തിൽനിന്നു നിവൎത്തിപ്പിക്കുവാൻ സദാ ഉദ്യുക്തനായിരിക്കുന്ന ഭഗവാൻ ശ്രീകൃഷ്ണൻ അപ്പോൾതന്നെ ബലഭദ്രരോടുകൂടി ആരുംഅറിയാതെ കുലാലഗൃഹത്തിൽ ചെന്നു അമൃതുപോലെ ഇരിക്കുന്ന വാക്കുകളെക്കൊണ്ട് അവരെ ആശ്വസിപ്പിച്ച് ദ്വാരകാരാജധാനിയിലേക്കു പോകുകയുംചെയ്തു.

ഗ. തതശ്ചതജ്ജാതിജിജ്ഞാസയാ നിഗൂഢമനുഗമ്യകുലാലനിലയപ്രചാരിതചാരേതദവിദൂരനിവിഷ്ടേധൃഷ്ടദ്യുമ്നേതേഷു ചസായമുപാഹൃതഭിക്ഷേഷു ജനനീയുക്തപരിഹൃഷ്ടലപാഷ്തീ പ്രഥമപരിവേഷണവിശേഷസരസമന്നമുപഭുജ്യമുദിതേഷു വിജനമിതി സംയുഗീനശസ്ത്രാസ്ത്രാദിവിഷയാഃകഥാഃകഥയത്സുശയിതേഷു ചാരജനകഥിതതൽകഥാനുമിതക്ഷത്രഭാവപരിതുഷ്ടധൃഷ്ടദ്യുമ്നനിവേദ്യമാനേന പരേദ്യുവിദ്രുപദേനപ്രഹിതേപുരോഹിതേസരഥേചപുരുഷേതഥാരഥാരൂഢേഷുതേഷുജനനീജനീസഹിതേഷുധീരതരാകൃതിമാത്രകൃതാൎത്ഥീകൃതപൌരജനേഷുപുരംപ്രവിഷ്ടേഷുപരിമൃഷ്ടാശനപരിതുഷ്ടേഷുചിരദൃഷ്ടശസ്ത്രാദിദൎശനപരിഹൃഷ്ടേഷുസുഖനിവിഷ്ടേഷുപരിപൃഷ്ടസ്സാദരം ദ്രുപദേനധൎമ്മാത്മജഃസ്വയംനിൎമ്മായമവാദിൽ. 39

വ്യാ—(തതശ്ച) അനന്തരമാകട്ടെ (ധൃഷ്ടദ്യുമ്നേ) ധൃഷ്ടദ്യുമ്നൻ (തജ്ജാതീജിജ്ഞാസയാ) അദ്ദേഹത്തിൻെറ— ലക്ഷ്യച്ഛേത്താവിൻെറ ജാതിയുടെ ജിജ്ഞാസ—അറിവാനായിക്കൊണ്ടുള്ള ഇച്ഛ ഹേതുവായിട്ട് (നിഗൂഢം) ഏററവും ഗൂഢമാകുംവണ്ണം (അനുഗമ്യ) പാണ്ഡവന്മാരെ പിന്തുടൎന്നിട്ട് (കുലാലനിലയപ്രചാരിതചാരേ) കുലാലൻെറ ഗൃഹത്തിലേക്ക് അയക്കപ്പെട്ട ചാരനോടുകൂടിയവനായി (തദവിദൂരനിവിഷ്ടേ) അതിൻെറ—കുലാലഗൃഹത്തിൻെറ അധികം അകലെയല്ലാതെഇരിക്കും സമയത്തികൽ (തേഷു ച) അവരാകട്ടെ (സായം) വൈകുന്നേരം (ഉപഹൃതഭിക്ഷേഷു) കൊണ്ടുവരപ്പെട്ട ഭിക്ഷയോടുകൂടിയവരായി (ജനനീ

നിയുക്തപരിഹർഷുലപാഷ്തീപ്രഥമപരിദേവഷണവിശേഷസര സം) അമ്മയാൽ നിയോഗിക്കപ്പെട്ടവളായി ഏററവും സന്തുഷ്ട യായ പാഞ്ചാലിയുടെ ആദ്യമായ വിളമ്പൽ ഹേതുവായിട്ട് വി ശേഷിച്ച സ്വാദോടുകൂടിയ (അന്നം) അന്നത്തെ (ഉപഭുജ്യ) ഭക്ഷി ച്ചിട്ട് (മുദിതേഷു) സന്തുഷ്ടന്മാരായി (വിജനമിതി) വിജനമാണ് എന്നതു ഹേതുവായിട്ട് (സാംയുഗീനശസ്ത്രാസ്ത്രാദിവിഷയാഃ) യു ദ്ധോചിതങ്ങളായ ആയുധം, ശരം മുതലായ വിഷയങ്ങളോടുകൂ ടിയ (കഥാഃ) കഥകളെ (കഥയത്സു) പറയുന്നവരായി (ശയിതേ ഷു) കിടന്നസമയത്തിങ്കൽ (ചാരജനകഥിതതൽകഥാനുമിതക്ഷ ത്രഭാവപരിതുഷ്ടധൃഷ്ടദ്യുമ്നനിവേദ്യമാനേന) ചാരജനങ്ങളാൽ പ റയപ്പെട്ട അവരുടെ കഥ, അല്ലെങ്കിൽ ആ കഥകൊണ്ട് അനു മിക്കപ്പെട്ട ക്ഷത്രിയത്വംകൊണ്ട് സന്തോഷിച്ച ധൃഷ്ടദ്യുമ്നനാൽ അറിയിക്കപ്പെട്ട (ദ്രുപദേന) ദ്രുപദനാൽ (പരേദ്യവി) പിററ ന്നാൾതന്നെ (പുരോഹിതേ) പുരോഹിതനും (തഥാ) അപ്രകാരം (സരഥേ) തേരോടുകൂടിയ (പുരുഷേ ച) സചിവനും (പ്രഹിതേ) അയക്കപ്പെട്ടസമയത്തിങ്കൽ (ജനനീജനീസഹിതേഷു) അമ്മ യോടും വധുവോടുംകൂടിയവരായി (രഥാരൂഢേഷു) രഥത്തെ ആ രൂഢന്മാരായ—കയറിയ (തേഷു) അവർ (ധീരതരാകൃതിമാത്രകൃതാ ത്ഥീകൃതപൌരജനേഷു) ഏററവും ധീരയായ ആകൃതിമാത്രംകൊ ണ്ട് കൃതാത്ഥന്മാരാക്കിച്ചെയ്യപ്പെട്ട പുരവാസിജനങ്ങളോടുകൂടിയ വരായി (പുരം) നഗരത്തെ (പ്രവിഷ്ടേഷു) പ്രവേശിച്ചവരായിട്ട് (ചരികൃഷ്ടാശനപരിതുഷ്ടേഷു) വഴിപോലെ സംസ്കരിക്കപ്പെട്ട ഭ ക്ഷണസാധനങ്ങളെക്കൊണ്ട് ഏററവും തൃപ്തന്മാരായി (ചിരദൃഷ്ട ശസ്ത്രാദിദശനപരിഹൃഷ്ടേഷു) വളരെക്കാലംകൂടി കാണപ്പെട്ട ആ യുധം മുതലായവയുടെ ദശനംകൊണ്ട് സന്തുഷ്ടന്മാരായി (സുഖ നിവിഷ്ടേഷു) സുഖമാകുംവണ്ണം ഇരുന്നസമയത്തിങ്കൽ (ദ്രുപദേ ന) ദ്രുപദനാൽ (സാദരം) ആദരവോടുകൂടുംവണ്ണം (പരിപൃഷ്ടഃ) ചോദിക്കപ്പെട്ട (ധമ്മാത്മജഃ) ധമ്മപുത്രർ (സ്വയം) താൻതന്നെ (നിമ്മായം) വ്യാജത്തോടുകൂടാതെ (അവാദീൽ) പറഞ്ഞു.

സാ—ലാക്കരത്ത് എതിരിട്ട രാജാക്കന്മാരെ ആസകലം

തോൽപ്പിച്ച് അർജ്ജുനൻ കന്യകയെക്കൊണ്ടുപോയപ്പോൾ അർജ്ജുനന്റെ അനന്യസാധാരണമായ വൈദഗ്ദ്ധ്യംകണ്ട് ഉള്ളിൽ സംശയംതോന്നി ധൃഷ്ടദ്യുമ്നൻ ഇദ്ദേഹത്തിന്റെ ജാതിയെന്തെന്നറിയണം എന്നാഗ്രഹത്തോടുകൂടി ഗൂഢമായി അവരെ പിന്തുടന്നു. പാണ്ഡവന്മാർ കുലാലഗൃഹത്തിലേക്കു കടന്നപ്പോൾ അവിടേക്കു ചാരന്മാരെ അയച്ചു താൻ അധികം അകലെയല്ലാതെ ഒരിടത്തിരുന്നു. പാണ്ഡവന്മാരാകട്ടെ വൈകുന്നേരം ഭിക്ഷയേററുകൊണ്ടുവന്ന്, അമ്മ പറയുകയാൽ സന്തോഷത്തോടുകൂടി പാഞ്ചാലി ഇദംപ്രഥമമായി വിളമ്പിക്കൊടുക്കുകയാകകൊണ്ട് വിശേഷിച്ചു സ്വാദുള്ളതായി തോന്നിയ അന്നത്തെ ഭുജിച്ചു തൃപ്തരായി വിജനമാണെന്നു വിചാരിച്ചു യുദ്ധോചിതങ്ങളായ ആയുധം, ശരം മുതലായവയെപ്പററി ഓരോ കഥകളെല്ലാറഞ്ഞുംകൊണ്ടു കിടന്നുറങ്ങി. ധൃഷ്ടദ്യുമ്നൻ ഈ കഥ മുഴവൻ ചാരന്മാർ പറഞ്ഞുകേട്ട് അല്പം ഉണ്ടായിരുന്ന വൈമനസ്യം നീങ്ങി സന്തോഷത്തോടെ ദ്രുപദനെ വിവരം ധരിപ്പിച്ചു. അദ്ദേഹം പിററന്നുതന്നെ പുരോഹിതനേയും തേരുംകൊടുത്ത് ഒരു സചിവനേയും പറഞ്ഞയച്ചു. പാണ്ഡവന്മാർ അമ്മയോടും വധുവിനോടുംകൂടി തേരിൽകയറി വീരപുരുഷോചിതയായ തങ്ങളുടെ ആകൃതികൊണ്ടുതന്നെ കാണികളായ പൌരന്മാരെ കൃതാത്ഥന്മാരാക്കിച്ചെയ്തുകൊണ്ട് നഗരത്തെ പ്രവേശിച്ചു. പാഞ്ചാലന്റെ സൽക്കാരമേററ് ചതുർവ്വിധമായ മൃഷ്ടാന്നത്തെ ഭുജിച്ചു സംതൃപ്തരായി വളരെക്കാലംകൂടിക്കാണുന്ന പലതരം ആയുധങ്ങൾ മുതലായ യുദ്ധോചിതങ്ങളും രാജോചിതങ്ങളുമായ വസ്തുക്കളേയും, നഗരത്തിലുള്ള മററ ആശ്ചയ്യങ്ങളേയും കണ്ടു സന്തോഷത്തോടെ രാജധാനിയിൽ സിംഹാസനത്തിന്മേൽ സുഖമായിരുന്നു. അതിന്റെശേഷം ദ്രുപദൻ ആദരവോടെ 'നിങ്ങൾ ആരെ?ന്നു ചോദിക്കയാൽ ധമ്മപുത്രൻതന്നെ വ്യാജംകൂടാതെ (വേത്രകീയഭവനത്തിൽവെച്ചു ബ്രാഹ്മണരോടു പറഞ്ഞപോലെ അല്ല) മറുപടി പറഞ്ഞു.

3

പ. 'പഞ്ചാപിപാണ്ഡുതനയാവയമേവ രാജൻ!
മാതാപൃഥേയമിഹലക്ഷഭിദർജ്ജുനോയം
പ്രാഗ്ധാർത്തരാഷ്ട്രകൃതജാതുഷഗേഹമുക്താഃ
ഷൺമാസമാത്രമചരാമനിഗൂഢവേഷാഃ.' 40

വ്യാ—(ഹേ രാജൻ) അല്ലയോ രാജാവ് (പഞ്ചപാണ്ഡുതനയാ അപി) അഞ്ചു പാണ്ഡവന്മാരും (വയം ഏവ) ഞങ്ങൾ തന്നെയാകുന്നു. (ഇയം) ഇവൾ (മാതാ) അമ്മയായ (പൃഥാ) കുന്തിയാകുന്നു. (ഇഹ) ഇവിടെവെച്ചു (ലക്ഷഭിൽ) ലാക്കറുത്ത (അയം) ഇവൻ (അർജ്ജുനഃ) അർജ്ജുനനാകുന്നു. (പ്രാക്ക്) മുമ്പ് (വയം) ഞങ്ങൾ (ധാർത്തരാഷ്ട്രകൃതജാതുഷഗേഹമുക്താഃ) ധൃതരാഷ്ട്രപുത്രന്മാരാൽ ഉണ്ടാക്കപ്പെട്ട അരക്കില്ലത്തിൽനിന്നു രക്ഷപ്രാപിച്ചവരായിട്ട് (ഷൺമാസമാത്രം) ആറുമാസം മുഴുവൻ (നിഗൂഢവേഷാഃ) മറഞ്ഞവേഷത്തോടുകൂടിയവരായി (അചരാമ) സഞ്ചരിച്ചു.

സാ—"അല്ലയോ രാജാവ്! അഞ്ചുപാണ്ഡവന്മാരും ഞങ്ങൾതന്നെയാണ്. ഇവൾ അമ്മയായ കുന്തീദേവിയാണ്. ഇവിടെവെച്ചു ലക്ഷം ഛേദിച്ച ഇവൻ അർജ്ജുനനാണ്. ദുര്യോധനാദികൾ ഞങ്ങളെക്കൊല്ലുവാൻവേണ്ടി നിർമ്മിച്ച അരക്കില്ലത്തിൽനിന്ന് രക്ഷപ്രാപിച്ച് ആറുമാസം മുഴുവൻ ഞങ്ങൾ വേഷം മാറി ആരും അറിയാതെ സഞ്ചരിച്ചു."

ഗ. ഇതിനിജമനോരഥപരിപൂർത്തിനിശമനവശാദ്ഗുരുത്തരാ–
നന്ദാംബുധിപതിതനിരുത്തരേക്ഷണംതസ്ഥുഷിദ്രുപദേപു–
നരെവമൽപ്രിയകരനാകല്പിതജാമാതൃഭാവോ ലക്ഷവിക്ഷപ–
ണലക്ഷിതഭുജവീര്യോവൽഗയന്നയംഫൽഗുനസ്സ്വയമുദ–
ഹതുസദ്ദ്യോമൽപ്രിയസുതാമിത്യഭിദധാനേസതി ധർമ്മപു–
ത്രഃസത്രപം കിമപിപ്രത്യഭാഷത. 41

വ്യാ—(ദ്രുപദേ) ദ്രുപദൻ (ഇതി) ഇപ്രകാരം (നിജമനോരഥപരിപൂർത്തിനിശമനവശാൽ) തൻെറ മനോരഥത്തിൻെറ പരിപൂർത്തി–വിഷയസിദ്ധി–യുടെ ശ്രവണം ഹേതുവായിട്ട് (ഗുരു

ത്തരാനന്ദാംബുധിപതിതനിരുത്തരേ) കടക്കാൻ കഴിയാത്ത ആനന്ദമാകുന്ന സമുദ്രത്തിൽ വീണവനായി ഉത്തരത്തോടുകൂടാവനായിട്ട് (ക്ഷണം) അല്പനേരം (തസ്ഥൌഷി) ഇരുന്നവനായി (പുരാഏവ) പണ്ടുതന്നെ (മൽപ്രിയകരണകല്പിതജാമാതൃഭാവഃ) എന്റെ പ്രിയംചെയ്യുന്ന ഹേതുവായിട്ട് നിശ്ചയിക്കപ്പെട്ട, പുത്രീഭത്താവിന്റെ നിലയോടുകൂടിയവനും (ലക്ഷവിക്ഷേപണലക്ഷിതഭുജവീൎയ്യഃ) ലക്ഷത്തിന്റെ വിനാശനം_ഛേദനംകൊണ്ട് അറിയപ്പെട്ട കയ്യൂക്കോടുകൂടിയവനും (വൽഗയൻ) സന്തോഷിപ്പിക്കുന്നവനും ആയ (അയംഫൽഗുനഃസ്വയം) ഈ അൎജ്ജുനൻതന്നെ (സദ്യഃ) വേഗത്തിൽ (മൽപ്രിയസുതാം) എന്റെ പ്രിയപുത്രിയെ (ഉദ്വഹതു) വിവാഹം ചെയ്യട്ടെ (ഇതി അഭിദധാനെസതി) എന്നു പറഞ്ഞസമയത്തിങ്കൽ (ധൎമ്മപുത്രഃ) ധൎമ്മപുത്രർ (സത്രപം) ലജ്ജയോടുകൂടി (കിമപി) കുറഞ്ഞൊന്നു (പ്രത്യഭാഷത) മറുപടി പറഞ്ഞു.

സാ_ ഇപ്രകാരം വളരെക്കാലമായ തന്റെ ആഗ്രഹം സിദ്ധിച്ചു എന്നുകേട്ട് ദ്രുപദൻ അപാരമായ ആനന്ദസമുദ്രത്തിൽ വീണ് ഉത്തരംപറവാൻ ശക്തനാകാതെ കുറച്ചുനേരം മിണ്ടാതെ ഇരുന്നു. പിന്നെ ദ്രോണൻ എന്നെ കൊല്ലുവാനുദ്യമിച്ചപ്പോൾ അതിനെ മുടക്കി എനിക്കു പ്രിയം ചെയ്യുന്നുകൊണ്ട്, പാഞ്ചാലി ജനിക്കുന്നതിന്നു മുമ്പുതന്നെ ജാമാതാവിന്റെ നിലയിൽ ഞാൻ സങ്കല്പിച്ചിരിക്കുന്നവനും ലേശം പ്രയാസംകൂടാതെ ലാക്കറെത്തതുകൊണ്ടു കയ്യൂക്കിനെ പ്രത്യക്ഷപ്പെടുത്തിയവനും കാണികൾക്ക് ആഹ്ലാദത്തെക്കൊടുക്കുന്നവനുമായ ഈ അൎജ്ജുനൻ തന്നെ വേഗത്തിൽ എന്റെ പ്രിയപുത്രിയെ വിവാഹം ചെയ്യട്ടെ" എന്നുപറഞ്ഞു. ആ സമയം ധൎമ്മപുത്രർ, പറയാൻ പോകുന്ന സംഗതിയോൎത്തു ലജ്ജയോടുകൂടി കുറഞ്ഞൊന്നു മറുപടി പറഞ്ഞു.

പ. "രാജ!ന്നക്തമിദംവിരുദ്ധമിവമേ
കിഞ്ചിദ്വചഃശ്രൂയതാം
മാത്രാന്"സ്സഹഭുജ്യതാമിയമി"തി
വ്യാഖ്യായിസത്യോദ്യയാ

അസ്മാകഞ്ചമതിഃകദർധ്വവിമുഖീ
സമ്പ്രത്യമൂംകാംക്ഷതേ
തജ്ജ്യേഷ്ഠക്രമതോവിവോഢുമുചിതാ
സ്ത്രീരത്നമേഷാസമം. 42

വ്യാ—(ഹേരാജൻ) അല്ലയോരാജാവ് (ഉക്തം) അങ്ങയാൽ പറയപ്പെട്ട (ഇദം) ഇത് (വിരുദ്ധം ഇവ) അല്പം ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കാത്തതാകുന്നു. (മേ) എന്റെ (കിഞ്ചിൽ വചഃ) ഒരു വാക്ക് (ശ്രൂയതാം) കേൾക്കപ്പെട്ടാലും. (സത്യോദ്യയാ) സത്യവാക്കായ (നഃ മാത്രാ) ഞങ്ങളുടെ അമ്മയാൽ (ഇയം) ഇവൾ (സഹഭുജ്യതാം) നിങ്ങളാൽ ഒരുമിച്ച ഭുജിക്കപ്പെട്ടാലും (ഇതി) എന്നിപ്രകാരം (വ്യാഖ്യായി) വ്യക്തമായി പറയപ്പെട്ടു. (കദർധ്വവിമുഖീ) ദുർമ്മാർഗ്ഗത്തിൽ പ്രവേശിക്കാത്ത (അസ്മാകം മതിഃ) ഞങ്ങളുടെ അഞ്ചാളുടെയും മനസ്സ് (സമ്പ്രതി) ഇപ്പോൾ (അമൂം) ഇവളേ (കാംക്ഷതേ ച) ആഗ്രഹിക്കുകയും ചെയ്യുന്നു. (തൽ) അതു ഹേതുവായിട്ട് (സ്ത്രീരത്നം) സ്ത്രീരത്നമായ (ഏഷാ) ഇവൾ (ജ്യേഷ്ഠക്രമതഃ) ജ്യേഷ്ഠക്രമത്തെ അനുസരിച്ച് (സമം) ഒരുമിച്ച് (വിവോഢും ഉചിതാ) ഞങ്ങൾ അഞ്ചുപേക്കും വിവാഹം ചെയ്യുവാനായികൊണ്ട് യോഗ്യയാകുന്നു.

സാ—"അല്ലയോ രാജാവ്! അങ്ങ് 'അർജ്ജുനൻതന്നെ വിവാഹം ചെയ്യണം' എന്നിപറഞ്ഞത് ഞങ്ങൾക്ക് സ്വീകരിപ്പാൻ തരമില്ലാത്തതാകുന്നു. സത്യവാക്കായ ഞങ്ങളുടെ അമ്മ 'ഇവളെ അഞ്ചാളുംകൂടി അനുഭവിക്കണ'മെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനെ ആദരിക്കാതിരിപ്പാൻ നിവൃത്തിയില്ല. പുറമെ ഞങ്ങളുടെ അഞ്ചാളുടേയും മനസ്സ് ഇപ്പോൾ ഒരുപോലെ ഇവളെ കാമിക്കയും ചെയ്യുന്നു. ഇത് ബുദ്ധിദോഷംകൊണ്ടാണെന്നു വിചാരിക്കേണ്ട. എന്തെന്നാൽ ഞങ്ങളുടെ മനസ്സ് ഒരിക്കലും ദുർമ്മാർഗ്ഗത്തിൽ പ്രവേശിക്കയില്ല. ഇതും ഇതിലേക്കു

പ്രമാണമാണ്. അതിനാൽ സ്ത്രീരത്നമായ ഇവളെ ജ്യേഷ്ഠക്രമത്തെ അനുസരിച്ച് ഞങ്ങൾ അഞ്ചുപേരും വിവാഹം ചെയ്യേണ്ടതാകുന്നു".

ഗ. ഇതിനിശമ്യ "ധർമ്മസൂനുഃ കിമേവംവദതീതിശങ്കാ-
വിഷ്ടേസതിധൃഷ്ടദ്യുമ്നദ്രുപദയോ" യൌവനസുലഭോദിവ്യ-
രൂപദർപ്പിതോമാരഏവകിംധീരമപ്യമുമേവം പ്രലാപയ-
തീ"തിമനസിചിന്തയത്സ്വന്യേഷു തത്രസ്വയംനിഗമപാ-
രേചരഃ പാരാശര്യോമുനിഃപ്രാദുരാസീൽ. 43

വ്യാ—(ഇതിനിശമ്യ) ഇപ്രകാരം കേട്ടിട്ട് (ധൃഷ്ടദ്യുമ്നേ ദ്രുപദേ ച) ധൃഷ്ടദ്യുമ്നനും ദ്രുപദനും (ധർമ്മസൂനുഃ) ധർമ്മപുത്രൻ (കിം) എന്തു ഹേതുവായിട്ട് (ഏവം) ഇപ്രകാരം (വദതി) പറയുന്നു (ഇതി) എന്നിപ്രകാരം (ശങ്കാവിഷ്ടേ) സംശയത്താൽ ആവേശിക്കപ്പെട്ടവനായിരിക്കും സമയത്തിങ്കലും (അന്യേഷു) മററുള്ളവർ (യൌവനസുലഭഃ) യൌവനത്തിൽ എളുപ്പം ആവിർഭവിക്കുന്നവനും (ദിവ്യരൂപദർപ്പിതഃ) ദിവ്യമായ രൂപംകൊണ്ടു വർദ്ധിച്ചവനും ആയ (മാരഃ ഏവ കിം) കാമൻ തന്നെയോ (ധീരംഅപി) ധൈര്യശാലിയാണെങ്കിലും (അമും) ഇദ്ദേഹത്തെ (ഏവം) ഇപ്രകാരം (പ്രലാപയതി) അന്യായമായി പറയിപ്പിക്കുന്നത് (ഇതി) എന്നിപ്രകാരം (മനസി) മനസ്സിൽ (ചിന്തയത്സു) വിചാരിക്കും സമയത്തിങ്കലും (തത്ര) അവിടെ (നിഗമപാരേചരഃ) ധർമ്മശാസ്ത്രപാരദൃശ്വാവായ (പാരാശര്യഃ) പരാശരസുത—വ്യാസ—നാകുന്ന (മുനിഃ) മഹർഷി (സ്വയം) താൻതന്നെ (പ്രാദുരാസീൽ) പ്രത്യക്ഷമായി.

സാ—ഇതുകേട്ട് ധൃഷ്ടദ്യുമ്നനും ദ്രുപദനും "ധർമ്മപുത്രർ എന്തുകൊണ്ട് ഇപ്രകാരം പറയുന്നു. ഇദ്ദേഹത്തിൻെറ ബുദ്ധി ധർമ്മത്തിൽനിന്നു വ്യതിചലിപ്പാൻ പാടുള്ളതല്ലല്ലോ" എന്നിങ്ങനെ സംശയിച്ചു. മററുള്ളവർ "യൌവനത്തിൽ മിക്കവാറും എളുപ്പത്തിൽ ആവിർഭവിക്കുന്നവനും ഈ രാജകുമാരിയുടെ അമാനുഷമായ സൌന്ദര്യാതിരേകത്തെ കണ്ടപ്പോൾ വർദ്ധിച്ച് ധർമ്മബു

ദ്ധിയെ മാമ്പവനമായ കാമൻതന്നെയാണൊ ഇദ്ദേഹത്തെ ഈ പ്രകാരം അന്യായമായിപ്രവൃത്തിപ്പിക്കുന്നത്. ധർമ്മപുത്രരുടെ സ്വമേധയാ ആവാൻ തരമില്ല” എന്നിങ്ങനെ വിചാരിച്ചു. ആ സമയം പെട്ടന്നവിടെ ധർമ്മശാസ്ത്രപാരദൃശ്വാവായ വേദവ്യാസമഹർഷി തന്നെത്താൻ പ്രത്യക്ഷമായി.

ഗ. തഞ്ചജ്വലന്തം മഹാന്ധകാരേ പ്രദീപമിവസസ്നേഹാവ-
ലോകിനമാലോക്യ പ്രസന്നേഷ്വസകലേഷ്വസമർഹണാന്തേ
ദ്രുപദപരിപൃഷ്ടസ്സമുനിരനുരഹസമേനം കഥയാഞ്ചക്രേ 44

വ്യാ—(സസ്നേഹാവലോകിനം) ദയയോടു കൂടും വണ്ണം നോക്കുന്നവനായി, സ്നേഹത്തോടു—മിഴക്കോടു—കൂടിയ ആലോകത്തോടു—വെളിച്ചത്തോടുകൂടിയ എന്നും (മഹാന്ധകാരേ) വലുതായ ഇരുട്ടിൽ (പ്രദീപം ഇവ) വിളക്ക് എന്നപോലെ (ജ്വലന്തം) പ്രകാശിക്കുന്നവനായ (തം ച) അദ്ദേഹത്തെ ആകട്ടെ (അവലോക്യ) കണ്ടിട്ട് (സകലേഷു) എല്ലാവരും (പ്രസന്നേഷു) സന്തുഷ്ടന്മാരായിരിക്കും സമയത്തിങ്കൽ (സമർഹണാന്തേ) വഴിപോലെയുള്ള പൂജയുടെ അവസാനത്തിൽ (ദ്രുപദപരിപൃഷ്ടഃ) ദ്രുപദനാൽ ചോദിക്കപ്പെട്ട (സഃ മുനിഃ) ആ മഹർഷി (ഏനം) ഇദ്ദേഹത്തോട് (അനുരഹസം) വിജനത്തിൽ (കഥയാഞ്ചക്രേ) പറഞ്ഞു.

സാ—കൂരിരുട്ടത്ത് എണ്ണയൊഴിച്ചു കത്തിച്ച വിളക്കുപോലെ ശരീരകാന്തികൊണ്ടു പ്രകാശിക്കുന്നവനും, അജ്ഞാനങ്ങളേയും ദുഃഖങ്ങളേയും കളഞ്ഞ് തത്വത്തേയും സുഖത്തേയും വ്യക്തമാക്കിക്കാണിച്ചുകൊടുക്കുന്നവനും, കാരുണ്യത്തോടുകൂടിയ നോട്ടംകൊണ്ട് ദർശനമാത്രയിൽ ജനങ്ങൾക്ക് മനസ്സമാധാനത്തെ കൊടുക്കുന്നവനും ആയ വേദവ്യാസമഹർഷിയെ കണ്ടമാത്രയിൽ അവിടെ കൂടിയിരുന്ന സകലജനങ്ങളും, ‘ഇദ്ദേഹം സംശയത്തെ തീർത്ത് കർത്തവ്യത്തെ ഉപദേശിക്കു’ മെന്നോർത്തു സന്തോഷിച്ചു. ഉടനെ ദ്രുപദൻ വഴിപോലെ പൂജിച്ചിരുത്തി ചോദിക്കയാൽ മഹർഷി അദ്ദേഹത്തോടു വിജനത്തിൽ ഇപ്രകാരം പറഞ്ഞു.

‘മഹാന്ധകാരേ’—ഇരുട്ടത്തുവെച്ച വിളക്കല്ലേ പ്രകാശിക്കയുള്ളൂ.

പ. "കിംശങ്ക്യതേപഞ്ചപതിത്വഹേതും
പ്രാഗ്ജന്മവൃത്തംകഥയാമ്യമുഷ്യാഃ
പ്രാഗിന്ദ്രസേനേതിജഗൽപ്രതീതാ
നാളായണീകാഞ്ചനകന്യകാഭൂൽ. 45

വ്യാ—(കിം) എന്തിനായിക്കൊണ്ടു (ശങ്ക്യതേ) നിങ്ങളാൽ സംശയിക്കപ്പെടുന്നു. (പഞ്ചപതിത്വഹേതും) അഞ്ചു ഭൎത്താക്കന്മാരോടുകൂടിയതാവു എന്നുള്ളതിന്നു ഹേതുവായ (അമുഷ്യാഃ പ്രാക്ജന്മവൃത്തം) ഇവളുടെ മുജ്ജന്മത്തിലുള്ള ചരിതത്തെ (കഥയാമി) ഞാൻ പറയുന്നു. (പ്രാക്) പണ്ടു (ഇന്ദ്രസേനാ ഇതി) ഇന്ദ്രസേന എന്നു (ജഗൽപ്രതീതാ) ജഗത്തിൽ പ്രസിദ്ധയായി (നാളായണീ) നാളായണി എന്നു പേരായ (കാഞ്ചനകന്യകാ) ഒരു കന്യക (അഭൂൽ) ഭവിച്ചു.

സാ—നിങ്ങൾ എന്തിന്നു സംശയിക്കുന്നു? ഞാൻ തീൎത്തു തരാം. ഇവൾക്കു അഞ്ചു ഭൎത്താക്കന്മാരുണ്ടാകുവാൻ കാരണമായ ഇവളുടെ മുജ്ജന്മചരിതത്തെ നിങ്ങളോടു പറയാം. പണ്ടു ഇന്ദ്രസേന എന്നു ജഗത്തിൽ പ്രസിദ്ധയായി നാളായണി എന്നു പേരായ ഒരു കന്യക ഉണ്ടായിരുന്നു.

ഗ. സാചസുന്ദരിതമാതപസ്സിദ്ധിപൌഷ്കല്യവതാ മൌൽഗല്യമുനിനാപാണൌകൃതാതേനച പാതിവ്രത്യബലവിലോകനായ ഗൃഹീതാം ദശമിദദ്രുണകഷ്ഠരകച്ഛരദഗ്ദ്ധാമാകൃതിമനുപതീയമാനാപ്രതീയമാനാ പരിചരന്തീ ചിരേണ ചാമുനാ സതീവ്രതതീവ്രതയാ കൃപായമാണേന കുരൂപം വിഹായ സ്വരൂപമേവഭജതാ വരംവൃണീഷ്വേത്യഭിഹിതാ ചിരനിരുദ്ധസുഖരസാതിതൃഷ്ണയാ പഞ്ചധാഭൂതേന ഭവതാഹമിഹജന്മനി പരജന്മന്യപി രമയിതവ്യേതി വരയാഞ്ചക്രേ. 46

വ്യാ—(സുന്ദരിതമാ) അതിസുന്ദരിയായ (സാ ച) അവളുംകൂടെ (തപസ്സിദ്ധിപൌഷ്കല്യവതാ) തപസ്സിദ്ധിയുടെ പരിപൂൎണ്ണതയോടുകൂടിയവനായ (മൌൽഗല്യമുനിനാ) മൌൽഗല്യൻ

എന്ന മഹർഷിയാൽ (പാണൌകൃതാ) വിവാഹംചെയ്യപ്പെട്ടവളായിട്ട് (തേനച) അദ്ദേഹത്താലാകട്ടെ (പാതിവ്രത്യബലവിലോകനായ) ഇവളുടെ പാതിവ്രത്യത്തിൻെറ ബലത്തിൻെറ ദശ്നത്തിന്നായിക്കൊണ്ട് (ഗൃഹീതാം) സ്വീകരിക്കപ്പെട്ടതായി (ദശമിദദ്രൂണാകച്ഛരകച്ഛരദുഗ്ഗന്ധാം) വൃദ്ധയായും തഴതണകൊണ്ടും ചിരങ്ങുകൊണ്ടും മലിനയായും ദുഗ്ഗന്ധയായും ഇരിക്കുന്ന (ആകൃതിം) ആകൃതിയെ(അനുപതീയമാനാ)നുപതിയേപ്പോലേ ആചരിക്കുന്നവളല്ലാത്തവളായും—പരിചാരികയേപ്പോലെ ആചരിക്കുന്നവളായും (വ്രതീയമാനാ) വ്രതംകൊണ്ടവളെപ്പോലെ ആചരിക്കുന്നവളായും (പരിചരന്തീ) ശുശ്രൂഷിച്ചുകൊണ്ടു (സതീവ്രതതീവ്രതയാ) പാതിവ്രത്യത്തിൻെറ കാഠിന്യം ഹേതുവായിട്ട് (ചിരേണ ച) വളരെക്കാലം കൊണ്ടാകട്ടെ (കൃപായമാണേന) കൃപയോടുകൂടിയവനായിത്തീന്ന (അമുനാ) ഇദ്ദേഹത്താൽ (കുത്രപം) കുത്സിതമായ രൂപത്തെ (വിഹായ) ഉപേക്ഷിച്ചിട്ട് (സ്വരൂപം) തൻെറ രൂപത്തെ (ഭജതാ) സ്വീകരിച്ചവനായിട്ട് (വരം) വരത്തെ (വൃണീഷ്വ) നീ വരിച്ചാലും (ഇതി) എന്നിപ്രകാരം (അഭിഹിതാ) പറയപ്പെട്ടവളായിട്ട് (ചിരനിരുദ്ധസുഖരസാതിതൃഷ്ണയാ) വളരെക്കാലമായി തടയപ്പെട്ട സുഖാനുഭവത്തിലുള്ള അത്യാശനിമിത്തം (പഞ്ചധാഭൃതേന) അഞ്ചുപ്രകാരത്തിലായിത്തീന്ന (ഭവതാ) അങ്ങയാൽ (അഹം) ഞാൻ (ഇഹജന്മനി) ഈ ജന്മത്തിലും (പരജന്മനി അപി) ഇനിയത്തെ ജന്മത്തിലും (രമയിതവ്യാ) രമിപ്പിക്കപ്പെടുവാൻ യോഗ്യയാകുന്നു (ഇതി) എന്ന് (വരയാഞ്ചക്രേ) വരിച്ചു.

സാ—അതിസുന്ദരിയായ ആ നാളായണിയെയാകട്ടെ തപസ്സിദ്ധി തികഞ്ഞ മൌൽഗല്യൻ എന്ന മഹർഷി വിവാഹം ചെയ്തു. അദ്ദേഹം ഇവളുടെ പാതിവ്രത്യശക്തിയറിയുവാൻവേണ്ടി ജരയും നരയും മുഴത്ത് തഴതണവും ചിരങ്ങുംപിടിച്ച് ചലവും ചോരയുമൊഴുകി വൃത്തികെട്ട് ദുഗ്ഗന്ധം സഹിക്കവയ്യാത്ത കരാകൃതിയെ എടുത്തു. നാളായണി പതിശുശ്രൂഷതന്നെയാ

ണ് തൻെറ വ്രതമെന്നുറപ്പിച്ച് ഭർത്താവിൻെറ ആ ശരീരത്തെ പരിചാരികയെപ്പോലെ പരിചരിച്ചു. അനേകംകാലം കഴിഞ്ഞപ്പോൾ മൌൽഗല്യൻ നാളായണിയുടെ പാതിവ്രത്യത്തിലുള്ള ഉറപ്പുകണ്ട് ദയതോന്നി വികൃതരൂപത്തെക്കളഞ്ഞ് സ്വന്തമായ ആകൃതിയെടുത്ത് 'വരത്തെ വരിച്ചാലും' എന്ന് അവളോടുപറഞ്ഞു. വളരെക്കാലമായി സുഖാനുഭവം ഇല്ലാതിരുന്നതുകൊണ്ട് അതിലുള്ള അത്യാശനിമിത്തം നാളായണി "അങ്ങ അഞ്ചു ശരീരമവലംബിച്ച് ഈ ജന്മത്തിലും ഇനിയത്തെ ജന്മത്തിലും എന്നെ രമിപ്പിക്കണം" എന്നിങ്ങനെ വരിച്ചു.

ഗ. തതശ്ച തഃദൈവപഞ്ചായുധനിഭാം പഞ്ചേന്ദ്രിയപ്രീണ-
നീം പഞ്ചഗാത്രീം ദധതാദയിതേനസമമനവരതം രതോ-
ത്സവമനുബോഭുവതി വനാന്തരേഷ്വപിമുനിജനമാനനമ-
ധിഗമ്യരംരമ്യമാണാ സുധാശനലോകമപ്യാക്രമ്യമഘോനീ-
മാനിതാ മാനുഷീജനുഷി ദുല്ലഭാൻ വല്ലഭൈസ്സഹദിവ്യഭോ-
ഗാനനുഭവന്തീ പഞ്ചതായിതേമുനൌ നിമ്നഗായിതാ പാദ-
പായിതേലതായിതേതി സവ്വജാതിസുഖാനി നിവ്വിശന്തീ
ബഹുസമമേവം സ്മരസാമ്രാജ്യം ബുഭുജേ. 47

വ്യ—(തതശ്ച) അനന്തരമാകട്ടെ (തദാ ഏവ) അപ്പോൾ തന്നെ (പഞ്ചായുധനിഭാം) കാമതുല്യയും (പഞ്ചേന്ദ്രിയപ്രീണനീം) അഞ്ചുഇന്ദ്രിയങ്ങളേയും പ്രീതിപ്പെടുത്തുന്നതും ആയ (പഞ്ചഗാത്രീം) അഞ്ചുശരീരത്തെ (ദധതാ) ധരിച്ച (ദയിതേനസമം) പ്രിയതമനോടുകൂടെ (അനവരതം) എല്ലായ്പോഴും (രതോത്സവം) രതമാകുന്ന ഉത്സവത്തെ, അല്ലെങ്കിൽ രതികൊണ്ടുള്ള പരമാനന്ദത്തെ (അനുബോഭുവതി) പിന്നയും പിന്നയും അനുഭവിക്കുന്ന (സാ) അവൾ (വനാന്തരേഷു അപി) വനപ്രദേശങ്ങളിലും (മുനിജനമാനനം) മഹഷിമാരുടെ സൽക്കാരത്തെ (അധിഗമ്യ) പ്രാപിച്ചിട്ടും (സുധാശനലോകം അപി) ദേവലോകത്തേയും (ആക്രമ്യ) പ്രാപിച്ചിട്ട് (മഘോനീമാനിതാ) ഇന്ദ്രാണിയാൽ മാനിക്കപ്പെട്ടവളായിട്ടും (രംരമ്യമാണാ) പിന്നയും പിന്നയും രമിച്ച

കൊണ്ട് (വല്ലഭൈഃ സഹ) ഭർത്താക്കന്മാരോട്ടുകൂടി (മാനുഷീജന്മഷു) മനുഷ്യജന്മത്തിൽ (ദുർല്ലഭാൻ) ദുർല്ലഭങ്ങളായ (ദിവ്യഭോഗാൻ)ദിവ്യങ്ങളായ സുഖങ്ങളെ(അനുഭവന്തീ) അനുഭവിച്ചുകൊണ്ടും (മുനൌ) മഹർഷി (പർവ്വതായിതേ) പർവ്വതത്തെപ്പോലെ ആചരിക്കുമ്പോൾ (നിമ്നഗായിതാ) നദിയെപ്പോലെ ആചരിക്കുന്നവളായിട്ടും(പാദപായിതേ)വൃക്ഷത്തെപ്പോലെ ആചരിക്കുമ്പോൾ (ലതായിതാ) ലതയെപ്പോലെ ആചരിക്കുന്നവളായിട്ടും (ഇതി) ഈ ക്രമത്തിൽ (സർവ്വജാതിസുഖാനി) എല്ലാംജാതികളുടെ സുഖങ്ങളേയും (നിർവ്വിശന്തീ) നല്ലപോലെ അനുഭവിച്ചുകൊണ്ടും (ഏവം) ഇപ്രകാരം (സ്മരസാമ്രാജ്യം) കാമസുഖസർവ്വസ്വത്തെ (ബഹുസമം) വളരെക്കാലം (ബുഭുജേ) അനുഭവിച്ചു.

സാ—പിന്നീട് നാളായണി തൻെറ അപേക്ഷകേട്ടഉടനെ കാമതുല്യവും അഞ്ചുഇന്ദ്രിയങ്ങളെ പ്രീതിപ്പെടുത്തുന്നതുമായ അഞ്ചുശരീരമെടുത്ത പ്രിയതമനോടുകൂടി എല്ലാപ്പോഴും സുരതോത്സവത്തെ അനുഭവിപ്പാൻ തുടങ്ങി. വനപ്രദേശങ്ങളിൽചെന്ന് പാതിവ്രത്യമഹിമയെക്കണ്ട് ആശ്ചര്യപ്പെട്ട് മഹർഷിമാർ ചെയ്യുന്ന സൽക്കാരമേററ് അവിടെ വളരെക്കാലം രമിച്ചു. ദേവലോകത്തിൽചെന്ന് ഇന്ദ്രാണിതുടങ്ങിയ ദേവസ്ത്രീകളാൽ മാനിക്കപ്പെട്ട് അവിടേയും കുറെക്കാലം രമിച്ചു. ഇങ്ങിനെ ഭർത്താക്കന്മാരോടുകൂടി മനുഷ്യജന്മത്തിൽ ദുർല്ലഭങ്ങളായ ദിവ്യസുഖങ്ങളെ അനുഭവിച്ചുകൊണ്ടും,മഹർഷി പർവ്വതമായാൽ താൻ നദിയായിത്തീർന്നും വൃക്ഷമായാൽ ലതയായിത്തീർന്നും ഈ ക്രമത്തിൽ മററുള്ള എല്ലാജാതിസുഖങ്ങളേയും നല്ലപോലെ അനുഭവിച്ചുകൊണ്ടും പറഞ്ഞരീതിയിൽ വളരെക്കാലം കാമസുഖമാസകലം അനുഭവിച്ചു.

ഗം. തഥാനുഭൂതാനാമപി സം സുഖാനാമപരിതൃപ്താ മ–
നസിമോക്ഷമാണേ മൌൽഗല്യമുനൌ "ഭാവിജന്മന്യപി
പഞ്ചധാ രതിമർത്ഥിതോവഞ്ചയസികിമിദാനീമി"തി സ–
രോഷമിവ തരുണീ രുരോധ. 48

വ്യാ—(തഥാ) അപ്രകാരം (അനുഭൂതാനാം അപി) അനുഭവിക്കപ്പെട്ടവയായി എങ്കിലും (സുഖാനാം) സുഖങ്ങളേക്കൊ

ണ്ട് (സുഖിതാൎത്ഥയോഗാൽ തൃതീയാത്ഥേഷഷ്ഠി.) (മനസി) മന സ്സിൽ (അപരിതൃപ്താം) തൃപ്തിവരാത്തവളായ (സാ തരുണീ) ആ തരുണി (മൌൽഗല്യമുനൌ) മൌൽഗല്യമഹൎഷി (മോക്ഷമ ണേ) ഉപേക്ഷിപ്പാനായിക്കൊണ്ട് ഇച്ഛിക്കും സമയത്തിങ്കൽ (ഭാ വിജന്മനി അപി) വരുന്ന ജന്മത്തിലും (പഞ്ചധാ) അഞ്ചുപ്ര കാരത്തിൽ (രതിം) രതിയെ (അൎത്ഥിതഃ) എന്നാൽ അപേക്ഷി ക്കപ്പെട്ടവീനായ (ത്വം) അങ്ങ് (ഇദാനീം) ഇപ്പോൾ (വഞ്ചയ സി കിം) വഞ്ചിക്കുന്നുവോ (ഇതി) ഇപ്രകാരംപറഞ്ഞുകൊണ്ട് (സരോഷം ഇവ) അല്പം കോപത്തോടുകൂടുംവണ്ണം (രുരോധ) അദ്ദേഹത്തെ—തടഞ്ഞു.

സാ—നാളായണിയുടെ അപേക്ഷകൊണ്ടുമാത്രം വിഷയ സുഖങ്ങളിൽ ഏൎപ്പെട്ടിരുന്ന വിരക്തനായ മൌൽഗല്യൻ കുറെ ക്കാലം കഴിഞ്ഞപ്പോൾ സ്വയം അവളെ ഉപേക്ഷിപ്പാനായിതു നിഞ്ഞു. അപ്പോൾ ആ തരുണി എതിരില്ലാതെ അനവധി സു ഖങ്ങളെ അനുഭവിച്ചിട്ടും തൃപ്തിവരായ്കയാൽ "വരും ജന്മത്തിലും അഞ്ചുശരീരമെടുത്ത് എന്നെ രമിപ്പിക്കണമെന്നുള്ള എന്റെ അ പേക്ഷയെ അങ്ങ് ആദ്യം അംഗീകരിച്ച് ഇപ്പോൾ അതിനെ തള്ളിക്കളഞ്ഞ് എന്നെ വഞ്ചിച്ച് പോകുവാനുദ്യമിക്കുന്നുവോ?" എന്നിങ്ങനെ അല്പം കോപത്തോടുകൂടി പറഞ്ഞുംകൊണ്ട് അ ദ്ദേഹത്തെ തടഞ്ഞു.

'തരുണീ'—തൃപ്തിവരാതിരുന്നതിൽ അത്ഭുതമില്ലല്ലോ.

പ. "ക്ഷത്രഭാവമവലംബ്യരുന്ധതീ
ക്ഷത്രിയൈവഭവിതാസികാമിനീ
തത്രപഞ്ചരമണാശ്ചസന്തുതിതി
പ്രത്യുദീൎയ്യഗതവാന്മഹാമുനിഃ." 49

വ്യാ—(കാമിനീ) ഏററവും കാമത്തോടുകൂടിയവളായി (ക്ഷ ത്രഭാവം) ക്ഷത്രിയന്മാരുടെ ഭാവത്തെ (അവലംബ്യ) സ്വീകരി ച്ചിട്ട് (രുന്ധതീ) തടയുന്ന (ത്വം) നീ (ക്ഷത്രിയാ ഏവ) ക്ഷത്രി യസ്ത്രീയായി തന്നെ (ഭവിതാസി) ഭവിക്കും (തത്ര) ക്ഷത്രിയജന്മ

ത്തിൽ (പഞ്ചാമന്നാഃ ച) അഞ്ചു ഭർത്താക്കന്മാരും (സന്തു) ഭവിക്കട്ടെ (ഇതി പ്രത്യുദീഷ്യ) എന്നു മറുപടി പറഞ്ഞിട്ടു (സഃ മഹാമുനിഃ) ആ മഹർഷി (ഗതവാൻ) പോയി.

സാ—അപ്പോൾ മൌൽഗല്യമഹർഷി “ഏററവും കാമംമൂഴത്ത് ക്ഷത്രിയജാതിക്കുചിതമായ നിലയെ കൈക്കൊണ്ട് കോപത്തോടെ എന്നെ തടയുന്ന നീ ഇനിയത്തെ ജന്മത്തിൽ ക്ഷത്രിയസ്ത്രീതന്നെയായിത്തീരും. ആ ജന്മത്തിൽ അഞ്ചു ഭർത്താക്കന്മാർ നിന്നെ രമിപ്പിക്കുകയും ചെയ്യും” എന്നു മറുപടിപറഞ്ഞ് തപസ്സിന്നായി പോയി.

ഗ. സാപി ശാപോ വാ വരോ വായമിതിസന്ദിഹാനാ ബന്ധ-
കീതഭിയാ പ്രിയപഞ്ചാനമാത്മാനമനിച്ഛന്തീ പുനരേകപ-
തിനൈവ ഭോഗസമൃദ്ധിസിദ്ധയേ മുഗ്ദ്ധേന്ദുശേഖരം തപ-
സ്യയാ നമസ്യയോപാസ്യയാ ച വരിവസ്യന്തീ തതഃ പ്രസേ-
ദുഷി പ്രാദുർബ്ഭൂവിഷി തസ്മിൻ ‘പരജന്മനി പരമാനുഭവാ-
യ മേ പതിം ദേഹി’ത്യസകൃജ്ജഗാദ സംഭ്രമവശാദപാ ദൈവ-
വശാദപാ വാണീം. 50

വ്യാ—(സാപി) അവളാകട്ടെ (അയം) ഇത്-മഹർഷി പറഞ്ഞത് (ശാപോ വാ) ശാപമോ (വരോ വാ) വരമോ (ഇതി) എന്നിപ്രകാരം (സന്ദിഹാനാ) സംശയിച്ചുകൊണ്ട് (ബന്ധകീതഭിയാ) കുലടാതപത്തിൽനിന്നുള്ളഭയംഹേതുവായിട്ട് (ആത്മാനം) തന്നെ (പ്രിയപഞ്ചാനം) അഞ്ചു ഭർത്താക്കന്മാരോടുകൂടിയതായിട്ട് (അനിച്ഛന്തീ) ആഗ്രഹിക്കാത്തവളായിട്ട് (പുനഃ) പിന്നീട് (ഏകപതിനാ ഏവ) ഒരു ഭർത്താവിനെക്കൊണ്ടുതന്നെ (ഭോഗസമൃദ്ധിസിദ്ധയേ) ഭോഗത്തിൻെറ സമൃദ്ധിയുടെ സിദ്ധിക്കായിക്കൊണ്ട് (തപസ്യയാ) തപസ്സുകൊണ്ടും (നമസ്യയാ) നമസ്കാരംകൊണ്ടും (ഉപാസ്യയാ ച) ഉപാസനകൊണ്ടും (മുഗ്ദ്ധേന്ദുശേഖരം) ഓമൽചന്ദ്രക്കലാധരനെ (വരിവസ്യന്തീ) ശുശ്രൂഷിക്കുന്നവളായിട്ട് (തതഃ) അനന്തരം (തസ്മിൻ) അദ്ദേഹം (പ്രസേദുഷി) പ്രസാദിച്ചവനായി (പ്രാദുർബ്ഭൂവിഷി) പ്രത്യക്ഷമായി ഭവി

ച്ചസമയത്തിൽ (പരമാനുഭവായ) ഉൽകൃഷ്ടസുഖാനുഭവത്തിന്നായിക്കൊണ്ട് (മേ) എനിക്ക് (പതിം) ഭർത്താവിനെ (ദേഹി) അങ്ങ് തന്നാലും (ഇതി വാണീം) എന്നിങ്ങനെയുള്ള വാക്കിനെ (സംഭ്രമവശാൽ) സംഭ്രമം ഹേതുവായിട്ടോ (ദൈവവശാൽ വാ) ദൈവം ഹേതുവായിട്ടോ (അസകൃൽ) പല പ്രാവശ്യം—അഞ്ചു തവണ (ജഗാദ) പറഞ്ഞു.

സാ—നാളായണിയാകട്ടെ, ക്ഷത്രിയസ്ത്രീയാകണം എന്നതുകൊണ്ടു ശാപമായും അഞ്ചു ഭർത്താക്കന്മാരുണ്ടാകുമെന്നതുകൊണ്ട് വരമായും ഇരിക്കുന്ന മഹർഷിയുടെ വാക്ക് ശാപമോ വരമോ എന്നിങ്ങനെ സംശയിച്ചു. താൻ കുലടയായിത്തീരും എന്നു ഭയന്ന് അഞ്ചു ഭർത്താക്കന്മാരെ അവൾ ആഗ്രഹിച്ചില്ല. ഒരു ഭർത്താവിനെക്കൊണ്ടുതന്നെ വേണ്ടുന്നത്ര സുഖം അനുഭവിക്കണമെന്നുവെച്ച ശ്രീപരമേശ്വരനെ തപസ്സുകൊണ്ടും നമസ്കാരംകൊണ്ടും ഉപാസനകൊണ്ടും സേവിച്ചു. പരമേശ്വരൻ പ്രസാദിച്ച് പ്രത്യക്ഷമായി വരംചോദിച്ചപ്പോൾ നാളായണി "ഭാവിജന്മത്തിൽ ഉൽകൃഷ്ടസുഖാനുഭവത്തിന്നായി എനിക്ക് ഭർത്താവിനെ തരേണമേ" എന്ന് സംഭ്രമംകൊണ്ടോ ഭവിതവ്യതകൊണ്ടോ അഞ്ചുപ്രാവശ്യം പറഞ്ഞുപോയി.

പ. ദേവോപ്യുവാച "മുനിവാക്യമലംഘ്യമാര്യേ!
യന്മാം ബലാത്ത്വമപിയാചസിപഞ്ചകൃത്വഃ
മത്സേവനേനപുനരേഷവിശേഷലാഭഃ
പഞ്ചേന്ദ്രതുല്യപതയോനചദൂഷണന്തേ." 51

വ്യാ—(ദേവഃ അപി) ദേവനും (ഉവാച) പറഞ്ഞു (ഹേ ആര്യേ) അല്ലയോ ആര്യേ (മുനിവാക്യം) മുനിയുടെ വാക്യം (അലംഘനീയം) അതിക്രമിക്കപ്പെടുവാൻ — അന്യഥാകരിക്കപ്പെടുവാൻ അശക്യമാകുന്നു. (യൽ) യാതൊന്നു ഹേതുവായിട്ട് (ത്വം അപി) നീയും (ബലാൽ) വിധിബലം ഹേതുവായിട്ട് (മാം) എന്നോടു (പഞ്ചകൃത്വഃ) അഞ്ചുപ്രാവശ്യം (യാചസി) യാചിക്കുന്നു. (പുനഃ) എന്നാൽ (മത്സേവനേന) എന്റെ സേവകൊണ്ട് (ഏ

ഷഃ) ഇതാകുന്ന (വിശേഷലാഭഃ) വിശേഷമായിരിക്കുന്ന ലാഭം. (തേ) നിനക്ക് (പഞ്ച) അഞ്ച് (ഇന്ദ്രതുല്യപതയഃ) ഇന്ദ്രനോടു തുല്യന്മാരായ ഭർത്താക്കന്മാർ (ഭവേയുഃ) ഭവിക്കും (ദൂഷണം) ദോഷം (ന ഭവേൽ ച) ഭവിക്കയും ഇല്ല.

സാ—ഇതുകേട്ട് ശിവനുംപറഞ്ഞു. "അല്ലയോ ആര്യേ! മഹർഷിയുടെ വാക്യം മററൊരു വിധത്തിലാക്കാൻ സാധിക്കയില്ല. എന്തെന്നാൽ നീയും എന്നോടു അഞ്ചുപ്രാവശ്യം പതിയേ യാചിക്കുന്നു. ഇത് വിധിബലം തന്നെ. എന്നാൽ എന്നെ സേവിച്ചതുകൊണ്ട് ഇതൊന്ന് മഹർഷിയുടെ വരത്തേക്കാൾ നിണക്കു വിശേഷമായി കിട്ടിയിരിക്കുന്നു. നിന്റെ അഞ്ചു ഭർത്താക്കന്മാർ ഇന്ദ്രതുല്യന്മാരായിരിക്കും. അഞ്ചുപേരെ സ്വീകരിക്കുന്നതുകൊണ്ട് കുലടാത്വം എന്ന ദൂഷണം സംഭവിക്കുകയും ഇല്ല".

പ. "ഏവഞ്ചേൽകന്യകൈവാഹംസർവ്വൈഃപ്രഥമസംഗമേ
ഭൂയാസമി"തിഭൂയോസൌവരംവവ്രേമഹേശ്വരാൽ. 52

വ്യാ—(ഏവം ചേൽ) ഇപ്രകാരമെങ്കിൽ (സർവ്വൈഃ) എല്ലാവരോടുകൂടിയുള്ള (പ്രഥമസംഗമേ) ആദ്യത്തേ സംഗമത്തിൽ (അഹം) ഞാൻ(കന്യകാ ഏവ) കന്യകയായിട്ടുതന്നെ (ഭൂയാസം) ഭവിക്കണം (ഇതി) എന്ന് (അസൌ) ഇവൾ (ഭൂയഃ) പിന്നെയും (മഹേശ്വരാൽ) മഹേശ്വരനിൽനിന്ന് (വരം) വരത്തെ (വവ്രേ) വരിച്ചു.

സാ—ഇതുകേട്ട് നാളായണി 'പഞ്ചപതിത്വം കഴിച്ചുകൂടാത്തതെങ്കിൽ ഓരോരുത്തരോടുകൂടിയും ഉള്ള ആദ്യത്തെ സംഗമത്തിൽ ഞാൻ കന്യകയായിത്തന്നെ ഇരിക്കണം"— ഒരുവനോടു കൂടിയുള്ള ഉപഭോഗകാലം കഴിഞ്ഞ് പിന്നീട് മററവനോട് ആദ്യമായി ചേരുമ്പോൾ വീണ്ടും കന്യകയായിത്തീരണം. എന്നിങ്ങനെ പരമേശ്വരനിൽനിന്നു ഒരു വരംകൂടി വാങ്ങി.

പ. വിദശ്ധയാസോഥവ്യതോമഹേശോ
ഭോഗാവിരോധനപരാഞ്ചസിദ്ധിം
"രതിശ്ചസിദ്ധിശ്ചമിഥോവിരുദ്ധേ
തഥാപ്യപായോഭവിതേ"ത്യവാദീൽ. 53

വ്യാ—(വിദഗ്ദ്ധയാ) നിപുണയായ അവളാൽ (അഥ) അനന്തരം (ഭോഗാവിരോധേന) സുഖാനുഭവത്തിന്നു വിരോധംകൂടാതെ (പരാം) ശ്രേഷ്ഠയായ (സിദ്ധിം ച) സിദ്ധിയേയും (വൃതഃ) അപേക്ഷിക്കപ്പെട്ടവനായ (സഃ മഹേശഃ) ആ മഹേശ്വരൻ (രതിഃ) വിഷയോപഭോഗവും (സിദ്ധിഃ ച) മോക്ഷവും (മിഥഃ) അന്യോന്യം (വിരുദ്ധേ) വിരുദ്ധകളാകുന്നു-ഒരുമിച്ചു ദുല്ലഭങ്ങളാകുന്നു. (തഥാപി) അപ്രകാരമാണെങ്കിലും (ഉപായഃ) ഉപായം (ഭവിതാ) ഭവിക്കും (ഇതി) എന്ന് (അവാദീൽ) പറഞ്ഞു.

സാ—വിഷയങ്ങളെ അനുഭവിച്ചുകൊണ്ടു് മോക്ഷം സിദ്ധിക്കണമെങ്കിൽ വരബലംകൂടാതെ സാധിക്കയില്ലെന്നോൎത്തു് ബുദ്ധിമതിയും വരപ്രാൎത്ഥനാചതുരയുമായ നാളായണി സുഖാനുഭവത്തിന്നു തടസ്ഥംവരാതെ തനിക്കു മോക്ഷംകൂടി സിദ്ധിക്കണമെന്നു മഹേശ്വരനോടു പിന്നെയും അപേക്ഷിച്ചു. ആ സമയം ഭക്തവത്സലനും സൎവ്വാഭീഷ്ടപ്രദനുമായ ഭഗവാൻ "രതിയും സിദ്ധിയും പരസ്പരം വിരുദ്ധങ്ങളാണ്-വിഷയങ്ങളെ അനുഭവിച്ചുകൊണ്ടു് മോക്ഷമാൎഗ്ഗത്തിൽ പ്രവൃത്തിക്കുക എന്നതു് അസാദ്ധ്യമാകുന്നു. എങ്കിലും എൻെറ പ്രസാദംകൊണ്ടു് നിനക്കു് അതിന്നും ഉപായമുണ്ടാകും" എന്നു പറഞ്ഞു.

ഗ. തതശ്ചേന്ദ്രതുല്യപഞ്ചപതിതാനിരൂഢിന്നിരൂപയൻ വിരൂപാക്ഷോ "മദവധീരണദോഷേണ പുരാതനകല്പേഷു നിരാകൃതസ്വരശ്ചതുരസ്സുരാസഹസ്സമാഗതാനുഗ്രഹകാലാനന്ത്യധരായാമവതാരയിഷ്യാമി. പഞ്ചമസൂത്രനൂതനാസൂത്രാമാനിയോക്തവ്യഃ. സ ച കിമപ്യുൽപാടിതദൎപ്പോന്നതിരേവ സുപ്രീത്യാ മൽപ്രോക്തകാരീഭവിഷ്യതീ"ത്യുദഃ കുൎവ്വ"ന്നിന്ദ്രസേനേ ത്വം മന്ദാകിനീമേത്യ വൃന്ദാരകേന്ദ്രമാലോക്യസമാനയേ"തി താം സമാദിക്ഷൽ.

വ്യാ—(തതശ്ച) അനന്തരം (വിരൂപാക്ഷഃ) ശ്രീപരമേശ്വരൻ (ഇന്ദ്രതുല്യപഞ്ചപതിതാനിരൂഢിം) ഇന്ദ്രനോടു തുല്യന്മാരായ അഞ്ചുഭൎത്താക്കന്മാരോടുകൂടിയവളുടെ ഭാവത്തിൻെറ നിൎവ്വഹ

ണത്തെ—ഉപായത്തെ (നിരൂപയൻ) ചിന്തിക്കുന്നവനായിട്ട് (പുരാതനകല്പേഷു) കഴിഞ്ഞ കല്പങ്ങളിൽ (മദവധീരണദോഷേണ) എന്റെ (കർമ്മത്തിൽ) അവമാനമാകുന്ന ദോഷംകൊണ്ടു (നിരാകൃതസ്വരഃ) ഭ്രംശിച്ചതായിരിക്കുന്ന സ്വർഗ്ഗത്തോടുകൂടിയവരും (സമാഗതാനുഗ്രഹകാലാൻ) വന്നിരിക്കുന്ന അനുഗ്രഹത്തിന്റെ കാലത്തോടുകൂടിയവരും ആയ (ചതുരഃ) നാലു (തുരാസഹഃ) ഇന്ദ്രന്മാരെ (അദ്യ) ഇപ്പോൾ (ധരായാം) ഭൂമിയിൽ (അവതാരയിഷ്യാമി) ഞാൻ അവതരിപ്പിക്കാം (പുനഃ) പിന്നീട് (പഞ്ചമഃ) അഞ്ചാമനായിട്ട് (നൂതനസുത്രാമാ) പുതിയ—ഈ കല്പത്തിലെ ഇന്ദ്രൻ (അദ്യ) ഇപ്പോൾ (തത്ര) അതിൽ—ധരാവതരണത്തിൽ (നിയോക്തവ്യഃ) ഏൎപ്പെടുത്തപ്പെടുവാൻ ശക്യനാകുന്നു. (സച) അവനാകട്ടെ (കിമപി) കുറഞ്ഞൊന്ന് (ഉത്പാടിതദർപ്പോന്നതിഃ ഏവ) നശിപ്പിക്കപ്പെട്ട, ഗർവ്വിന്റെ ആധിക്യത്തോടുകൂടിയവനായിട്ടുതന്നെ (സുപ്രീത്യാ) നല്ല പ്രീതിയോടുകൂടി (മൽപ്രോക്തകാരീ) എന്നാൽ പറയപ്പെട്ടതിനെ ചെയ്യുന്നവനായിട്ട് (ഭവിഷ്യതി) ഭവിക്കയുള്ളു (ഇതി) എന്നിങ്ങനെ (അദഃ കുർവ്വൻ) നിശ്ചയിച്ചുകൊണ്ട് (ഹേ ഇന്ദ്രസേനേ) അല്ലേ ഇന്ദ്രസേനേ (ത്വം) നീ (മന്ദാകിനീം) മന്ദാകിനിയെ (ഏത്യ) പ്രാപിച്ചിട്ട് (വൃന്ദാരകേന്ദ്രം) ദേവേന്ദ്രനെ (ആലോക്യ) കണ്ടിട്ട് (സമാനയ) എന്റെ സമീപത്തിൽ—കൊണ്ടുവരിക. (ഇതി) എന്ന് (താം) അവളോട് (സമാദിക്ഷൽ) ആജ്ഞാപിച്ചു.

സാ—പിന്നെ വിരൂപാക്ഷൻ, ഇവൾക്കു ഇന്ദ്രതുല്യന്മാരായ അഞ്ചു ഭർത്താക്കന്മാരുണ്ടാകുവാൻ ഉപായമെന്തെന്നു ചിന്തിച്ച് "എന്നെ തിരസ്കരിച്ച എന്ന ദോഷംകൊണ്ട് സ്വർഗ്ഗഭ്രഷ്ടന്മാരായ കഴിഞ്ഞ കല്പങ്ങളിലെ നാലിന്ദ്രന്മാൎക്കു ശാപമോക്ഷത്തിനുള്ള കാലം വന്നിരിക്കുന്നു. അവരെ ഇപ്പോൾ ഭൂമിയിൽ അവതരിപ്പിക്കാം. അഞ്ചാമനായി ഈ കല്പത്തിലെ ഇന്ദ്രനെ ഇതിൽ ഏൎപ്പെടുത്താം. പക്ഷെ ഐശ്വൎയ്യസമൃദ്ധികൊണ്ടുള്ള അവന്റെ ഗർവ്വു കുറച്ചൊന്നു കളഞ്ഞാലെ അവൻ ഞാൻ പറയുന്നതു നല്ല

പ്രീതിയോടുകൂടി ചെയ്യയുള്ളൂ". എന്നു നിശ്ചയിച്ച് "അല്ലയോ ഇന്ദ്രസേനേ! നീ ആകാശഗംഗയിൽ ചെന്നു ഇന്ദ്രനെകണ്ട് എൻെറ സമീപത്തിൽ കൂട്ടികൊണ്ടുവരണം" എന്ന് അവളോടു ആജ്ഞാപിച്ചു.

പ. സമ്പ്രാപ്യഗംഗാമനിരീക്ഷ്യശക്രം
ബാഷ്പായമാണാക്ഷണമാസ്സതോയേ
പ്രാപ്തശ്ചതദ്ബാഷ്പജഹേമപത്മ-
വിസ്മേരഗീർവ്വാണഗിരാസുരേന്ദ്രഃ. 55

വ്യാ—(സാ) അവൾ (ഗംഗാം) ഗംഗയേ (സമ്പ്രാപ്യ) പ്രാപിച്ചിട്ട് (ശക്രം) ഇന്ദ്രനെ (അനിരീക്ഷ്യ) കാണാഞ്ഞ് (തോയേ) ജലത്തിൽ (ബാഷ്പായമാണാ) കണ്ണുനീർവാൎത്തുകൊണ്ട് (ക്ഷണം) അല്പനേരം (ആസ്സ) ഇരുന്നു. (തദ്ബാഷ്പജഹേമപത്മവിസ്മേരഗീർവ്വാണഗിരം) അവളുടെ കണ്ണുനീരിൽ വിന്നുണ്ടായ സ്വൎണ്ണത്താമരകളെക്കണ്ടു വിസ്മയിച്ച ദേവന്മാരുടെവാക്കു ഹേതുവായിട്ട് (സുരേന്ദ്രഃ) ദേവേന്ദ്രൻ (പ്രാപ്തഃ ച) വരികയും ചെയ്തു.

സാ—നാളായണി ഗംഗയിൽചെന്നു നോക്കവെ ഇന്ദ്രനെക്കണ്ടില്ല. ആ ദുഃഖത്താൽ അവൾ വെള്ളത്തിൽ കണ്ണുനീർവാൎത്തുകൊണ്ടു അല്പനേരം ഇരുന്നു. വെള്ളത്തിൽ വീണ അവളുടെ കണ്ണുനീർതുള്ളികൾ മുഴുവൻ ഓരോ സ്വൎണ്ണത്താമരപ്പൂക്കളായി പരിണമിച്ചു. അതുകണ്ടു വിസ്മയിച്ച ദേവന്മാർ ചെന്നറിയിക്കയാൽ ഇന്ദ്രൻ താനും വിസ്മയപരതന്ത്രനായി അവിടെ വന്നു.

 പ. "കാത്വം,കുതസ്ത്വാ,വദപങ്കജാക്ഷി
ത്വംപങ്കജാശ്രുശ്ചകിമേതദാൎയ്യേ?"
ഇതീരിതാസാ"കഥയാമിസൎവ്വം
മനാഗുപേഹീതിനിനായശക്രം. 56

വ്യാ—(ഹേ ആൎയ്യേ) അല്ലയോ ആൎയ്യേ (ത്വം) നീ (കാ) ആരാകുന്നു (കുതസ്ത്വാ) എവിടെനിന്നു വരുന്നു. (പങ്കജാക്ഷീ) പങ്കജങ്ങൾ പോലെയിരിക്കുന്ന കണ്ണുകളോടുകൂടിയ (ത്വം) നീ (പ

ങ്കജാശ്രുഃ ച) പങ്കജങ്ങളാകുന്ന അശ്രുക്കളോടുകൂടിയവളായിട്ടും ഭവിക്കുന്നു. (ഏതൽ) ഇത് (കിം) എന്തു ഹേതുവായിട്ടാകുന്നു (ഇതി) എന്ന് (വദ) പറഞ്ഞാലും. (ഇതി) ഇപ്രകാരം (ഈരിതാ) തന്ദ്രനാൽ പറയപ്പെട്ട (സാ) അവൾ (സർവ്വം) എല്ലാററിനേയും (കഥയാമി) പറയാം (മനാക്) അല്പംവഴി (ഉപേഹി) അങ്ങ് എന്നോടൊരുമിച്ചു പോന്നാലും (ഇതി) എന്നു പറഞ്ഞ് (ശക്രം) ഇന്ദ്രനെ (നിനായ) ശിവസമീപത്തിലേക്കു കൊണ്ടു പോയി.

സാ—"അല്ലയോ ആര്യേ! നീ ആരാകുന്നു? എവിടെ നിന്നു വരുന്നു? പങ്കജാക്ഷിയായിരിക്കുന്ന നീ പങ്കജാശ്രുവായും കാണുന്നു—പങ്കജാക്ഷിത്വം സാധാരണസ്ത്രീകളിൽ കാണാറുണ്ടെങ്കിലും പങ്കജാശ്രുത്വം ഇതിന്നുമുമ്പു കാണുകയോ കേൾക്കുകയോ ഉണ്ടായിട്ടില്ല. ഇതു ആശ്ചര്യംതന്നെ. ഇതിന്റെ കാരണമെന്ത്?" പങ്കജങ്ങൾപോലെയിരിക്കുന്ന കണ്ണുകളോടുകൂടിയ നിന്റെ അശ്രുക്കളിൽനിന്നു താമരകൾ ഉണ്ടാകുന്നതിന്റെ കാരണമെന്ത്? എന്നത്ഥം. എന്ന് ഇന്ദ്രൻ ചോദിച്ചപ്പോൾ നാളായണി "ഞാൻ മുഴുവൻ പറയാം. അങ്ങു കുറച്ചുദൂരം എന്നോടുകൂടി പോരിക" എന്നു പറഞ്ഞു അദ്ദേഹത്തെ മഹേശ്വരസമീപത്തിലേക്കു കൊണ്ടുപോയി.

ഗ. തതശ്ചവിലാസഗ്രാഹിണ്യാസ്തസ്യാരൂപരത്നദർശനാദേവ വിവശീഭൂതേകളവചനമന്ത്രൈശ്ചസമാകൃഷ്യമാണേ സമാഗച്ഛത്യഹല്യാഭുജംഗേ ഗംഗാധരോപിസ്മ തുഹിനഗിരിശൃംഗേ ശൃംഗാരിവേഷമാലംബ്യകപടലലനാവേഷയാ ദാക്ഷായണ്യാസഹദീവ്യന്നദ്ധ്യൈവർത്തമമദ്ധ്യാസ്തേ. 57

വ്യ—(തതശ്ച) അനന്തരം (അഹല്യാഭുജംഗേ) അഹല്യാജാര—ഇന്ദ്ര—നാകുന്ന സർപ്പം. (വിലാസഗ്രാഹിണ്യാഃ) വിലാസങ്ങളേ ധരിക്കുന്ന (തസ്യാഃ) അവളുടെ (രൂപരത്നദർശനാൽ ഏവ) രൂപമാകുന്ന രത്നത്തിന്റെ ദർശനം ഹേതുവായിട്ടുതന്നെ(വിവശീഭൂതേ) മയങ്ങിയവനും (കളവചനമന്ത്രൈഃ) ചാടുവാക്കുകളാകുന്ന മന്ത്രങ്ങളേക്കൊണ്ടു (സമാകൃഷ്യമാണേ ച) ഏററവും വ

ശീകരിക്കപ്പെട്ടവനും ആയിട്ട് (സമാഗച്ഛതി) ഒരുമിച്ച പോരു മ്പോൾ (മദ്ധ്യേവർത്മം) മാർഗ്ഗമദ്ധ്യത്തിൽ (തുഹിനഗിരിശൃംഗേ) ഹിമവൽപർവ്വതത്തിൻെറ ശിഖരത്തിൽ (ഗംഗാധരഃ അപി)ഗം ഗാധരനും (ശൃംഗാരിവേഷം) ശൃംഗാരിയുടെ വേഷത്തെ (ആലം ബ്ബ്യ) സ്വീകരിച്ചിട്ട് (കപടലലനാവേഷയാ) വ്യാജമായ സ്ത്രീവേ ഷത്തോടുകൂടിയ (ദാക്ഷായണ്യാസഹ) ശ്രീപാർവ്വതിയോടുകൂടി (ദീ വ്യൻ) ചൂതുകളിച്ചുകൊണ്ട് (അദ്ധ്യാസ്തേ സ്മ) ഇരുന്നു.

സാ—വിഷവൈദ്യൻ രത്നംകാട്ടി മയക്കി മന്ത്രം ജപിച്ചു വശത്താക്കിയ പാമ്പ് എന്നപോലെ അഹല്യാജാരനായ ഇ ന്ദ്രൻ സമയോചിതങ്ങളായ ഓരോ വിലാസങ്ങളോടുകൂടിയ നാ ളായണിയുടെ രൂപംകണ്ടു തന്നെ മയങ്ങി അവളുടെ ചാടുവച നങ്ങളെക്കൊണ്ടു വശംവദനായി ഒരുമിച്ചു പോരുമ്പോൾ വഴി മദ്ധ്യേ ഹിമവൽപർവ്വതത്തിൻെറ ശിഖരത്തിൽ ശ്രീപരമേശ്വര നും, ഒരു ശൃംഗാരിയുടെ വേഷമെടുത്തു, വ്യാജമായി സ്ത്രീവേഷം ധരിച്ചിരിക്കുന്ന ശ്രീപാർവ്വതിയോടുകൂടി ചൂതുകളിച്ചുകൊണ്ടി രുന്നു.

"അഹല്യാജാരഃ"—കാമുകനാണെന്ന് സൂചിപ്പിക്കുന്നു

പ. "ശക്രോഥസക്രോധമവോചദേനം
ജഗൽപതേമ്മേജള! യാഹിമാർഗ്ഗാൽ"
ഇതീരിതഃസസ്മിതമൈക്ഷതേശോ
ജംഭാർദ്ദനഃസ്തംഭിതമൂർത്തിരാസീൽ. 58

വ്യാ—(അഥ) അനന്തരം—കണ്ടതിന്നുശേഷം (ശക്രഃ) ഇ ന്ദ്രൻ (ഏനം) ഇദ്ദേഹത്തോടു (സക്രോധം) കോപത്തോടുകൂടും വണ്ണം (അവോചൽ) പറഞ്ഞു. (ഹേജള) അല്ലയോ മന്ദമതേ (ത്വം) നീ (ജഗൽപതേഃ) ലോകങ്ങളുടെ നാഥനായ (മേ) എ ൻെറ (മാർഗ്ഗാൽ) വഴിയിൽനിന്നു (യാഹി) പോക (ഇതി) ഇപ്ര കാരം (ഈരിതഃ) പറയപ്പെട്ട (ഈശഃ) പരമേശ്വരൻ (സസ്മി തം) മന്ദഹാസത്തോടുകൂടുംവണ്ണം (ഐക്ഷത)ഇന്ദ്രനെ നോക്കി. (ജംഭാർദ്ദനഃ)ഇന്ദ്രൻ (സ്തംഭിതമൂർത്തിഃ) സ്തംഭിച്ച ശരീരത്തോടുകൂ ടിയവനായിട്ട് (ആസീൽ) ഭവിച്ചു.

സാ—പാർവ്വതീപരമേശ്വരന്മാരാണെന്നു ഇന്ദ്രന്നു മനസ്സിലായില്ല. തന്നെ ലേശം ഗണിക്കാതെയുള്ള ഇവരുടെ ഇരുപ്പ് കണ്ടപ്പോൾ കോപം വന്നു എന്നുതന്നെയല്ല "എടാ മൂഢ! ജഗന്നാഥനായ എൻെറ വഴിയിൽനിന്നു പോ" എന്നു പറഞ്ഞു. ഇതുകേട്ട് പരമേശ്വരൻ ഗർവ്വോത്ത് പുഞ്ചിരിയോടുകൂടി ഇന്ദ്രനെ കന്നുനോക്കി. വിക്രമിയാണെങ്കിലും വേണ്ടില്ല ഇന്ദ്രൻെറ ശരീരം ഉടൻ സ്തംഭിച്ചുപോയി.

പ. സ്ഥാണോഃകടാക്ഷമാത്രേണ സ്ഥാണുസാരൂപ്യമാഗതഃ
 തസ്ഥൌഗളിതദംഭോളിഃ സംഭ്രമീജംഭഭേദനഃ. 59

വ്യാ—(ജംഭഭേദനഃ) ഇന്ദ്രൻ (സ്ഥാണോഃ) ശ്രീപരമേശ്വരൻെറ (കടാക്ഷമാത്രേണ) കടാക്ഷംമാത്രംകൊണ്ട് (സ്ഥാണുസാരൂപ്യം) സ്ഥാണുവിൻെറ_സ്തംഭത്തിൻെറ, ശിവൻെറ എന്നും തുല്യരൂപതയെ (ആഗതഃ) പ്രാപിച്ചവനായി (ഗളിതദംഭോളിഃ) വീണുപോയ വജ്രത്തോടുകൂടിയവനും (സംഭ്രമീ) കിംകർത്തവ്യതാമൂഢതയോടും ഭയത്തോടും കൂടിയവനും ആയിട്ട് (തസ്ഥൌ) നിന്നു.

സാ—ഇന്ദ്രൻ പരമശിവൻെറ ഒരു നോട്ടം മാത്രംകൊണ്ട് സ്തംഭിച്ച കയ്യിൽനിന്നു വജ്രം താഴെ വീണ് എന്തുചെയ്യേണ്ടു എന്നറിയാതെ ഭയപ്പെട്ടു നില്പായി.

ഗ. തതശ്ച സമാപ്തദേവനസ്സസ്വരൂപമാതിഷ്ഠൻ കോപിഷ്ഠചേതാഃ "പാപിഷ്ഠമേനം നേദിഷ്ഠമാനയേ"തിസമാദിഷ്ടയാതയാനാളായണ്യാപരാമൃഷ്ടമാത്രേ ധരാപൃഷ്ഠനിപതനകലുഷിതസഹസ്രാക്ഷംസഹസ്രാക്ഷം രോഷജ്വാലേനഫാലേക്ഷണേന ധക്ഷ്യന്നിവോദ്വീക്ഷ്യരൂക്ഷതരമാചചക്ഷേ. 60

വ്യാ—(തതശ്ച) അനന്തരം (സമാപ്തദേവനഃ) അവസാനിപ്പിച്ച കളിയോടുകൂടിയവനായ (സഃ) പരമേശ്വരൻ (സ്വരൂപം) തൻെറ രൂപത്തെ (ആതിഷ്ഠൻ) സ്വീകരിച്ചവനായി (കോപിഷ്ഠചേതാഃ) ഏററവും കോപത്തോടുകൂടിയ മനസ്സോടുകൂടിയവനായിട്ട് (പാപിഷ്ഠം) മഹാപാപിയായ (ഏനം) ഇവനെ (നേദിഷ്ഠം) ഏററവും സമീപത്തെ (ആനയ) നീ പ്രാപിപ്പിക്കുക

(ഇതി) എന്നു (സമാദിഷ്ടയാ) ആജ്ഞാപിക്കപ്പെട്ടവളായ (തയാനാളായന്യാ) ആ നാളായണിയാൽ (പരാമൃഷ്ടമാത്രേ) സ്പർശിക്കപ്പെട്ട ഉടനെ (ധരാപൃഷ്ഠനിപതനകലുഷിതസഹസ്രാക്ഷം) ഭൂതലത്തിലുള്ള വീഴ്ചകൊണ്ട് കലങ്ങിയ ആയിരം കണ്ണുകളോടുകൂടിയ (സഹസ്രാക്ഷം) ഇന്ദ്രനെ (രോഷജ്വാലേന) കോപം ഹേതുവായിട്ടുണ്ടായ ജ്വാലയോടുകൂടിയ (ഫാലേക്ഷണേന) നെററിയിലെ കണ്ണുകൊണ്ടു (ധക്ഷ്യൻ ഇവ) ഭസ്മീകരിപ്പാൻ പോകുന്നവനോ എന്നു തോന്നുമാറ് (ഉദ്വീക്ഷ്യ) നോക്കീട്ട് (രൂക്ഷതരം) ഏററവും ക്രൂരമാകുംവണ്ണം (ആചചക്ഷേ) പറഞ്ഞു.

സാ—ഇന്ദ്രൻ സ്തംഭിച്ചതിൻെറശേഷം ശ്രീപരമേശ്വരൻ കളിനിറുത്തി തൻെറ സാക്ഷാൽ രൂപമെടുത്തു ഏററവും കോപത്തോടെ "ദുർവൃത്തനായ ഇവനെ നന്ന അടുത്തുകൊണ്ടുവരിക" എന്നു നാളായണിയോടാജ്ഞാപിച്ചു. നാളായണി ചെന്നു തൊട്ടഉടനെ ഇന്ദ്രൻ നിലത്തു മറിഞ്ഞുവീണു. വീഴ്ചകൊണ്ടു ആയിരംകണ്ണും കലങ്ങി. ആ ഇന്ദ്രനെ ഭഗവാൻ കോപംനിമിത്തം ജ്വാലകൾ പുറത്തേക്കു പുറപ്പെട്ടിരിക്കുന്ന നെററിത്തടത്തിലെ കണ്ണുകൊണ്ടു ദഹിപ്പിക്കാൻ പോകുകയോ എന്നു തോന്നും വിധം നോക്കിക്കൊണ്ടു വളരെ രൂക്ഷമായി ഇങ്ങിനെ പറഞ്ഞു.

ഗ. "രേരേജഗൽപതിമ്മന്യ ദിവസ്പതിഹതക! മൽപരിഭവ-
നിഷ്ഠ്യൂതിതസ്വർഗ്ഗപദചതുർവ്വാസവവാസഭൂതാമിഹത്യാം ഗു-
ഹാമുദ്ഘാട്യ താം പ്രവിശ്യ തദനുഭവമനുഭവേ"തി. 61

വ്യാ—(രേരേജഗൽപതിമ്മന്യ) എടാ എടാ ജഗൽപതിയാണെന്നഭിമാനിക്കുന്നവനേ (ദിവസ്പതിഹതക) ക്ഷുദ്രനായ ഇന്ദ്ര (മൽപരിഭവനിഷ്ഠ്യൂതിതസ്വർഗ്ഗപദചതുർവ്വാസവവാസഭൂതാം) എൻെറ അനാദരം ഹേതുവായിട്ട് പതിച്ചിരിക്കുന്ന സ്വർഗ്ഗമാകുന്ന സ്ഥാനത്തോടു നാലു ഇന്ദ്രന്മാരുടെ വാസസ്ഥാനമായിത്തീർന്നിരിക്കുന്ന (ഇഹത്യാം) ഇവിടെയുള്ള (ഗുഹാം) ഗുഹയെ (ഉദ്ഘാട്യ) തുറന്നിട്ട് (താം) അതിനെ (പ്രവിശ്യ) പ്രവേശിച്ചിട്ട് (തദനുഭവം) അവരുടെ അനുഭവത്തെ—അനുഭവിക്കുന്നതി

നെ (അനുഭവ) നീ അനുഭവിക്കുക. (ഇതി) ഇപ്രകാരം (ആച ചക്ഷേ) എന്ന് പൂർവ്വത്തോടുകൂടി അന്വയം.

സാ—"എടാ എടാ ജഗന്നാഥനാണെന്നഭിമാനിക്കുന്ന ക്ഷുദ്രനായ ഇന്ദ്ര! എന്നെ അനാദരിക്കുക നിമിത്തം സ്വർഗ്ഗത്തിൽനിന്നു പതിച്ച നാലു ഇന്ദ്രന്മാർ വസിക്കുന്ന ഇവിടെയുള്ള ഗുഹതുറന്ന് അതിൽ കടന്ന് നീയും അവരനുഭവിക്കുന്ന അവസ്ഥയെ അനുഭവിക്കുക"

ഗ. സോപികന്ദരാമിമാം ഭയസ്ഖലിതേന കരേണോദ്ഘാ-
ട്യ തദന്തരന്ധതമസേ നിജതുല്യഭാസശ്ചതുരോ വിഷണ്ണാ-
ന്നിഷണ്ണാനാലോക്യ സാദ്ധ്വസവിവശഃ 'പ്രവിശ പ്രവിശേ'
തി ഭൂതഗണനോദനാരബ്ധക്രന്ദനസ്സംക്രന്ദനോ ബഹുശഃ
പ്രണമ്യ ദീനമൂചേ കാലരുദ്രം. 62

വ്യാ—(സഃ സംക്രന്ദനഃ അപി) ആ ഇന്ദ്രനും (ഭയസ്ഖലിതേന) ഭയംകൊണ്ടു വിറക്കുന്ന (ഹസ്തേന) കൈകൊണ്ട് (ഇമാം ഗുഹാം) ഈ ഗുഹയെ (ഉദ്ഘാട്യ) തുറന്നിട്ട് (തദന്തഃ) അതിന്റെ ഉള്ളിൽ (അന്ധതമസേ) കൂരിരുട്ടിൽ (വിഷണ്ണാൻ) വിഷാദത്തോടുകൂടിയവരായി (നിഷണ്ണാൻ) ഇരിക്കുന്ന (നിജതുല്യഭാസഃ) തന്റേതിനോടു തുല്യയായ ശോഭയോടുകൂടിയ (ചതുരഃ) നാലുപേരെ (ആലോക്യ) കണ്ടിട്ട് (സാദ്ധ്വസവിവശഃ) ഭയംകൊണ്ടു പരവശനായി (പ്രവിശ, പ്രവിശ ഇതി) കടക്ക് കടക്ക് എന്നുള്ള (ഭൂതഗണനോദനാരബ്ധക്രന്ദനഃ) ഭൂതഗണങ്ങളുടെ പ്രേരണഹേതുവായിട്ട് ആരംഭിക്കപ്പെട്ടിരിക്കുന്ന നിലവിളിയോടുകൂടിയവനായിട്ട് (കാലരുദ്രം) കാലത്തിൽ—പ്രളയകാലത്തിൽ ഭയങ്കരനെ—പരമേശ്വരനെ (ബഹുശഃ) വളരെപ്രാവശ്യം (പ്രണമ്യ) നമസ്കരിച്ചിട്ട് (ദീനം) കരുണമാകുംവണ്ണം (ഊചേ) പറഞ്ഞു.

സാ—ഇപ്രകാരം പരമേശ്വരനാൽ ആജ്ഞപ്തനായ ഇന്ദ്രനും പേടികൊണ്ടു വിറക്കുന്ന കൈകളെക്കൊണ്ട് ഈ ഗുഹതുറന്നു. അതിനുള്ളിൽ കൂരിരുട്ടത്ത് വിഷാദത്തോടുകൂടിയിരിക്കുന്ന തന്നെപ്പോലെയുള്ള നാലു പേരേകണ്ടു—ഭയംസഹിച്ചില്ല. പി

ന്തിരിയുവാൻ തുടരവെ 'ഏടാ കടക്ക്, കടക്ക്' എന്നുപറഞ്ഞു ഭൂതഗണങ്ങൾ പിടിച്ചു ഗുഹയുടെ ഉള്ളിലേക്കുതള്ളിത്തുടങ്ങി. ആ സമയം ഉറക്കെ നിലവിളിച്ചുകൊണ്ട് കാലരുദ്രനെ വളരെപ്രം വശ്യം നമസ്കരിച്ച് ദയനീയമായ വിധം പറഞ്ഞു.

പ. അജാനതോഹാ! ബത! വിശ്വനാഥ!
ക്ഷമസ്വദാസസ്യ മമാപരാധം
നാഹംകൃതാന്തോനപുരോനകാമഃ
കോപസ്യയന്മാം വിദധാസി ലക്ഷ്യം. 63

വ്യാ—(ഹാ ബത) അയ്യോ കഷ്ടം (ഹേ വിശ്വനാഥ) അല്ലയോ സകലലോകങ്ങൾക്കും നാഥനായുള്ളോവേ (അജാനതഃ) അങ്ങയുടെ പ്രാഭവത്തെ—അറിയാത്തവനായി(ദാസസ്യ) ദാസനായ (മമ) എന്റെ (അപരാധം) കുററത്തെ (ക്ഷമസ്വ) അങ്ങു ക്ഷമിക്കണേ. (അഹം) ഞാൻ (നകൃതാന്തഃ) കാലനല്ല. (നപുരഃ) ത്രിപുരന്മാരല്ല (നകാമഃ) കാമനല്ല. (യൽ) യാതൊന്നുഹേതുവായിട്ട് (മാം) എന്നെ (കോപസ്യ) കോപത്തിന്റെ (ലക്ഷ്യം) വിഷയമാക്കി (വിദധാസി) അങ്ങു ചെയ്യുന്നു.

സം—"അയ്യോ കഷ്ടം, അല്ലയോ വിശ്വനാഥ! അങ്ങയേയും അങ്ങയുടെ പ്രഭാവത്തേയും അറിയാത്ത ദാസനായ എന്റെ അപരാധത്തെ അങ്ങു ക്ഷമിക്കണേ. ഞാൻ അന്തകനല്ല. ത്രിപുരന്മാരല്ല. കാമനോ അല്ല. പിന്നെ എന്താണ് എന്നെ അങ്ങയുടെ കോപത്തിന്നു വിഷയമാക്കുന്നത്"—മദാന്ധന്മാരായ അവർതന്നെ അങ്ങയുടെ കോപത്തിന്നു വിഷയമാകേണ്ടവർ; ദയനീയനായ ഞാനല്ല. ആ സ്ഥിതിക്ക് ഇതു അനുചിതമാകുന്നു എന്നു അഭിപ്രായം.

'ബത'—അറിവില്ലായ്മകൊണ്ടു വന്നുപോയതിനെപ്പററിയുള്ള പശ്ചാത്താപത്തെക്കുറിക്കുന്നു.

ഗ. ഇതി വദതി ഗതമദേസ്മിൻ പ്രശാന്തരോഷഃ കൃതാന്തഭേദീ സഹാസമവാദീൽ. 64

വ്യാ—(അസ്മിൻ) ഇന്ദ്രൻ (ഗതമദേ)നശിച്ച മദത്തോടുകൂടിയവനായിട്ട് (ഇതി വദതി) ഇപ്രകാരം പറഞ്ഞപ്പോൾ (കൃ

താന്തഃഭേദീ) കാലഹന്താവ് (പ്രശാന്തരോഷഃ) ഏററവും ശമിച്ച കോപത്തോടുകൂടിയവനായിട്ട് (സഹാസം) മന്ദഹാസത്തോടുകൂടുംവണ്ണം (അവാദീൽ) പറഞ്ഞു.

സാ—ഇന്ദ്രൻ മദമാസകലം പോയി ഇങ്ങിനെ പറഞ്ഞപ്പോൾ കാലഹന്താവായ ഭഗവാൻ കോപം തീരെ അടങ്ങി പുഞ്ചിരിയോടുകൂടി പറഞ്ഞു.

പ. "പഞ്ചാപിസാദ്ധമവതീൎയ്യമഹീമമുഷ്യാഃ
കാമംപ്രപൂൎയ്യപുനരേഷ്യഥദിവ്യലോകം
ധൎമ്മാനിലാശ്വിനജമാൻജനയന്തുപൂൎവ്വാൻ
ജന്യോംസ്ത്വയന്തുജനകോപിനവീനശക്രഃ" 65

വ്യാ—(യൂയം പഞ്ചാപി) നിങ്ങൾ അഞ്ചുപേരും (സാദ്ധം) ഒരുമിച്ച് (മഹീം)ഭൂമിയെ (അവതീൎയ്യ) അവതരിച്ചിട്ട് (അമുഷ്യാഃ) ഇവളുടെ (കാമം) കാമത്തെ (പ്രപൂൎയ്യ) നല്ലപോലെ നിറവേററിയശേഷം (പുനഃ) പിന്നെ (ദിവ്യലോകം) ദിവ്യലോകത്തെ (ഏഷ്യഥ) പ്രാപിക്കുവിൻ (ധൎമ്മാനിലാശ്വിനഃ) ധൎമ്മരാജാവും വായുവും അശ്വിനീദേവകളും (പൂൎവ്വാൻ ഇമാൻ) ആദ്യന്മാരായ ഇവരേ—ആദ്യത്തെനാലിന്ദ്രന്മാരെ (ജനയന്തു) ജനിപ്പിക്കട്ടെ (തു) എന്നാൽ (ജന്യഃ) ജനിക്കേണ്ടവനായ (അയംനവീനശക്രഃ) ഈ പുതിയ ഇന്ദ്രൻ (ജനകഃ അപി) ജനകനായും (അസ്തു) ഭവിക്കട്ടെ.

സാ—"നിങ്ങൾ അഞ്ചുപേരും ഒരുമിച്ച ഭൂമിയിൽ അവതരിച്ച് ഇവളുടെ കാമത്തെ നല്ലപോലെ നിവേററി പിന്നെ താമസംകൂടാതെ ദിവ്യലോകത്തെ പ്രാപിക്കുവിൻ. ആദ്യത്തെ ഈ നാലിന്ദ്രന്മാരെ ധൎമ്മരാജാവും വായുവും അശ്വിനീദേവകളും ജനിപ്പിക്കട്ടെ. എന്നാൽ ജനിക്കേണ്ടവനായ ഈ നവീനശക്രൻ തന്നെ തൻെറ ജനകനായും ഭവിക്കണം"—നവീശക്രനെ ജനിപ്പിക്കുവാൻ വേറെ ആരും അല്ല. താൻതന്നെ വേണമെന്നൎത്ഥം. ഈ വിശേഷത്തെത്തന്നെയാണ് 'തു' എന്നുള്ളതുകൊണ്ടു സൂചിപ്പിക്കുന്നത്.

ഗ. ഇതിനിശമ്യഹൎഷായമാണൈൎഗ്ഗഹോത്ഥിതൈരപി
സമം'തഥേ'തിപ്രണേമുഷിബലഭിഷി"മൽകോപപരാമൃ-
ഷ്ടായൌഷ്മാകലക്ഷ്മീരപിനാളായന്ന്യാസഹൈകീഭൂതാപ്രമോ
ദയിഷ്യതിയുഷ്മാ"നിത്യഭിദധതിത്ര്യക്ഷേതൽക്ഷണാനുപ്ര-
വിഷ്ടശക്രലക്ഷ്മീശതഗുണപ്രദീപ്താമിമാം സമീക്ഷ്യവിസ്മിതേ
ഷുസകലേഷു "ഭുവനമവതീൎയ്യഭൂഭാരഹരണേനബഹുസുര
കാൎയ്യംകരിഷ്യതാംഭവതാമവലംബനാൎത്ഥംനാളായണീനാ
ഥിതപരഗതിസിദ്ധ്യൎത്ഥഞ്ചനാരായണോഭഗവാനപ്യുപാ-
സിതവ്യ"ഇതിനാരായണാശ്രമമമൂനുപഗമയ്യതതസ്തിരോ
ദധേ പുരാംഭേത്താ. 66

വ്യാ —(ഇതി നിശമ്യ) ഈപ്രകാരത്തെക്കേട്ടിട്ട് (ഹൎഷായമാ
ണൈഃ) സന്തുഷ്ടന്മാരായിത്തീൎന്നവരും (ഗൃഹോത്ഥിതൈഃ) ഗുഹ
യിൽനിന്നു പുറത്തുപോന്നവരുമായ(തൈഃ അപിസമം)അവരോ
ടുംകൂടെ (ബലഭിഷി) ഇന്ദ്രൻ (തഥാ ഇതി) അപ്രകാരംതന്നെ
എന്നുപറഞ്ഞ് (പ്രണേമുഷി) നമസ്കരിച്ചപ്പോൾ (ത്ര്യക്ഷേ) ത്രി
ലോചനൻ (മൽകോപപരാമൃഷ്ടാഃ) എൻെറകോപത്താൽ ബാ
ധിക്കപ്പെട്ട (യൌഷ്മാകലക്ഷ്മീഃ അപി) നിങ്ങളുടെലക്ഷ്മി—ദിവ്യ
ങ്ങളായ സമ്പൽകാന്തികളുടെ അധിദേവത (നാളായണ്യാസ
ഹ) നാളായണിയോടുകൂടി (ഏകീഭൂതാ) ഒന്നായിച്ചേൎന്നിട്ട് (യു
ഷ്മാൻ) നിങ്ങളെ (പ്രമോദയിഷ്യതി) അധികം സന്തോഷിപ്പി
ക്കും (ഇതി) എന്ന് പറയും സമയത്തിങ്കൽ (തൽക്ഷണാനുപ്രവി
ഷ്ടശക്രലക്ഷ്മീശതഗുണപ്രദീപ്താം) ആ ക്ഷണത്തിൽ പകൎന്നതാ
യ ഇന്ദ്രലക്ഷ്മി ഹേതുവായിട്ട് നൂറിരട്ടി ശോഭിച്ചവളായ (ഇമാം)
നാളായണിയെ (സമീക്ഷ്യ) കണ്ടിട്ട് (സകലേഷു) എല്ലാവരും
(വിസ്മിതേഷു) ആശ്ചൎയ്യപ്പെട്ടസമയത്തിൽ (പുരാം ഭേത്താ) പുരാ
ന്തകൻ (ഭുവനം) ഭൂമിയെ (അവതീൎയ്യ) അവതരിച്ചിട്ട് (ഭൂഭാര
ഹരണേന) ഭൂമിയുടെ ഭാരത്തിൻെറ ഹരണംകൊണ്ട് (ബഹു)
വളരെ (സുരകാൎയ്യം) ദേവന്മാരുടെ കാൎയ്യത്തെ (കരിഷ്യതാം)
ചെയ്യാൻ പോകുന്ന (ഭവതാം) നിങ്ങളുടെ (അവലംബ

നാത്ഥം) സാഹായത്തിന്നു വേണ്ടിയും (നാളായണീനാഥിതപര ഗതിസിദ്ധ്യത്ഥം ച) നാളായണിയാൽ പ്രാത്ഥിക്കപ്പെട്ട മുക്തി യുടെ സിദ്ധിക്കുവേണ്ടിയും (ഭഗവാൻ) ഷഡ്ഗുണപരിപൂണ്ണനാ യ(നാരായണഃഅപി) ശ്രീനാരായണനും (ഉപാസിതവ്യഃ) നി ങ്ങളാൽ ഉപാസിക്കപ്പെടേണ്ടവനാണ് (ഇതി) എന്നുപറഞ്ഞ് (അമൂൻ) ഇവരെ (നാരായണാശ്രമം) ബദരികാശ്രമത്തെ (ഉ പഗമയ്യ) സമീപത്തെ പ്രാപിപ്പിച്ചിട്ട് (തതഃ) അനന്തരം (തി രോദധേ) മറഞ്ഞു.

സാ—ഇതുകേട്ട സന്തുഷ്ടന്മാരായിത്തീന്ന് ഭഗവൽപ്രസാ ദത്താൽ ഗുഹയിൽനിന്നു പുറത്തുവന്ന നാലുപേരോടുംകൂടി ഇ ന്ദ്രൻ 'അങ്ങിനെതന്നെ' എന്നു സമ്മതിച്ച് ശ്രീപരമേശ്വരനെ കൈവണങ്ങി. അപ്പോൾ ഭഗവാൻ "എന്റെ കോപംനിമിത്തം നിങ്ങളിൽനിന്നു വേർപെട്ട നിങ്ങളുടെ ദിവ്യലക്ഷ്മി നാളായണി യോടുകൂടിഃചന്ന് നിങ്ങൾക്ക് അധികമായ ആനന്ദത്തെ ഉള വാക്കും" എന്നുപറഞ്ഞു. ഉടനെതന്നെ ശക്രലക്ഷ്മി നാളാണിയെ സംക്രമിച്ചു. അതുനിമിത്തം മുമ്പിലത്തേക്കാൾ നൂറിരട്ടി ശോഭ തേടിയ അവളെക്കണ്ട് എല്ലാവരും വിസ്മയിച്ചുനിൽക്കുമ്പോൾ ത്രിപുരാന്തകൻ വീണ്ടും പറഞ്ഞു. "ഭൂമിയിൽ അവതരിച്ച് ഭൂമിയു ടെ ഭാരത്തെക്കളഞ്ഞ് അനേകം ദേവകാര്യങ്ങളെ ചെയ്യാൻ പോകുന്ന നിങ്ങളെ സഹായിപ്പാനും, നാളായണി എന്നോടപേ ക്ഷിച്ചതായ മുക്തി അവൾക്കു സിദ്ധിപ്പാനുംവേണ്ടി ഭഗവാൻ ശ്രീനാരായണമഹഷിയെ നിങ്ങൾ എല്ലാവരും നാളാണിയോ ടുകൂടി ഉപാസിക്കണം." പിന്നെ അവരെ ബദരികാശ്രമത്തി ന്റെ സമീപത്തിൽകൊണ്ടാക്കി ഭഗവാൻ മറയുകയും ചെയ്തു.

ഗ. തത്രചതൈരിന്ദ്രസേനാസഹിതൈരിന്ദ്രിയൈരിവഷ-
ഡ്ഭിരേകോന്മുഖൈരുപാസിതഃ സ്വയം നാരായണോ
നാതിചിരേണപ്രസേദിവാനൂചിവാൻ. 67

വ്യാ—(തത്രച) ആ ബദരികാശ്രമത്തിലാകട്ടെ (ഷഡ്ഭിഃ ഇന്ദ്രിയൈഃഇവ) ആറിന്ദ്രിയങ്ങൾ എന്നപോലെ (ഏകോന്മു ഖൈഃ) നാരായണോപാസനയാകുന്ന ഒന്നിൽ സശ്രദ്ധം എപ്പ

ട്ടിരിക്കുന്ന (ഇന്ദ്രസേനാസഹിതൈഃ) ഇന്ദ്രസേനയോടുകൂടിയ (തൈഃ) അഞ്ചു ഇന്ദ്രന്മാരാൽ (ഉപാസിതഃ) ഉപാസിക്കപ്പെട്ട (നാരായണഃ) ശ്രീനാരായണമഹർഷി (സ്വയം) താൻതന്നെ (നാതിചിരേണ) അധികകാലതാമസംകൂടാതെ (പ്രസേദിവാൻ) പ്രസാദിച്ചവനായിട്ട് (ഊചിവാൻ) പറഞ്ഞു.

സാ—ഓരോരുത്തരുടെയും ആറിന്ദ്രിയങ്ങൾ അതാതിന്റെ വിഷയങ്ങളിൽനിന്നു വ്യാവർത്തിച്ചു ഏതുപ്രകാരം നാരായണനാകുന്ന ഒന്നിൽതന്നെ പതിഞ്ഞുവോ അതുപ്രകാരം നാളായണിയും പഞ്ചേന്ദ്രന്മാരുംകൂടി ആറുപേരും ബദരികാശ്രമത്തിൽ ചെന്നു വിഷയഭേദമെന്നിയെ ഒന്നിൽതന്നെ ഏല്പെട്ടു നാരായണനെ ഉപാസിച്ചു—നാളായണിയും പഞ്ചേന്ദ്രന്മാരും ബദരികാശ്രമത്തിൽചെന്ന് ഷഡിന്ദ്രിയങ്ങളേയും ഒന്നിൽതന്നെ ഉറപ്പിച്ച് സശ്രദ്ധം നാരായണനെ തപസ്സുചെയ്തു. ഇവരുടെ ഉപാസനകൊണ്ട് ഭഗവാൻ പരപ്രേരണകൂടാതെ പ്രസാദിച്ചു പ്രത്യക്ഷമായിപ്പറഞ്ഞു.

പ. നരാഖ്യമംശംമമവിശ്വഭൂത്യൈ
സ്വാംശേനസാർദ്ധംജനയേന്മരുത്വാൻ
അഹംദ്വിധാഭൂയചവഃസുഹൃത്സ്യാം
നാളായണീചാസ്തുമദേകഭക്താ. 68

വ്യാ—(മരുത്വാൻ) ഇന്ദ്രൻ (വിശ്വഭൂത്യൈ) ലോകത്തിന്റെ ശ്രേയസ്സിനായിക്കൊണ്ട് (മമ) എന്റെ (നരാഖ്യം) നരൻ എന്നുപേരായ (അംശം) അംശത്തെ (സ്വാംശേനസാർദ്ധം) തന്റെഅംശത്തോടുകൂടി (ജനയേൽ) ജനിപ്പിക്കണം (അഹം) ഞാൻ (ദ്വിധാഭൂയ) രണ്ടായിത്തിന്ന് (വഃ) നിങ്ങളുടെ (സുഹൃൽ) സുഹൃത്തായി(സ്യാം) ഭവിക്കും (നാളായണീ) നാളായണി (മദേകഭക്താച) എന്റെ മുഖ്യഭക്തയായിട്ടും (അസ്തു) ഭവിക്കട്ടേ.

സാ—"ലോകത്തിന്റെ ശ്രേയസ്സിന്നായി ഇന്ദ്രൻ (അഞ്ചാമൻ) എന്റെ നരൻ എന്നുപേരായ അംശത്തെ തന്റെ അംശത്തോടുകൂടി ജനിപ്പിക്കണം. ഞാൻ ഇന്ദ്രപുത്രനായി ജനിക്കുന്ന

ണെങ്കിലും മററൊരംശംകൊണ്ടു് വസുദേവപുത്രനായും അവതരിച്ചു് രണ്ടായിത്തീൎന്നു് നിങ്ങളുടെ സുഹൃത്തായും ഭവിച്ചുകൊള്ളാം. നാളായനി എന്റെ മുഖ്യഭക്തയായും ഭവിക്കും".

ശ. ഇതിനരാംശം സുരേശപുത്രേനിവേശ്യശിരോരുഹദ്വയഞ്ച
നിജംസിതാസിതവൎണ്ണംപരാക്ഷിപ്യദയാകുലാക്ഷംനിരീക്ഷ-
മാണസ്തിരോദധേ പുരാണപുരുഷഃ. 69

വ്യാ—(ഇതി) ഇപ്രകാരംപറഞ്ഞു് (സഃപുരാണപുരുഷഃ) ആ പുരാണപുരുഷൻ (നരാംശം) നരനാകുന്ന അംശത്തെ (സുരേശപുത്രേ) നവീനദേവേന്ദ്രനിൽ (നിവേശ്യ) ചേൎത്തിട്ടു് (നിജം) തന്റെ (സിതാസിതവൎണ്ണം) വെളുത്തതും കറുത്തതുമായ നിറത്തോടുകൂടിയ (ശിരോരുഹദ്വയം) രണ്ടുതലമുടിയെ (പരാക്ഷിപ്യ ച) പറിച്ചെടുക്കുകയും ചെയ്തിട്ടു് (ദയാകുലാക്ഷം) ദയകൊണ്ടു പരവശങ്ങളായ—ദയാപൂൎണ്ണങ്ങളായ—ദയയെ നല്ലപോലെ വ്യക്തമാകുന്ന, അല്ലെങ്കിൽ ദയാശ്രുപൂൎണ്ണങ്ങളായ കണ്ണുകളോടുകൂടുംവണ്ണം (നിരീക്ഷമാണഃ) നോക്കിക്കൊണ്ടു (തിരോദധേ) മറഞ്ഞു.

സാ—ഇപ്രകാരംപറഞ്ഞു് ആ പുരാണപുരുഷനായ നാരായണൻ നരാംശത്തെ നവീനേന്ദ്രനിൽ ചേൎത്തു് തന്റെ വെളുത്തതും കറുത്തതുമായ രണ്ടുതലമുടികളെപ്പറിച്ചെടുക്കുകയുംചെയ്തു് ദയാശ്രുക്കളൊഴുകുന്ന കണ്ണുകളെക്കൊണ്ടു് അവരെ കടാക്ഷിച്ചുകൊണ്ടു മറഞ്ഞു.

പ. കേശൌ കേശവസീരിണാവഭവതാം
തൌപാണ്ഡവപ്രീതയേ
ചത്വാരോപ്യഭവൻ പുരാണഹരയോ
ധൎമ്മാത്മജാദ്യാ ഇമേ
ശക്രാംശസ്സനരാംശ ഏഷവിജയ
സ്സാംശക്രലക്ഷ്മീവൃതാ
പുണ്യശ്രീഭിരയോനിജാഹരിപരാ
നാളായണി ദ്രൌപദീ. 70

വ്യാ—(തൌ കേശൌ) ആ—ഭഗവാനാൽ പരാക്ഷിപ്തങ്ങളാ

യ (കേശൌ) രണ്ടുതലമുടികൾ (പാണ്ഡവപ്രീതയേ) പാണ്ഡവന്മാരുടെ പ്രീതിക്കായിക്കൊണ്ടു (കേശവസീരിണൌ) കൃഷ്ണരാമന്മാരായി (അഭവതാം) ഭവിച്ചു. (പുരാണഹരയഃ) കഴിഞ്ഞുപോയ കല്പങ്ങളിലെ ഇന്ദ്രന്മാർ (ധർമ്മാത്മജാദ്യാഃ) ധർമ്മപുത്രർതുടങ്ങിയ (ഇമേ ചത്വാരഃ അപി) ഈ നാലുപേരായും (അഭവൻ) ഭവിച്ചു. (സഃശക്രാംശഃ) ആ ഇന്ദ്രൻെറ അംശവും (സ നരാംശഃ) ആ നരൻ എന്ന അംശവും (ഏഷഃ വിജയഃ) ഈ അർജ്ജുനനായിട്ടു (അഭവൽ) ഭവിച്ചു. (സാ) മൌൽഗല്യപത്നിയും മുൻപറഞ്ഞ വിധം വരങ്ങളെ സമ്പാദിച്ചവളുമായി (ശക്രലക്ഷ്മീവൃതാ) ഇന്ദ്രന്മാരുടെ കാന്തിയാൽ യോജിക്കപ്പെട്ടവളും ആയ (നാളായണീ) നാളായണി (പുണ്യശ്രീഭിഃ) സുകൃതാധിക്യം ഹേതുവായിട്ട് (അയോനിജാ) യോനിയിൽജനിച്ചവളല്ലാത്തവളും (ഹരിപരാ) വിഷ്ണുഭക്തയുമായ (ദ്രൌപദീ) ദ്രൌപദിയായിട്ടും (അഭവൽ) ഭവിച്ചു.

സാ—ഭഗവാൻ ശ്രീനാരായണമഹർഷി പറിച്ചെടുത്ത രണ്ടു മുടികൾ പാണ്ഡവന്മാരെ സഹായിപ്പാൻ വേണ്ടി കൃഷ്ണനായും ബലഭദ്രനായും ഭവിച്ചു. പുരാണകല്പങ്ങളിലെ നാലിന്ദ്രന്മാർ ധർമ്മപുത്രർ, ഭീമസേനൻ, നകുലസഹദേവന്മാർ എന്നീ നിൽക്കുന്ന നാലുപേരായും തീൎന്നു. നവീനേന്ദ്രൻെറ അംശവും നരാംശവും ചേൎന്നു ലക്ഷം ഭേദിച്ച ഈ അർജ്ജുനനായും ഭവിച്ചു. മൌൽഗല്യപത്നിയും മുൻപറഞ്ഞ വരങ്ങളെ സമ്പാദിച്ചവളും പഞ്ചേന്ദ്രന്മാരുടെ ലക്ഷ്മിചേൎന്നവളും ആയ നാളായണി പൂർവ്വജന്മാർജ്ജിതസുകൃതസഞ്ചയങ്ങളെക്കൊണ്ട് അയോനിജയും വിഷ്ണുഭക്തയുമായ പാഞ്ചാലിയായും ഭവിച്ചു.

പ. ഇത്ഥംഹരാനുഗ്രഹവേദവാക്യാ-
ദിയം വധൂഃപഞ്ചവരോപലബ്ധ്യാ
കഥാമപീമാംമമശങ്കസേചേ-
ദ്ദദാമി ദിവ്യം തവ ഭോ! ചക്ഷുഃ" 71

വ്യാ—(ഇത്ഥം) ഇപ്രകാരമുള്ള (ഹരാനുഗ്രഹവേദവാക്യാൽ) പരമേശ്വരൻെറ അനുഗ്രഹമാകുന്ന വേദവാക്യം ഹേതുവായിട്ട്

(ഇയം വധൂഃ) ഈ കന്യകാ (പഞ്ചവരോപലഭ്യാ) അഞ്ചുവരന്മാരാൽ വിവാഹം ചെയ്യപ്പെടേണ്ടവളാകുന്നു. (ഇമാം കഥാം അപി) ഈ കഥയേയും (ശങ്കസേചേൽ) അങ്ങുശങ്കിക്കുന്നു എങ്കിൽ (ഹേ ഭൂപ) അല്ലയോരാജൻ (തവ) അങ്ങേക്ക് (ദിവ്യം) ദിവ്യമായ (ചക്ഷുഃ) നയനത്തെ (ദദാമി) തരുന്നു.

സാ—ഇപ്രകാരം പരമശിവൻ പറഞ്ഞനുഗ്രഹിച്ചിരിക്കകൊണ്ട് അങ്ങയുടെ പുത്രിയായ ഈ വധുവിനെ അഞ്ചുവരന്മാർ നിശ്ചയമായും വിവാഹം ചെയ്യണം. പരമേശ്വരൻ പറഞ്ഞാൽ അതുവേദവാക്യമാണല്ലോ—എല്ലാററിലും വെച്ചുമുഖ്യമായ പ്രമാണമാണല്ലോ. കുന്തിവാക്യവും ധർമ്മജാദികളുടെ മനോഗതിയും നോക്കുമ്പോൾ തന്നെ അങ്ങേക്കു ശങ്കക്കുവഴിയില്ല. പുറമേ ഞാൻ ഈ പുരാണകഥയും പറഞ്ഞു. ഇതും അസത്യമാണെന്ന് അങ്ങു സംശയിക്കുന്നുണ്ടെങ്കിൽ അല്ലയോ രാജാവ് ഞാൻ അങ്ങേക്കു ദിവ്യചക്ഷുസ്സിനെ തരാം. അതുകൊണ്ടുനോക്കുക."

പ. ഇതീരിതേ സോഽഥനിരീക്ഷ്യപുത്രീം
നാളായനീമേവ രമാസമേതാം
മഹൗജസഃ പാണ്ഡവാനപിചഞ്ചശക്രാൻ
മുനേഃ പപാതദ്രുപദഃ പദാന്തേ. 72

വ്യാ—(വ്യാസേന—ശേ.) വ്യാസനാൽ (ഇതി ഈരിതേ) ഇപ്രകാരം പറയപ്പെട്ട സമയത്തിങ്കൽ (അഥ) താമസം കൂടാതെ (സഃ ദ്രുപദഃ) ആ—ദിവ്യചക്ഷുസ്സിനെ ലഭിച്ച ദ്രുപദൻ (പുത്രീം) പുത്രിയെ (രമാസമേതാം) ശുക്രലക്ഷ്മിയോടുകൂടിയ (നാളായനീം ഏവ) നാളയനിയായിട്ടുതന്നെയും (താൻ പഞ്ച) പാണ്ഡവന്മാരെ അഞ്ചുപേരേയും (മഹൗജസഃ) മഹാതേജസ്വികളായ (ശക്രാൻ ഏവ) ഇന്ദ്രന്മാരായിട്ടു തന്നെയും (നിരീക്ഷ്യ) കണ്ടിട്ട് (മുനേഃ) വ്യാസമഹർഷിയുടെ (പദാന്തേ) കാൽതട്ടത്തിൽ (പപാത) വീണു.

സാ—വേദവ്യാസമഹർഷി ഇപ്രകാരം പറഞ്ഞ ഉടനെ ദിവ്യചക്ഷുസ്സിനെ ലഭിച്ച ദ്രുപദൻ തൻെറ പുത്രി പാഞ്ചാലിയെ ശുക്രലക്ഷ്മിയോടുകൂടിയ നാളായനി തന്നെയായും, പാണ്ഡവന്മാരെ അഞ്ചുപേരേയും മഹാ തേജസ്വികളായ ഇന്ദ്രന്മാർതന്നെ

യായും കണ്ട് വിസ്മയബഹുമാനപരതന്ത്രനായി മഹർഷിയുടെ
കാക്കൽ വീണു.

ഗ. തദോ അമഹീവഇസമ്മദിമുഹേണ സമ്മുദി എസു സ
അളേസു മണോരഹംകുരഭംഗസംകാണിവുത്തി കിദത്ഥീ
കിദേസുവഹുവരേസു "അജ്ജ എവ്വരോഹിണീഅ ഉവ്വാ
ഹമംഗള"ത്തി ബാദരാ അണോവദേസേണ സമുഗ്ഘോ
സി ഓസ്സവകോളാഹളേ പുരവരേ ഭോജണസ്സതപ്പ അസ്സ
തധന്നായന്തഭൂസുരഉളനിരന്തരേസു ഘരന്തരേസു കരേ
ഹിഅഏ അ ണിബദ്ധകോദുഏസു ഭൂസണവിസേസഭൂ
സി എസു വിവിഹവിദരണമുദിഅഭൂസുരവരവിഹിദാ
സിവ്വ അണേസു പഞ്ചാളരാഏണ സാദരം ഉവ്വാഹഗേ
ഹം ഉവണിഅരഅണാസണണിവേസി എസു കുരുഉള
വീരേസു കുസളവഹു അണപരിഭൂസി ആമിണി അഭാ
സാ ഭൂസണാണി ഏവ്വ ഭൂസഅന്തീ മന്ദം മന്ദം ഉപഗമി
അപിയപഞ്ചഅസമീവണിസണ്ണാ ജണ്ണസേണീ സരപഞ്ച
അസവിഹണിഹി അവ്വകുസുമചാവകേം അണ്ഡളഭാ ഉ
ദ്ദപഞ്ച അപരിമിളിദവ്വ കുസുമജ്ജാണസിരീ ഭവല്പമാണ
പഞ്ചമാദഞ്ചി അവ്വ അപ്പവിആരവിജ്ജാപാണപഞ്ച അ
പരിദവ്വ ചേദണാ അഹി അദരം രാജേ ഇ. 73

(ഛാ). തതശ്ച മഹീപതിസമ്മതിമുഖേന സമ്മുദിതേഷു സ
കലേഷു മനോരഥാങ്കുരഭംഗശങ്കാനിവൃത്തികൃതാർത്ഥീകൃതേ
ഷു വധൂവരേഷു "അദ്യൈവരോഹിണ്യാമുദ്വാഹമംഗള"
മിതി ബാദരായണോപദേശേന സമുദ്ഘോഷിതോത്സവ
കോലാഹലേ പുരവരേ ഭോജനസ്യാൽപയസ്യധാനസ്യദ്ഭൂ
സുരകുലനിരന്തരേഷു ഗൃഹാന്തരേഷു കരേഹൃദയേ ച നി
ബദ്ധകൌതുകേഷു ഭൂഷണവിശേഷഭൂഷിതേഷു വിവിധവി
തരണമുദിതഭൂസുരവരവിഹിതാശീർവ്വചനേഷു പാഞ്ചാല
രാജേന സാദരമുദ്വാഹഗേഹമുപനീയരത്നാസനനിവേശി
തേഷു കുരുകുലവീരേഷു കുശലവധൂജനപരിഭൂഷിതാപിനി

ജഭാസാ ഭൂഷണാന്യേവഭൂഷയന്തീ മന്ദംമന്ദമുപഗമ്യപ്രിയപ
ഞ്ചകസമീപനിഷണ്ണായാജ്ഞസേനീശരപഞ്ചകസവിധനി
ഹിതേവ കുസുമചാപകോദണ്ഡലതാ ജ്ഞൂപഞ്ചകപരിമി
ളിതേവകുസുമോദ്യാനശ്രീഭാവപ്രമാണ പഞ്ചകോദഞ്ചിതേ
വാത്മവിചാരവിദ്യാപ്രാണപഞ്ചകപരീതേവചേതനാ അ
ധികതരമരാജൽ. 74

വ്യാ— (തതശ്ച) അനന്തരമാകട്ടെ (മഹീപതിസമ്മതിമുഖേന) ദ്രുപദരാജാവിൻെറ സമ്മതിയാകുന്നനിമിത്തം ഹേതുവായിട്ട് (സകലേഷു) എല്ലാവരും (സമ്മുദിതേഷു) ഏററവും തൃപ്തന്മാരായിരിക്കുംസമയത്തിങ്കൽ (വധൂവരേഷു) വധുവും വരന്മാരും (മനോരഥാങ്കുരഭംഗശങ്കാനിവൃത്തികൃതാർത്ഥീകൃതേഷു) മനോരഥത്തിൻെറ മുളയുടെ നാശത്തിലുള്ള സംശയത്തിൻെറ നിവൃത്തി ഹേതുവായിട്ട കൃതാർത്ഥന്മാരായി ഭവിച്ചിരിക്കുംസമയത്തിങ്കൽ (അദ്യ ഏവ) ഇന്നുതന്നെ (രോഹിണ്യാം) രോഹിണീനക്ഷത്രത്തിൽ (വിവാഹമംഗളം) വിവാഹമാകുന്ന മംഗളകർമ്മം (അസ്തു ശേഷഃ) ഭവിക്കട്ടെ (ഇതി) എന്നിപ്രകാരമുള്ള (ബാദരായണോപദേശേന) വ്യാസൻെറ ഉപദേശം ഹേതുവായിട്ട (പുരവരേ) ശ്രേഷ്ഠമായ പാഞ്ചാലപുരം (സമുദ്ഘോഷിതോത്സവകോലാഹലേ) വഴിപോലെ ഉദ്ഘോഷിക്കപ്പെട്ട വിവാഹോത്സവത്തിൻെറ കോലാഹലത്തോടുകൂടിയതായിരിക്കുംസമയത്തിങ്കൽ (ഗൃഹാന്തരേഷു) ഗൃഹാന്തർഭാഗങ്ങൾ (ഭോജനസ്പൃൽപയസ്പൃദ്ധനസ്പൃദ്ഭൂസുരകുലനിരന്തരേഷു) ഭോജനത്തെ ആഗ്രഹിക്കുന്നവരും ജലത്തെ—പേയത്തെ ആഗ്രഹിക്കുന്നവരും ധനത്തെ ആഗ്രഹിക്കുന്നവരുമായ ബ്രാഹ്മണരുടെ സമൂഹംകൊണ്ടു നിറഞ്ഞിരിക്കുംസമയത്തിങ്കൽ (കുരുകുലവീരേഷു) കുരുവംശവീരന്മാർ—പാണ്ഡവന്മാർ (കരേഹൃദയേ ച) കയ്യിന്മേലും മനസ്സിലും (നിബദ്ധകൌതുകേഷു) കെട്ടപ്പെട്ട, ചേൎന്ന എന്നും കൌതുകത്തോടു—വിവാഹസൂത്രത്തോടു, കുതൂഹലത്തോടു എന്നും—കൂടിയവരായി (ഭൂഷണവി

ശേഷഭൂഷിതേഷു)വിശേഷപ്പെട്ട പലതരം ഭൂഷണങ്ങളെക്കൊണ്ട് അലംകൃതന്മാരായി (വിവിധ വിതരണ മുദിതഭൂസുരവരവിഹിതാശീർവ്വചനേഷു)പല വസ്തുക്കളുടെ ദാനം ഹേതുവായിട്ട് സന്തുഷ്ടന്മാരായ ബ്രാഹ്മണോത്തമന്മാരാൽ കൊടുക്കപ്പെട്ട ആശീർവ്വാദങ്ങളോടുകൂടിയവരായി(പാഞ്ചാലരാജേന)പാഞ്ചാലരാജാവിനാൽ (സാദരം)ആദരവോടുകൂടുംവണ്ണം(വിവാഹഗേഹം) വിവാഹത്തിന്നായിക്കൊണ്ടുള്ള ഗൃഹത്തെ(ഉപനീയ)പ്രാപിപ്പിച്ചിട്ട് (രത്നാസനനിവേശിതേഷു) രത്നങ്ങൾ അമൎത്തിയ പീഠങ്ങളിൽ ഇരുത്തപ്പെട്ടവരായിരിക്കും സമയത്തിങ്കൽ (യാജ്ഞസേനീ) പാഞ്ചാലി (കുശലവധൂജനപരിഭൂഷിതാ അപി) സാമൎത്ഥ്യമുള്ള യുവതീജനത്താൽ വഴിപോലെ അലങ്കരിക്കപ്പെട്ടവളാണെങ്കിലും (നിജഭാസാ) തന്റെ കാന്തികൊണ്ടു (ഭൂഷണാനി ഏവ) അലങ്കാരങ്ങളെത്തന്നെ (ഭൂഷയന്തീ) അലങ്കരിച്ചുകൊണ്ട് (മന്ദം മന്ദം) പതുക്കെപ്പതുക്കെ (ഉപഗമ്യ)വന്നിട്ട് (പ്രിയപഞ്ചകസമീപനിഷണ്ണാ (അഞ്ചു പ്രിയന്മാരുടെ സമീപത്തിൽ ഇരുന്നവളായിട്ട് (ശരപഞ്ചകസവിധനിഹിതാ) അഞ്ചു ശരങ്ങളുടെ സമീപത്തിൽ വെച്ചിരിക്കുന്ന (കുസുമചാപകോദണ്ഡലതാ ഇവ) മലർവില്ലന്റെ പ്രശസ്തമായ വില്ലുപോലേയും (ഋതുപഞ്ചകപരിമിളിതാ) ഹേമന്തമൊഴിച്ച്—അഞ്ചു ഋതുക്കളോടു ചേൎന്നിരിക്കുന്ന (കുസുമോദ്യാനശ്രീഃ ഇവ) പൂങ്കാവിന്റെ കാന്തിപോലേയും (ഭാവപ്രമാണപഞ്ചകോദഞ്ചിതാ) അഞ്ചു ഭാവങ്ങളായ പ്രമാണങ്ങൾ—അഭാവപ്രമാണമായ അനുപലബ്ധിയൊഴിച്ച്- പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അൎത്ഥാപത്തി എന്നീ അഞ്ചു പ്രമാണങ്ങളേക്കൊണ്ടു ശോഭിക്കുന്ന (ആത്മവിചാരവിദ്യാ ഇവ) വേദാന്തവിദ്യപോലേയും (പ്രാണപഞ്ചകപരീതാ) അഞ്ചു പ്രാണങ്ങളോടുകൂടിയ (ചേതനാ ഇവ) ജീവൻപോലെയും (അധികതരം) ഏറ്റവും അധികം (അരാജൽ) ശോഭിച്ചു.

സാ—പിന്നെ ദ്രുപദൻ സമ്മതിച്ചു എന്നു കണ്ടപ്പോൾ അവിടെ കൂടിയിരുന്ന മറ്റെല്ലാവരും വളരെ തൃപ്തന്മാരായി.

ആ വധൂവരന്മാരും, തങ്ങളുടെ മനോരഥം മുളയിൽതന്നെ നശിക്കുമോ എന്നുള്ള സംശയം തീൎന്നുകൊണ്ട് കൃതാൎത്ഥന്മാരായി. ആ സമയം, "ഇന്നുതന്നെ രോഹിണീനക്ഷത്രത്തിൽ വിവാഹമംഗളം നടക്കട്ടെ" എന്നിങ്ങനെ വേദവ്യാസമഹൎഷിയുടെ ഉപദേശം അനുസരിച്ച് പാഞ്ചാലനഗരത്തിൽ വിവാഹോത്സവം കൊണ്ടാടിത്തുടങ്ങി. സ്വതെതന്നെ വിശേഷപ്പെട്ട ആ നഗരം വിവാഹാലങ്കാരം കഴിഞ്ഞ് ആഘോഷംകൂടി ആരംഭിച്ചപ്പോൾ എന്തെന്നില്ലാതെ മോടിതേടി. ചതുൎവ്വിധമായ ഭക്ഷണത്തെക്കൊതിച്ചും, പലതരം പേയങ്ങളെ ആഗ്രഹിച്ചും, ധനത്തിൽ ആശപൂണ്ടും വന്നിട്ടുള്ള അസംഖ്യം ബ്രാഹ്മണരെക്കൊണ്ട് ഗൃഹാന്തൎഭാഗങ്ങൾ നിറഞ്ഞു. കുരുകുലവീരന്മാരായ പാണ്ഡവന്മാർ തരത്തിൽ കാപ്പുകെട്ടി. സന്തോഷംകൊണ്ട് അവരുടെ ഹൃദയം നിറഞ്ഞു. പലതരം വിശേഷപ്പെട്ട ആഭരണങ്ങളെ അണിഞ്ഞു. വിവിധവസ്തുക്കളെ ദാനംചെയ്യുതുനിമിത്തം സംതൃപ്തന്മാരായ ഭൂസുരോത്തമന്മാരുടെ ആശീൎവ്വാദങ്ങളെ കയ്യേറു. അതിന്റെശേഷം പാഞ്ചാലരാജാവ് അവരെ ആദരവോടെ വിവാഹഗൃഹത്തിൽ കൊണ്ടുപോയി രത്നങ്ങൾ അമൎത്തിയ സിംഹാസനങ്ങളിൽ ഇരുത്തി. ഇത്രയും കഴിഞ്ഞപ്പോൾ കരകൗശലവും മനോധൎമ്മവും തികഞ്ഞ നെടുമംഗല്യമുള്ള യുവതികളാൽ വഴിപോലെ അലംകൃതയാണെങ്കിലും പാഞ്ചാലി തന്റെ സ്വാഭാവികകാന്തികൊണ്ട് അലങ്കാരങ്ങളെത്തന്നെ അലങ്കരിച്ചുകൊണ്ടു വളരെ സാവധാനത്തിൽ നടന്നുവന്നു പ്രിയന്മാർ അഞ്ചുപേരുടെ സമീപത്തിൽ ഇരുന്നു. അപ്പോൾ അവൾ അഞ്ചു ശരങ്ങളുടെ അടുത്തു വെച്ചിരിക്കുന്ന കാമദേവന്റെ ചാപലതപോലെയും, അഞ്ചു ഋതുക്കളോടു ചേൎന്നിരിക്കുന്ന പൂങ്കാവിന്റെ ശ്രീപോലെയും, അഞ്ചു ഭാവപ്രമാണങ്ങളോടുകൂടിയ വേദാന്തവിദ്യപോലെയും, അഞ്ചു പ്രാണങ്ങളോടുചേൎന്ന ചേതനപോലെയും മുമ്പിലത്തേക്കാൾ ഏററവും അധികം വിളങ്ങി.

"വധൂവരേഷു"—പാഞ്ചാലിക്കും അഞ്ചു വരന്മാരേ വരിക്കുന്നതിൽ മുമ്പുതന്നെ അഭിനിവേശം ഉണ്ടായിരുന്നു എന്നു ദ്യോ

തിപ്പിക്കുന്നു. "ഭോജനസ്യൽ..." "സർവ്വപ്രാതിപദികേഭ്യഃ സു ഗസ്സുകൌ ലാലസായാം" എന്നുള്ളതുകൊണ്ടു സുഗസ്സുക്കുകളുടെ വിധാനം ഹേതുവായിട്ടും "അശനായോദന്യ..." എന്നു നിപാതനം ഹേതുവായിട്ടും സാധുത്വം. "കുശലവധൂജനപരിഭൂഷിതാപി" പാഞ്ചാലിക്കു ശോഭകൂടണം എന്നുദ്ദേശിച്ചാണ് അവളെ അലങ്കരിച്ചത് എങ്കിലും അവളുടെ ശരീരസംസർഗ്ഗംകൊണ്ട് ആഭരണങ്ങൾക്കാണ് ശോഭ ഇരട്ടിച്ചത്. കാരണം, ഉണ്ടാകാവുന്നിടത്തോളം കാന്തി സ്വതേതന്നെ പാഞ്ചാലിക്കുണ്ടായിരുന്നു. അതുകൊണ്ട് അവൾക്ക് ആഭരണങ്ങൾ ആവശ്യമായിരുന്നില്ല. ഈ വിരോധം അപിശബ്ദംകൊണ്ടു സൂചിപ്പിക്കുന്നു. "ഋതുപഞ്ചക..." ഹേമന്തത്തിൽ മിക്കവാറും പുഷ്പങ്ങൾ കുറവാകയാൽ അതിനെ പരിത്യജിച്ചു. ശിശിരഹേമന്തങ്ങളെ ഒന്നിച്ചുചേർത്തു പറഞ്ഞു എന്നും പറയാം.

ഉപമകളെക്കൊണ്ട് ആനുരൂപ്യം സകലകർമ്മങ്ങളിലും പരസ്പരസഹകാരിതാ മുതലായവക്കു പുറമെ ആദ്യത്തെ രണ്ടുപമകൊണ്ടു തനിക്കുചിതമായ ധർമ്മകാര്യത്തിലുള്ള സാമർത്ഥ്യവും തന്റെ ലാവണ്യത്തിന്റെ ചാരിതാർത്ഥ്യവും ധ്വനിക്കുന്നു. ഒടുക്കത്തെ രണ്ടുകൊണ്ട് അവസാനത്തിൽ പരമപദപ്രാപ്തിയും, ഐഹിക സുഖാനുഭൂതികൊണ്ടുള്ള ജന്മസാഫല്യവും ധ്വനിക്കുന്നു. "പ്രാണപഞ്ചക..." പ്രാണൻ ഒന്നുതന്നെയാണ് സ്ഥാനഭേദംകൊണ്ടും പ്രവൃത്തിഭേദംകൊണ്ടും അപാനാദി ശബ്ദങ്ങളെക്കൊണ്ടു വ്യവഹരിക്കപ്പെടുന്നത്.

ഗ. തതശ്ച കൃഷ്ണദ്വൈപായനേ കൃഷ്ണവർത്മനി ച സാക്ഷി
ണി ധൌമ്യകൃതഹോമകർമ്മാ ധാർമ്മികോത്തമോ ധർമ്മസൂത
സ്സ്വയമയാഥാംകഥാപഹസ്തിതവിത്തസഞ്ചയസൌവസ്തികീ-
കൃതസമസ്തബാന്ധവ്യാം മംഗളക്രിയാമുപാക്രമത. 75

വ്യാ—(തതശ്ച) പിന്നീടാകട്ടെ (കൃഷ്ണദ്വൈപായനേ) വേദവ്യാസനും (കൃഷ്ണവർത്മനി ച) അഗ്നിയും (സാക്ഷിണി) സാക്ഷിയായിരിക്കും സമയത്തിങ്കൽ (ധാർമ്മികോത്തമഃ) ധാർമ്മികന്മാ

രിൽവെച്ച് ഉത്തമനായിരിക്കുന്ന (ധൎമ്മസുതഃ) ധൎമ്മസുതൻ (സ്വയം) താൻതന്നെ, (അയഥാകഥാചഹസ്ത്യവിത്തസഞ്ചയസൌവസ്തികീകൃതസമസ്തബാഡവ്യം) യഥാകഥാചാനാദരേണ ദീയതേ ഇതി യാഥാകഥാചം. തന്നഭവതീത്യയഥാകഥാചം. ഹസ്തേന ദീയതേ ഇതി ഹസ്ത്യം. "തേനയഥാകഥാചഹസ്താഭ്യാം ണയതാ"വിതി ക്രമേണ ണയതൌ. ആദരവോടുകൂടി കൊടുത്തതും കൈകൊണ്ടു കൊടുത്തതുമായ ധനസമൂഹംകൊണ്ടു സ്വസ്തിവചനത്തെ ചെയ്യുന്നവരാക്കിച്ചെയ്യപ്പെട്ട ("ദ്വാരാദീനാം ച" ഇത്യൈച്) ബ്രാഹ്മണസമൂഹത്തോടുകൂടിയ ("ബ്രാഹ്മണമാണവബാഡവാദ്യൻ" ഇതി യൻ പ്രത്യയ) (മംഗളക്രിയാം) മംഗളമായ ക്രിയയെ (ധൌമ്യകൃതഹോമകൎമ്മാ) ധൌമ്യനാൽ ചെയ്യപ്പെട്ട ഹോമകൎമ്മത്തോടുകൂടിയവനായിട്ട് (ഉപക്രാമത) ആരംഭിച്ചു.

സാ—വധൂവരന്മാർ വിവാഹമണ്ഡപത്തിൽ പീഠങ്ങളിൽ ഇരുന്നതിന്നശേഷം വേദവ്യാസമഹൎഷിയും അഗ്നിയും സാക്ഷിയായിരിക്കെ ധാൎമ്മികോത്തമനായ ധൎമ്മപുത്രർ താൻതന്നെ വളരെ ആദരവോടുകൂടി കൈകൊണ്ടെടുത്തു കൊടുത്ത അസംഖ്യം ധനംകൊണ്ടു ബ്രാഹ്മണരെ ആസകലം തൃപ്തിപ്പെടുത്തി അവരിൽനിന്ന് ആശീൎവ്വാദങ്ങളെ വാങ്ങി മംഗളക്രിയ ആരംഭിച്ചു. ഹോമകൎമ്മം ചെയ്യുന്നതിന്നു പുരോഹിതനായി ധൌമ്യമുനിയായിരുന്നു.

പ. കരം ഗ്രഹീഷ്യന്നഖിലം ധരണ്യാം
ശുഭേദിനേ പ്രക്രമകാംക്ഷയേവ
നരേന്ദ്രപുത്ര്യാ നവരത്നദീപ്തം
കരന്നരേന്ദ്രോ ജഗൃഹേ തദാനീം. 76

വ്യാ—(നരേന്ദ്രഃ) രാജാവ്-ധൎമ്മപുത്രർ (ധരണ്യാം) ഭൂമിയിൽ (അഖിലം) ഒട്ടൊഴിയാതെയുള്ള (കരം) കപ്പത്തെ-ഹസ്തത്തെ എന്നും (ഗ്രഹീഷ്യൻ) വാങ്ങുവാൻ പോകുന്നവനായിട്ട് (ശുഭേ ദിനേ) നല്ല ദിവസത്തിൽ (പ്രക്രമകാംക്ഷയാ ഇവ) ആരംഭിക്കുന്നതിലുള്ള ആഗ്രഹം ഹേതുവായിട്ടോ എന്നു തോന്നുമാ

റ് (നരേന്ദ്രപുത്ര്യാഃ) രാജപുത്രിയുടെ_പാഞ്ചാലിയുടെ (നവരത്നദീപ്തം) ഒമ്പതുവിധം രത്നങ്ങളെക്കൊണ്ടു തിളങ്ങുന്ന (കരം) കയ്യിനെ, കപ്പത്തെ എന്നും (തദാനീം) അപ്പോൾ (ജഗൃഹേ) ഗ്രഹിച്ചു.

സാ—മഹാരാജാവ് ധർമ്മപുത്രർ കങ്കണാദികളിലുള്ള നവരത്നങ്ങളെക്കൊണ്ടു തിളങ്ങുന്ന പാഞ്ചാലരാജകുമാരിയുടെ കരത്തെ ഗ്രഹിച്ചു. ഇതുകണ്ടാൽ, താൻ ഇനി ചക്രവർത്തിയായി ഭൂമിയിൽ ഒട്ടാകെയുള്ള കരം മുഴുവൻ ഗ്രഹിപ്പാൻപോകുന്നതു നല്ലദിവസത്തിൽ ആരംഭിക്കണം എന്നുദ്ദേശിച്ചുംകൊണ്ടോ ഇപ്പോൾ ഇങ്ങിനെ ചെയ്തത് എന്നു തോന്നും.

'നരേന്ദ്രപുത്ര്യാഃ'—ആദ്യം രാജസംബന്ധിയുടെ അടുത്തുനിന്നു കപ്പം വാങ്ങുന്നത് യുക്തമാണെന്നു ഭാവം. 'നവരത്നദീപ്തം'— ആദ്യം വാങ്ങുന്ന കരം നവരത്നമായതും നന്നായി.

പ കൃശാനുമദ്ധ്യേ ജുഹവാംബഭൂവ
കിന്നാമസാ ലാജമിഷാൽ കൃശാംഗീ
യശഃകണാൻ വാ ധൃതരാഷ്ട്രജാനാം
സ്മയശ്രിയോ വാ രിപുസുന്ദരീണാം. 77

വ്യാ—(സാ കൃശാംഗീ) ആ തന്വംഗി_പാഞ്ചാലി (ലാജമിഷാൽ) മലര് എന്ന വ്യാജം ഹേതുവായിട്ട് (ധൃതരാഷ്ട്രജാനാം) ധൃതരാഷ്ട്രപുത്രന്മാരുടെ_ദുര്യോധനാദികളുടെ(യശഃകണാൻ വാ) യശസ്സിന്റെ ശകലങ്ങളേയോ (രിപുസുന്ദരീണാം) ശത്രുഭാര്യമാരുടെ (സ്മയശ്രിയഃ വാ) ഗർവ്വിന്റെ ശ്രീയേ_ആധിക്യത്തെയോ (കൃശാനുമദ്ധ്യേ) അഗ്നിമദ്ധ്യത്തിൽ (കിന്നാമജുഹവാംബഭൂവ) ഹോമിച്ചത്.

സാ—കൃശാംഗിയായ പാഞ്ചാലി ലാജഹോമം ചെയ്തു. ഇതുകണ്ടാൽ മലർ എന്ന വ്യാജേന ദുര്യോധനാദികളുടെ യശശ്ശകലങ്ങളേയോ ശത്രുഭാര്യമാരുടെ, ഭർത്താക്കന്മാർ ജീവിച്ചിരിക്കുമ്പോഴുള്ള ഗർവ്വാധിക്യത്തേയോ അഗ്നിയിൽ ഹോമിക്കുകയായിരിക്കുമോ എന്നു സംശയം തോന്നിപ്പോകും.

ധാർത്തരാഷ്ട്രന്മാരുടെ കീർത്തിയും, ഭർത്താക്കന്മാർ മരിച്ച ശത്രുസ്ത്രീകളുടെ ഗർവ്വവും ഉടനെ നശിക്കുമായെന്നു ഭാവം.

പ. തതസ്സഭാര്യോ നൃപതിഃകൃശാനു-
പ്രദക്ഷിണീകാരവിധിച്ഛലേന
ഉപേക്ഷയാ ഖിന്നമുദേഷ്യമാണം
പ്രസാദയാമാസനു ശൌര്യവഹ്നിം. 78

വ്യാ—(തതഃ) അനന്തരം (നൃപതിഃ) ധർമ്മപുത്രർ (സഭാര്യ്യഃ) ഭാര്യ്യയോടുകൂടിയവനായിട്ട് (കൃശാനുപ്രദക്ഷിണീകാരവിധിച്ഛലേന) അഗ്നിയുടെ(കർമ്മണി) പ്രദക്ഷിണം വെക്കലിൻെറ വിധാനം എന്ന വ്യാജേന (ഉപേക്ഷയാ) അനാസ്ഥ ഹേതുവായിട്ട് (ഖിന്നം) ഖേദത്തോടുകൂടിയ-പ്രകാശിക്കാതെ കിടന്നിരുന്ന (ശൌര്യവഹ്നിം) ശൌര്യമാകുന്ന വഹ്നിയെ (ഉദേഷ്യമാണം) വർദ്ധിപ്പാൻ പോകുന്നതാക്കി (പ്രസാദയാമാസനു) പ്രസാദിപ്പിച്ചുവോ എന്നു തോന്നും.

സാ.—ലാജഹോമം കഴിഞ്ഞിന്നുശേഷം ധർമ്മപുത്രർ ഭാര്യ്യയോടുകൂടി അഗ്നിയെ പ്രദക്ഷിണം വെച്ചു. ഇതു കണ്ടാൽ അനാസ്ഥഹേതുവായിട്ട് പ്രകാശിക്കാതെ കിടന്നിരുന്ന തൻെറ ശൌര്യാഗ്നിയെ, പെട്ടെന്നു വർദ്ധിക്കുവാൻവേണ്ടി വലംവെച്ച് ഉപേക്ഷാദോഷത്തെ ക്ഷമാപണം ചെയ്തു പ്രസാദിപ്പിക്കുകയാണൊ എന്നു തോന്നും.

പ. "നജാതുഗൃഹ്ണാമ്യപരസ്യപാദ-
മിതീവശംസൻപരിസംഖ്യയാസൌ
അശ്മാക്രമായദ്രുപദാത്മജായാ
ജഗ്രാഹപാദൌ കിലധർമ്മസൂനുഃ. 79

വ്യാ.—(അപരസ്യ) മററാരാളുടെ (പാദം) പാദത്തെ (ജാതു) ഒരിക്കലും (നഗൃഹ്ണാമി) ഞാൻ പിടിക്കുകയില്ല (ഇതി) എന്നിങ്ങനെ (പരിസംഖ്യയാകില) പ്രത്യേകഗ്രഹണംകൊണ്ടോ (ശംസൻഇവ) ബോധിപ്പിക്കുന്നവനോ എന്നു തോന്നുമാറ് (അസൌധർമ്മസൂനുഃ) ഈ ധർമ്മപുത്രർ (അശ്മാക്രമായ) കല്ല്—

അമ്മി ചവിട്ടുവാൻവേണ്ടി (ദ്രുപദാത്മജായാഃ) ദ്രുപദപുത്രിയുടെ (പാദൌ) കാലുകളെ (ജഗ്രാഹ) പിടിച്ചു.

സാ—അനന്തരം വീരനായ ധർമ്മപുത്രർ അമ്മി ചവിട്ടിക്കുവാൻവേണ്ടി പാഞ്ചാലിയുടെ കാലുകൾ പിടിച്ചു. ഇതു കണ്ടാൽ "ഞാൻ ഒരിക്കലും മററൊരുവൻേറയോ മററൊരുത്തിയുടെയോ കാൽ പിടിക്കുകയില്ല" എന്ന് പാഞ്ചാലീപാദങ്ങളെ വിശിഷ്യ ഗ്രഹിച്ച് അറിയിക്കുകയാണോ എന്നു തോന്നും.

'അപരസ്യ'—പരാജയംകൊണ്ടു മററൊരുവൻെറ പ്രണയകോപശാന്തിക്കായി മററൊരുവളുടെ. അന്യന്നടിമപ്പെടുകയോ അന്യസ്ത്രീയെക്കാമിക്കുകയോ ഇല്ലെന്നഭിപ്രായം. വീരൻ എന്നത്ഥത്തിലുള്ള അസൌ എന്ന പദവും ഇതിന്നനുഗുണമാകുന്നു. "പരിസംഖ്യയാ"—ഒന്നിലുള്ള വിധിക്ക് മററൊന്നിൽ നിഷേധാത്ഥകത്വം ഉണ്ട്. "പഞ്ചപഞ്ചനഖാഭക്ഷ്യാ" എന്നുള്ളതിന്നു അഞ്ചിനെ പ്രത്യേകം പറഞ്ഞതുകൊണ്ടു അഞ്ചിൽപെട്ടതല്ലാത്ത പഞ്ചനഖങ്ങളേ ഭക്ഷിക്കരുതെന്നു താല്പയ്യമുണ്ടല്ലോ. അതുപോലെ ദ്രൌപദീപാദഗ്രഹണത്തിന്ന് ഇതരപാദഗ്രഹണനിഷേധത്തിൽ താൽപയ്യമെന്നു ഭാവം.

പ. കത്തും ധ്രുവംശത്രുനിതംബിനീനാം
സീമന്തശോണാശ്മവിഹാരയോഗ്യം
അശ്മാനമാക്രാമദഭീക്ഷ്ണമസ്യാഃ
കരേണപത്യുശ്ചരണേഗൃഹീതഃ. 80

വ്യാ— (പത്യുഃ) ഭത്താവിൻെറ (കരേണ) കരത്താൽ (ഗൃഹീതഃ) പിടിക്കപ്പെട്ട (അസ്യാഃ) ഇവളുടെ (ചരണഃ) കാൽ (ശത്രുനിതംബിനീനാം) ശത്രുക്കളുടെ ഭാൎയ്യമാരുടെ (സീമന്തശോണാശ്മവിഹാരയോഗ്യം) തന്നെ—കേശരേഖയിലുള്ള ചുവപ്പുകല്ലുകളിൽ ക്രീഡിക്കു—പെരുമാററത്തിന്നു ഉചിതമാക്കി (കത്തും ധ്രുവം) ചെയ്യാനായിക്കൊണ്ടോ എന്നു തോന്നുമാറ് (അഭീക്ഷ്ണം) പിന്നെയും പിന്നെയും (അശ്മാനം) കല്ലിനെ (ആക്രാമൽ) ചവുട്ടി.

സാ— ഭർത്താവിൻെറ കൈകൊണ്ടു പിടിച്ചിരിക്കുന്ന പാഞ്ചാലിയുടെ കാൽ പല പ്രാവശ്യം കല്ലിന്മേൽ ചവുട്ടി. ഇതു കണ്ടാൽ; വിവാഹം കഴിഞ്ഞു ഭർത്താവ് ശത്രുക്കളെ ആസകലം ജയിച്ചാൽ അവരുടെ ഭാൎയ്യമാർ ഗത്യന്തരമില്ലാതെ ശരണാൎത്ഥിനികളായി തൻെറ കാക്കൽ വന്നുവീഴും. അപ്പോൾ അവരുടെ സീമന്തരേഖയിൽ അണിഞ്ഞിരിക്കുന്ന ചുവപ്പുകല്ലുകൾ; കാക്കൽ പതിക്കും. ദുഃഖം നിമിത്തം ധരിച്ചിരുന്ന ആഭരണങ്ങളിൽഉള്ള ശ്രദ്ധക്കുറവുകൊണ്ടും, തലമുടി അഴിയാവുന്നതുകൊണ്ടും കല്ലുകൾ ഊരിവീഴാമല്ലോ. അങ്ങിനെ വീഴുന്ന അനവധി കല്ലുകളിൽ അന്നു ചവിട്ടേണ്ടതായി വരുമ്പോൾ മൃദുക്കളായപാദങ്ങൾക്കു കല്ലിൻെറ കാഠിന്യം പെട്ടെന്നു സഹിപ്പാൻ ശക്തിയുണ്ടാകയില്ല എന്നുവെച്ച് കല്ലിൽ ചവുട്ടിക്കാഠിന്യം സഹിപ്പാനുള്ള സാമൎത്ഥ്യത്തെ മുമ്പുതന്നെ അഭ്യസിച്ചുണ്ടാക്കുകയാണോ എന്നു തോന്നും.

പ. ഇത്ഥം ചതുൎഭിഃകുരുരാജപുത്രൈ-
രഗ്രാഹിഘൎമ്മോദകശീകരാൎദ്രഃ
സമുച്ഛ്വസൽപുഷ്കരചാരുരസ്യാഃ
കരഃകരിണ്യാ ഇവ യൂഥനാഥൈഃ. 81

വ്യാ—(ഇത്ഥം) ഇപ്രകാരം (ചതുൎഭിഃകുരുരാജപുത്രൈഃ) ധൎമ്മപുത്രക്കു പുറമെ മററുള്ള നാലു പാണ്ഡവന്മാരും (ഘൎമ്മോദകശീകരാൎദ്രഃ) വിയൎപ്പുനീർതുള്ളികളെക്കൊണ്ടു നനഞ്ഞതും, ഉഷ്ണമായ തുമ്പിക്കയ്യിലെ വെള്ളത്തുള്ളികളെക്കൊണ്ടു നനഞ്ഞത് എന്നും (തുമ്പിക്കയ്യിലെ ജലം ഉഷ്ണമാണെന്നു പ്രസിദ്ധം) (സമുച്ഛ്വസൽപുഷ്കരചാരുഃ) നല്ലപോലെ വികസിച്ചിരിക്കുന്ന താമരപ്പൂപോലെ മനോഹരവും, ആയ ശ്വാസം വിടുന്നതായതുമ്പിക്കരത്തിൻെറ അഗ്രഭാഗംകൊണ്ടു മനോഹരം എന്നും (അസ്യാഃ) ഇവളുടെ (കരഃ) കൈ (യൂഥനാഥൈഃ) ആനത്തലവന്മാരാൽ (കരിണ്യാഃ) പിടിയാനയുടെ (കരഃ ഇവ) കൈ എന്നപോലെ (അഗ്രാഹി) പിടിക്കപ്പെട്ടു.

സാ—ആനത്തലവന്മാർ ഉഷ്ണമായ വെള്ളത്തുള്ളികളെ

ക്കൊണ്ടു നനഞ്ഞതും, ശ്വാസം വിടുന്നതുകൊണ്ട് ചഞ്ചലമായ അഗ്രഭാഗംകൊണ്ടു മനോഹരവുമായ പിടിയാനയുടെ തുമ്പിക്കയ്യിനെ എന്നപോലെ ഭീമാൎജ്ജുനനകുലസഹദേവന്മാരും മുൻപറഞ്ഞ പ്രകാരത്തിൽ സന്തോഷമായ വിയൎപ്പുനീൎത്തുള്ളികളെക്കൊണ്ട് ആൎദ്രവും വിടൎന്നിരിക്കുന്ന താമരപ്പൂപോലെ മനം കവരുന്നതുമായ പാഞ്ചാലിയുടെ കൈ പിടിച്ചു.

പ. നിവൃത്തനീരാജനമംഗളേഭ്യോ
നൃപോദദൌയൌതകമൎത്ഥരാശിം
ശതംരഥാനാം കരിണാംസഹസ്രം
തുരംഗമാനാമയുതഞ്ചതേഭ്യഃ. 82

വ്യാ — (നിവൃത്തനീരാജനമംഗളേഭ്യഃ) അവസാനിച്ച നീരാജനം — ആൎദ്രാക്ഷതാരോപണം — ആകുന്ന മംഗളകൎമ്മത്തോടു കൂടിയ (തേഭ്യഃ) പാണ്ഡവന്മാൎക്കായിക്കൊണ്ടു (നൃപഃ) പാഞ്ചാലരാജാവ് (യൌതകം) സ്ത്രീധനമായിട്ട് (അൎത്ഥരാശിം) അനവധിദ്രവ്യത്തേയും (രഥാനാം) തേരുകളുടെ (ശതം) നൂറിനേയും (കരിണാം) ആനകളുടെ (സഹസ്രം) ആയിരത്തേയും (തുരംഗമാനാം) കുതിരകളുടെ (അയുതം ച) പതിനായിരത്തേയും (ദദൌ) കൊടുത്തു.

സാ — നീരാജനം എന്ന മംഗളകൎമ്മം ചെയ്തു തീൎന്നതിന്നശേഷം പാഞ്ചാലൻ പാണ്ഡവന്മാൎക്ക് സ്ത്രീധനമായി, അസംഖ്യം ദ്രവ്യവും പുറമെ നൂറു തേരും, ആയിരം ആനകളേയും പതിനായിരം കുതിരകളേയും കൊടുത്തു.

പ. തദാദ്വിജാനാം വ്രജതാംമുഖേഷു
സ്വസ്ത്യുക്തിഭിഃ സ്വൎണ്ണഭരൈശ്ചകണ്ഠേ
യഥേഷ്ടഭുക്ത്യാജഠരേചജാതഃ
സാദപ്രകൎഷോവിദധേപ്രസാദം. 83

വ്യാ — (സ്വസ്ത്യുക്തിഭിഃ) സ്വസ്തിവചനങ്ങളേക്കൊണ്ടു (തദാ) അപ്പോൾ — വിവാഹാനന്തരം (വ്രജതാം) പോകുന്ന (ദ്വിജാനാം) ബ്രാഹ്മണരുടെ (മുഖേഷു) മുഖങ്ങളിലും (സ്വൎണ്ണഭരൈഃ) സ്വൎണ്ണാഭരണങ്ങളുടെ ഭാരങ്ങളേക്കൊണ്ട് (കണ്ഠേ ച) ക

ഴത്തിലും (യഥേഷ്ടഭുക്ത്യാ) ഇഷ്ടത്തിന്ന തക്കവണ്ണമുള്ള ഭക്ഷണം കൊണ്ടു (ജഠരേ ച) വയററിലും (ജാതഃ) ഉണ്ടായ (സാദപ്രകർഷഃ) ക്ഷീണാധിക്യം (പ്രസാദം) ആനന്ദത്തെ, പ്രകൃഷ്ടമായ സാദത്തെ ക്ഷീണത്തെ എന്നും (വിദധേ) ചെയ്തു.

സാ—വിവാഹം കഴിഞ്ഞ് അതിസന്തുഷ്ടന്മാരായി ബ്രാഹ്മണരാസകലം യാത്രയായി. ആസമയം, വധൂവരന്മാക്കും മററം വേണ്ടി കണക്കില്ലാതെ പറഞ്ഞ സ്വസ്തിവചനങ്ങളെകൊണ്ടു അവരുടെ മുഖത്തിലും, അത്യൌദാര്യനിധിയായ ദ്രുപദൻ ദാനംചെയ്തു അസംഖ്യം സ്വർണ്ണാഭരണങ്ങളേ അണിഞ്ഞിട്ടുള്ള ഭാരംകൊണ്ടു കഴുത്തിലും, യഥേഷ്ടമായ ഭക്ഷണം എന്തെന്നില്ലാതെ ചിലത്തിയതുകൊണ്ടു ഉദരത്തിലും ഉണ്ടായ ക്ഷീണാധിക്യം പാഞ്ചാലനേയും, പൌരന്മാരേയും, വധൂവരന്മാരേയും അത്യന്തം ആനന്ദിപ്പിച്ചു. വിചാരിച്ചത്—അല്ല, അതിലധികം ലഭിച്ചതുകൊണ്ട് ബ്രാഹ്മണക്കുള്ള അളവററ സന്തോഷം കണ്ട ഇവക്കും വളരേ സന്തോഷമായെന്നു താല്പര്യം.

സാദപ്രകർഷം— പ്രകൃഷ്ടമായ സാദത്തെ ചെയ്യുതു ഉചിതം തന്നെ.

പ. കൃഷ്ണാം വിവാഹ്യ സ ച കൃഷ്ണമുനിഃ പ്രതസ്ഥേ
കൃഷ്ണാജ്ഞയാ ച നഗരീം വിവിശുസ്തദാനീം
ശയ്യാവരായുധവിഭൂഷണവാഹനാദ്യാഃ
കുന്തീഭുവാം പരികരാസ്ത്രിജഗദ്ദുരാപാഃ. 84

വ്യാ—(കൃഷ്ണാം) പാഞ്ചാലിയെ (വിവാഹ്യ) വിവാഹം ചെയ്യിപ്പിച്ചിട്ട് (സഃ കൃഷ്ണമുനിഃ ച) ആ വേദവ്യാസമഹർഷിയും(പ്രതസ്ഥേ) പുറപ്പെട്ടു. (തദാനീം) അപ്പോൾ (കൃഷ്ണാജ്ഞയാ) ശ്രീകൃഷ്ണൻെറ ആജ്ഞ ഹേതുവായിട്ട് (കുന്തീഭുവാംകൃതേ) കുന്തീസുതന്മാക്കുവേണ്ടി (ത്രിജഗദ്ദുരാപാഃ) മൂന്നുലോകത്തിലും ദുല്ലഭങ്ങളായ (ശയ്യാവരായുധവിഭൂഷണവാഹനാദ്യാഃ) കിടക്ക, ഉത്തമങ്ങളായ ആയുധങ്ങൾ അലങ്കാരങ്ങൾ വാഹനങ്ങൾ മുതലായ (പരികരാഃ) ഉപകരണങ്ങൾ (നഗരീം) പാഞ്ചാലനഗരിയെ (വിവിശുഃ ച) പ്രാപിക്കയും ചെയ്തു.

സാ—പാഞ്ചാലിയെ വിവാഹംചെയ്യിപ്പിച്ച് ആ വേദവ്യാസമഹർഷിയും പോയി. പാണ്ഡവന്മാരാകട്ടെ. പാഞ്ചാലനഗരത്തിൽത്തന്നെ താമസിച്ചു. ഈ ഘട്ടത്തിൽ, നിരാശ്രയന്മാരായ അവക്കുവേണ്ടി ഭഗവാൻ ശ്രീകൃഷ്ണൻ ശയ്യ, ഉത്തമങ്ങളായ ആയുധങ്ങൾ, അലങ്കാരങ്ങൾ, വാഹനങ്ങൾ തുടങ്ങി മൂന്നുലോകത്തിലും ദുല്ലഭങ്ങളായ അനേകം ഉപകരണങ്ങളെ സമ്മാനമായിക്കൊടുത്തയച്ചു. ഭൃത്യന്മാർ കൊണ്ടുവന്ന് അവ പാഞ്ചാലത്തിൽ എത്തിച്ചേരുകയും ചെയ്തു.

"......സുഖിച്ചുവാഴുംകാലം ശ്രീവാസുദേവൻ ജഗന്നായകൻ........പ്രീതിപൂർവ്വമാവോളം ധനരത്നമാത്രസൽകാരം ചെയ്തു പടയും ഭണ്ഡാരവും"......ഇത്യാദി ഭാരതപങ്ക്തികൊണ്ടു ഇതു സ്പഷ്ടമാകുന്നു.

'കുന്തീഭുവാം'—നിരാശ്രയന്മാരായതുകൊണ്ടു ഭഗവാൻ പ്രത്യേകം ദൃഷ്ടിവെക്കേണ്ടവരാണെന്നു ദ്യോതിപ്പിക്കുന്നു.

പ. ത്രപാനതവിലോകനൈരഭിനവാനുരാഗാങ്കുരൈ-
രദത്തകളഭാഷിതൈസ്സഭയകൌതുകവ്യാകുലൈഃ
അമാനുഷഗുണോന്നതേർദ്രുപദകന്യകായാസ്തദാ
നവീനസുരതോത്സവൈർമ്മുമുദിരേ നരേന്ദ്രാത്മജാഃ. 85

വ്യാ—(തദാ) അപ്പോൾ (നരേന്ദ്രാത്മജാഃ) രാജപുത്രന്മാർ—പാണ്ഡവന്മാർ (അമാനുഷഗുണോന്നതേഃ) അമാനുഷമായ ഗുണങ്ങളുടെ ആധിക്യത്തോടുകൂടിയ (ദ്രുപദകന്യകായാഃ) പാഞ്ചാലിയുടെ (ത്രപാനതവിലോകനൈഃ) ലജ്ജ ഹേതുവായിട്ട് അധോമുഖങ്ങളായ നോട്ടങ്ങളോടുകൂടിയവയും (അദത്തകളഭാഷിതൈഃ) കൊടുക്കപ്പെടാത്ത ചാടുവാക്യങ്ങളോടുകൂടിയവയും (സഭയകൌതുകവ്യാകുലൈഃ) ഭയത്തോടുകൂടിയ അഭിലാഷത്താൽ വ്യാകുലങ്ങളായും—ആരംഭങ്ങളും നിവൃത്തങ്ങളും—(അഭിനവാനുരാഗാങ്കുരൈഃ) പുതിയ പുതിയ അനുരാഗത്തിന്റെ ആവിർഭാവത്തോടുകൂടിയവയും ആയ (നവീനസുരതോത്സവൈഃ) നവീനങ്ങളായിരിക്കുന്ന പരമാനന്ദപ്രദങ്ങളായ സുരതവ്യാപാരങ്ങളെക്കൊണ്ട് (മുമുദിരേ) ആനന്ദിച്ചു.

സാ—പാഞ്ചാലരാജധാനിയിൽ പാൎക്കുന്നകാലത്തു് പാണ്ഡവന്മാർ, പാഞ്ചേന്ദ്രലക്ഷ്മിയുടെ അംശസംഭൂതയാകകൊണ്ടു ദിവ്യങ്ങളായ അനേകം ഗുണങ്ങൾ തികഞ്ഞ നവോഢയായ പാഞ്ചാലിയുടെ, ലജ്ജാതിരേകത്താൽ അധോമുഖങ്ങളായ നോട്ടങ്ങളോടുകൂടിയവയും, വല്ലഭന്മാരുടെ ചോദ്യങ്ങൾക്കു പ്രത്യുത്തരങ്ങളായ ചാടുവാക്യങ്ങളോടുകൂടാത്തവയും, അഭിലാഷംനിമിത്തം ആരംഭിക്കപ്പെട്ടു് ഉടനേ ഭയത്താൽ പ്രതിനിവൎത്തിക്കപ്പെടുന്നവയും, അടിക്കടി അനുരാഗത്തെ വൎദ്ധിപ്പിക്കുന്നവയും, പുതുതായി പ്രവേശിക്കയാകകൊണ്ടു് അത്യന്തം സ്പൃഹയെ ഉൽപാദിപ്പിക്കുന്നവയും ആയ സുരതവ്യാപാരങ്ങളെക്കൊണ്ടു് ആനന്ദിച്ചു.

പ: പാഞ്ചാലരാജതനയാം
പഞ്ചഭിരുദ്വാഹയൻ കുരുപ്രവരൈഃ
വേദസമവാക്യഗുംഭോ
വേദവ്യാസഃ പുനാതു വോ ഭഗവാൻ. 86

വ്യാ—(പാഞ്ചാലരാജതനയാം) പാഞ്ചാലിയെ (പഞ്ചഭിഃ കുരുപ്രവരൈഃ) അഞ്ചു കുരുകുലശ്രേഷ്ഠന്മാരേക്കൊണ്ടു്—പാണ്ഡവന്മാരേക്കൊണ്ടു, (ഉദ്വാഹയൻ) വിവാഹം ചെയ്യിപ്പിച്ചവനായ) വേദസമവാക്യഗുംഭഃ) വേദത്തോടു തുല്യമായ വാക്കുകളുടെ രചനയോടുകൂടിയവനും (ഭഗവാൻ) ഷഡ്ഗുണപരിപൂൎണ്ണനും ആയ (വേദവ്യാസഃ) വേദവ്യാസമഹൎഷി (വഃ) നിങ്ങളെ—സാമാജികന്മാരെ (പുനാതു) ശുദ്ധിയാക്കട്ടെ.

സാ—പാഞ്ചാലിയെ കുരുകുലവീരന്മാരായ അഞ്ചു പാണ്ഡവന്മാരെക്കൊണ്ടു വിവാഹംചെയ്യിപ്പിച്ചവനും പ്രാമാണ്യാദികളെക്കൊണ്ടു വേദത്തോടു തുല്യമായ വാക്കോടുകൂടിയവനും ഐശ്വൎയ്യാദി ഷൾഗുണപരിപൂൎണ്ണനുമായ വേദവ്യാസമഹൎഷി നിങ്ങളെ സകലപാപങ്ങളിൽനിന്നു മോചിപ്പിക്കട്ടെ.

'വേദസമവാക്യഗുംഭഃ'—ദ്രുപദനും മററുള്ളവരും വ്യാസവാക്യത്തെ വേദംപോലെ പ്രമാണമാക്കി. അതുകൊണ്ടുതന്നെയാണു് അഞ്ചുപേർകൂടി വിവാഹംചെയ്വാൻ അനുവദിച്ചതു് എന്നു താൽപൎയ്യം.

ഇത്തരം പ്രബന്ധങ്ങൾ മുഖ്യമായി രംഗപ്രയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളവയാകകൊണ്ടു. 'വഃ' എന്നുള്ളതിന്നു 'സാമാജികന്മാരെ' എന്നർത്ഥം പറയുന്നതുതന്നെയാണ് ഉചിതം. ചിലർ പ്രകൃതഗ്രന്ഥപരിശീലയിതാക്കൾ എന്നും വ്യാഖ്യാനിക്കുന്നു. 'പുനാതു' എന്നുള്ളതിന്നു വരാവുന്ന രസാസ്വാദപ്രതിബന്ധങ്ങളായ ദുരിതങ്ങളിൽനിന്നു വേർപെടുത്തട്ടെ എന്നും പ്രകൃതാനുഗുണ്യംകൊണ്ടു വ്യാഖ്യാനിക്കാം.

പാഞ്ചാലീസ്വയംബരം ഉത്തരഭാഗം കഴിഞ്ഞു.

---

# യുധിഷ്ഠിരാഭിഷേകം

---

പ. പൂർവ്വം വിപ്രവിനിർജ്ജിതാഃ കില ഗതാഃ
ശ്രുത്വാഥ താൻ പാണ്ഡവാ-
നാത്താമർഷമമൂന്നിഹന്തുമനസോ
വാർഷ്ണേയയോഗാൽ പുരാ
തേ സപ്താഃ ഭുവകന്ന്ദർശനജുഷോ
ഗാന്ധാരമന്ത്രേരിതാഃ
കൌരവ്യാഃ കുടിലാസ്സമേത്യ ദദൃശുഃ
പാഞ്ചാലഭർത്തൃൽപുരീം. 1

വ്യാ—(പൂർവ്വം) മുമ്പിൽ (വിപ്രവിനിർജ്ജിതാഃ കില) ബ്രാഹ്മണരാൽ വിശേഷേണ ജയിക്കപ്പെട്ടവരായിട്ട് എന്നുഹിച്ചുകൊണ്ടു (ഗതാഃ) പോയ (കുടിലാഃ) വക്രബുദ്ധികളായ— ദുഷ്ടബുദ്ധികളായ, വളഞ്ഞ ഗതിയോടു കൂടിയവ എന്നും (തേ കൌരവ്യാഃ) ആ ധാർത്തരാഷ്ട്രന്മാർ (അഥ) അനന്തരം (താൻ) ബ്രാഹ്മണവേഷത്തിൽ തങ്ങളെ ജയിച്ച അവരെ (പാണ്ഡവാൻ) പാണ്ഡവന്മാരായിട്ട് (ശ്രുത്വാ) കേട്ടിട്ട് (ആത്താമർഷം) ധരിക്കപ്പെട്ട കോപത്തോടുകൂടും വണ്ണം (വാർഷ്ണേയയോഗാൽ പുരാ) ശ്രീകൃഷ്ണ

ൻെറ സമ്മേളനത്തിൽ നിന്നു മുമ്പ് (അമൂൻ) പാണ്ഡവന്മാരെ (നിഹന്തുമനസഃ) കൊല്ലാൻ ആഗ്രഹത്തോടു കൂടിയവരായിട്ട് (കൎണ്ണദൎശനജുഷഃ) കൎണ്ണൻെറ നീതിയേ—അഭിപ്രായത്തെ അനുസരിക്കുന്നവരായി (ഗാന്ധാരമന്ത്രേരിതാഃ) ശകുനിയുടെ മന്ത്രത്താൽ പ്രേരിതന്മാരായി, (സമേത്യ) സംഘമായിച്ചെന്ന് (പാഞ്ചാലഭൂഭൃൽപുരീം) പാഞ്ചാലരാജാവിൻെറ നഗരത്തെ (രുരുധുഃ) തടഞ്ഞു.

സാ—പണ്ട് പാഞ്ചാലീസ്വയംബരം കഴിഞ്ഞ ഉടനെ നടന്ന യുദ്ധത്തിൽ തങ്ങളേ പരാജയപ്പെടുത്തിയവർ ബ്രാഹ്മണരാണെന്നു വിചാരിച്ചുംകൊണ്ടു മടങ്ങിപ്പോയ ദുർബ്ബുദ്ധികളും പാണ്ഡവന്മാരുടെ ആജന്മശത്രുക്കളും ആയ ദുര്യ്യോധനാദികൾ ഹസ്തിനപുരത്തിൽ എത്തിയതിന്നു ശേഷം വൎത്തമാനത്തിൽ തങ്ങളെ തോൽപിച്ച പാഞ്ചാലീപരിണേതാക്കൾ പാണ്ഡവന്മാരാണെന്നു കേട്ടു. കോപവും അസൂയയും പെരുകി. 'ഇനിഇവരെ വെച്ചേക്കാൻവയ്യാ. കഥകഴിക്കണം. കൃഷ്ണൻ ഇവരോടു കൂട്ടി മുട്ടുന്നതായാൽ ദുസ്സാധമാകകൊണ്ട് അതിന്നുമുമ്പുതന്നെ ഉദ്യമിക്കണം എന്നുറച്ചു, അഭിചാരമന്ത്രത്താൽ പ്രേരിതങ്ങളായിട്ട് വക്രഗതികളും കണ്ണും കൊണ്ടുകാണുന്നവയുമായ സൎപ്പങ്ങൾ എന്നപോലെ; ശകുനിയായി കൂടിയാലോചനനടത്തി അദ്ദേഹത്തിൻെറ ഉപദേശത്താൽ, കൎണ്ണൻെറ അഭിപ്രായവുമനുസരിച്ച് സംഘം ചേൎന്നുചെന്ന് പാഞ്ചാല നഗരത്തെത്തടഞ്ഞു.

ഗ. തത്ര ചാകാണ്ഡേ കൎണ്ണജയദ്രഥസൌബലസുയോധനപ്രധാനവീരവരപ്രേഷിതകൌരവബലാക്രാന്തപുരജനാക്രന്ദനാമൎഷസമഭിദ്രുതദ്രുപദധൃഷ്ടദ്യുമ്നശിഖണ്ഡിപ്രമുഖപ്രവീരാഞ്ചിതപാഞ്ചാലപൃതനാസംവൃത്തപ്രഹാരക്രമവിവൃദ്ധകോലാഹലാകൎണ്ണനാദന്തരവസ്ഥാതുമസഹിഷ്ണുഷു ധൃതാഗ്രേഷുധകോദണ്ഡേഷു പാണ്ഡവവീരേഷു നാസീരാഗ്രമാപതിതേഷു—

വ്യാ—(തത്രച) പാഞ്ചാലപുരത്തിലാകട്ടെ (അകാണ്ഡേ) വിചാരിക്കാതിരിക്കുമ്പോൾ (കൎണ്ണജയദ്രഥസൌബല സുയോധ

ന പ്രധാധവീരവര പ്രേഷിത കൌരവബലാക്രാന്ത പുരജനാക്ര ന്ദനാമർഷസമഭിദ്രുതദ്രുപദധൃഷ്ടദ്യുമ്നശിഖണ്ഡിപ്രമുഖപ്രവീരാഞ്ചി ത പാഞ്ചാലപൃതനാ സംവൃത്തപ്രഹാരക്രമ വിവൃദ്ധകോലാഹ ലാകർണ്ണനാൽ) കർണ്ണൻ, ജയദ്രഥൻ, ശകുനി, ദുര്യോധനൻ ഇവ രാകുന്ന പ്രധാനന്മാരോടുകൂടിയ വീരശ്രേഷ്ഠന്മാരാൽ അയക്ക പ്പെട്ട കൌരവസൈന്യത്താൽ ആക്രമിക്കപ്പെട്ട പൌരന്മാരു ടെ നിലവിളിഹേതുവായുണ്ടായ കോപംനിമിത്തം വഴിപോലേ ഓടിനേരിട്ട, ദ്രുപദൻ, ധൃഷ്ടദ്യുമ്നൻ, ശിഖണ്ഡി, തുടങ്ങിയമഹാ വീരന്മാരാൽ ശോഭിച്ച പാഞ്ചാലസേനയാൽ വഴിപോലെ നട ത്തപ്പെട്ട യുദ്ധക്രമത്തിന്റെ വർദ്ധിച്ച കോലാഹലത്തിന്റെ കേ ക്കൽ ഹേതുവായിട്ട് (പാണ്ഡവവീരേഷു) വീരന്മാരായ പാണ്ഡ വന്മാർ (അന്തഃ) ഉള്ളിൽ (അവസ്ഥാതും) ഇരിപ്പാനായിക്കൊ ണ്ട് (അസഹിഷ്ണുഷു) അശക്തന്മാരായി (ഊഢകോദണ്ഡേഷു) വഹിക്കപ്പെട്ടവില്ലോടുകൂടിയവരായി(ഊഢരഥേഷു) രഥങ്ങളാൽ വഹിക്കപ്പെട്ടവരായിട്ട (ആഹിതാഗ്ന്യാദിസ് തൃതീയാ തൽപുരു ഷഃ) (നാസീരാഗ്രം) സേനാമുഖത്തിന്റെ മുമ്പിൽ (സമാപതി തേഷു) വഴിപോലെ പ്രാപ്തന്മാരായിരിക്കും സമയത്തിങ്കൽ—

സാ—കർണ്ണൻ, ജയദ്രഥൻ, ശകുനി, ദുര്യോധനൻ എന്നീ പ്രധാനികളോടുകൂടിയ വലിയ വീരന്മാർ അയച്ച കൌരവസൈ ന്യം ആക്രമിക്കുകയാൽ പാഞ്ചാലത്തിൽ പെട്ടന്നുണ്ടായ പൌര ന്മാരുടെ നിലവിളികേട്ട് കോപിച്ചോടി നേരിട്ട, ദ്രുപദൻ, ധൃഷ്ട ദ്യുമ്നൻ, ശിഖണ്ഡി തുടങ്ങിയ മഹാവീരന്മാരെക്കൊണ്ട് ബലമേ റിയപാഞ്ചാലസേന വഴിപോലെ നടത്തിയ യുദ്ധക്രമത്തിന്റെ വലിയകോലാഹലം കേട്ട് വീരന്മാരായ പാണ്ഡവന്മാക്ക് അ കത്തിരുപ്പുറച്ചില്ല. ഇത് വീരസ്വഭാവമാണല്ലോ വേഗത്തിൽ വില്ലെടുത്ത് തേരിൽകയറി സൈന്യങ്ങളുടെ മുമ്പിൽചെന്നു. ആ സമയത്തിൽ —

ച. രാധേയഗാന്ധാരസുതോഗ്രദംഷ്ട്രം
സുയോധനോദഗ്രവിഷേണഘോരം
അതജ്ജയൽ കാർമ്മുകമർജ്ജുനസ്യ
വിഷ്ഫാരമന്ത്യൈഃ കുരുസൈന്യനാഗം. 3

വ്യാ—(അർജ്ജുനസ്യ) അർജ്ജുനന്റെ (കാർമ്മുകം) വില്ല് (വിസ്ഫാരമന്ത്രൈഃ) ഞെറുഞ്ഞാണൊലികളാകുന്ന മന്ത്രങ്ങളെക്കൊണ്ടു (രാധേയഗാന്ധാരസുതോഗ്രദംഷ്ട്രം) കർണ്ണനും ശകുനിയുമാകുന്ന ഭയങ്കരങ്ങളായ ദംഷ്ട്രകളോടുകൂടിയതും (സുയോധനോദഗ്രവിഷേണ) ദുര്യോധനനാകുന്ന ഊർജ്ജിതമായ വിഷംകൊണ്ടു (ഘോരം) ഭയങ്കരവും ആയ (കുരുസൈന്യനാഗം) കുരുക്കളുടെ സൈന്യമാകുന്ന സർപ്പത്തെ (അതർജ്ജയത്) പിന്തിരിച്ചു.

സാ—അർജ്ജുനന്റെ വില്ല്, കർണ്ണനും ശകുനിയുമാകുന്ന ഭയങ്കരങ്ങളായ രണ്ടു ദംഷ്ട്രങ്ങളോടുകൂടിയതും ദുര്യോധനനാകുന്ന വലിയ വിഷംകൊണ്ടു ഭീതിയെക്കൊടുക്കുന്നതുമായ കൌരവസൈന്യത്തെ ഞെറുഞ്ഞാണൊലികളാകുന്ന മന്ത്രങ്ങളെക്കൊണ്ട് പിന്തിരിച്ചോടിച്ചു. അർജ്ജുനന്റെ ഞെറുഞ്ഞാണൊലി കേട്ട മാത്രയിൽ ബലവാന്മാരായ കർണ്ണദുര്യോധനാദികൾ ഉണ്ടെങ്കിലും കൌരവസൈന്യംമുഴുവൻ വിഷവൈദ്യന്റെ മന്ത്രം കേട്ട ഉഗ്രസർപ്പംപോലെ ഭയപ്പെട്ടു പിന്തിരിഞ്ഞു എന്നർത്ഥം.

പരപീഡകത്വം കൊണ്ടും ഹിംസാഭിരുചികൊണ്ടും ദംഷ്ട്രയായും വിഷമായും രൂപണംചെയ്തു. ദുര്യോധനന്റെ ഉദ്ദിഷ്ടസിദ്ധിക്കുള്ള പ്രവൃത്തിനടത്താൻ കർണ്ണനും ശകുനിയുമാണല്ലോ. കാർമ്മുകത്തിൽ വിഷവൈദ്യത്വാരോപണം അർത്ഥസിദ്ധമാകുന്നു. വിസ്ഫാരത്തിൽ മന്ത്രത്വാരോപണം കൊണ്ടു കേട്ടഉടനെ—യുദ്ധം കൂടാതെ തന്നെ സൈന്യങ്ങളുടെ പരാങ്മുഖത്വം തോന്നുന്നു.

ഗ. തതഃ "പാഞ്ചാല്യമീതുല്യദാരഗ്രഹണജനിത കുരുകുലകളങ്കാവധ്യാന്താം ബാധ്യന്താമി"ത്യാദിപത്യഘോരാരവകാരിഷു തതസ്തതഃ പതദ്വൃകോദരദോർന്നളഹേതിനിവാരണാസമർത്ഥേഷു സസിന്ധുരാജേഷ്വപി കുരുവീരേഷു സമ്മുഖാപതിതസവ്യസാചിസായകപാതസമ്മൂർച്ഛിതേ സൂതാപവാഹിതേ സൂതസൂതസൂനൌ 'പ്രസ്ഥാനദുശ്ശകുനയോഗോയ'മിതിദുഷ്ടശകുനിനാശങ്ക്യമാനാൻ പര്യാകുലാൻ ദുര്യോധനാദീനഭ്യേത്യ ഫൽഗുനേഷുമിവ കർണ്ണഭേദിനീം വാചമൂചേ ഭീമസേനഃ. 4

വ്യാ—(തതഃ) ഉടനെ (തുല്യദാരഗ്രഹണജനിതകുരുകുലകളങ്കാ) ഒരു ഭാൎയ്യയുടെ സ്വീകാരംകൊണ്ടുണ്ടാക്കിയ, കുരുവംശത്തിൻെറ കളങ്കത്തോടു—അപകീൎത്തി—കൂടിയ (അമീപഞ്ചഅപി) ഈ അഞ്ചുപേരും (ബദ്ധ്യന്താം) ബന്ധിക്കപ്പെടുക (വദ്ധ്യന്താം) വധിക്കപ്പെടുക (ഇതി) എന്നുപറഞ്ഞു് (അഭിപത്യ) നേരിട്ടു(ഘോരാരവകാരിഷു)വലിയ ശബ്ദത്തെ ചെയ്യുന്ന(കുരുവീരേഷു) വീരന്മാരായ കൌരവന്മാർ (സസിന്ധുരാജേഷു അപി) സിന്ധുരാജനോടു—സമുദ്രത്തോട്, ജയദ്രഥനോട് എന്നും കൂടിയവരാണെങ്കിലും (തതഃ ഇതഃ) അങ്ങുനിന്നും ഇങ്ങുനിന്നും (പതദ്വൃകോദരദവാനലഹേതിനിവാരണാസമൎത്ഥേഷു) വീഴുന്ന, ഭീമസേനനാകുന്ന കാട്ടുതീയിൻെറ ആയുധങ്ങളാകുന്ന ജ്വാലകളുടെ തടുക്കലിൽ അശക്തന്മാരായിരിക്കുംസമയത്തിങ്കലും (സൂതസൂനൌ) കൎണ്ണൻ (സമ്മുഖാപതിതസവ്യസാചിസായകപാതസമ്മൂൎച്ഛിതേ) നേരിട്ടുവരുന്ന, അൎജ്ജുനൻെറ ശരങ്ങളുടെ പാതം—ഏല്ക്കൽ—ഹേതുവായിട്ടു് മോഹിച്ചവനായി (സൂതാപവാഹിതേ) തേരാളിയാൽ ഉപേക്ഷിക്കപ്പെട്ടവനായിരിക്കുംസമയത്തിങ്കലും (അയം) ഇതു് (പ്രസ്ഥാനദുശ്ശകുനയോഗഃ) പുറപ്പാടിലുള്ള ദുശ്ശകുനത്തിൻെറ യോഗമാകുന്നു—തന്നിമിത്തകമാകുന്നു (ഇതി) എന്നുപറഞ്ഞു് (ദുഷ്ടശകുനിനാ) ദുഷ്ടനായ ശകുനിയാൽ (ആശ്വാസ്യമാനാൻ) ആശ്വസിപ്പിക്കപ്പെടുന്നവരായി (പൎയ്യാകുലാൻ) ഏററവും പരവശന്മാരായ (ദുൎയ്യോധനാദീൻ) ദുൎയ്യോധനൻമുതലായവരോടു (ഭീമസേനഃ) ഭീമസേനൻ (അഭ്യേത്യ) അടുത്തുചെന്നിട്ടു് (ഫൽഗുനേഷും ഇവ) അൎജ്ജുനശരംപോലെ (കൎണ്ണഭേദിനീം) ചെവിയെ, കൎണ്ണനെ എന്നും പിളക്കുന്നതായ (വാചം) വാക്കിനെ (ഊചേ) പറഞ്ഞു.

സാ—ഉടനെ "എല്ലാവരുംകൂടി ഒരു ഭാൎയ്യയെ സ്വീകരിച്ചു് കുരുകുലത്തിന്നു് അപകീൎത്തി വരുത്തിക്കൂട്ടിയ ഇവരെ അഞ്ചുപേരേയും കെട്ടുവിൻ! കൊല്ലുവിൻ!" എന്നുപറഞ്ഞു് വലിയ കോലാഹലം കൂട്ടിക്കൊണ്ടു് കൌരവന്മാർ നേരിട്ടു. എന്നാൽ ജയദ്രഥൻമുതലായവർ സഹായികളായിട്ടുണ്ടെങ്കിലും വീരന്മാരായ അ

വർ ഭീമസേനനാകുന്ന കാട്ടുതീയിൻെറ അവിടെനിന്നും ഇവിടെ നിന്നുംവരുന്ന ആയുധങ്ങളാകുന്നജ്വാലകളെത്തടുക്കുവാൻ ശക്തരായില്ല. കൎണ്ണനാകട്ടെ സവ്യസാചിയുടെ, നേരിട്ടുവരുന്ന ശരങ്ങളേറ്റ് തേരാളി പോയിഎന്നല്ല മോഹാലസ്യപ്പെട്ടുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ ദുഷ്ടനായ ശകുനി വളരെ പരവശന്മാരായ ദുൎയ്യോധനാദികളെ 'ഇത് നാം പുറപ്പെട്ടപ്പോഴത്തെ ദുശ്ശകുനത്തിൻെറ ഫലമാണ്. പരാക്രമക്കുറവുകൊണ്ടല്ല' എന്നുപറഞ്ഞു സമാശ്വസിപ്പിച്ചുതുടങ്ങി. ആ സമയം ഭീമസേനൻ ഇവരുടെ അടുത്തുചെന്ന് അൎജ്ജുനശരംപോലെ കൎണ്ണഭേദിനിയായ വാക്കിനെ പറഞ്ഞു.

സസിന്ധുരാജേഷ്വപി — സമുദ്രത്തിന്നു അഗ്നിജ്വാലയെ ശമിപ്പിപ്പാനുള്ള ശക്തിയുള്ളതുകൊണ്ടു വിരോധം.

പ. "യൂയം കസ്മാദകസ്മാദിഹ സമുപഗതാഃ
സൂതസൂനോഃ ശ്രമാൎത്ഥം
നേതും വാ തം ശരാസം വിജയകരസമാ-
കൃഷ്ടിഭിഃ ക്ലിഷ്ടസാരം
കന്യാസൂൎഭൂമിരേഷാത്വപരമിഹ വധൂ-
രത്നമന്വേഷിതും വാ
സ്വഭ്രാത്രാവീക്ഷിതും വാ കപടജതുകുടീ-
ഭസ്മപിണ്ഡാനിമാന്നഃ." 5

വ്യാ — (യൂയം) നിങ്ങൾ (കസ്മാൽ) എന്തുഹേതുവായിട്ട് (ഇഹ) ഇവിടെ (അകസ്മാൽ) പെട്ടന്ന് (സമുപഗതാഃ) ഒരുമിച്ചുവന്നു (സൂതസൂനോഃ) കൎണ്ണൻെറ (ശ്രമാൎത്ഥം വാ) ക്ലേശത്തിന്നായിക്കൊണ്ടോ (തം ശരാസം) ലാക്കാക്കാൻ വെച്ചിരുന്നതും ബലം എത്രത്തോളമുണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുള്ളതുമായ വില്ലിനെ (വിജയകരസമാകൃഷ്ടിഭിഃ) അൎജ്ജുനൻെറ കൈകൊണ്ടു വഴിപോലെയുള്ള ആകൎഷണങ്ങളെക്കൊണ്ടു (ക്ലിഷ്ടസാരം) കുറഞ്ഞ ബലത്തോടുകൂടിയതാക്കി (നേതും വാ) തീൎക്കാനായിക്കൊണ്ടോ (ഏഷാ ഭൂമിഃ) ഈ ഭൂമി (കന്യാസൂഃ) കന്യകയെ പ്രസവിക്കു

ന്നതാകുന്നു (ഇതി) എന്നു വിചാരിച്ച് (ഇഹ) ഇവിടെ (അപരം) മറെറാരു (വധൂരത്നം) കന്യകാരത്നത്തെ (അന്വേഷിതും വാ) അന്വേഷിപ്പാനായിക്കൊണ്ടോ (കപടജതുകുടിഭസ്മപിണ്ഡാൻ) വ്യാജമായ അരക്കില്ലത്തിലെ ഭസ്മകട്ടകളായ (ഇമാൻ നഃ) ഈ അക്ഷതന്മാരും അതിസമൃദ്ധന്മാരുമായ ഞങ്ങളെ (സൌഭ്രാത്രാൽ) ഭ്രാതൃസ്നേഹം ഹേതുവായിട്ട് (ഈക്ഷിതും വാ) കാണ്മാനായിക്കൊണ്ടോ.—

സാ—"നിങ്ങൾ ഇവിടെനിന്നു പോയി ഉടനെതന്നെ ഒരുമിച്ചു മടങ്ങിവരുവാൻ കാരണമെന്ത്? കർണ്ണനെ ധനുരാരോപം പരിശീലിപ്പിപ്പാനായിരിക്കുമൊ? അതോ ലാക്കറെപ്പാൻ ശ്രമിച്ചസമയം നിങ്ങൾക്കനുഭവപ്പെട്ട ആ വില്ലിന്റെ ബലം അർജ്ജുനന്റെ ആകർണ്ണാകർഷണങ്ങളെക്കൊണ്ടു കുറയ്ക്കുവാനൊ? അഥവാ ഈ ഭൂമി കന്യക വിളയുന്നതാണെന്നു വിചാരിച്ച് ഇവിടെ മറെറാരു സ്ത്രീരത്നത്തെ അന്വേഷിപ്പാനോ? അല്ലെങ്കിൽ വ്യാജമായ അരക്കില്ലത്തിൽവെച്ചു വെന്തു ഭസ്മമായിപ്പോയ ഈ ഞങ്ങളെ സഹോദരസ്നേഹം നിമിത്തം കാണ്മാനുദ്ദേശിച്ചോ? എന്തെന്നു സൂക്ഷ്മമായി അറിയുന്നില്ല.

'സൂതസൂനോഃശ്രമാർത്ഥം—' കർണ്ണൻ അല്പം പരിചയിക്കട്ടെ. ഇപ്പോൾ നൈപുണ്യം സിദ്ധിച്ചിട്ടില്ല. 'നേതും...' വില്ലുലയത്തക്കവണ്ണം അനവധി യുദ്ധംചെയ്തു എങ്കിലും ഞങ്ങൾക്കിനിയും കോട്ടം തട്ടിയിട്ടില്ല. മുമ്പിലാണെങ്കിൽ സാധിക്കുകയില്ല. ഇനി കർണ്ണന് ഇതിന്മേൽ പരിചയിക്കാം. ബലം കുറഞ്ഞല്ലൊ. 'കന്യാസ്തു'......നല്ല പെണ്ണിനെക്കണ്ടാൽ കൊതിച്ചു തെണ്ടിനടന്നാൽ പോരാ. നേടാനുള്ള നൈപുണ്യം വേണം. 'സൌഭ്രാത്രാൽ' ലേശംപോലും ഭ്രാതൃസ്നേഹംകൂടാതെ കളവായി അരക്കില്ലം പണികഴിച്ച് അതിൽവെച്ചു ചുട്ടുപൊടിക്കുവാൻ ഉദ്യമിച്ചു എങ്കിലും യാതൊരു തകരാറുംകൂടാതെ ഞങ്ങൾ ഇതാ പൂർവ്വാധികം ശ്രേയസ്സോടുകൂടിയിരിക്കുന്നു. എന്നഭിപ്രായം.

ഗ. ഇത്യുദീര്യസപത്രാചികീഷൌ നിഷ്പത്രീകൃതസാലേ കാ

ല ഇവ ദണ്ഡധരേ സമാദ്രവത്യമുഷ്മിൻ ഹാഹാരവൈസ്ത
സ്യ സിംഹാരവമനുകുർവ്വതീ പര്യധാവത ദുര്യോധനസേനാ. 6

വ്യാ—(ഇതി ഉദീര്യ) ഇപ്രകാരം പറഞ്ഞിട്ട് (അമുഷ്മിൻ) ഭീമസേനൻ (സപത്രാചികീർഷൌ) ഏററവും വ്യഥയെ ചെയ്യാൻ ആഗ്രഹത്തോടുകൂടിയവനായി (നിഷ്പത്രീകൃതസാലേ) ഇലകളോടുകൂടാത്തതാക്കിത്തീക്കപ്പെട്ട വൃക്ഷത്തോടുകൂടിയവനായി (ദണ്ഡധരേ) ദണ്ഡത്തെ ധരിക്കുന്ന (കാലേ ഇവ) കാലൻ എന്നപോലെ (സമാദ്രവതി) വേഗത്തിൽ ഓടി നേരിട്ടസമയം (ദുര്യോധനസേനാ) ദുര്യോധനൻെറ സൈന്യം (ഹാഹാരവൈഃ) ഹാഹാ എന്ന ശബ്ദങ്ങളെക്കൊണ്ട് (തസ്യ) ഭീമസേനൻെറ (സിംഹാരവം) സിംഹനാദത്തെ (അനുകുർവ്വതീ) അനുകരിച്ചുകൊണ്ട് (പര്യധാവത) അങ്ങുമിങ്ങും ഓടിപ്പോയി.

സാ—ഇപ്രകാരം പറഞ്ഞു ഭീമസേനൻ പ്രഹരിക്കുവാൻ വേണ്ടി ഒരു മരം പറിച്ച് ഇലകൾ ഊരിക്കളഞ്ഞ് കയ്യിൽ ധരിച്ചുകൊണ്ടു ദണ്ഡധാരിയായ അന്തകനെപ്പോലെ ഓടി അടുത്തു. ആ സമയം ദുര്യോധനൻെറ സൈന്യം മുഴുവൻ ഭയപ്പെട്ട് ഹാ ഹാ എന്നുള്ള നിലവിളിയാൽ ഭീമസേനൻെറ സിംഹനാദത്തെ അനുകരിച്ചുകൊണ്ട് അങ്ങുമിങ്ങും മണ്ടി.

ഉപമകൊണ്ട് അനിവാൎയ്യത്വം ഭീഷണത്വം മുതലായതു തോന്നിപ്പിക്കുന്നു. 'അനുകുർവ്വതീ'—നിലവിളിക്ക് അത്യുച്ചത്വം തോന്നിക്കുന്നു.

പ. പരാജിതാഃ കർണ്ണപുരോഗമാസ്തേ
പുരോചനം വർത്മനി ഗർഹയന്തഃ
രഥൈൎയ്യയുഃ ഖണ്ഡിതകേതുദണ്ഡൈഃ
പുരം വിലക്ഷാഃ കുരുരാജപുത്രാഃ. 7

വ്യാ—(പരാജിതാഃ) തോററ (കർണ്ണപുരോഗമാഃ) കർണ്ണൻ തുടങ്ങിയ (തേ കുരുരാജപുത്രാഃ) ആ കൌരവന്മാർ (വർത്മനി) മാൎഗ്ഗത്തിൽ (പുരോചനം) പുരോചനനെ (ഗർഹയന്തഃ) നിന്ദിച്ചുകൊണ്ടു (ഖണ്ഡിതകേതുദണ്ഡൈഃ) മുറിഞ്ഞ കൊടിമരത്തോ

ട്ടുകൂടിയ (രഥൈഃ) രഥങ്ങളിലൂടെ (വിലക്ഷാഃ) വിസ്മയത്തോട്ടുകൂടിയവരായിട്ട് (പുരം) നഗരത്തെക്കുറിച്ച് (യയുഃ) പോയി.

സാ__മഹാരഥന്മാരായ തങ്ങൾക്ക് നിസ്സാരന്മാരായ പാണ്ഡവന്മാരെ നിഗ്രഹിക്കുക എന്നത് എത്രയോ ലഘു എന്നൊക്കെ ഗവ്വവിചാരിച്ചു പുറപ്പെട്ടു എങ്കിലും ഇപ്പോൾ തോററിട്ടുമറിഞ്ഞ കണ്ണൻതുടങ്ങിയ കൌരവന്മാർ വഴിമദ്ധ്യേ, അരക്കില്ലം കൊള്ളിവെപ്പാൻ ഏൽപിച്ച പുരോചനനെ ശകാരിച്ചുകൊണ്ട് (ആയാൾ അന്ന് ഇവരെ ദഹിപ്പിച്ചിരുന്നു എങ്കിൽ ഇങ്ങിനെ വരികയില്ലായിരുന്നു. പുരോചനൻ ചതിച്ചു എന്നു വിചാരം) അജ്ജനൻെറ ശരങ്ങളെക്കൊണ്ടു മുറിഞ്ഞ കൊടിമരങ്ങളോടുകൂടിയ തേരിൽ കയറി, അതിപരാക്രമികളായ തങ്ങൾക്ക് ന്യൂനന്മാരായ പാണ്ഡവന്മാരിൽനിന്നു പരാജയം വന്നതിൽ അത്ഭുതത്തോടെ ഹസ്തിനപുരത്തിലേക്കു പോയി.

പ. ജയശ്രിയം പ്രാപ്യ വധൂം ദ്വിതീയാം
കൃതോത്സവോദ്ഘോഷമുപാഗതാംസ്താൻ
പതീൻ പ്രഹർഷേണ ദദശ കൃഷ്ണാ
ന വേദ സാ മുഗ്ദ്ധവധൂഃ കിലേർഷ്യാം. 8

വ്യാ__(ജയശ്രിയം) ജയം ഹേതുവായിട്ടുണ്ടായ ശ്രീയാകുന്ന (ദ്വിതീയാം) രണ്ടാമത്തെ (വധൂം) വധുവിനെ (പ്രാപ്യ) ലഭിച്ചിട്ട് (കൃതോത്സവോദ്ഘോഷം) പൌരന്മാരാൽ ചെയ്യപ്പെട്ട ഉത്സവത്തിൻെറ ആഘോഷത്തോട്ടുകൂടുംവണ്ണം (ഉപാഗതാൻ) സമീപപ്രാപ്തന്മാരായ (താൻ പതീൻ) ആ ഭത്താക്കന്മാരെ (കൃഷ്ണാ) പാഞ്ചാലി (പ്രഹർഷേണ) ഏററവും സന്തോഷത്തോട്ടുകൂടെ(ദദശ) കണ്ടു. (സാമുഗ്ദ്ധവധൂഃ) ആ മുഗ്ദ്ധയായ—ഉദയദ്യൌവനാമുഗ്ദ്ധാലജ്ജാവിജിതമന്മഥാ__വധു__പാഞ്ചാലി (ഈർഷ്യാം) അസൂയയെ (ന വേദ കില) അറിഞ്ഞില്ല തന്നെ.

സാ__ജയശ്രീയാകുന്ന രണ്ടാമത്തൊരു വധുവിനോട്ടുകൂടി പൌരന്മാരാൽ കൊട്ടിയാത്താഘോഷിച്ചുകൊണ്ടു സമീപത്തിൽ വന്ന ആ ഭത്താക്കന്മാരെക്കണ്ടു പാഞ്ചാലി വളരെ സന്തോഷി

ച്ച. മുഗ്ദ്ധയാകനിമിത്തം, സപത്നീദൎശനംകൊണ്ടുണ്ടാകാവുന്നതായ അസൂയ അവൎക്കു ലേശംപോലുമുണ്ടായില്ല.

പ. ഇത്ഥം മാനപരേ കില
രുന്ധതി സബലേ കുരുദ്വഹേ യാതേ
അനുരുന്ധൻ പുനരാഗാൽ
സംഭാവനപരോ യദൂദ്വഹസ്സബലഃ. 9

വ്യാ—(മാനപരേകില) മാനം പ്രധാനമായിട്ടുള്ളവൻ തന്നെയായ (കുരുദ്വഹേ) ദുൎയ്യോധനൻ (സബലേ) സൈന്യങ്ങളോടുകൂടി (രുന്ധതി) തടഞ്ഞവനായിട്ട് (ഇത്ഥം) ഇപ്രകാരം(യാതേ) പോയസമയം (യദൂദ്വഹഃപുനഃ) ശ്രീകൃഷ്ണൻ ആകട്ടെ (സബലഃ) ബലഭദ്രരോടുകൂടെ (സമ്മാനപരഃ) സമ്മാനത്തിൽ ആസക്തനായി (അനുരുന്ധൻ) അനുസരിക്കുന്നവനായിട്ട് (ആഗാൽ) വന്നു.

സാ—അത്യന്തം അഭിമാനിയായ ദുൎയ്യോധനൻ സൈന്യങ്ങളോടുകൂടി പാണ്ഡവന്മാരെത്തടഞ്ഞു പരാജിതനായി പോയ ഉടനെ ഭഗവാൻ ശ്രീകൃഷ്ണൻ ആകട്ടെ ബലഭദ്രരോടുകൂടെ അവരെ സമ്മാനിപ്പാൻ ആസക്തനായി അഭിനന്ദിച്ചു കൊണ്ടുവന്നു.

പ. തം മാധവം പുരവധൂജനധൈൎയ്യചോരം
താപിഞ്ഛഗുച്ഛരുചിമാശ്രിതജാലമാൎഗ്ഗാ
പത്യുസ്സഖേതിഭുവനാതിശയീതികൃഷ്ണാ
കാരുണ്യസിന്ധുരിതികൌതുകിനീദദൎശ. 10

വ്യാ—(താപിഞ്ഛഗുച്ഛരുചിം) കായാമ്പൂക്കുലയുടെ ശോഭ പോലെ ഇരിക്കുന്ന ശോഭയോടുകൂടിയവനായി (പുരവധൂജന ധൈൎയ്യചോരം) പൌരസ്ത്രീകളുടെ ധൈൎയ്യത്തിന്റെ കള്ളനായ (തം മാധവം) ലക്ഷ്മീപതിയായ ആ ശ്രീകൃഷ്ണനെ (കൃഷ്ണാ) പാഞ്ചാലി(ആശ്രിതജാലമാൎഗ്ഗാ) ആശ്രയിക്കപ്പെട്ട കിളിവാതിലോടുകൂടിയവളായിട്ട് (പത്യുഃ) ഭൎത്താവായ അൎജ്ജുനന്റെ (സഖാ ഇതി) സുഹൃത്ത് എന്നും (ഭുവനാതിശായീ ഇതി) സകലലോകത്തേയും അതിശയിക്കുന്നവൻ എന്നിങ്ങനേയും(കാരുണ്യസിന്ധുഃ

ഇതി) കൃപാബ്ധി എന്നിങ്ങനേയും (കൌതുകിനീ) കൌതുകത്തോടുകൂടിയവളായി (ദദശ്) കണ്ടു.

സാ—കായാമ്പൂക്കലയുടെ കാന്തിയാന്നവനും പൌരനാരികളുടെ ധൈൎയ്യത്തെക്കവൎന്നവനും ശ്രുതിമാത്രപരിചിതനുമായ ഭഗവാൻ ലക്ഷ്മീപതി ശ്രീകൃഷ്ണനെ പാഞ്ചാലി കിളിവാതിൽക്കൽ വന്നു് ഇദ്ദേഹം എന്റെ ഭത്താവിന്റെ (അൎജ്ജുനൻ) പ്രിയസഖനാകുന്നു. സകല ലോകോൽകൃഷ്ടനാകുന്നു. കാരുണ്യാബ്ധിയാകുന്നു എന്നിങ്ങനെ കൌതുകത്തോടെ നോക്കിക്കൊണ്ടുനിന്നു. 'പുരവധൂ'... പൌരസ്ത്രീകളെല്ലാം അദ്ദേഹത്തെക്കണ്ടു മതിമറന്നു നോക്കിക്കൊണ്ടുനിൽക്കുന്നു. അതിന്നു കാരണമായ സൌന്ദൎയ്യസമ്പത്തിനെ 'താപിഞ്ഛേ...തി വിശേഷണംകൊണ്ടു കാണിക്കുന്നു. കൌതുകഹേതുക്കളെപ്പറയുന്നു. പത്യുസ്സഖേത്യാദികൊണ്ടു ദശനത്തിൽത്തന്നെ സ്നേഹഭക്തിബഹുമാനാദരവിസ്രംഭാദരങ്ങൾ പാഞ്ചാലിക്കുണ്ടായി.

പ. തത്രോത്തരോത്തരമഹോത്സവമോദമാനൈഃ
പാഞ്ചാലപാണ്ഡുതനയൈരഭിപൂജ്യമാനഃ
രാമാനപിതോരമതഫൽഗുനവൽഗുബന്ധ—
ക്രീഡാവിനോദനതനൂനിദിനാനിശൌരിഃ. 11

വ്യാ—(തത്ര) പാഞ്ചാലനഗരത്തിൽ (ശൌരിഃ) ശ്രീകൃഷ്ണൻ (ഉത്തരോത്തരമഹോത്സവമോദമാനൈഃ) അത്യുൽകൃഷ്ടങ്ങളായ മഹോത്സവങ്ങളെക്കൊണ്ടു മോദിക്കുന്നവരായ (പാഞ്ചാലപാണ്ഡുതനയൈഃ) പാഞ്ചാലനാലും പാണ്ഡവന്മാരാലും (അഭിപൂജ്യമാനഃ) സൽക്കരിക്കപ്പെടുന്നവനായി (രാമാനപിതഃ) രാമനോടുകൂടിയവനായിട്ടു് (ഫൽഗുനവൽഗുബന്ധക്രീഡാവിനോദനതനൂനി) അൎജ്ജുനനോടുകൂടി മനോഹരമാകുംവണ്ണം ബന്ധിക്കപ്പെട്ട ക്രീഡകളെക്കൊണ്ടുള്ള വിനോദിക്കൽ ഹേതുവായിട്ടു് അല്പങ്ങളായ—അപ്രകാരം തോന്നുന്ന (ദിനാനി) ദിവസങ്ങളെ (അരമത) സുഖിച്ചുകൊണ്ടു കഴിച്ചു.

**സാ—സമുചിതവരലാഭം, വിജയം, കീൎത്തി, വധൂരത്ന**

പ്രാപ്തി, ഭഗവദാഗമനം മുതലായതു നിമിത്തം മഹത്തരങ്ങളായ കാരോ ആഡംബരങ്ങളെക്കൊണ്ടാടി പ്രമോദിക്കുന്ന പാഞ്ചാലനും പാണ്ഡവന്മാരും ചെയ്യുന്ന സൽക്കാരങ്ങളെ ഏററുകൊണ്ടു ഭഗവാൻ ശ്രീകൃഷ്ണൻ പാഞ്ചാലനഗരത്തിൽ കുറെദിവസങ്ങൾ വളരെ സുഖമായിക്കഴിച്ചുകൂട്ടി. അർജ്ജുനനോടുകൂടി രസമായി കളിച്ചുകൊണ്ടു വിനോദിക്കുകയാൽ അദ്ദേഹത്തിന്നു ആ ദിവസങ്ങൾ വളരെ അല്പങ്ങളായി തോന്നി.

പ. പ്രീതാശയോഥവിദുരോധൃതരാഷ്ട്രമൂചേ
ദിഷ്ട്യാസ്മദന്വയമഗാൽകിലയാജ്ഞസേനീ
തം 'കിംസുയോധനവൃതേ'തിവദന്തമേനം
'പാണ്ഡോസ്സുതൈരധിഗതേ'തിപുനന്ന്യഗാദീൽ. 12

വ്യാ—(അഥ) അനന്തരം (പ്രീതാശയഃ) സന്തുഷ്ടചിത്തനായ (വിദുരഃ) വിദുരൻ) (ദിഷ്ട്യാ) ഭാഗ്യം ഹേതുവായിട്ടു് (യാജ്ഞസേനീ) പാഞ്ചാലി (അസ്മദന്വയം) നമ്മുടെകുലത്തെ (അഗാൽ) പ്രാപിച്ചു (ഇതി) എന്നു് (ധൃതരാഷ്ട്രം) ധൃതരാഷ്ട്രരോടു (ഉചേ) പറഞ്ഞു (സുയോധനവൃതാകിം) ദുര്യോധനനാൽ വിവാഹം ചെയ്യപ്പെട്ടവളായിട്ടോ (യാജ്ഞസേനീ അസ്മദന്വയമഗാൽ എന്നു് അനുഷംഗിക്കണം) (ഇതി) എന്നു് (വദന്തം) ചോദിക്കുന്ന (തം ഏനം) പുത്രവത്സലനായ ഇദ്ദേഹത്തോടു (പാണ്ഡോഃ സുതൈഃ) പാണ്ഡുപുത്രന്മാരാൽ (അധിഗതാ) ലഭിക്കപ്പെട്ടവളായിട്ടു് (ഇതി) എന്നു് (പുനഃ) പിന്നെ (സഃ) വിദുരൻ (ന്യഗാദീൽ) പറഞ്ഞു.

സാ—ദുര്യോധനാദികൾ പരാജിതന്മാരായി മടങ്ങി ഹസ്തിനപുരത്തിൽ എത്തിയതിന്നുശേഷം പാണ്ഡവന്മാരുടെ അഭ്യുദയംകെട്ടു് സന്തുഷ്ടനായ വിദുരൻ ഒരോ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കെ ധൃതരാഷ്ട്രരോടു, 'ഭാഗ്യം നിമിത്തം പാഞ്ചാലി നമ്മുടെ കുലത്തിൽവന്നു' എന്നുകേട്ടു എന്നായി പറഞ്ഞു. ആ സമയം പുത്രവത്സലനും പാണ്ഡവന്മാർ ജതുഗൃഹത്തിൽ ദ

ഹിച്ചുഎന്നു വിശ്വസിച്ചിരിക്കുന്നവനും ആയ ധൃതരാഷ്ട്രർ 'ദുര്യോധനൻ വിവാഹം ചെയ്തിട്ടോ?' എന്നു ചോദിച്ചു. 'അല്ല പാണ്ഡവന്മാർ വിവാഹം ചെയ്തിട്ട്' എന്ന് വിദുരൻ പിന്നെ പറകയും ചെയ്തു.

'പുനഃ'—വിദുരൻ മനഃപൂർവ്വമാണ് ആദ്യം വിശേഷിച്ചു പറയാതിരുന്നത് എന്ന് തോന്നിക്കുന്നു.

ഗ. തതശ്ച "ദിഷ്ട്യാ നനഷ്ടാഃ കൃതാർത്ഥശ്ച" ഇതിസാവഹിത്ഥവികത്ഥിനി ധൃതരാഷ്ട്രേ നിസ്സഹചേതാഃ കർണ്ണസഹായോ ദുര്യോധനോ രഹസി തം സ്വപിതരമേവം പ്രാവോചൽ. 13

വ്യാ—(തതശ്ച) അനന്തരം (ദിഷ്ട്യാ) ഭാഗ്യത്താൽ (പാണ്ഡവാഃ ശേ) പാണ്ഡവന്മാർ (നനഷ്ടാഃ) നശിച്ചില്ല (അഹം-ശേ) ഞാൻ (കൃതാർത്ഥശ്ച) കൃതകൃത്യനാകയും ചെയ്തു (ഇതി) എന്ന് (ധൃതരാഷ്ട്രേ) ധൃതരാഷ്ട്രൻ (സാവഹിത്ഥവികത്ഥിനി) സ്വാശയത്തെ മറച്ച് മറെറാരുവിധം പറഞ്ഞ സമയത്തിൽ (കർണ്ണസഹായഃ) കർണ്ണനാകുന്ന സഹായത്തോടുകൂടിയ (ദുര്യോധനഃ) ദുര്യോധനൻ (നിസ്സഹചേതാഃ) സഹിക്കപ്പെടുവാൻ കഴിയാത്ത മനോവികാരത്തോടുകൂടിയവനായിട്ട് (തംസ്വപിതരം) തന്റെ ആ പിതാവിനോട് (രഹസി) വിജനത്തിൽ (ഏവം) ഇപ്രകാരം (പ്രാവോചൽ) പറഞ്ഞു.

സാ—വിദുരൻ പറഞ്ഞതു കേട്ടപ്പോൾ ധൃതരാഷ്ട്രൻ "ദൈവാധീനത്താൽ പാണ്ഡവന്മാർ നശിച്ചില്ല. എന്റെ ഉദ്ദിഷ്ടം സാധിച്ചു" എന്ന് തന്റെ ഉള്ളിലുള്ളതു മറച്ച് മറെറാരുവിധത്തിൽ പറഞ്ഞു. അപ്പോൾ ദുര്യോധനൻ കർണ്ണനോടുകൂടെ ധൃതരാഷ്ട്രൻ പറഞ്ഞത് അദ്ദേഹത്തിന്റെ വാസ്തവമായ അഭിപ്രായമാണെന്നു തെററിദ്ധരിച്ച് ഉണ്ടായ മനോവികാരത്തെ സഹിപ്പാൻ ശക്തനല്ലാതെ വിജനത്തിൽ തന്റെ ആ അച്ഛനോട് ഇപ്രകാരം പറഞ്ഞു.

ഗ. "അയി, പ്രിയസുയോധന! താത! നിരുദ്യോഗിനാമസ്മ

കം ദ്വിവാരം പരാജയദായിഷ്വതേഷു കിം സംപരിതോഷം ബ്രൂഷേ? കിംപുനരേഷു വിധാതവ്യ മിത്യഭിധീയതാം. തത്രൈവ ചാരൈർവ്വിഷപ്രദാനം വാ, ദ്രുപദസ്യ ധനപ്രദാനാദേഷാം നിർവ്വാസനം, തത്രൈവ നിവാസനം വാ, ദ്രുപദപുത്രൈർബ്ബലമത്തൈർവ്യതിഭേദനം വാ, തുല്യവല്ലഭാനാമേഷാം മിഥോവൈരകരണം വാ, പാഞ്ചാല്യാ ഏവ മന്ത്രൌഷധൈരേഭ്യോ വിഭേദനം വാ, ഹൃദ്യാംഗനാഭിരമൂൻ വിലോഭ്യ തസ്യാ വിരോധനം വാ, പ്രബലതരവൃകോദരച്ഛലവധേന ദുർബലാനാമേഷാം കിങ്കരീകരണം വാ, പുരമാനീയ പുരേവ ഗരാദിപ്രയോഗോ വേ" തി. 14

വ്യാ—(അയി പ്രിയസുയോധന താത) അല്ലേ പ്രിയനായ ദുര്യ്യോധനനോടുകൂടിയ അച്ഛ (നിരുദ്യോഗിനാമസ്മാകം) ഉദാസീനന്മാരായ നമുക്ക് (ദ്വിവാരം) രണ്ടുപ്രാവശ്യം (പരാജയദായിഷു തേഷു) പരാജയത്തെത്തന്ന അവരിൽ—പാണ്ഡവന്മാരിൽ (സംപരിതോഷം) വളരേ പ്രീതിയോടുകൂടുംവണ്ണം (കിം ബ്രൂഷേ) എന്തുഹേതുവായിട്ട് അങ്ങു പറയുന്നു (പുനഃ) ഇനി (എഷു) ഇവരിൽ (കിം വിധാതവ്യം) എന്ത് ചെയ്യപ്പെടുവാൻ യോഗ്യമാകുന്നു (ഇതി) എന്ന് (അഭിധീയതാം) അങ്ങയാൽ പറയപ്പെട്ടാലും (തത്രൈവ) പാഞ്ചാലനഗരത്തിൽ വെച്ചുതന്നെ (ചാരൈഃ) ഗൂഢപുരുഷന്മാരെക്കൊണ്ടു (വിഷപ്രദാനം വാ) വിഷത്തെ കൊടുക്കുകയോ (ദ്രുപദസ്യ) ദ്രുപദന്ന് (ധനപ്രദാനാൽ) ധനത്തിൻെറ ഏററവും ദാനംഹേതുവായിട്ടു (എഷാം) ഇവരുടെ (നിർവ്വാസനം) അകററിക്കലോ (തത്രൈവ) പാഞ്ചാലനഗരത്തിൽതന്നെ (നിവാസനംവാ) താമസിപ്പിക്കലോ (ബലമത്തൈഃ) ബലംകൊണ്ടു മത്തന്മാരായ (ദ്രുപദപുത്രൈഃ) ദ്രുപദൻെറ പുത്രന്മാരെക്കൊണ്ടു (വ്യതിഭേദനം വാ) പാഞ്ചാലനോടുകൂടി വൈരത്തെ ഉൽപാദിപ്പിച്ച് ഭേദിപ്പിക്കയൊ (തുല്യവല്ലഭാനാം) തുല്യയായ—ഒന്നായ ഭാര്യയോടുകൂടിയ (എഷാം) ഇവക്ക് (മിഥഃ) അന്യോന്യം (വൈരകരണം വാ) വൈരത്തെ ഉണ്ടാക്ക

കയോ (മന്ത്രൌഷധൈഃ) മന്ത്രങ്ങളെക്കൊണ്ടും ഔഷധങ്ങളെക്കൊണ്ടും (തേഭ്യഃ) അവരിൽനിന്നു (പാഞ്ചാല്യാഃ ഏവ) പാഞ്ചാലിയുടെതന്നെ (വിഭേദനം വാ) ഭേദിപ്പിക്കലോ (ഹൃദ്യാംഗനാഭിഃ) സുന്ദരിമാരായ സ്ത്രീകളെക്കൊണ്ടു (അമൂൻ) ഈ കാമുകന്മാരെ (വിലോഭ്യ) ഭ്രമിപ്പിച്ചിട്ട് (തസ്യാഃ) പാഞ്ചാലിയുടെ (വിരോധനം വാ) വൈരത്തെ ഉൽപാദിപ്പിക്കയോ (പ്രബലതരവൃകോദരച്ഛലവധേന) ഏററവും ബലവാനായ ഭീമസേനൻെറ വ്യാജമായ വധംകൊണ്ടു (ദുർബ്ബലാനാം) ദുർബ്ബലന്മാരായ ഇവരെ (കിങ്കരീകരണം വാ) കിങ്കരന്മാരാക്കിച്ചെയ്യുകയോ (പുരം ആനീയ) പുരത്തിൽ കൊണ്ടുവന്ന് (പുരാ ഇവ) പണ്ടത്തെപ്പോലെ (ഗരാദിപ്രയോഗോ വാ) വിഷം മുതലായതിൻെറ പ്രയോഗമോ (ഇതി) എന്നിപ്രകാരം ചോദിച്ചു.

സാ—"അല്ലയൊ ദുര്യോധനനിൽ വാത്സല്യമുള്ള അച്ഛാ! ഉദാസീനന്മാരായ നമുക്ക് രണ്ടുതവണ പരാജയത്തെ തന്ന ആ പാണ്ഡവന്മാരിൽ അങ്ങ് എന്താണ് വളരെ പ്രീതിയോടുകൂടി സംസാരിക്കുന്നത്? ഇനി ഇവരിൽ ചെയ്യേണ്ടത് എന്താകുന്നു എന്ന് പറഞ്ഞാലും. പാഞ്ചാലത്തിൽവെച്ചുതന്നെ ചാരന്മാരെക്കൊണ്ട് വിഷംകൊടുപ്പിക്കയൊ ദ്രുപദന്ന് കുറെധനം കൊടുത്ത് ഇവരെ അവിടെ നിന്ന് അകററുകയൊ, അതൊ ഇങ്ങോട്ടുവരാതെ അവിടെത്തന്നെ താമസിപ്പിക്കയൊ? ബലംകൊണ്ട് മത്തന്മാരായ ദ്രുപദൻെറ പുത്രന്മാരെകൊണ്ടു പാഞ്ചാലന്ന് ഇവരിൽ വൈരത്തെ ഉല്പാദിപ്പിക്കയൊ ഭാര്യ ഒന്നായ ഇവരെ അന്യോന്യം കലഹിപ്പിക്കയൊ? മന്ത്രങ്ങളെക്കൊണ്ടും ഔഷധങ്ങളെക്കൊണ്ടും പാഞ്ചാലിയെ ഇവരിൽനിന്ന് ഭേദിപ്പിക്കയൊ? സുന്ദരിമാരായ സ്ത്രീകളെകൊണ്ട് ഈ കാമുകന്മാരെ മോഹിപ്പിച്ച് അവൾക്ക് വിരോധം ഉണ്ടാക്കുകയൊ? ഏററവും പ്രബലനായ വൃകോദരനെ വ്യാജം പ്രയോഗിച്ച് കൊന്ന് ദുർബ്ബലന്മാരായ ഇവരെ നമ്മുടെ കിങ്കരന്മാരാക്കിത്തീക്കുകയൊ? ഇങ്ങോട്ടു വരുത്തി പണ്ടത്തെപ്പോലെ വിഷാദികളെ പ്രയോഗിക്കുകയൊ?

'പ്രിയസുയോധന'— വിപരീതലക്ഷണയാ 'അച്ഛന്നു് എന്നിൽ ദയയില്ലെന്നു ഭാവം. 'സംപരിതോഷം'— അതിപരിതാപമാണു് വേണ്ടതെന്നു ഭാവം. 'ബലമത്തൈഃ'— ഭേദിപ്പിപ്പാനുള്ള സൌകര്യം തോന്നിപ്പിക്കുന്നു. 'തുല്യവല്ലഭാനാം'— വൈരകരന്നസൌകര്യപ്രദർശനം. 'ഛലവധേന' നേരെ വദ്ധ്യനല്ലെന്നു ഭാവം. ഈ ഭാവത്തെത്തന്നെ 'പ്രബലതര' എന്നുള്ള വിശേഷണം സ്പഷ്ടമാക്കുന്നു. 'ദുർബ്ബലാനാം'— ഭീമന്റെ കഥകഴിഞ്ഞാൽ പിന്നെ മററുള്ളവർ നമ്മുടെ ചൊൽപടിക്കു്.

പ. "പരീക്ഷിതഭ്രഷ്ടമമീഷു താദൃശം
പരാക്രമേണൈവതു തേ വധോചിതാഃ
തദർത്ഥിനാ പക്ഷബലം നൃപേന്ദുനാ
പ്രവർദ്ധ്യതാ"മിത്യവദദ്രവേസ്സുതഃ. 15

വ്യാ— (അമീഷു) ഇവരിൽ (താദൃശം) അപ്രകാരമുള്ളതു് (പരീക്ഷിതഭ്രഷ്ടം) പരീക്ഷിക്കപ്പെട്ടതായി ഭ്രംശിച്ചതു് — നിഷ്ഫലമായിത്തീൎന്നതു് ആകുന്നു. (തേ) അവർ (തു) ആകട്ടെ (പരാക്രമേണ ഏവ) പരാക്രമംകൊണ്ടുതന്നെ (വധോചിതാഃ) നിഗ്രഹിപ്പാൻ ഉചിതന്മാരാകുന്നു. (തദർത്ഥിനാ) അതിനെ— പരാക്രമത്തെ അപേക്ഷിക്കുന്ന (നൃപേന്ദുനാ) രാജാവാകുന്ന ചന്ദ്രനാൽ (പക്ഷബലം) സഹായബലം — മാസാർദ്ധരൂപപക്ഷത്തിന്റെ ബലം എന്നും (പ്രവർദ്ധ്യതാം) ഏററവും വർദ്ധിപ്പിക്കപ്പെടണം (ഇതി) എന്നു് (രവേഃ സുതഃ) സൂൎയ്യസൂനു — കൎണ്ണൻ (അവദത്) പറഞ്ഞു.

സാ— ഇതുകേട്ടു് കൎണ്ണൻ പറഞ്ഞു:— "ഇപ്പറഞ്ഞപോലെയുള്ള പ്രയോഗങ്ങൾ പാണ്ഡവന്മാരിൽ പരീക്ഷിച്ചുനോക്കി പഴതിലായവയാകുന്നു. ഇതുകൊണ്ടുതന്നെ മററുള്ളവയുടെയും ഗതി ഊഹിക്കാമല്ലോ. പരാക്രമംകൊണ്ടുതന്നേ കുശലന്മാരായ അവരെ കൊല്ലുവാൻ സാധിക്കയുള്ളൂ. പരാക്രമത്തെ അപേക്ഷിക്കുന്ന രാജാവു് ചെയ്യേണ്ടതെന്തെന്നാൽ സഹായബലം വർദ്ധിപ്പിക്കുകയാണു്. അതുകൊണ്ടു് അതിന്നാണു് നാം ഉദ്യമിക്കേണ്ടതു്."

'രവേസ്സുതഃ-പരാക്രമി എന്നു ദ്യോതിപ്പിക്കുന്നു.

ഗ. ധൃതരാഷ്ട്രഃ—

ധൃതരാഷ്ട്രൻ പറഞ്ഞു:—

പ. "രാധേയ! വീര! നനുയുക്തമിദം വചസ്തേ
മാകുപ്യനിഷ്ഫലികരേഷ്വപിതേഷുഭഗ്നഃ
സോയംപരാക്രമരസഃ ഫലിതാകദേതി
ഭീഷ്മാദിഭിസ്സഹമമാസ്തിവിചിന്തനീയം". 16

വ്യാ—(ഹേ വീര രാധേയ) അല്ലേ വീരനായ കർണ്ണ (തേ) അങ്ങയുടെ (ഇദംവചഃ) ഈ വാക്ക് (യുക്തംനനു) യുക്തംതന്നെ. (മാ കുപ്യ) അങ്ങ് കോപിക്കരുത്. (നിഷ്ഫലികരേഷു അപി) യുദ്ധോപകരണങ്ങളായ സേനാദികളില്ലാത്തവരാണെങ്കിലും (തേഷു) പാണ്ഡവന്മാരിൽ (ഭഗ്നഃ) നിഷ്ഫലമായ (സഃ അയം പരാക്രമരസഃ) ആ ഈ—പലതവണ കഴിഞ്ഞതും നിങ്ങൾ ഇപ്പോൾ നില്ലജ്ജം ഉറക്കെ ഘോഷിക്കപ്പെടുന്നതും ആയ, പരാക്രമത്തിലുള്ള—ഇച്ഛ (കദാ) എപ്പോൾ (ഫലിതാ ഇതി) സഫലമായി ഭവിക്കും എന്ന് (ഭീഷ്മാദിഭിസ്സഹ) ഭീഷ്മർ, വിദുരർ തുടങ്ങിയുള്ളവരോടു (മമ) എനിക്ക് (വിചിന്തനീയം) വിചാരിക്കപ്പെടേണ്ടതായിട്ട് (അസ്തി) ഉണ്ടു.

സാ—അല്ലയോ വീരനായ കർണ്ണ! അങ്ങ് ഈ പറഞ്ഞതു ദുര്യോധനൻെറ വികല്പങ്ങളേക്കാൾ യുക്തമായിട്ടുള്ളതുതന്നെ. വീര്യത്തിന്നും ഇതുതന്നെയാണ് യോജിച്ചതു്. പക്ഷെ എനിക്കല്പം അഭിപ്രായഭേദമുണ്ട്. അങ്ങു കോപിക്കരുതു്. ലോകം ഭിന്നരുചിയാണല്ലോ. പാണ്ഡവന്മാക്ക് യുദ്ധസാമഗ്രികളൊന്നും ഇല്ലാതിരിക്കുമ്പോഴും പലതവണ നാം അവരോടെടുത്ത പരാക്രമമെല്ലാം നിഷ്ഫലമായിത്തീർന്നിരിക്കുന്നു. ഇതു് അനുഭവമാണല്ലോ. ആ സ്ഥിതിക്ക് നിങ്ങൾ പറയുംപ്രകാരം അവരോടു നേരിടുന്നതു് എപ്പൊഴായാലാണ് ഫലിക്കുക. അഥവാ ഫലിക്കുമോ? എന്ന് ഭീഷ്മർ, വിദുരർ തുടങ്ങിയുള്ളവരോടു് എനിക്കു ആലോചിക്കേണ്ടതായിട്ടുണ്ടു്".

ശ. ഇതി സമാഹൂതൈശ്ശാന്തനവദ്രോണവിദുരകൃപൈഃ സാമദാനഭേദദണ്ഡൈരിവോപഗതൈഃ പാശ്ചകായശ്ശൂലികയോർദ്ദുര്യോധനകർണ്ണയോർദ്ദുർന്നയദുര്യശസോരിവപ്രസരമുപരുന്ധദ്ഭിഷ്ഷാൾഗുണ്യാനിവ പാഞ്ചാലീപാണ്ഡവാനനുഗൃഹ്യ മാനയിതും ബഹുധാ പ്രതിപദ്യമാനഃ പ്രജ്ഞാചക്ഷുസ്സ്വയം പ്രീതചേതാ നീതിവിദുരം വിദുരമേവ ദ്രുപദപുരം പ്രതി പ്രതിജിഘായ. 17

വ്യാ—(ഇതി) ഇപ്രകാരം പറഞ്ഞിട്ട് (സമാഹൂതൈഃ) സാദരം വിളിക്കപ്പെട്ടവരായിട്ട് (ഉപാഗതൈഃ) സമീപപ്രാപ്തന്മാരായി (സാമദാനഭേദദണ്ഡൈഃ ഇവ) സാമം, ദാനം, ഭേദം, ദണ്ഡം എന്നിവയോ എന്നു തോന്നുമാറിരിക്കുന്നവരായി (പാശ്ചകായശ്ശൂലികയോഃ) വ്യാജമായ ഉപായംകൊണ്ടു നേരിടുവാൻ ഇച്ഛിക്കുന്നവനും, തിക്ഷ്ണമായ ഉപായംകൊണ്ടു നേരിടുവാൻ ഇച്ഛിക്കുന്നവനുമായും (അയഃശൂലരുപായഃ പാശ്ചം—തേനാന്വിച്ഛതീതിപാശ്ചകഃ. "പാശ്ചേനാന്വിച്ഛതി—തീക്ഷ്ണ ഉപായശ്ശൂലഃ. തേനാന്വിച്ഛതീത്യായശ്ശൂലികഃ "അയശ്ശൂലദണ്ഡാദിനാഭ്യാം ഠക്ഠണൗ") (ദുർന്നയദുര്യശസോഃ ഇവ) ദുർന്നയവും ദുര്യശസ്സും എന്നു തോന്നുമാറിരിക്കുന്നവരുമായ (ദുര്യോധനകർണ്ണയോഃ) ദുര്യോധനൻേറയും കർണ്ണൻേറയും (പ്രസരം) പുറപ്പാടിനെ (ഉപരുന്ധദ്ഭിഃ) തടയുന്നവരായ (ശാന്തനവദ്രോണവിദുരകൃപൈഃ) ഭീഷ്മർ, ദ്രോണർ, വിദുരർ, കൃപർ എന്നിവരാൽ (ഷാൾഗുണ്യാൻ ഇവ) സന്ധി, വിഗ്രഹ, യാനാ, സന,ദ്വൈധീഭാവ,സമാശ്രയങ്ങളാകുന്ന ആറു ഗുണങ്ങളോ എന്നു തോന്നുമാറിരിക്കുന്ന (പാഞ്ചാലീപാണ്ഡവാൻ) പാഞ്ചാലിയേയും പാണ്ഡവന്മാരേയും (അനുഗൃഹ്യ) സന്തോഷിപ്പിച്ച് (മാനയിതും) സമ്മാനിപ്പാനായിക്കൊണ്ടു (ബഹുധാ) പലപ്രകാരം (പ്രതിപദ്യമാനഃ) അറിയിക്കപ്പെട്ടവനായ (പ്രജ്ഞാചക്ഷുഃ) ധൃതരാഷ്ട്രർ (പ്രീതചേതാഃ) സന്തുഷ്ടചിത്തനായിട്ട് (സ്വയം) താൻതന്നെ (നീതിവിദുരം) നീതിജ്ഞനായ (വിദുരം ഏവ) വിദുരനെ തന്നെ (ദ്രുപദപുരം പ്രതി) പാഞ്ചാലരാജ്യത്തെക്കുറിച്ച് (പ്രതിജിഘായ) അയച്ചു

സാ—ഇപ്രകാരം പറഞ്ഞ് സാദരം വിളിച്ച് സമീപത്തിൽ വന്നവരും മൂൎത്തിമത്തുകളായ സാമദാനഭേദദണ്ഡങ്ങളോ എന്നു തോന്നുമാറിരിക്കുന്നവരുമായ ഭീഷ്മദ്രോണവിദുരകൃപന്മാർ വ്യാജോപായംകൊണ്ടു നേരിടുവാനാഗ്രഹിക്കുന്നവനും ദുൎന്നയമോ എന്നു തോന്നുമാറിരിക്കുന്നവനുമായ ദുൎയ്യോധനന്റെയും, തീക്ഷ്ണോപായംകൊണ്ടു നേരിടുവാനാശിക്കുന്നവനും ദുൎയ്യശസ്സോ എന്നു തോന്നുമാറിരിക്കുന്നവനുമായ കൎണ്ണന്റേയും പുറപ്പാടിനെ തടഞ്ഞു, ഷൾഗുണങ്ങളോ എന്നു തോന്നുമാറിരിക്കുന്ന പാഞ്ചാലീപാണ്ഡവന്മാരെ ചെന്നു സന്തോഷിപ്പിച്ച് കൊണ്ടുവന്നു വേണ്ടപോലെ സമ്മാനിക്കേണമെന്നു പലപ്രകാരം യുക്തികളോടുകൂടി ധൃതരാഷ്ട്രരെ അറിയിച്ചു. അപ്പോൾ അദ്ദേഹം ഇതുതന്നെയാണ് ശ്രേയസ്സെന്നോൎച്ച് തൃപ്തിപ്പെട്ട് നീതിജ്ഞനായ വിദുരരെത്തന്നെ, താൻ പാഞ്ചാലപുരത്തിലേക്കയച്ചു.

 പ. യേഷാമയം ശാശ്വതികോ വിരോധ—
സ്തേഷാമഹോ ദ്വന്ദ്വസമുത്സുകാനാം
ദ്രാഗേകവദ്ഭാവമസൌ വിധാസ്യ—
ന്നന്ധോ നൃപശ്ശാബ്ദികവദ്ബഭാസേ. 18

വ്യാ—(യേഷാം) യാവചിലൎക്കു (ശാശ്വതികഃ) എല്ലായ്പ്പോഴും ഉള്ളതായ (അയം) ഈ (വിരോധഃ) വൈരംഭവിക്കുന്നു. (ദ്വന്ദ്വസമുത്സുകാനാം) കലഹത്തിൽ, ദ്വന്ദ്വസമാസത്തിൽ എന്നും ആഗ്രഹത്തോടുകൂടിയവരായ(തേഷാം) അവരുടെ—കൌരവപാണ്ഡവന്മാരുടെ, അഹിനകുലേത്യാദിപദങ്ങളുടെ എന്നും(അഹോ) ആശ്ചൎയ്യം (ഏകവദ്ഭാവം) മൈത്രിയെ, ഏകവചനാന്തത്വത്തെ എന്നും (ദ്രാക്) വേഗത്തിൽ (വിധാസ്യൻ) ചെയ്യാനിച്ഛിക്കുന്ന (അന്ധഃ അസൌ നൃപഃ) അന്ധനായ ഈ രാജാവ്—ധൃതരാഷ്ട്രൻ (ശാബ്ദികവൽ) വൈയാകരണൻ എന്നപോലെ (ബഭാസേ) ശോഭിച്ചു.

സാ—ശാശ്വതമായ വിരോധമുള്ളവരും സദാ കലഹിപ്പാൻ ഉത്സുകന്മാരുമായ കൌരവപാണ്ഡവന്മാരെ, ആശ്ചൎയ്യം! വേഗ

ത്തിൽ ഇണക്കിച്ചേൎക്കുവാൻ ഉദ്യമിക്കുന്ന അന്ധനായ ധൃതരാഷ്ട്രൻ വൈയാകരണനോട് സാദൃശ്യംനേടി. എന്തെന്നാൽ വൈയാകരണൻ ശാശ്വതവിരോധിവാചകങ്ങളായ അഹിനകുലേത്യാദിപദങ്ങളെ ദ്വന്ദ്വമായി സമാസിക്കുമ്പോൾ 'അഹിനകുലം' എന്നിങ്ങിനെ വേഗത്തിൽ ഏകവചനാന്തങ്ങളാക്കുന്നു.

'യേഷാഞ്ച വിരോധഃ ശാശ്വതികഃ' എന്നുള്ള അനുശാസനത്തെ അനുസരിച്ചാണ് ഈ പറഞ്ഞത്.

'അഹോ'—ഇപ്രകാരമുള്ള ഇവരെ ഇത്ര വേഗത്തിൽ ഇണക്കിച്ചേൎക്കുവാൻ ഉദ്യമിച്ച ഇദ്ദേഹത്തിന്റെ മൌഢ്യം കേമംതന്നെ. 'ദ്രാക്'—അശാബ്ദികന്മാൎക്ക് വളരെ ഗ്രന്ഥം പരിചയിച്ച് വളരെക്കാലം കൊണ്ടേ സാധിക്കയുള്ളു എന്നു ഭാവം. ശാബ്ദികന്മാൎക്ക് അതിലുള്ള ലാഘവാതിരേകത്തെപ്പററി അതിശയിക്കുന്ന 'അഹോ' എന്നുള്ളതുകൊണ്ട് 'അന്ധഃ' ശാബ്ദികത്വം അന്ധന്മാൎക്ക് ദുസ്സാദ്ധ്യമായതുകൊണ്ട് ആശ്ചൎയ്യത്തെ ദ്യോതിപ്പിക്കുന്നു.

പ. പ്രാപ്തോഽഥതത്ര വിദുരസ്സഹസാ പുരസ്താൽ
ഗോവിന്ദദൎശനവശാദവശീകൃതാത്മാ
തൈൎജ്ജാതുഷാലയകൃതോപകൃതിം വിചിന്ത്യ
ബാഷ്പായിതൈൎദ്രുതമവന്ദ്യത പാണ്ഡവേയൈഃ. 19

വ്യാ—(അഥ) അനന്തരം (സഹസാ) വേഗത്തിൽ (തത്ര) പാഞ്ചാലനഗരത്തിൽ (പ്രാപ്തഃ) പ്രാപിച്ചവനായി (പുരസ്താൽ) മുമ്പിൽ (ഗോവിന്ദദൎശനവശാൽ) ശ്രീകൃഷ്ണന്റെ ദൎശനത്തിന്നു കീഴ്പെടുക ഹേതുവായിട്ട് (അവശീകൃതാത്മാ) സ്വാധീനമല്ലാതായിത്തീൎന്ന മനസ്സോടുകൂടിയവനായ (വിദുരഃ) വിദുരൻ (ജാതുഷാലയകൃതോപകൃതിം) അരക്കില്ലത്തിൽ വെച്ചു ചെയ്യപ്പെട്ടതായ ഉപകാരത്തെ (വിചിന്ത്യ) വിചാരിച്ചിട്ട് (ബാഷ്പായിതൈഃ) കണ്ണീരൊലിപ്പിക്കുന്ന (തൈഃ പാണ്ഡവേയൈഃ) ആ പാണ്ഡുപുത്രന്മാരാൽ (ദ്രുതം) വേഗത്തിൽ (അവന്ദ്യത) വന്ദിക്കപ്പെട്ടു.

സാ—ധൃതരാഷ്ട്രരുടെ നിയോഗത്താൽ ഹസ്തിനപുരത്തിൽനിന്നു പോന്നതിന്നുശേഷം വിദുരർ വളരെ വേഗത്തിൽ പാഞ്ചാലപുരിയിൽ എത്തിച്ചേൎന്നു. അവിടെ തൻെറ കണ്ണുകൾക്കു മുമ്പിൽ മുക്തിപ്രദനായ ഭഗവാൻ സ്വാമിശ്രീകൃഷ്ണനെക്കാണുക കൊണ്ടുണ്ടായ ഭക്തിപ്രമോദങ്ങൾക്കടിമപ്പെട്ട് രസികേതാൻ അധീനനല്ലാതായിത്തീൎന്നു. വിദുരൻ അയച്ച ഖനകനാൽ നിൎമ്മിക്കപ്പെട്ട ബിലത്തിലൂടെ രക്ഷപ്രാപിച്ച പാണ്ഡവന്മാർ ഉടനെ അരക്കില്ലത്തിൽവെച്ചു ചെയ്യുതായ ഉപകാരത്തെ വിചാരിച്ചു ഉള്ളിൽ നിറഞ്ഞ കൃതജ്ഞതാസ്നേഹാദികളാൽ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടു അദ്ദേഹത്തെ വന്ദിച്ചു.

'സഹസാ'—തനിക്ക് ഈ കൃത്യത്തിലുള്ള സന്തോഷം വ്യഞ്ജിപ്പിക്കുന്നു. 'ദ്രുതം'—വളരെക്കാലം കൂടിക്കാണുന്നവനും അത്യുപകാരിയും ഗുരുവും ആയ വിദുരരുടെ ദൎശനംകൊണ്ടുള്ള സന്തോഷാതിരേകം ദ്യോതിപ്പിക്കുന്നു.

ഗ. തത്ര ച വിദുരകഥിതപ്രജ്ഞാചക്ഷുൎവ്വിജ്ഞാപനശ്രവണാദ്യജ്ഞസേനാദിഭിസ്സഹ സമ്മന്ത്ര്യ മുകുന്ദശാസനം പ്രമാണയന്തഃ സകുന്തീപാൎഷതീകാഃ പാൎഷതാനുഗതാഃ ശ്വശുരദത്തബഹുമത്തഹാസ്തികപാദാതാശ്വീയരഥകഡ്യാ പരിപീഡ്യമാനക്ഷിതിചക്രാശ്ചക്രധരഹലധരാഭ്യാം സഹ വചഃപരിഹാസരസപരിലംഘിതമാൎഗ്ഗാഃ കുതൂഹലമത്തപരിജനം ഹസ്തിനപത്തനമഭിപ്രവിഷ്ടാഃ പരിഹൃഷ്ടാൻ ധൃതരാഷ്ട്രഭീഷ്മാദീനഭിപ്രണേമുഃ. 20

വ്യാ—(തത്ര ച) അനന്തരം (പാണ്ഡവേയാഃ) പാണ്ഡവന്മാർ (വിഭക്തിവിപരിണാമേന അനുഷംഗം) (വിദുരകഥിതപ്രജ്ഞാചക്ഷുൎവ്വിജ്ഞാപനശ്രവണാൽ) വിദുരരാൽ പറയപ്പെട്ട ധൃതരാഷ്ട്രരുടെ വിജ്ഞാപനത്തിൻെറ ശ്രവണം ഹേതുവായിട്ട് (യജ്ഞസേനാദിഭിസ്സഹ) ദ്രുപദൻ ധൃഷ്ടദ്യുമ്നൻ മുതലായവരോടുകൂടി (സമ്മന്ത്ര്യ) വഴിപോലെ ആലോചിച്ചിട്ട് (മുകുന്ദശാസനം) ശ്രീകൃഷ്ണൻെറ ശാസനത്തെ (പ്രമാണയന്തഃ) പ്രമാണമാ

ക്കി (സകുന്തീപാഷ്തീകാഃ) കുന്തിയോടും പാഞ്ചാലിയോടുംകൂടിയവരായി (പാഷ്താനുഗാഃ) രക്ഷികളാകുന്ന അനുഗാമികളോടുകൂടിയവരായി (ശ്വശുരദത്തബഹുമത്തഹാസ്തികപാദാതാശ്വീയരശകദ്ധ്യപരിപീഡ്യമാനക്ഷിതിചക്രാഃ) ഭാര്യയുടെ അച്ഛനാൽ കൊടുക്കപ്പെട്ട അനേകം മദയാനക്കൂട്ടം, കാലാൾക്കൂട്ടം, കുതിരക്കൂട്ടം, തേർക്കൂട്ടം ഇവയാൽ പീഡിപ്പിക്കപ്പെടുന്ന തിരക്കോടുകൂടിയതാക്കിത്തീർത്ത ഭൂവലയത്തോടുകൂടിയവരായി (ചക്രധരഹലധരാഭ്യാം സഹ) ശ്രീകൃഷ്ണനോടും ബലഭദ്രരോടുംകൂടെ (വചഃപരിഹാസരസചരിലംഘിതമാർഗ്ഗാഃ) നേരംപോക്കായ വാക്കുകളെക്കൊണ്ടു സരസമാകുംവണ്ണം അതിക്രമിക്കപ്പെട്ട മാർഗ്ഗത്തോടുകൂടിയവരായി (കുതൂഹലമത്തപുരജനം) സന്തോഷംഹേതുവായിട്ട് മത്തന്മാരായ പുരവാസികളോടുകൂടിയ (ഹസ്തിനപത്തനം) ഹസ്തിനപുരത്തെ (അഭിപ്രവിഷ്ടാഃ) പ്രവേശിച്ചവരായിട്ട് (പരിഎഷ്ടാൻ) ഏററവും സന്തുഷ്ടന്മാരായ (ധൃതരാഷ്ട്രഭീഷ്മാദീൻ) ധൃതരാഷ്ട്രൻ, ഭീഷ്മർ, ദ്രോണർ മുതലായവരെ (അഭിപ്രണേമുഃ) അടുത്തുചെന്നു നമസ്കരിച്ചു.

സാ—പിന്നെ പാണ്ഡവന്മാർ വിദുരർ പറഞ്ഞ ധൃതരാഷ്ട്രരുടെ വിജ്ഞാപനത്തെ കേട്ടു. ശത്രുസമീപത്തിലേക്കു പോകുകയാകകൊണ്ടു ദ്രുപദൻ ധൃഷ്ടദ്യുമ്നൻ മുതലായവരോടുകൂടി നല്ലപോലെ ആലോചിച്ച് ഭഗവാൻെറ അഭിപ്രായത്തെ അറിഞ്ഞ് പോകതന്നെ എന്നു തീച്ചപ്പെടുത്തി. കുന്തിയോടും പാഞ്ചാലിയോടുംകൂടി രക്ഷിജനങ്ങളാൽ പിന്തുടന്ന് ശ്വശുരനായ ദ്രുപദൻ കൊടുത്ത അസംഖ്യം മദഗജങ്ങൾ, കാലാൾ, കുതിര്, തേര് ഇവയെക്കൊണ്ടു ഭൂമിയൊട്ടാകെ തിക്കുകൊണ്ടും പൊടികൊണ്ടും ശബ്ദംകൊണ്ടും നിറച്ച് ശ്രീകൃഷ്ണനോടും ബലഭദ്രരോടും കൂടെ നേരംപോക്കു പറഞ്ഞ് വഴിപോയതറിയാതെ, തങ്ങളിലുള്ള പ്രീതിനിമിത്തം പുനർദ്ദശനത്താൽ പ്രമോദമത്തന്മാരായ പൌരന്മാരാൽ കൊണ്ടാടിക്കൊണ്ടു ഹസ്തിനപുരത്തിൽ ചെന്ന് സന്തുഷ്ടന്മാരായ ധൃതരാഷ്ട്രർ, ഭീഷ്മർ, തുടങ്ങിയ ഗുരുജനങ്ങളെക്കണ്ടു നമസ്കരിച്ചു.

'പാൎത്ഥാനുഗാഃ—'ചക്രധര' ...ഇതുകൊണ്ടു പാഞ്ചാലൻ മുതലായവൎക്ക് അപായശങ്ക ഉണ്ടായിരുന്നു എന്നു വ്യഞ്ജിക്കുന്നു.

പ. കുരുമാതരമേത്യ പാൎഷതീ
സഹകുന്ത്യാം പ്രണനാമ സൌബലീം
"സുഭഗേ! കുരുവംശവൎദ്ധിനീ
ഭവിതാസീ"ത്യവദന്മുദൈവ സാ. 21

വ്യാ—(പാൎഷതീ) പാഞ്ചാലി (കുന്ത്യാസഹ) കുന്തിയോടു കൂടെ (കുരുമാതരം) കുരുക്കളുടെ മാതാവായ (സൌബലീം) സുബലപുത്രിയെ—ഗാന്ധാരിയെ (പ്രണനാമ) നമസ്കരിച്ചു (സാ) അവൾ (ഹേ സുഭഗേ) അല്ലയോ സുഭഗെ (ത്വം) നീ (കുരുവംശവൎദ്ധിനീ) കുരുവംശത്തെ വൎദ്ധിപ്പിക്കുന്നവളായിട്ട് (ഭവിതാ അസി) ഭവിക്കും (ഇതി) എന്ന് (മുദാ ഏവ) സന്തോഷത്തോടുകൂടെതന്നെ (അവദൽ) പറഞ്ഞു.

സാ—പാഞ്ചാലി കുന്തിയോടുകൂടെ കൌരവന്മാരുടെ അമ്മയായ ഗാന്ധാരിയെ നമസ്കരിച്ചു. അവൾ "അല്ലയോ സുഭഗേ! നീ കുരുവംശത്തെ വൎദ്ധിപ്പിക്കുന്നവളായിതീരും" എന്നു സന്തോഷത്തോടുകൂടിതന്നെ പറഞ്ഞു.

'മുദാ ഏവ'—അഭിനയം കൊണ്ടല്ല.

പ. പാണ്ഡുരൂപമുദവാപ്യ ഗൃഹന്തേ
ശൌരിസീരിവിദുരാദിപരീതാഃ
ഗൂഹിതാശയസുയോധനകൎണ്ണ-
പ്രീണിതാസ്സദയിതാസ്സുഖമൂഷുഃ. 22

വ്യാ—(തേ) അവർ (ശൌരിസീരിവിദുരാദിപരീതാഃ) ശ്രീകൃഷ്ണൻ, ബലഭദ്രൻ, വിദുരർ, ഭീഷ്മർ മുതലായവരാൽ ചുററപ്പെട്ടവരായിട്ട് (പാണ്ഡുരൂപമുൽ) പാണ്ഡുവിൻെറ രൂപംകൊണ്ടു സന്തോഷത്തെകൊടുക്കുന്നതായ (ഗൃഹം) ഗൃഹത്തെ (അവാപ്യ) പ്രാപിച്ചിട്ട് (ഗൂഹിതാശയസുയോധനകൎണ്ണപ്രീണിതാഃ) മറക്കപ്പെട്ട ആശയത്തോടുകൂടിയ ദുൎയ്യോധനൻ, കൎണ്ണൻ, ദുശ്ശാസനൻ മുതലായവരാൽ സന്തോഷിപ്പിക്കപ്പെട്ടവരായി (സദ

യിതാഃ) പ്രിയയോടുകൂടിയവരായിട്ടു (സുഖം) സുഖമാകുംവണ്ണം (ഊഷുഃ) വസിച്ചു.

സാ—പാണ്ഡവന്മാർ ശ്രീകൃഷ്ണൻ, ബലഭദ്രർ, വിദുരർ, ഭീഷ്മർ മുതലായവരോടുകൂടി ചിത്രത്തിലെഴുതി വെച്ചിരിക്കുന്ന പാണ്ഡുവിൻെറ രൂപംകൊണ്ടു സന്തോഷത്തെക്കൊടുക്കുന്ന ഭവനത്തെ പ്രാപിച്ച് സ്വാശയത്തെ മറച്ചുകൊണ്ടു പെരുമാറുന്ന ദുര്യോധനൻ, കർണ്ണൻ, ദുശ്ശാസനൻ മുതലായവർ ചെയ്യു സൽക്കാരങ്ങളെക്കൊണ്ടു പ്രീതിപ്പെട്ടു പ്രിയതമയായ പാഞ്ചാലിയോടുകൂടി സുഖമായി താമസിച്ചു.

ഗ. തതോ ധർമ്മസൂനുമമും പ്രകൃതിവൃദ്ധിഹേതും ഗുണശാലിനം ശുദ്ധാകാരം കൌരവപദസ്യാർദ്ധേ നിവേശയിതുകാമസ്തദ്ധിതവേദീ പൌരജാനപദാദീനപി വൃദ്ധാനുപാനയൻ ധൃതരാഷ്ട്രോ ജതുഗേഹജാതതാപനിർവ്വാപണാർത്ഥമിവാഭിഷേകക്രിയാമാരഭത. 23

വ്യാ—(തതഃ) അനന്തരം (പ്രകൃതിവൃദ്ധിഹേതും) പ്രകൃതികളുടെ—പ്രജകളുടെ, പ്രത്യയവിധ്യുദ്ദേശ്യമായ ശബ്ദസ്വരൂപങ്ങളുടെ എന്നും. വൃദ്ധിക്ക്—അഭിവൃദ്ധിക്കു, 'അചോഞ്ണിതി' എന്ന സൂത്രംകൊണ്ടു വിധിക്കപ്പെടുന്ന ആദൈച് രൂപത്തിന്ന് എന്നും കാരണമായി (ഗുണശാലിനം) സത്യനിഷ്ഠതാദി ഗുണംകൊണ്ട്, അദേങ് രൂപംകൊണ്ട് എന്നും ശോഭിക്കുന്നവനായി (ശുദ്ധാകാരം) ഉജ്ജ്വലശരീരനായിരിക്കുന്ന, ഹ്രസ്വാകാരരൂപപ്രത്യയത്തെ എന്നും (അമും) ഈ (ധർമ്മസൂനും) ധർമ്മപുത്രരെ (കൌരവപദസ്യ) കുരുരാജസ്ഥാനത്തിൻെറ, കൌരവ എന്ന പദത്തിൻെറ എന്നും (അർദ്ധേ) പകുതിയിൽ, ഇടയിൽ എന്നും (നിവേശയിതുകാമഃ) നിവേശിപ്പിപ്പാൻ ആഗ്രഹിക്കുന്നവനായി (തദ്ധിതവേദീ) തദ്ധിതത്തെ—ധർമ്മപുത്രരുടെ ഹിതത്തെ, തദ്ധിതപ്രത്യയത്തെ എന്നും അറിയുന്നവനായ (ധൃതരാഷ്ട്രഃ) ധൃതരാഷ്ട്രൻ (പൌരജാനപദാദീൻ) പുരത്തിലും ജനപദത്തിലും മററ ദിക്കിലും ഉള്ളവരായ (വൃദ്ധാൻ അപി) വൃദ്ധന്മാരെയും അ

ഷിശബ്ദം അമാത്യപുരോഹിതാദ്ധ്യനേകസമുച്ചായകം. പക്ഷാന്തരത്തിൽ (പൌരജാനപദാദീൻ അപി) പൌരജാനപദാദിശബ്ദസ്വരൂപങ്ങളേയും (വൃദ്ധാൻ) 'വൃദ്ധിര്യസ്യാചാമാദിസ്തദ്വൃദ്ധം' എന്നുള്ള സൂത്രംകൊണ്ടു വിധിച്ചിരിക്കുന്ന സംജ്ഞയോടുകൂടിയവയാക്കി (ഉപാനയൻ) സമീപത്തിൽ കൊണ്ടുവന്നവനായിട്ട്, തീക്ഷ്ണനായിട്ട് എന്നും (ജതുഗേഹജാതതാപനിർവ്വാപണാർത്ഥമിവ) അരക്കില്ലത്തിൽവെച്ചുണ്ടായ ചൂടിനെ നശിപ്പിപ്പാനായിക്കൊണ്ടോ എന്നു തോന്നുമാറ് (അഭിഷേകക്രിയാം) അഭിഷേകത്തിൻെറ ക്രിയയേ (ആരഭത) ആരംഭിച്ചു.

സാ—പിന്നീട് പ്രജകളുടെ അഭിവൃദ്ധിക്കു ഹേതുവായി തീരുന്നവനും, സത്യനിഷ്ഠ മുതലായ ഗുണങ്ങളോടുകൂടിയവനും, ഉജ്ജ്വലശരീരനുമായ ഈ ധർമ്മപുത്രരെ അദ്ദേഹത്തിൻെറ ഹിതമറിഞ്ഞു കുരുരാജസ്ഥാനത്തിൻെറ പകുതിക്ക് അധിപതിയാക്കിത്തീർപ്പാനാഗ്രഹിച്ച ധൃതരാഷ്ട്രൻ പട്ടണത്തിലും നഗരത്തിലും മററുമുള്ള വൃദ്ധന്മാരേയും, അമാത്യന്മാർ, പുരോഹിതൻ മുതലായവരേയും വരുത്തി അഭിഷേകക്രിയ ആരംഭിച്ചു. ഇതു കണ്ടാൽ അരക്കില്ലം കത്തിയപ്പോൾ അവിടെവെച്ച് അവർക്കുണ്ടായ ചൂടുകളയുവാൻവേണ്ടിയാണോ എന്നു തോന്നും. ചൂടിന്നു ജലമാണല്ലൊ പ്രതിവിധി.

കുരുപദത്തിൽനിന്നു അണ്, തദ്ധിതപ്രത്യയം, ആദിവൃദ്ധി. അപ്പോൾ പൌരജാനപദാദിശബ്ദംപോലെ വൃദ്ധസംജ്ഞയോടുകൂടിയ കൌരവപദം ഉണ്ടാകുന്നു.

ശബ്ദശാസ്ത്രനിഷ്ണാതനും, പ്രതിഭാതിശയസമ്പന്നനും ആയ കവി വ്യാകരണവിഷയത്തെ വളരെ എളുപ്പത്തിൽ ചമൽകാരത്തോടെ തൻെറ കവിതയിൽ ഘടിപ്പിച്ചിട്ടുള്ളത് ഇതിന്നു മുമ്പും പരിചിതമാണല്ലോ.

പ. ഗാംഗേയകുംഭേഷ്വഥ ഗാംഗമംഭഃ
പ്രജ്ഞാപ്രമോദേന സഹോപനീതം

വ്യാസോഽപി ദൈവാദ്ദദൃശേ ശരീരീ
പൂരോഃ കുലസ്യേവ സ ഭാഗ്യപൂരഃ. 24

വ്യാ—(അഥ) അനന്തരം (ഗാംഗേയകുംഭേഷു) സ്വർണ്ണകലശങ്ങളിൽ (സഹോപനീതം) കൂടെക്കൊണ്ടുവന്നിട്ടുള്ള (ഗാംഗേയം അംഭഃ) ഗംഗയെ സംബന്ധിച്ച ജലവും (പൂരോഃ കുലസ്യ) പൂരുവിൻെറ വംശത്തിൻെറ (ശരീരീ) ശരീരത്തോടുകൂടിയ (സഃ ഭാഗ്യപൂരഃ ഇവ) ആ-അനേകജന്മാർജ്ജിതമായ ഭാഗ്യസഞ്ചയമോ എന്നു തോന്നുമാറിരിക്കുന്ന (വ്യാസഃ അപി) വ്യാസനും (പ്രജ്ഞാപ്രമോദേന) ധൃതരാഷ്ട്രരാൽ (പ്രജ്ഞാ ഏവ പ്രമോദായ യസ്യ സഃ) (ദൈവാൽ) ദൈവം ഹേതുവായിട്ട് (ദദൃശേ) ദർശിക്കപ്പെട്ടു.

സാ—കരുക്കങ്ങളെല്ലാം കഴിഞ്ഞ ഉടനെ ധൃതരാഷ്ട്രർ ദൈവാധീനത്താൽതന്നെ, മൂർത്തിമത്തായ, പൂരുവംശത്തിൻെറ അനേകജന്മംകൊണ്ടാർജ്ജിച്ച പുണ്യസഞ്ചയമോ എന്നു തോന്നുമാറിരിക്കുന്ന വ്യാസമഹർഷിയെക്കണ്ടു. അദ്ദേഹം അഭിഷേകത്തിന്നുവേണ്ടി കനകകലശങ്ങളിൽ ഗംഗാജലവുംകൂടെ കൊണ്ടുവന്നിരുന്നു.

ഉൽപ്രേക്ഷകൊണ്ടു കാണികൾക്കു കുതുകാതിരേകം വ്യഞ്ജിക്കുന്നു.

പ. "ജിത്വാ ധരിത്രീമഖിലാം ക്ഷിതീശാൻ
കൃത്വാ വശേ ദിവ്യമഖൈസ്സമിഷ്ട്വാ
സുഖേന ജീവേ"തി തമഭ്യഷിഞ്ചൻ
കാനീനധൌമ്യപ്രമുഖാ മുനീന്ദ്രാഃ. 25

വ്യാ—(അഖിലാം) ഒട്ടൊഴിയാതെയുള്ള (ധരിത്രീം) ഭൂമിയെ (ജിത്വാ) ജയിച്ചിട്ട് (ക്ഷിതീശാൻ) രാജാക്കന്മാരെ (വശേ കൃത്വാ) വശത്താക്കിച്ചെയ്തിട്ട് (ദിവ്യമഖൈഃ) ദിവ്യങ്ങളായ യാഗങ്ങളെക്കൊണ്ടു (ഇഷ്ട്വാ) യജിച്ചിട്ട് (ത്വം) അങ്ങ് (സുഖേന) സുഖത്തോടുകൂടി (ജീവ) ജീവിച്ചാലും (ഇതി) എന്നുപറഞ്ഞ് (കാനീനധൌമ്യപ്രമുഖാഃ) കന്യകാജാതൻ—വേദവ്യാസൻ ധൌമ്യൻ തുടങ്ങിയ (മുനീന്ദ്രാഃ) മഹർഷിശ്രേഷ്ഠന്മാർ (തം) ധർമ്മപുത്രരെ (അഭ്യഷിഞ്ചൻ) അഭിഷേകംചെയ്തു.

സാ—"അരങ്ങ് ഭൂമിയൊട്ടാകെ (പ്രകൃതിയല്ല)ജയിച്ച് രാജാക്കന്മാരെ ആസകലം കീഴടക്കി രാജസൂയം മുതലായ ദിവ്യയജ്ഞങ്ങളെചെയ്ത് ചിരകാലം സുഖമായി ജീവിച്ചിരുന്നാലും" എന്നുപറഞ്ഞ് വേദവ്യാസൻ, ധൌമ്യൻ തുടങ്ങിയ മഹർഷിമാർ ധർമ്മപുത്രരെ അഭിഷേകംചെയ്തു.

പ. ഗാംഗതോയപരിഷേകതസ്തദാ
പാണ്ഡുരേവ ദദൃശേ സ പാണ്ഡവഃ
കിഞ്ച സാധു ധൃതരാഷ്ട്രമപ്യമും
മേനിരേ മുദിതചേതസഃ പ്രജാഃ. 26

വ്യാ—(തദാ) അപ്പോൾ (സഃ പാണ്ഡവഃ) ആ പാണ്ഡുസുതൻ—ധർമ്മപുത്രർ (ഗാംഗതോയപരിഷേകതഃ) ഗംഗാജലംകൊണ്ടുള്ള അഭിഷേകംഹേതുവായിട്ട് (പാണ്ഡുഃ ഏവ) ധവളനായിട്ട്, പാണ്ഡുരാജാവായിട്ട് എന്നും തന്നെ (ദദൃശേ) പ്രജകളാൽ കാണപ്പെട്ടു. (കിഞ്ച) അത്രതന്നെയല്ല (അമും) ഇദ്ദേഹത്തെ (മുദിതചേതസഃ) സന്തുഷ്ടചിത്തന്മാരായ (പ്രജാഃ) പ്രജകൾ (സാധു) വഴിപോലെ (ധൃതരാഷ്ട്രം അപി) ധരിക്കപ്പെട്ട രാജ്യത്തോടുകൂടിയവനായിട്ടും (മേനിരേ) വിചാരിച്ചു.

സാ—അപ്പോൾ, വെളുത്ത ഗംഗാജലത്തിന്റെ അഭിഷേകം ഹേതുവായിട്ട് പ്രജകൾ ധർമ്മപുത്രരെ വെളുത്ത നിറമായിക്കണ്ടു. അത്രതന്നെയല്ല സന്തുഷ്ടചിത്തന്മാരായ അവർ ഇദ്ദേഹത്തെ ഉത്തമനായ സാർവ്വഭൌമനായും വിചാരിച്ചു.

പാണ്ഡുവായിക്കണ്ടു. ധൃതരാഷ്ട്രനായും വിചാരിച്ചു എന്ന ശ്ലിഷ്ടാർത്ഥപ്രതീതികൊണ്ടു പാണ്ഡുവിലും ധൃതരാഷ്ട്രരിലും ഉള്ളതുപോലെയുള്ള സന്തോഷം പ്രജകൾക്ക് ധർമ്മപുത്രർ കരാളിൽ ഉണ്ടായി എന്നു വ്യതിരേകം വ്യഞ്ജിക്കുന്നു.

പ. യദൈവ മൂർദ്ധന്യഭിഷേകധാരാ
മഹർഷിദത്താ നിപപാത രാജ്ഞഃ
അമർഷദത്താ ഹൃദയേ തദൈവ
സന്താപധാരാപി സുയോധനസ്യ. 27

വ്യാ—(മഹർഷിദത്താ) മഹർഷിമാരാൽ കൊടുക്കപ്പെട്ട (അഭിഷേകധാരാ) അഭിഷേകത്തിൻെറ ധാര(രാജ്ഞഃ) രാജാവിൻെറ (മൂർദ്ധ്നി) ശിരസ്സിൽ (യദാ ഏവ) എപ്പോൾതന്നെ (പപാത) വീണു. (തദാ ഏവ) അപ്പോൾതന്നെ (സുയോധനസ്യ) ദുര്യ്യോധനൻെറ (ഹൃദയേ) ഹൃദയത്തിൽ (അമർഷദത്താ) കോപത്താൽ കൊടുക്കപ്പെട്ട—ഉണ്ടാക്കപ്പെട്ട (സന്താപധാരാ അപി) സന്താപത്തിൻെറ ധാര—നിരന്തരസന്തതിയും (പപാത) പതിച്ചു—ഉൽഭവിച്ചു.

സാ—എപ്പോൾ മഹർഷിമാർ ചെയ്യുതായ അഭിഷേകധാര ധർമ്മപുത്രരുടെ ശിരസ്സിൽ വീണു അപ്പോൾതന്നെ ദുര്യ്യോധനൻെറ ഉള്ളിൽ നിരന്തരമായ സന്താപസന്തതിയും ഉൽഭവിച്ചു.

'ഹൃദയേ'_സന്താപത്തെ പുറത്തേക്കു പ്രകാശിപ്പിച്ചില്ലെന്നു ഭാവം.

ഗ. തതശ്ചജ്വലിഷ്യൽപ്രതാപത്രാസശരണാഗതംദ്യുമണി_മണ്ഡലമിവമണിമകുടംശിരസാസംഭാവയന്നാർരാജ്യാഭി_ഷേകഇതിപ്രജാഭിഃപ്രമോദവിസ്മൃതമനസ്സാരഞ്ജിതുമിവാദ്ധ്_രാജാകൃതൌഘാലദേശേകൃതപട്ടബന്ധനോ"രത്നഭൂതാസ്സ്_ർവ്വേപിവയംത്വാമേവാശ്രയാമഇതിമന്ത്രിതുമിവകർണ്ണാന്തഗ_തൈർദ്ദിവ്യമണിമണ്ഡലൈരാകലിതകുണ്ഡലഃ പരനഗരേ_ഭ്യസ്സമുപാഗമ്യ വക്ഷോഭാഗമാരോക്ഷ്യതീനാം വിജയലക്ഷ്മീ_നാംഗണനാങ്കാനിവമൌക്തികഗണാനുരസാധാരയൻക_നകവലയഭരണമിഷാദ്ധരണീവലയമേവ നിരായാസംഭു_ജേനോദ്വഹൻസമരോദ്യമകൌതുകാദിവകടകബന്ധദർശി_തശ്രീരതുലലക്ഷ്മീപ്രദാതൃതയേവസമുദ്രതാം ഗതേനവിദ്രുമ_കാന്തിധരേണകരേണോല്ലസൽ പരിഹിതദിവ്യക്ഷൌമോ_പരിവിരാജിതാനേകകാഞ്ചീമണ്ഡലതയൈകകാഞ്ചീലാഭ_ചരിതാർത്ഥംതുണ്ഡീരഗജംവിഡംബയന്നിവകമലാകാമുക_കടാക്ഷപഥേനാവതീർണ്ണയേവദുര്യ്യോധനകുനയഭയേനസ_ദ്യഃപ്രവിഷ്ടയാരാജലക്ഷ്യാവിശേഷോജ്ജ്വലീകൃതതനുസ്സാഭ_

രപ്രണയത്തെ സ്സോദരാദിഭിസ്സാകം നാഗപുരപ്രദക്ഷിണായ പ്രാക്രമത. 28

വ്യാ—(തതശ്ച) അനന്തരമാകട്ടെ (സഃ) ധമ്മപുത്രർ (പ്രജ്വലിഷ്യൽ പ്രതാപത്രാസ ശരണാഗതം) ഏററവും ജ്വലിക്കാൻ പോകുന്നതായ പ്രതാപത്തിൽ നിന്നുള്ളഭയംഹേതുവായിട്ടു ശരണത്തിന്നായിക്കൊണ്ടു വന്നിരിക്കുന്ന (ദ്യുമണിമണ്ഡലം ഇവ) ആദിത്യമണ്ഡലമോ എന്നു തോന്നുമാറിരിക്കുന്ന (മണിമകുടം) രത്നമയമായ കിരീടത്തെ (ശിരസാ) ശിരസ്സുകൊണ്ടു (സംഭാവയൻ) സമ്മാനിക്കുന്ന — ധരിക്കുന്നവനും (അദ്ധരാജ്യാഭിഷേകഃ ഇതി) അദ്ധരാജ്യത്തിൻെറ അഭിഷേകം — പകുതി രാജ്യത്തിന്നധിപതിയാക്കി അഭിഷേകം ചെയ്യൽ എന്നിങ്ങനെ (പ്രമോദവിസ്മൃതം) പ്രമോദം ഹേതുവായിട്ടു മറന്നതിനെ (പ്രജാഭിഃ) പ്രജകളെക്കൊണ്ടു (അനുസ്മാരയിതും ഇവ) ഇടക്കിടെ സ്മരിപ്പിപ്പാനായിക്കൊണ്ടോ എന്നു തോന്നുമാറ് (അദ്ധരാജാകൃതൌ) അദ്ധചന്ദ്രാകൃതിയായ (ഫാലദേശേ) നെററിത്തടത്തിൽ (കൃതപട്ടബന്ധനഃ) ചെയ്യപ്പെട്ട പട്ടത്തിൻെറ ബന്ധനത്തോടു കൂടിയവനും (രത്നഭൃതാഃ) രത്നങ്ങളായിരിക്കുന്ന (സർവ്വേവയം അപി) ഒട്ടൊഴിയാതെയുള്ള ഞങ്ങളും (ത്വാം ഏവ) അങ്ങയെത്തന്നെ (ആശ്രയാമഃ) ആശ്രയിക്കുന്നു (ഇതിമന്ത്രിതുമിവ) എന്നു ഗൂഢമായിപ്പറയുവാനായിക്കൊണ്ടോ എന്നു തോന്നുമാറ് (കർണ്ണാന്തഗതൈഃ) കർണ്ണപ്രദേശത്തെ പ്രാപ്തങ്ങളായ (ദിവ്യമണിമണ്ഡലൈഃ) ദിവ്യങ്ങളായ രത്നസമൂഹങ്ങളെക്കൊണ്ടു (ആകലിതകുണ്ഡലഃ) ധരിക്കപ്പെട്ട കുണ്ഡലങ്ങളോടുകൂടിയവനും (പരനഗരേഭ്യഃ) ശത്രുക്കളുടെ രാജ്യങ്ങളിൽനിന്നു (സമുപാഗത്യ) വന്നിട്ട് (വക്ഷോഭാഗം) മാർവ്വിടത്തെ (ആരോക്ഷ്യതീനാം) ആരോഹണം ചെയ്യാനാഗ്രഹിക്കുന്ന (വിജയലക്ഷ്മീനാം) വിജയലക്ഷ്മികളുടെ (ഗണനാങ്കാൻ ഇവ) കണക്കു കൂട്ടലിനുള്ള ചിഹ്നങ്ങളോ എന്നു തോന്നുമാറ് (മൌക്തികഗണാൻ) മുത്തുരത്നങ്ങളുടെ സമൂഹങ്ങളെ (ഉരസാ) മാറുകൊണ്ടു (ധാരയൻ) ധരിക്കുന്നവനും (കനകവലയഭരണമിഷാൽ) സ്വർണ്ണവളകളുടെ ധരിക്കൽ എന്ന വ്യാ

ജം ഹേതുവായിട്ട (ധരണീവലയം ഏവ) ഭൂവലയത്തെത്തന്നെ (നിരായാസം) യത്നംകൂടാതെ (ഭുജേന) കൈകൊണ്ടു (ഉദ്വഹൻ) വഹിക്കുന്നവനും (സമരോദ്യമകൌതുകാൽ ഇവ) യുദ്ധോദ്യമത്തിലുള്ള കൌതുകം ഹേതുവായിട്ടോ എന്നു തോന്നുമാറ് (കടകബന്ധദർശിതശ്രീഃ) കടകത്തിൻെറ—വളയുടെ, സൈന്യത്തിൻെറ ബന്ധംകൊണ്ടു—ധാരണംകൊണ്ടു, നിവേശംകൊണ്ടു കാണിക്കപ്പെട്ട ശോഭയോടു, വീർയ്യസമ്പത്തോടു എന്നും കൂടിയവനും (അതുലലക്ഷ്മിപ്രദാതൃതയാ ഇവ) എതിരററ സമ്പത്തിൻെറ, ലക്ഷ്മീദേവിയുടെ എന്നും ദാതാവാകു എന്നുള്ള അവസ്ഥ ഹേതുവായിട്ട് (സമുദ്രതാം) അംഗുലീയാദിയോടുകൂടിയതാവു എന്നുള്ള അവസ്ഥയെ, സാഗരതയെത്തെ എന്നും (ഗതേന) പ്രാപിച്ചതായും (വിദ്രുമകാന്തിധരേണ) പവിഴങ്ങളെക്കൊണ്ടു—അംഗുലീയാദികളിൽ പതിച്ചിട്ടുള്ളത്. പക്ഷത്തിൽ ഉള്ളിൽ കിടക്കുന്നത്. ശോഭയെ ധരിച്ചിരിക്കുന്നതും ആയ (കരേണ) കൈകളെക്കൊണ്ടു (ഉല്ലസൻ) ശോഭിക്കുന്നവനും (പരിഹിതദിവ്യക്ഷൌമോപരി) ധരിക്കപ്പെട്ട ദിവ്യമായ വെള്ളപ്പട്ടിൻെറ മുകളിൽ (വിരാജിതാനേകകാഞ്ചിമണ്ഡലതയാ) ശോഭിച്ച അനേകം അരഞ്ഞാൺ വലയത്തോടു, കാഞ്ചീപുരത്തോടു എന്നും കൂടിയവനാവു എന്നുള്ളതു ഹേതുവായിട്ട് (ഏകകാഞ്ചീലാഭചരിതാർത്ഥം) ഒരു കാഞ്ചിയുടെ ലാഭം ഹേതുവായിട്ട് കൃതാർത്ഥനായ (തുണ്ഡീരരാജം) തുണ്ഡീരരാജ്യത്തിൻെറ രാജാവിനെ (വിഡംബയൻ ഇവ) പരിഹസിക്കുന്നവനോ എന്നു തോന്നുമാറിരിക്കുന്നവനും (ദുർയ്യോധനകുനയഭയേന) ദുർയ്യോധനൻെറ ദുർന്നയത്തിൽ നിന്നുള്ള ഭയം ഹേതുവായിട്ട് (കമലാകാമുകകടാക്ഷപഥേന) ലക്ഷ്മീവല്ലഭൻെറ—ശ്രീകൃഷ്ണൻെറ കടാക്ഷമാകുന്ന മാർഗ്ഗത്തിലൂടെ (അവതീർണ്ണയാ ഇവ) ഇറങ്ങിയിട്ടോ എന്നു തോന്നുമാറ് (സദ്യഃ) ഉടനെ (പ്രവിഷ്ടയാ) പ്രവേശിച്ച (രാജലക്ഷ്മ്യാ) രാജലക്ഷ്മിയാൽ(വിശേഷോജ്ജ്വലീകൃതതനുഃ) വിശേഷിച്ച് ഉജ്ജ്വലമാക്കി ചെയ്യപ്പെട്ട ശരീരത്തോടുകൂടിയവനായിട്ട് (സാദരപ്രണതൈഃ) ആദരപുരസ്സരം നമസ്കരിച്ച (സോദരാദിഭിഃ സാകം) സോദരാദികളോടുകൂടെ (നാഗപുരപ്രദ

ക്ഷിണായ) ഹസ്തിനപുരപ്രദക്ഷിണത്തിന്നായി (പ്രാക്രമത) ആരംഭിച്ചു.

സാ—അതിന്നുശേഷം പ്രജ്വലിക്കാൻപോകുന്ന പരാക്രമത്തെ പേടിച്ച ശരണംപ്രാപിച്ച സൂര്യബിംബമെന്നപോലെ ഇരിക്കുന്ന മണിമകുടത്തെ ശിരസ്സിൽ വഹിച്ചും അൎദ്ധരാജ്യാഭിഷേകമാകുന്ന എന്ന പ്രമോദത്താൽ മറന്നുപോയ പ്രജകളെ അനുസ്മരിക്കാനെന്നമട്ടിൽ അൎദ്ധചന്ദ്രാകൃതിയായ നെററിത്തടത്തിൽ പട്ടംകെട്ടിയും രത്നങ്ങളായിച്ചമഞ്ഞ ഞങ്ങളെല്ലാം അങ്ങയെത്തന്നെ ആശ്രയിക്കുന്നു എന്നു മന്ത്രിക്കാനെന്നപോലെ കൎണ്ണഗതങ്ങളും മണിമണ്ഡിതങ്ങളും ആയ കുണ്ഡലംധരിച്ചും അന്യരാജ്യങ്ങളിൽനിന്നു വന്നു മാറിടത്തിൽ കരേറുവാൻ കൊതിച്ചുകൊണ്ടിരിക്കുന്ന ജയലക്ഷ്മികളെ കണ്ടാക്കാക്കി അടയാളമിട്ടതുപോലെ ശോഭിക്കുന്ന മുത്തുമാലകളെ ഉരസ്സിൽധരിച്ചും കനകവലയമെന്ന വ്യാജത്താൽ ഭൂവലയത്തെത്തന്നെ നിഷ്പ്രയാസം ധരിക്കുന്നവനെന്നപോലേയും സമരോദ്യമത്തിലുള്ള സന്തോഷത്താലെന്നു തോന്നുമാറു (സേനാനിവേശംകൊണ്ടു) കാപ്പുകെട്ടലുകൊണ്ടു ദശിപ്പിക്കപ്പെട്ട ശ്രീയോടുകൂടിയവനും അതുലലക്ഷ്മി (സമ്പൽ) പ്രദാനംകൊണ്ടു സമുദ്രാവസ്ഥ (മുദ്രാംഗുലീയകമുള്ള അവസ്ഥ)യെ പ്രാപ്തവും പവിഴകാന്തിയെ ധരിച്ചതുമായ കൈകളെക്കൊണ്ടു ശോഭിച്ചവനും ഉടുക്കപ്പെട്ട ദിവ്യപട്ടാംബരത്തിന്റെ മുകളിൽ ശോഭിക്കപ്പെട്ട അനേകം അരഞ്ഞാണകളോടുകൂടിയവനാകകൊണ്ടു കാഞ്ചീപുരംകൊണ്ടു കൃതാൎത്ഥനായ തുണ്ഡീരരാജനെ പരിഹസിക്കുന്നവനെന്നപോലേയും കമലാകാന്തന്റെ കടാക്ഷമാൎഗ്ഗമായി കഴുകിവന്നതോ ദുൎയ്യോധനന്റെ ദുൎന്നയത്തെ ഭയന്നു ശരണം പ്രാപിച്ചതോ എന്നു തോന്നുമാറു പെട്ടെന്നു പ്രാപിച്ച രാജലക്ഷ്മിയാൽ വിശേഷിച്ചും ഉജ്ജ്വലീകൃതശരീരനായിട്ടു ആദരവോടെ നമസ്കരിച്ച സോദരന്മാരോടുകൂടെ നാഗപുരത്തെ പ്രദക്ഷിണം ചെയ്യാനാരംഭിച്ചു.

പ. ബ്രഹ്മവൎച്ചസിഭിരൎപ്പിതാശിഷോ
രാജവൎച്ചസധരോനരോദ്വഹഃ

പല്യവച്ഛസിനിഹസ്തിവച്ഛസി-
ന്യാസ്ഥിതഃ കരിണിപഷ്ഠഗാൽപുരീം. 29

വ്യാ—(ബ്രഹ്മവച്ഛസിഭിഃ) ബ്രാഹ്മണോത്തമന്മാരാൽ (അപ്പിതാശിഷഃ) അപ്പിതങ്ങളായ അനുഗ്രഹങ്ങളോടുകൂടിയവനായി (രാജവച്ഛസധരഃ) രാജലക്ഷ്മിയെ ധരിച്ചവനായിരിക്കുന്ന (നരോദ്വഹഃ) ധർമ്മപുത്രൻ (പല്യവച്ഛസിനി) വിശേഷമായ പൃഷ്ഠാസ്തരണതേജസ്സോടുകൂടിയതായി (ഹസ്തിവച്ഛസി) ഗജതേജസ്സോടുകൂടിയതായിരിക്കുന്ന (കരിണി) ഗജത്തിങ്കൽ (ആസ്ഥിതഃ) ആരൂഢനായിട്ടു (പുരീം) രാജധാനിയെ (പഷ്ഠഗാൽ) പ്രദക്ഷിണം ചെയ്തു.

സാ—ബ്രാഹ്മണരാൽ അനുഗൃഹീതനും രാജലക്ഷ്മിയെ ധരിച്ചവനുമായ ധർമ്മനന്ദനൻ പൃഷ്ഠാസ്തരണംകൊണ്ടു ശോഭിച്ച ആനപ്പുറത്തുകയറി നഗരപ്രദക്ഷിണം ചെയ്തു.

ഗ. തതശ്ച നഗരപരിക്രമണപ്രകടിതപ്രഭാവഹല്ലോഹല
നില്ലോളിതമാനസ സകലമാനവ വിവിധമാനനാവലോ
കനാമഷ്പ്രകഷ്പ്രധഷിതധീരസൂയാനിധിസ്സുയോധനോ
രഹസി പിതരമേത്യ ശോകാവിലോ വിലലാപ. 30

വ്യാ—(തതശ്ച) അനന്തരം (അസൂയാനിധിഃ) അസൂയക്ക് ഇരിപ്പിടമായ (സുയോധനഃ) ദുര്യോധനൻ (നഗരപരിക്രമണപ്രകടിതപ്രഭാവഹല്ലോഹലനില്ലോളിതമാനസ സകലമാനവവിവിധമാനനാവലോകനാമഷ്പ്രകഷ്പ്രധഷിതധീഃ) നഗരപ്രദക്ഷിണസമയത്തിൽ പ്രകാശിക്കപ്പെട്ട പ്രഭാവാധിക്യത്താൽ ധർമ്മപുത്രാധീനചിത്തന്മാരായ സകലജനങ്ങളുടേയും നാനാവിധ പൂജകളുടെ ദശനംകൊണ്ടുണ്ടായ കോപാധിക്യത്താൽ വ്യാപ്തചിത്തനായി (ശോകാവിലഃ) ശോകകലുഷിതനായിട്ടു (രഹസി) വിജനത്തിൽ (പിതരം) അച്ഛനെ (ഏത്യ) പ്രാപിച്ച് (വിലലാപ) വിലപിച്ചു.

സാ—അതിന്നുശേഷം അസൂയാകുക്ഷിയായ ദുര്യോധനൻ ധർമ്മപുത്രരുടെ നഗരപ്രദക്ഷിണസമയത്തിൽ പ്രകാശിതമായ പ്രഭാവാധിക്യത്താൽ തദധീനമാനസന്മാരായ ജനങ്ങളാൽ ചെയ്ത

പ്പെട്ട പൂജകളെ കണ്ടിട്ട കോപാന്ധനും ദുഃഖത്താൽ കലുഷിതനമായിട്ട വിജനത്തിൽ അച്ഛനായ ധൃതരാഷ്ട്രരെ പ്രാപിച്ച രോദിച്ചു.

പ. ത്വം പാൎത്ഥസാൽകൃതശ്രീ-
ദ്ദാസേരപ്രമുഖദുരുപദേശേന
ദാസീകരിഷ്യസിപരം
തേഷാംബത കുരുകുലാൎഭകാനേതാൻ. 31

വ്യാ—(ത്വം) അങ്ങ് (ദാസേരപ്രമുഖദുരുപദേശേന) വിദുരാദികളുടെ ദുരുപദേശം ഹേതുവായിട്ട (പാൎത്ഥസാൽകൃതശ്രീഃ) ധൎമ്മപുത്രൎക്കധീനമാക്കിച്ചെയ്യപ്പെട്ട രാജലക്ഷ്മിയോടുകൂടിയവനായിട്ട (തേഷാം) അവൎക്ക് (ഏതാൻ കുരുകുലാൎഭകാൻ) ഈ കുരുകുലസന്താനങ്ങളെ (പരം) ഏററവും (ദാസീകരിഷ്യസി) ദാസന്മാരാക്കുന്നു (ബത) കഷ്ടം.

സാ—അങ്ങ് വിദുരർ മുതലായവരുടെ ദുരുപദേശത്താൽ ധൎമ്മപുത്രരെ രാജാവാക്കി വാഴിച്ചിട്ട കുരുകുലസന്താനങ്ങളായ ഞങ്ങളെ അവരുടെ ദാസന്മാരാക്കുന്നു, കഷ്ടം.

ഗ. നിശമ്യചൈതത്സന്താപശാലീസാന്ത്വിചാരോഗാന്ധാ
രീപതിഃ കൌന്തേയാദീനാഹൂയസാന്ത്വയന്നേവമവാദീൽ. 32

വ്യാ—(ഗാന്ധാരീപതിഃ) ധൃതരാഷ്ട്രൻ (ഏതൽ) ഇതിനെ (നിശമ്യ ച) കേട്ടിട്ട (സന്താപശാലീ) ദുഃഖത്തോടുകൂടെ (സാന്ത്വിചാരഃ) മനസ്സിൽ ആലോചിച്ച (കൌന്തേയാദീൻ) പാണ്ഡവന്മാരെ (ആഹൂയ) വിളിച്ചിട്ട (സാന്ത്വയൻ) സമാധാനിപ്പിച്ചുകൊണ്ടു (ഏവം) ഇപ്രകാരം (അവാദീൽ) പറഞ്ഞു.

സാ—ധൃതരാഷ്ട്രൻ ദുൎയ്യോധനന്റെ വാക്കുകളെ കേട്ടിട്ട ദുഃഖത്തോടുകൂടെ പാണ്ഡവന്മാരെ വേർതിരിച്ച താമസിപ്പിക്കുവാൻ ആലോചിച്ചിട്ട ധൎമ്മപുത്രാദികളെ വിളിച്ച സമാധാനിപ്പിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു.

പ. പുത്രാ മേ ദുൎവ്വിനീതാ മുദ്ദലമതിരമൂൻ
നാഹമീശേ നിരോദ്ധും
തദ്വാചേസസ്യകാൻവോനനുസഹവസതൌ
സംബതേയുൎവ്വിരോധാഃ

പൂൎവ്വൈരധ്യാസിതം പ്രാക്കരിപുരജനനാൽ
പാണ്ഡവപ്രസ്ഥസംജ്ഞം
തം ദേശം യാത യൂയം സകലഹിതപരോ
മാധവോ മന്യതേ ചേൽ. 33

വ്യാ—(മേ പുത്രാഃ) എന്റെ മക്കൾ (ദുൎവ്വിനീതാഃ) വിനയമില്ലാത്തവരാകുന്നു. (മൃദുലമതിഃ) അശക്തചിത്തനായ, (അഹം) ഞാൻ (അമൂൻ) ഇവരെ (നിരോദ്ധും) തടയുവാനായിക്കൊണ്ടു (ന ഈശേ) ശക്തനായി ഭവിക്കുന്നില്ല. (തൽ) അതു ഹേതുവായിട്ടു (സന്യകാൻ) അന്യസഹായംകൊണ്ടു വളരേണ്ടവരായ (വഃ) നിങ്ങളോടു (യാചേ) അപേക്ഷിക്കുന്നു. (കരിപുരജനനാൽ പ്രാക്) ഹസ്തിനപുരനിൎമ്മാണത്തിനു മുമ്പു (പൂൎവ്വൈഃ) പൂൎവ്വികന്മാരാൽ (അധ്യാസിതം) അധിഷ്ഠിതമായും (പാണ്ഡവപ്രസ്ഥസംജ്ഞം) ഇന്ദ്രപ്രസ്ഥമെന്ന പേരോടുകൂടിയതുമായ (തം ദേശം) ആ ദിക്കിലേക്കു (സകലഹിതപരഃ) എല്ലാവൎക്കും നന്മയെ കാംക്ഷിക്കുന്ന (മാധവഃ) ശ്രീകൃഷ്ണൻ (മന്യതേ ചേൽ) വിചാരിക്കുന്നുവെങ്കിൽ (യൂയം) നിങ്ങൾ (യാത) പോയാലും.

സാ—എന്റെ മക്കളായ ദുൎയ്യോധനാദികൾ വിനയമില്ലാത്തവരാകുന്നു. മൃദുലചിത്തനായ എനിക്കു അവരെ തടയുവാൻ ശക്തിയില്ല. അതിനാൽ ഞാൻ, അന്യസഹായംകൊണ്ടു വളരേണ്ടവരായ നിങ്ങളോടു അപേക്ഷിക്കുന്നു. നിങ്ങൾ ഒന്നിച്ചു താമസിച്ചാൽ വൈരം വൎദ്ധിക്കുകയേ ഉള്ളു, നിശ്ചയം. അതുകൊണ്ടു ഹസ്തിനപുരമുണ്ടാകുന്നതിന്നു മുമ്പു തമ്മുടെ പൂൎവ്വികന്മാർ താമസിച്ചിരുന്ന ഇന്ദ്രപ്രസ്ഥമെന്ന ദിക്കിലേക്കു കൃഷ്ണന്നു സമ്മതമെങ്കിൽ നിങ്ങൾ പോയാലും.

ഗ. ഇതിവദതി കുരുപിതരി പിതൃവചനം മാനയിതവ്യമേവേതി മാധവഗിരാ പാണ്ഡവേഷു പാണ്ഡവപ്രസ്ഥപ്രസ്ഥായിഷു ധൎമ്മസുതസ്യ രാജ്ഞോ ലോകരഞ്ജനശക്ത്യാ വാ നന്ദസുതസ്യ ഹൃദയാകൎഷണശക്ത്യാ വാ സഹൈവ പ്രതിഷ്ഠാസമാനേഷു നാഗരജനേഷു "അസ്മൽപ്രഭുണാ സഹ നിൎഗ്ഗച്ഛ

താം കുലോച്ഛേദഃ പ്രതിക്രിയേ” തിപ്രതിരുന്ധതി സസൌ
ബലേ സുയോധനേ തേഷു ച ലക്ഷ്മീസഹായമേവ സഹാ
യം മന്വമാനേഷു യൌതകലബ്ധബലമാത്രാനുയാത്രികേഷു
വ്യാസധൌമ്യാദിസമേതേഷു ക്രമേണ സഞ്ജാതകഫലമി
വായുരാദ്യധിഷ്ഠിതം വിഷ്ണുലോകമിവ വിമുക്തജനാവാസം
തല്പദേശമിവ കാന്താരചിതം തൽപ്രദേശമവാപ്യ നിവാ
സോപായം ചിന്തയത്സു “പൌരേയാനസ്മാൻ വാനേയാൻ
കുർവ്വതസ്സുയോധനസ്യാഹമദ്യൈവേ” ത്യുദ്ധോക്തിവിരതേ
ക്രുദ്ധാത്മനി വൃകോദരേ ചിരന്തനേന പുംസാ വിചിന്തിത
സ്യ പുരന്ദരസ്യാജ്ഞയാ ദദൃശേ കില നിരായാസനിഖിലശി
ല്പികർമ്മാ വിശ്വകർമ്മാ. 34

വ്യാ—(കുരുപിതരി) ധൃതരാഷ്ട്രൻ (ഇതി) ഇപ്രകാരം (വ
ദതി) പറഞ്ഞസമയത്തിൽ (പിതൃവചനം) അച്ഛന്റെ വാക്കു
(മാനയിതവ്യം ഏവ ഇതി) മാനിക്കപ്പെടേണ്ടതുതന്നെ എന്നി
പ്രകാരം (മാധവഗിരാ) ശ്രീകൃഷ്ണന്റെ വാക്കു ഹേതുവായിട്ടു (പാ
ണ്ഡവേഷു) പാണ്ഡവന്മാർ (ഖാണ്ഡവപ്രസ്ഥപ്രസ്ഥായിഷു) ഖാ
ണ്ഡവപ്രസ്ഥത്തിലേക്കു പുറപ്പെട്ടസമയത്തിൽ (രാജ്ഞഃ) രാജാ
വായ (ധർമ്മസുതസ്യ) ധർമ്മപുത്രരുടെ (ലോകരഞ്ജനശക്ത്യാ വാ)
ജനരഞ്ജനത്തിലുള്ള സാമർത്ഥ്യത്താലോ (നന്ദസുതസ്യ) ശ്രീകൃഷ്ണ
ന്റെ (ഹൃദയാകർഷണശക്ത്യാ വാ) മനസ്സിനെ വശീകരിക്കുന്ന
തിലുള്ള സാമർത്ഥ്യം ഹേതുവായിട്ടോ (സഹൈവ) ഒരുമിച്ചുതന്നെ
(നാഗരജനേഷു) രാജ്യനിവാസികൾ (പ്രതിഷ്ഠാസമാനേഷു) പുറ
പ്പെടുവാനായിക്കൊണ്ടു ആഗ്രഹത്തോടുകൂടിയവരായപ്പോൾ (അ
ർദ്ധപ്രഭുണാ സഹ) പകുതിരാജ്യത്തിനു നാഥനായിട്ടുള്ളവനോടു
കൂടെ (നിർഗ്ഗച്ഛതാം) പോകുന്നവർക്കു (കുലച്ഛേദഃ പ്രതിക്രിയാ ഇ
തി) വംശവിനാശമാണു പ്രതിക്രിയയെന്നു (സസൌബലേ) ശ
കുനിയോടുകൂടിയ (സുയോധനേ) ദുര്യോധനൻ (പ്രതിരുന്ധതി)
തടുത്തപ്പോൾ (തേഷു ച) അവരും (ലക്ഷ്മീസഹായം ഏവ)
ശ്രീകൃഷ്ണനെത്തന്നെ (സഹായം) അവലംബമായി (മന്വമാനേ
ഷു) വിചാരിച്ചു (യൌതകലബ്ധബലമാത്രാനുയാത്രികേഷു) സ്ത്രീ

ധനമായി കിട്ടിയ സൈന്യങ്ങൾ മാത്രം സഹായത്തോടും (വ്യാസധൌമ്യാദിസമേതേഷു) വ്യാസൻ, ധൌമ്യൻ മുതലായവരോടും കൂടെ (ക്രമേണ) സാവധാനത്തിൽ (സജ്ജാതകഫലം ഇവ) നല്ലതായ ജാതകത്തിൻെറ ഫലം എന്നപോലെ (ആയുരാദ്ധ്യധിഷ്ഠിതം) ആയുസ്സ് മുതലായതിനോടുകൂടിയതും, ആയുസ്സ് മുതലായ രാജാക്കന്മാരാൽ ഭരിക്കപ്പെട്ടതും (വിഷ്ണുലോകം ഇവ) വൈകുണ്ഠം എന്നപോലെ (വിമുക്തജനാവാസം) മുക്തന്മാരായ ജനങ്ങൾ താമസിക്കുന്നതും, ജനവാസമില്ലാത്തതും (തല്പദേശം ഇവ) കിടക്കയെയെന്നപോലെ (കാന്താരചിതം) ഭാര്യയാൽ ഉണ്ടാക്കപ്പെട്ടതും, കാടുകൊണ്ടു നിറഞ്ഞതും ആയ (തൽപ്രദേശം) ആ പ്രദേശത്തെ (അവാപ്യ) പ്രാപിച്ചിട്ടു (നിവാസോപായം) താമസിക്കുവാനുള്ള കൌശലത്തെ (ചിന്തയത്സു) ആലോചിക്കുമ്പോൾ (അഹം) ഞാൻ (പൌരേയാൻ) പട്ടണത്തിൽ താമസിക്കുന്നവരായ (അസ്മാൻ) നമ്മളെ (വാന്യാൻ കുർവ്വതഃ) കാട്ടിൽ താമസിക്കുന്നവരാക്കിച്ചെയ്യു (ദുര്യോധനസ്യ) ദുര്യോധനൻെറ (അദ്യ ഏവ) ഇപ്പോൾതന്നെ (ഇതി അഭ്യോക്തവിരത, ക്രുദ്ധാത്മനി, വൃകോദരേ) ഇപ്രകാരം കോപത്തോടുകൂടെ ഭീമസേനൻ പകുതി പറഞ്ഞു നിർത്തിയപ്പോൾ (ഹിരണ്മയേന പുംസാ) പരംപുരുഷനായ കൃഷ്ണനാൽ (വചിന്തിതസ്യ) ധ്യാനിക്കപ്പെട്ട (പുരന്ദരസ്യ) ഇന്ദ്രൻെറ (ആജ്ഞയാ) കല്പനയാൽ (നിരായാസനിഖിലശില്പികർമ്മാ) പ്രയാസംകൂടാതെ എല്ലാ കരകൌശലങ്ങളെയും ചെയ്യുന്നവനായ (വിശ്വകർമ്മാ) വിശ്വകർമ്മാവു (പുരതഃ) മുമ്പിൽ (ദദൃശേ കില) കാണപ്പെട്ടുപോൽ.

സാ—കുരുപിതാവായ ധൃതരാഷ്ട്രൻ ഇപ്രകാരം പറഞ്ഞപ്പോൾ "പിതൃവചനം മാനിക്കേണ്ടതുതന്നെ" എന്നു ഭഗവാൻ പറകകൊണ്ടു പാണ്ഡവന്മാർ ഖാണ്ഡവപ്രസ്ഥത്തിലേക്കു പുറപ്പെടുവാനൊരുങ്ങിയപ്പോൾ, രാജാവായ ധർമ്മപുത്രരുടെ ലോകരഞ്ജനാശക്തിയാലോ, നന്ദനന്ദനൻെറ ഹൃദയാകർഷണശക്തിയാലോ ജനങ്ങളെല്ലാം പാണ്ഡവന്മാരൊരുമിച്ചു പോകുവാനൊരുങ്ങി. ആ സമയം "അർദ്ധരാജ്യാധിപതിയായ ധർമ്മപുത്രനൊരു

മിച്ചപോകുന്നവക്ക പ്രതിക്രിയ കുലവിച്ഛേദമാണ്" എന്നു പറഞ്ഞ് ദുര്യോധനനും ശകുനിയും ജനങ്ങളെ തടഞ്ഞു. പാണ്ഡവന്മാർ ലക്ഷ്മീപതിയെതന്നെ സഹായമായി കരുതികൊണ്ടു സ്ത്രീധനമായി കിട്ടിയ സൈന്യങ്ങളെമാത്രം പിന്നിൽ നടത്തി വ്യാസൻ, ധൌമ്യൻ, മുതലായ മുനികളോടും കൃഷ്ണരാമാദികളോടുംകൂടെ പുറപ്പെട്ടു ക്രമേണ പണ്ടു ആയുസ്സുമുതലായ രാജാക്കന്മാർ വാണിരുന്നതും ജനവാസമില്ലാത്തതും കാടുപിടിച്ചതുമായ ഖാണ്ഡവപ്രസ്ഥത്തിലെത്തി നിവാസോപായത്തെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ "പുരത്തിൽ വാഴേണ്ടവരായ നമ്മളെ വനത്തിൽ വാഴേണ്ടവരാക്കിത്തീത്ത ദുര്യോധനനെ ഞാനിന്നുതന്നെ" എന്ന് പകുതി പറഞ്ഞ് ഭീമൻ കോപത്തോടുകൂടെ ഇരിക്കുമ്പോൾ — പുരാണപുരുഷനായ ഭഗവാൻ പാണ്ഡവപുരനിർമ്മാണത്തിന്നു വിശ്വകാർമ്മവിനെ അയക്കുവാൻവേണ്ടി ഇന്ദ്രനെ സ്മരിക്കുകയും ആ ക്ഷണത്തിൽതന്നെ ഇന്ദ്രനാൽ നിയുക്തനും ശില്പവേലയിലെല്ലാം സമത്ഥനുമായ വിശ്വകർമ്മാവിനെ പുരോഭാഗത്തിൽ കാണുകയും ചെയ്തു.

പ. ഇന്ദ്രാജ്ഞയാഗതോഹം
നന്ദാത്മജ തവ ഹി ശാസനം കത്തും
തൽ കിം കരോമി ഭഗവ-
ന്നിത്യയമപതൽ പദാംബുജേ ശൌരേഃ. 35

വ്യാ — (ഹേ നന്ദാത്മജ!) അല്ലയോ നന്ദപുത്ര (അഹം) ഞാൻ (ഇന്ദ്രാജ്ഞയാ) ഇന്ദ്രന്റെ കല്പനഹേതുവായിട്ടു (തവ) അങ്ങയുടെ (ശാസനം) കല്പനയേ (കത്തും ഹി) ചെയ്യാനായികൊണ്ടുതന്നെ (ആഗതഃ) വന്നവനാകുന്നു (തൽ) അതുഹേതുവായിട്ടു (ഹേ ഭഗവൻ) അല്ലയോ ഭഗവൻ (അഹം) ഞാൻ (കിം കരോമി) എന്തുചെയ്യേണ്ടു (ഇതി) ഇപ്രകാരം പറഞ്ഞു (അയം) ഇവൻ വിശ്വകർമ്മാവ് (ശൌരേഃ) ശ്രീകൃഷ്ണന്റെ (പദാംബുജേ) പാദാരവിന്ദത്തിൽ (അപതൽ) വീണു — നമസ്കരിച്ചു.

സാ — അല്ലയോ നന്ദനന്ദന! ഞാൻ ഇന്ദ്രന്റെ കല്പന

ഹേതുവായിട്ടു അങ്ങയുടെ കല്പനയെ നിറവേററുവാൻതന്നെ വന്നവനാകുന്നു. അല്ലയോ സ്വാമിൻ! ഞാൻ എന്തിവിടെ ചെയ്യേണ്ടുവെന്നു കല്പിച്ചാലും. എന്നിപ്രകാരം പറഞ്ഞു വിശ്വകൎമ്മാവു ഭഗവാൻെറ കാക്കൽവീണു.

പ. ഇന്ദ്രപ്രസാദപിശുനാമിന്ദ്രപ്രസ്ഥാഭിധാം പുരീമധുനാ
ഇനനന്ദിനീതടാന്തേ വിരചയകരകൌശലാനുരൂപം തേ.

വ്യാ—(ത്വം) അങ്ങ് (അധുനാ) ഇപ്പോൾ (ഇനനന്ദിനീതടാന്തേ) കാളിന്ദിതീരത്തിൽ (ഇന്ദ്രപ്രസാദപിശുനാം) ഇന്ദ്രൻെറ സന്തോഷത്തെ സൂചിപ്പിക്കുന്നതായി (ഇന്ദ്രപ്രസ്ഥാഭിധാം) ഇന്ദ്രപ്രസ്ഥമെന്നു പേരോടുകൂടിയതായിരിക്കുന്ന (പുരീം) രാജധാനിയെ (തേ) അങ്ങയുടെ (കരകൌശലാനുരൂപം) കരകൌശലത്തിന്നു യോജിച്ചവിധം (വിരചയ) നിൎമ്മിച്ചാലും.

സാ—അങ്ങിപ്പോൾ ഇന്ദ്രസന്തോഷസ്മാരകമായി ഇന്ദ്രപ്രസ്ഥമെന്നു പേരോടുകൂടിയ ഒരു രാജധാനിയെ അങ്ങയുടെ കരകൌശലത്തിന്നൊത്തവിധം കാളിന്ദീതീരത്തിലുണ്ടാക്കിയാലും.

പ. ഇതിഹരിവചനേനത്വഷ്ടരിസ്പഷ്ടമേവ
സ്പൃശതികിമപിപൃത്ഥ്വീം വിശ്വതഃ പാൎശ്വഭേന
അലസദവനിപൃഷ്ഠാൽ ഗോപുരോദ്യാനവാപീ-
മണിഭവനസഹസ്രഭ്രാജിതാ രാജധാനീ. 37

വ്യാ—(ഇതി) ഇപ്രകാരം (ഹരിവചനേന) ശ്രീകൃഷ്ണൻെറ വാക്കുഹേതുവായിട്ടു (ത്വഷ്ടരി) വിശ്വകൎമ്മാവ് (വിശ്വതഃ) ജനങ്ങൾക്ക് (സ്പഷ്ടം) വ്യക്തമാകുംവണ്ണം (പാൎശ്വഭേന) മഴുകൊണ്ടു (പൃത്ഥ്വീം) ഭൂമിയെ (കിമപി) കൊറഞ്ഞൊന്ന് (സ്പൃശതി) തൊട്ട സമയത്തിങ്കൽ (അവനിപൃഷ്ഠാൽ) ഭൂഭാഗത്തിൽനിന്നു (ഗോപുരോദ്യാനവാപീമണിഭവനസഹസ്രഭ്രാജിതാ) ഗോപുരങ്ങൾ, ഉദ്യാനങ്ങൾ, കുളങ്ങൾ, രത്നഭവനങ്ങൾ എന്നിവയുടെ സമൂഹങ്ങളാൽ ശോഭിക്കപ്പെട്ടതായ (രാജധാനീ) രാജധാനി (അലസൽ) പ്രകാശിച്ചു.

സാ—വിശ്വകമ്മാവ് ശ്രീകൃഷ്ണൻെറ വാക്കുഹേതുവായി ട്ട് തൻെറ മഴുകൊണ്ടു ജനങ്ങളെല്ലാം കണ്ടുനിൽക്കെ ഭൂമിയിൽ പതുക്കെയൊന്നു തൊട്ടു. ആ സമയം ഭൂപൃഷ്ഠത്തിൽനിന്നു ഗോപുരങ്ങൾ, ഉദ്യാനങ്ങൾ, കുളങ്ങൾ, രത്നഭവനങ്ങൾ എന്നിവകളുടെ സമൂഹങ്ങളെക്കൊണ്ടു ശോഭിതമായ ഒരു രാജധാനി ഏററവും പ്രകാശിച്ചു.

പ. യാ സൂത്രകാരപ്രവരസ്യ വൈഭവാൽ
കചിന്നവക്തവ്യപദംസമേയുഷീ
അശേഷസമ്പാദിതഗുപ്തിബന്ധനാ
ശ്രിയംദധൌ വ്യാകരണാതിഗാമിനീം. 38

വ്യാ—(യാ) യാതൊരുപുരി (സൂത്രകാരപ്രവരസ്യ) യോഗ്യനായ ശില്പിയുടെ, സൂത്രകത്താവായ പാണിനിയുടെ എന്നും (വൈഭവാൽ) യോഗ്യതഹേതുവായിട്ടു (കചിൽ) ഒരിടത്തും (വക്തവ്യപദം) അപവാദസ്ഥാനത്തെ—വാത്തികാദ്യപേക്ഷയെഎന്നും (ന സമേയുഷീ) പ്രാപിക്കാത്തതായി (അശേഷസമ്പാദിതഗുപ്തിബന്ധനാ) രക്ഷക്കുള്ള ഗൂഢമാഗ്ഗങ്ങളേ എല്ലാം സമ്പാദിച്ചതായിട്ട്—പതഞ്ജലികൃതമായ ഭാഷ്യത്തോടു കൂടാത്തതായിട്ടു (വ്യാകരണാതിഗാമിനീം) വ്യാകരണത്തെ അതിക്രമിക്കുന്നതായ (ശ്രിയം) ശ്രീയെ (ദധൌ) ധരിച്ചു.

സാ—ആ പുരി, പണിക്കാരൻെറ സാമത്ഥ്യംകൊണ്ടു ഒരുദിക്കിലും യാതൊരു ദോഷവുമില്ലാത്തതും ആത്മരക്ഷക്കായി ഒളിച്ചിരിപ്പാൻ വേണ്ടതായ ഗൂഢസ്ഥലങ്ങൾ വളരെ ഉള്ളതും ആയിരുന്നതുകൊണ്ടു യോഗ്യനായ പാണിനിയാൽ രചിതമായ സൂത്രത്തോടുകൂടിയതും വാത്തികാദിയുടെ അപേക്ഷയോടുകൂടെ മാത്രം അത്ഥം പൂത്തിയാകുന്നതും പതഞ്ജലിഭാഷ്യത്തോടുകൂടിയതുമായ വ്യാകരണത്തേക്കാൾ അധികം ശോഭിച്ചു.

ഗ. തതശ്ച വിശ്വകമ്മാണം വിശ്വനാഥം വാ മനസി ബഹുമാനയത്സു വിസ്മയപ്രമോദാകുലേഷു സകലേഷു. 39

വ്യാ—(തതശ്ച) അപ്പോൾ (വിശ്വകമ്മാണം) വിശ്വക

ർമ്മാവിനേയും (വിശ്വനാഥം വാ) ലോകനാഥനേയും (മനസി ബഹുമാനയൽസു) മനസ്സിൽ ബഹുമാനിക്കുന്നവരായ (സകലേഷു) എല്ലാജനങ്ങളും (വിസ്മയപ്രമോദാകുലേഷു) ആശ്ചര്യംകൊണ്ടും സന്തോഷംകൊണ്ടും പരവശന്മാരായിരിക്കുമ്പോൾ,

സാ — അതിന്നുശേഷം വിശ്വകർമ്മാവിനേയും ഭഗവാനേയും മനസ്സുകൊണ്ടു മാനിച്ചു സകലരും വിസ്മയകുതൂഹലപരതന്ത്രന്മാരായിരിക്കുമ്പോൾ.

പ. ദത്വാ ധനം ധർമ്മസുതോ ദ്വിജേഭ്യോ-
ജയേതിജീവേതിവിഘോഷിതാശീഃ
ആരൂഢനാഗോ നഗരീമയാസീ-
ദ്ധരിം പുരോധായ ദിവം യഥേന്ദ്രഃ. 40

വ്യാ — (ധർമ്മസുതഃ) ധർമ്മപുത്രൻ (ദ്വിജേഭ്യഃ) ബ്രാഹ്മണർക്കായിക്കൊണ്ടു (ധനം ദത്വാ) ദ്രവ്യത്തെകൊടുത്തിട്ട് (ജയ ഇതി ജീവ ഇതി) ജയിച്ചാലും ജീവിച്ചാലും എന്നിപ്രകാരം (വിഘോഷിതാശീഃ) ഏററവും ഘോഷിക്കപ്പെട്ട അനുഗ്രഹത്തോടുകൂടിയവനായിട്ട് (ആരൂഢനാഗഃ) ആനപ്പുറത്തു കയറി (ഹരിം) ശ്രീകൃഷ്ണനെ (പുരോധായ) പുരസ്കരിച്ചു (ഇന്ദ്രഃ) ഇന്ദ്രൻ (ദിവം) സ്വർഗ്ഗത്തെ (യഥാ) യാതൊരുപ്രകാരമോ അപ്രകാരം (നഗരീം) രാജധാനിയെ (അയാസീൽ) പ്രാപിച്ചു.

സാ — ധർമ്മപുത്രൻ ബ്രാഹ്മണർക്ക് അനേകം ദാനങ്ങളെ ചെയ്തു "ജയിച്ചാലും ജീവിച്ചാലു"മെന്നുള്ള അനുഗ്രഹങ്ങളേ വാങ്ങി ആനപ്പുറത്തു കയറി ശ്രീകൃഷ്ണനെ പുരസ്കരിച്ചു ഇന്ദ്രൻ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുംപോലെ ആ പുരിയേ പ്രാപിച്ചു.

തതശ്ച — തദനന്തരമാകട്ടെ.

പ. ദിവ്യശ്രീർജ്ജുഷി തൽപുരേ കുതുകിനോ
ദേശാന്തരാദാഗതാ
വിപ്രേന്ദ്രാ വണിജശ്ച സർവ്വനിഗമ-
പ്രഷ്ഠാഃ പ്രതിഷ്ഠാം യയുഃ

ശില്പജ്ഞാ അപിഗായകാശ്ചഗണികാ-
സ്സദ്വർണ്ണരാഗശ്രിയഃ
കിംഭൂമ്നാവചസാം ദിനൈഃ കതിപയൈഃ
പൂർണ്ണം തദാസീൽ പുരം. 41

വ്യാ — (ദിവ്യശ്രീജുഷി തൽപുരേ) ദിവ്യശോഭയേ വഹിക്കുന്ന ആ രാജധാനിയിൽ (കുതുകിനഃ) സന്തുഷ്ടന്മാരായിട്ടു (ദേശാന്തരാൽ ആഗതാഃ ) അന്യദേശത്തിൽനിന്നു വന്നവരും (സർവ്വനിഗമപ്രഷ്ഠാഃ) വേദത്തിലും വാണിജ്യത്തിലും യോഗ്യന്മാരുമായ(വിപ്രേന്ദ്രാഃ) ബ്രാഹ്മണരും (വണിജഃ ച) കച്ചവടക്കാരും (പ്രതിഷ്ഠാം) താമസത്തെ (യയുഃ) പ്രാപിച്ചു — ചെയ്തു (സദ്വർണ്ണരാഗശ്രിയഃ) നല്ലനിറത്തിലുള്ള ചായങ്ങളോടുകൂടിയവർ — നല്ല വർണ്ണങ്ങളോടും രാഗങ്ങളോടുംകൂടിയവർ — നല്ല യശസ്സോടും അനുരാഗത്തോടുംകൂടിയവർ ആയ(ശില്പജ്ഞാഃ) ശില്പവേലകളറിയുന്നവരും (ഗായകാഃ അപി) പാട്ടുകാരും (ഗണികാഃ ച) വേശ്യകളും (പ്രതിഷ്ഠാം യയുഃ) താമസമുറപ്പിച്ചു. (വചസാം) വാക്കുകളുടെ (ഭൂമ്നാ) ബാഹുല്യംകൊണ്ടു (കിം) എന്ത് (കതിപയൈഃ ദിനൈഃ) അല്പദിവസങ്ങളെക്കൊണ്ടു (തൽ പുരം) ആ രാജധാനി (പൂർണ്ണം) നിറഞ്ഞതായിട്ടു (ആസീൽ) ഭവിച്ചു.

സാ — അതിന്നുശേഷം ദിവ്യശോഭയോടുകൂടിയ ആ രാജധാനിയിൽ വേദത്തിൽ നിപുണന്മാരായ ബ്രാഹ്മണരും കച്ചവടത്തിൽ സാമർത്ഥ്യമുള്ള വൈശ്യരും സന്തോഷത്തോടുകൂടെ നാനാദേശങ്ങളിൽനിന്നും വന്നു താമസം തുടങ്ങി. നല്ല നിറത്തിലുള്ള ചായം മുതലായ ഉപകരണങ്ങളോടുകൂടിയ ശില്പവേലക്കാരും നല്ല വർണ്ണവും രാഗവും ചേർത്തു പാടുന്ന പാട്ടുകാരും നല്ല പേരുകേട്ടവരും അനുരാഗമുള്ളവരുമായ വേശ്യകളും വന്നു താമസമുറപ്പിച്ചു. എന്തിന്നു വളരെ പറയുന്നു. അല്പം ചില ദിവസങ്ങളെക്കൊണ്ടു ആ രാജധാനി ജനബാഹുല്യമുള്ളതായിത്തീർന്നു.

പ. തത്രാഥസൂതജസുയോധനസൌബലാദ്യാ
ഭീഷ്മാദിഭിസ്സഹ സമേത്യ സഭാജിതാസ്തൈഃ

ആലോക്യ തൽപുരവിഭൂതിമഭൂതപൂർവ്വാ-
മന്യോന്യമൌനശരണാഃ സ്വപുരീമവാപുഃ. 42

വ്യാ—(അഥ) അനന്തരം (സൂതജസുയോധനസൌബലാദ്യാഃ) കർണ്ണൻ, ദുര്യോധനൻ, ശകുനി തുടങ്ങിയുള്ളവർ (ഭീഷ്മാദിഭിഃ സഹ) ഭീഷ്മാദികളോടുകൂടെ (തത്ര) അവിടെ (സമേത്യ) പ്രാപിച്ചിട്ടു (തൈഃ) പാണ്ഡവന്മാരാൽ (സഭാജിതാഃ) സൽകൃതന്മാരായിട്ട് (അഭൂതപൂർവ്വാം) അനന്യസാധാരണമായ (തൽപുരവിഭൂതിം) ആ രാജധാനിയുടെ ഐശ്വര്യത്തെ (ആലോക്യ) കണ്ടിട്ട് (അന്യോന്യമൌനശരണാഃ) അന്യോന്യം ഒന്നുംമിണ്ടാതെ (സ്വപുരീം) തന്റെ രാജധാനിയിലേക്കു (അവാപുഃ) മടങ്ങിച്ചെന്നു.

സാ—അതിന്നുശേഷം ആ രാജധാനിയുടെ മഹിമയേക്കേട്ടു കർണ്ണദുര്യോധനാദികൾ ഭീഷ്മാദികളോടുകൂടെ ഇന്ദ്രപ്രസ്ഥത്തിൽ ചെന്നു പാണ്ഡവന്മാരുടെ സൽക്കാരത്തെ സ്വീകരിച്ചു അനന്യസാധാരണമായ ആ രാജധാനിയുടെ ഐശ്വര്യത്തെക്കണ്ടു അസൂയ സഹിക്കാൻവഹിയാതെ അന്യോന്യം മൌനത്തെ അവലംബിച്ചുകൊണ്ടു തന്റെ രാജധാനിയിലേക്കു മടങ്ങി.

പ. ത്വഷ്ടാരമിഷ്ടൈരുപചാരഭേദൈ-
സ്സംപ്രേഷ്യസംപ്രീണിതപൌരലോകാഃ
പഞ്ചാപിപാഞ്ചാലസുതാമുഖേന്ദു-
സന്തോഷസഞ്ജാതരസാ നനന്ദുഃ. 43

വ്യാ—(ഇഷ്ടൈഃ) അഭിമതങ്ങളായ (ഉപചാരഭേദൈഃ) പലതരത്തിലുള്ള സൽക്കാരങ്ങളേക്കൊണ്ട് (ത്വഷ്ടാരം) വിശ്വകർമ്മാവിനെ (സംപ്രേഷ്യ) സല്ക്കരിച്ചയച്ചിട്ട് (സമ്പ്രീണിതസർവ്വലോകാഃ) സന്തോഷിപ്പിക്കപ്പെട്ട പുരവാസിജനങ്ങളോടുകൂടിയവരായിട്ട് (പഞ്ച അപി) പാണ്ഡവന്മാരഞ്ചാളും (പാഞ്ചാലസുതാമുഖേന്ദുസന്തോഷസഞ്ജാതരസാഃ) പാഞ്ചാലിയുടെ ചന്ദ്രതുല്യമായ മുഖത്തിൻെറ സേവനംകൊണ്ടുണ്ടായ രസത്തോടുകൂടിയവരായിട്ടു (നനന്ദുഃ) ആനന്ദിച്ചു.

സാ—ആ അഞ്ചു പാണ്ഡവന്മാരും വിശ്വകർമ്മാവിനെ പ-

ഖവിധസമ്മാനസല്ക്കാരാദികളാൽ സന്തോഷിപ്പിച്ചയച്ചിട്ടു പൌരന്മാരേയും സന്തോഷിപ്പിച്ചുകൊണ്ടു പാഞ്ചാലീസമാഗമസുഖമനുഭവിച്ചു സന്തോഷത്തോടെ അവിടെ താമസിച്ചു.

## സുന്ദോപസുന്ദോപാഖ്യാനം

പ. ഇത്ഥംസ്വമിത്രജനമുച്ചപദേനിവേശ്യ
പ്രസ്ഥാതുമിച്ഛതിഹരൌസഹിധർമ്മസൂനുഃ
സർവ്വംത്വയൈവഭഗവന്നുപപാദിതന്നോ
ഭൂയോപിപാഹികൃപയേതിപപാതപാദേ. 1

വ്യാ—(ഹരൌ) ശ്രീകൃഷ്ണൻ (ഇത്ഥം) ഇപ്രകാരം (സ്വമിത്രജനം) തൻെറ ബന്ധുക്കളെ (ഉച്ചപദേ) ഉന്നതസ്ഥാനത്തിൽ (നിവേശ്യ) ഇരുത്തിയിട്ടു (പ്രസ്ഥാതും) പുറപ്പെടുവാൻ (ഇച്ഛതി) ആഗ്രഹിക്കുന്ന അവസരത്തിൽ (സഃ ധർമ്മസൂനുഃ ഹി) ആ ധർമ്മപുത്രനാകട്ടെ (ഭഗവൻ) അല്ലയോ ഭഗവൻ (ത്വയാ ഏവ നഃ സർവ്വം ഉപപാദിതം) അങ്ങയാൽതന്നെ ഞങ്ങൾക്കു എല്ലാം ദത്തമായി (ഭൂയഃ അപി) ഇനിയും (കൃപയാ) ദയഹേതുവായിട്ടു (പാഹി) പാലിച്ചാലും (ഇതി) എന്നുപറഞ്ഞുകൊണ്ടു (പാദേ) കാല്ക്കൽ (പപാത) നമസ്കരിച്ചു.

സാ—ശ്രീകൃഷ്ണൻ തൻെറ ബന്ധുക്കളായ പാണ്ഡവന്മാരെ ഈ വണ്ണം സമുചിതയായ രാജധാനിയിൽ താമസിപ്പിച്ചിട്ടു പോകുവാനുത്സാഹിക്കുമ്പോൾ, ധർമ്മപുത്രൻ അല്ലയോ ഭഗവാനെ അങ്ങുതന്നെയാണു ഞങ്ങൾക്കു എല്ലാം തന്നിട്ടുള്ളതു. ഇനിയും ഞങ്ങളെ ദയവുചെയ്തു രക്ഷിക്കണം. എന്നിങ്ങിനെ പറഞ്ഞു അദ്ദേഹത്തിൻെറ കാല്ക്കൽവീണു നമസ്കരിച്ചു.

പ. മാമൈവമുർവ്വീശ തവൈവഭൂമ്നാ
പിത്ര്യംപദം ധർമ്മ്യമിദംഗതോസി
സംക്ഷിപ്യവക്ഷ്യാമ്യഥ ധർമ്മസാരം
സർവ്വാത്മനാ മാനയഭൂമിദേവാൻ. 2

വ്യാ—(ഉർവ്വീശ) രാജാവേ! (മാ മാ ഏവം) ഇങ്ങിനെ പറയരുതു (തവ ഏവ) അങ്ങയുടെ തന്നെ (ഭൂമ്നാ) പ്രഭാവംകൊണ്ടു

(പിത്ര്യം) അച്ഛൻവഴിക്കവകാശപ്പെട്ടതും (ധർമ്മ്യം) ധർമ്മാനുസാരിയായും ഇരിക്കുന്ന (ഇദം പദം) ഈ സ്ഥാനത്തെ (ഗതഃ അസി) പ്രാപ്തനായി ഭവിക്കുന്നു (അഥ) എന്നാൽ (ധർമ്മസാരം) ധർമ്മങ്ങളുടെ തത്വത്തെ (സംക്ഷിപ്യ) ചുരുക്കി (വക്ഷ്യാമി) പറഞ്ഞുതരാം (ഭൂമിദേവാൻ) ബ്രാഹ്മണരെ (സർവ്വാത്മനാ) മനോവാക്കായ കർമ്മങ്ങളെക്കൊണ്ടു (മാനയ) ബഹുമാനിച്ചാലും.

സാ—അല്ലയോ രാജാവേ ഇങ്ങിനെ പറയരുത്. അങ്ങേക്കു അച്ഛൻ വഴിക്കവകാശപ്പെട്ടതും ധർമ്മാനുസാരിയുമായ ഈ സ്ഥാനം ലഭിച്ചതു അങ്ങയുടെ മഹിമാവുകൊണ്ടുതന്നെയാണ്. എന്റെ മാഹാത്മ്യംകൊണ്ടല്ല. എങ്കിലും സാരമായ ധർമ്മത്തെ ഞാൻ അങ്ങയോടു ചുരുക്കിപ്പറയാം. ബ്രാഹ്മണരെ മനോവാക്കായകർമ്മങ്ങളെക്കൊണ്ടു എല്ലായ്പോഴും മാനിക്കണം. ഇതുതന്നെയാണ് മുഖ്യമായ ധർമ്മം. എന്നിങ്ങനെ ഭഗവാൻ ധർമ്മപുത്രനോടു പറഞ്ഞു.

പ. അഭിയാസ്യതിനാരദോത്ര്യയുഷ്മാൻ
മഹിതാന്യസ്യവചാംസിമാനയദ്ധ്വം
അചിരേണസഖേധനഞ്ജയത്വാം
സഹജൌൽസുക്യജുഷംവിലോകയിഷ്യേ. 3

വ്യാ—(നാരദഃ) നാരദമഹർഷി (അത്ര) ഇപ്പോൾ (യുഷ്മാൻ) നിങ്ങളെ (അഭിയാസ്യതി) അഭിയാനംചെയ്യും (അസ്യ) ഇദ്ദേഹത്തിന്റെ (വചാംസി) വാക്കുകളെ (മാനയദ്ധ്വം) മാനിക്കണം (സഖേ ധനംജയ) അല്ലയോ സഖാവായ അർജ്ജുനാ (സഹജൌത്സുക്യജുഷം) സഹജന്മാരിൽ താല്പര്യമുള്ള—സഹജയായ സുഭദ്രയിൽ ഔൽസുക്യത്തോടുകൂടിയ (ത്വാം) അങ്ങയെ (അചിരേണ) താമസിയാതെ (വിലോകയിഷ്യേ) ഞാൻ കണ്ടുകൊള്ളാം.

സാ—നാരദൻ ഉടനെ നിങ്ങളെക്കാണ്മാൻ ഇവിടെ വരും. അദ്ദേഹത്തിന്റെ പൂജ്യങ്ങളായ വാക്കുകളെ നിങ്ങൾ ആദരവോടുകൂടെ കേൾക്കണം. അല്ലയോ സഖിയായുള്ളോവേ ധനഞ്ജയ! സഹജന്മാരിൽ താല്പര്യമുള്ള അങ്ങയെ ഞാൻ ഉടനെക്കണ്ടുകൊ

ള്ളാം. സഹജൌൽസുക്യജുഷം എന്നതിന്നു സോദയിൽ ഔൽസുക്യമുള്ളവനായിട്ട് എന്നുകൂടി ധ്വനിക്കുന്നു.

ഗ. ഇതിസമാമന്ത്ര്യ സന്താപശാലിനീം കുന്തീമപ്യാശ്വാസ്യ
പുരാകൃതദധിംഷ്ലൃതവാസനയേവ സസ്നേഹാനി സകലജന
മനാംസി ചോരയൻ ദ്വാരകാം യയൌ സീരിണാ സഹ
നാരായണഃ. 4

വ്യാ—(നാരായണഃ) ശ്രീകൃഷ്ണൻ (ഇതി സമാമന്ത്ര്യ) ഇപ്രകാരം പറഞ്ഞിട്ടു (സന്താപശാലിനീം കുന്തീം അപി) ദുഃഖിച്ചിരിക്കുന്ന കുന്തീദേവിയേയും (ആശ്വാസ്യ) സമാധാനിപ്പിച്ചിട്ടു(പുരാകൃതദധിംഷ്ലൃതവാസനയാ ഇവ) മുമ്പുചെയ്ത തൈര്, നെയ്യ മുതലായതിന്റെ മോഷണത്തിലുള്ള പരിചയം ഹേതുവായിട്ടോ എന്നു തോന്നുമാറ് (സസ്നേഹാനി) സ്നേഹത്തോടുകൂടിയ (സകലജനമനാംസി) എല്ലാജനങ്ങളുടെയും മനസ്സുകളെ (ചോരയൻ) മോഷ്ടിച്ചുകൊണ്ടു (സീരിണാ സഹ) ബലഭദ്രനോടുകൂടെ (ദ്വാരകാം യയൌ) ദ്വാരകയിലേക്കു പോയി.

സാ—ശ്രീകൃഷ്ണൻ പാണ്ഡവന്മാരോടു ഇപ്രകാരം പറഞ്ഞ് ഏററവും വ്യസനത്തോടു കൂടിയവളായ കുന്തീദേവിയേ ആശ്വസിപ്പിച്ചതിന്നുശേഷം പണ്ടു ബാല്യകാലത്തിൽ തൈർ, പാൽ, മുതലായ്യുകളെ മോഷ്ടിക്ക ഹേതുവായിട്ടു തഴിക്കണ്ടായിത്തീർന്നതായ വാസന കൊണ്ടോ എന്നു തോന്നുംവണ്ണം സകലജനങ്ങളുടേയും മനസ്സിനെ മോഷ്ടിച്ചു കൊണ്ടു ബലഭദ്രരോടും കൂടെ ദ്വാരകയിലേക്കു പോയി.

പ. ആനന്ദമന്ദഗമനോ നവരാഗയോഗൈ-
ർന്നാരായണേതിമധുരം ധ്വനമാനവീണഃ
ശ്രീനാരദസ്സപദി ശാരദനീരദശ്രീ-
ചേരേണ ചാരുമഹസാ ദദൃശേംബരാന്താൽ. 5

വ്യാ—(ആനന്ദമന്ദഗമനഃ) സന്തോഷത്താൽ മന്ദഗതിയും (നവരാഗയോഗൈഃ) പുതിയരാഗങ്ങളുടെ ചേർച്ചയോടു കൂടെ (നാരായണ! ഇതി) നാരായണാ എന്നിങ്ങനെ (മധുരം) മനോ

ഹരമാകുംവണ്ണം(ധ്വനമാനവീണഃ)ശബ്ദിക്കുന്ന വീണയോടു കൂടിയവനുമായ (ശ്രീനാരദഃ)ശ്രീനാരദമുനി(ശാരദഘനശ്രീചോരേണ)ശരൽകാലത്തിലെ മേഘകാന്തിയെക്കവരുന്ന (ചാരുമഹസാ)മനോഹരകാന്തിയോടു കൂടെ (സപദി) വേഗത്തിൽ (അംബരാന്താൽ) ആകാശത്തിൽ നിന്നു (ദദൃശേ) കാണപ്പെട്ടു.

സാ — ശ്രീനാരദമുനി പുതിയ പുതിയ രാഗങ്ങളൊപ്പിച്ചു നാരായണനാമങ്ങളെ ഗാനംചെയ്യുന്ന വീണയെധരിച്ചു ആകാശത്തിൽനിന്നു സന്തോഷത്തോടെ സാവധാനത്തിൽ നടന്നു ശരൽകാലത്തിലെ മേഘകാന്തിയെക്കവരുന്ന മനോഹരതേജസ്സോടുകൂടെ വരുന്നതു കാണപ്പെട്ടു.

ഗ. തം ച സ്ഫടികഘടിതമിവ മുക്താത്മകമിവ സത്വോച്ചയമിവ പ്രസന്നമുരാരിഹസിതച്ഛായാനിവീതമിവ സമീപമുപസരന്തമഭിവന്ദ്യ പരമാസനേ നിവേശ്യ തദ്വചനശ്രവണകുതുകിഷു നിഷണ്ണേഷു പാണ്ഡവേഷു സസ്മിതമസാവവാദീൽ. 6

വ്യാ—(സ്ഫടികഘടിതം ഇവ) സ്ഫടികനിൎമ്മിതനെന്നപോലെയും (മുക്താത്മകം ഇവ) മുത്തുമണിസ്വരൂപം പോലെയും (സത്വോച്ചയം ഇവ) സത്വഗുണസമൂഹം പോലെയും (പ്രസന്നമുരരിപുഹസിതച്ഛായാനിവീതം ഇവ) സന്തുഷ്ടനായ ശ്രീകൃഷ്ണന്റെ മന്ദഹാസച്ഛായയാൽ ചുററപ്പെട്ടവനെന്നപോലെയും ശോഭിക്കുവനായി (സമീപം) സമീപത്തേക്കു് (ഉപസരന്തം) വരുന്നവനുമായ (തം ച) അദ്ദേഹത്തെ_ നാരദനെ (അഭിവന്ദ്യ) വന്ദിച്ചിട്ടു (പരമാസനേ) വിശിഷ്ടമായ സിംഹാസനത്തിൽ (നിവേശ്യ) ഇരുത്തീട്ടു് (പാണ്ഡവേഷു) പാണ്ഡവന്മാർ (തദ്വചനശ്രവണകൌതുകിഷു) അദ്ദേഹത്തിന്റെ വചനശ്രവണത്തിൽ കൌതുകമുള്ളവരായിട്ടു് (നിഷണ്ണേഷു)സ്ഥിതന്മാരായിരിക്കുമ്പോൾ (അസൌ) ഇദ്ദേഹം (സസ്മിതം) മന്ദസ്മിതത്തോടുകൂടുംവണ്ണം (അവാദീൽ) പറഞ്ഞു.

സാ — സ്ഫടികത്താൽ ഉണ്ടാക്കപ്പെട്ടവനെന്നപോലെയും, മു

ക്താത്മകൻ എന്നപോലെയും, മൂത്തിമത്തായ സത്വസമൂഹം പോലേയും, പ്രസന്നനായ മുരാന്തകൻെറ മന്ദഹാസച്ഛായകൊണ്ടു മൂടിയവനെന്നപോലെയും ശോഭിക്കുന്നവനും, സമ്പത്തിലേക്കു വരുന്നവനുമായ നാരദമുനിയെ കണ്ടിട്ടു വന്ദിച്ചു പരമാസനത്തിലിരുത്തി പാണ്ഡവന്മാർ അദ്ദേഹത്തിന്റെ വാക്കു കേൾപ്പാൻ കൌതുകത്തോടുകൂടിയിരുന്നപ്പോൾ ഇദ്ദേഹം മന്ദസ്മിതം തൂകിക്കൊണ്ടു പറഞ്ഞു.

പ. വൈരപ്രിയോസ്മി ഭവതാംതു വധൂനിമിത്തം
നൈവാസ്തു വൈരമിതിശാസിതുമാഗതോസ്മി
നതൈകവല്ലഭതയാ സഹവത്തിനാം വഃ
സ്നിഗ്ദ്ധാത്മനാമപി കദാപി ഭിദാഭവിത്രീ. 7

വ്യാ—(അഹം) ഞാൻ (വൈരപ്രിയഃ) വിരോധത്തിൽ ഇഷ്ടമുള്ളവനായിട്ടു (അസ്മി) ഭവിക്കുന്നു (ഭവതാം തു) നിങ്ങൾക്കാകട്ടെ (വധൂനിമിത്തം) സ്ത്രീനിമിത്തം (വൈരം) വിരോധം (അസ്തു ന ഏവ) നിശ്ചയമായും ഭവിക്കരുത് (ഇതി) ഇപ്രകാരം (ശാസിതും) ഉപദേശിപ്പാനായിക്കൊണ്ട് (ആഗതഃ അസ്മി) വന്നവനാകുന്നു. (ഏകവല്ലഭതയാ) ഒരു പത്നിയോടുകൂടെ (സഹവത്തിനാം) സഹവസിക്കുന്ന (വഃ) നിങ്ങൾക്ക് (സ്നിഗ്ദ്ധാത്മനാം അപി) യോജിപ്പുള്ള മനസ്സോടുകൂടിയവരാണെങ്കിലും (കദാപി) എപ്പോഴെങ്കിലും (ഭിദാ) ഭിന്നിപ്പ് (ഭവിത്രീ നനു) വരുന്നക്കാം.

സാ—അല്ലയോ പാണ്ഡവന്മാർ! ഞാൻ മത്സരത്തിൽ ഇഷ്ടമുള്ളവനാകുന്നു. നിങ്ങൾക്ക് സ്ത്രീനിമിത്തം വൈരം ഉണ്ടാകരുതെന്നു പറയാൻ വേണ്ടിയാണ് ഞാൻ ഇവിടെ വന്നത്. നിങ്ങൾ നല്ല യോജിപ്പുള്ളവരാണെങ്കിലും ഒരു പത്നിയോടുകൂടെ സഹവസിക്കുകനിമിത്തം എപ്പോഴെങ്കിലും ഭിന്നിപ്പ് ഉണ്ടായെന്നു വന്നേക്കാം.

ഗ. ശൃണുത ച കഥാമിമാം - പുരാഖലു ഹിരണ്യകശിപുകുല സംഭവനികുംഭാഭിധനിലിമ്പരിപുതനയൌ അകമ്പാന്തരൌ അഹംഭാവാഭിമാനാവിവ കാമജാഠ്യാഭയാവിവ

ലോഭദ്വരാചാരാവിവദണ്ഡചാരിണൌ സുന്ദോപസുന്ദൌ
"അമരത്വം കരിഷ്യാവ" ഇത്യഭിസന്ധായ വിന്ധ്യാചല
സീമ്നി നിജപിശിതഹോമഭീമത്രപം തപസ്സേപാതേ. 8

വ്യാ—(യൂയം) നിങ്ങൾ (ഇമാംകഥാം) ഈ കഥയെ (ശൃണു ത) കേട്ടാലും (പുരാഖലു) പണ്ടാകട്ടെ (ഹിരണ്യകശിപുകുലസംഭവനികുംഭാഭിധനിലിമ്പാരിതനയൌ) ഹിരണ്യകശിപുവിൻെറ വംശത്തിൽ ജനിപ്പിച്ച നികുംഭാസുരൻെറ പുത്രന്മാരും (അകമ്പാനുരാഗൌ) നിശ്ചലപ്രണയന്മാരും (അഹംഭാവാഭിമാനൌ ഇവ) അഹങ്കാരാഭിമാനങ്ങൾ എന്നപോലേയും (കാമജാല്യൌ ഇവ) കാമജാല്യങ്ങളെന്നപോലെയും (ലോഭദ്വരാചാരൌ ഇവ) ലോഭദ്വരാചാരങ്ങളെന്നപോലെയും (ദണ്ഡചാരിണൌ) കൂടിനടക്കുന്നവരായ (സുന്ദോപസുന്ദൌ) സുന്ദോപസുന്ദന്മാർ (അമരത്വം) ദേവത്വത്തെ (കരിഷ്യാവഃ ഇതി) പ്രാപിക്കേണം എന്നിപ്രകാരം (അഭിസന്ധായ) നിശ്ചയിച്ചിട്ട് (വിന്ധ്യാചലസീമ്നി) വിന്ധ്യപർവ്വതത്തിൽ (നിജപിശിതഹോമഭീമത്രപം) തൻെറ മാംസംകൊണ്ടുള്ള ഹോമംകൊണ്ടു ഭീമത്രപമായ (തപഃ) തപസ്സിനെ (തേപാതേ) ചെയ്തു.

സാ—നിങ്ങൾ ഈ കഥയെ കേട്ടാലും. പണ്ടു ഹിരണ്യകശിപുകുലോൽഭൂതനായ നികുംഭൻെറ പുത്രന്മാരായി ദൃഢപ്രണയന്മാരായി അഹംകാരാഭിമാനങ്ങളെന്നപോലെയും ലോഭദ്വരാചാരങ്ങളെന്നപോലെയും കാമജാല്യങ്ങളെന്നപോലയും ദണ്ഡചാരികളായിരിക്കുന്ന സുന്ദോപസുന്ദന്മാർ അമരത്വംപ്രാപിക്കണമെന്നു കരുതി വിന്ധ്യപർവ്വതത്തിൽ ചെന്നു തങ്ങളുടെ മാംസമരഞ്ഞു ഹോമിച്ചുകൊണ്ടു കഠിനമായ തപസ്സിനെ ചെയ്തു.

ഗ. തതസ്തയോ മനസ്സന്താപശാലിസമസ്താമരപ്രഹിതപ്രമുഗ്ദ്ധാം
ഗനാനർത്തനൈരപിനിവൃത്തികാരൌസുരവിരചിതമയോരാക്ഷസ
ശൂലനിഷണ്ണമാനാശരണാഗതനിജ മാതൃഭഗിനീജന സ
മാക്രന്ദ ... വരപ്രദാനായപ്രസന്ന
താമടിനീയ സമേയുഷി സരോജവസതൌ കാമിതം ക

രോമീതി പുരൈവാഭിധാനാദമരതാം നദോമീരസന്തഭയം ബ്രുവാണേ, നിജപ്രണയവിസ്രംഭാൽ പരസ്പരസ്യൈവ വദ്ധ്യതാം വരമവൃഷാതാം, തതശ്ച ഫലതോലബ്ധാമരതാവരൌ സുരാരിപുരേഷു പീയതാം ഗീയതാമിതിസമുൽഘോഷ്യ നിബദ്ധോത്സവം വത്സരമാത്രം നീത്വാ ജഗൽപീഡനോദ്യതൌ വരപ്രഭാവമവഗമ്യ ബ്രഹ്മലോകമാത്രദ്ധപൂർവ്വിണാ ഗീർവ്വാണഗണേന വിസൃഷ്ടം ത്രിവിഷ്ടപപദം അനായാസമേവാക്രമ്യ ഭൂവസ്ഥലേപി സമസ്തലോകധർമ്മപഥാൻ നിർമ്മഥന്തൌ ഗ്രാവപ്രഹിതബാണപ്രതിമശാപപ്രഹരാൻ പ്രധാവതോ ദ്വിജാതീനപി കരോപകഷ്ടം ഗളോപപീഡം ദ്വിഷന്തൌ, തത്രതത്ര വിലീനാനപി മുനീൻ ഗ്രഹദോഷാനിവ ഗജകേസരിരൂപേണ വ്യാപാദയന്തൌ, അചിരാദേവ രുധിരപിച്ഛിലം കങ്കാളസങ്കിലം അസ്ഥിദുശ്ചരം ക്ഷോണീചക്രം ചകൃവാംസൌ കുരുക്ഷേത്രേ നിബദ്ധപത്തനൌ നിത്യമേവ മദ്യമത്തൌ മത്തകാശിനീശതേന സഹ തത്തദ്ദേശേഷു ചിരമരംസാതാം. 9

വ്യാ—(തതഃ തൌ) അനന്തരം അവർ (മനസ്താപശാലിസമസ്താമര പ്രഹിത പ്രമുഖാംഗനാരത്നൈഃ അപി അനിർവ്വികാരൌ) മനസ്താപമുള്ള എല്ലാ ദേവന്മാരാലും അയക്കപ്പെട്ട മനോഹരകളായ പ്രൌഢസ്ത്രീരത്നങ്ങളെക്കൊണ്ടും വികാരമററവരായി (സുരവിരചിതമായാരാക്ഷസ ശൂലനിഹന്യമാനശരണാഗതനിജ മാതൃ ഭഗിനീജനസമാക്രന്ദനൈഃ അപി) ദേവകളാൽ മായകൊണ്ടുണ്ടാക്കപ്പെട്ട രാക്ഷസന്റെ ശൂലത്താൽ പ്രഹൃതവും ശരണാഗതവുമായ മാതൃ, സോദരീ ജനത്തിന്റെ പ്രരോദനങ്ങളെക്കൊണ്ടും (അനാസ്പന്ദിതൌ) ഇളക്കമില്ലാത്തവരായി (വരപ്രദാനായ) വരം കൊടുക്കുവാനായിട്ട് (പ്രസന്നതാം) സന്തോഷാവസ്ഥയെ (അഭിനീയ) നടിച്ച് (സമേയുഷി) വന്ന (സരോജവസതൌ) ബ്രഹ്മാവ് (കാമിതം) അഭീഷ്ടത്തെ (കരോമി ഇതി) ചെയ്യുന്നുവെന്നുള്ള (അഭിധാനാൽ) പറയലിൽ നി

ന്നും (പുരാ ഏവ) മുമ്പുതന്നെ (അമരത്വം) ദേവത്വം (നദദാമി ഇതി) തരുന്നില്ല എന്നു (സാന്തർഭയം) ഉള്ളിൽ ഭയത്തോടെ (ബ്രുവാണേ) പറയുന്നവനായപ്പോൾ (നിജപ്രണയവിസ്രംഭാൽ) തങ്ങളുടെ സ്നേഹത്തിലുള്ള വിശ്വാസം ഹേതുവായിട്ടു (പരസ്പരസ്യ ഏവ) അന്യോന്യം തന്നെ ഉള്ള (വധ്യതാം) വദ്ധ്യതയേ (അവൃഷാതാം) വരിച്ചു. (തതശ്ച) അതിന്നുശേഷം (ഫലതഃ) ഫലം കൊണ്ടു (ലബ്ധാമരത്വവരൌ) പ്രാപിക്കപ്പെട്ട അമരത്വമാകുന്ന വരത്തോടുകൂടിയവരായി (സുരാരിപുരേഷു) അസുരരാജധാനികളിൽ (പീയതാം) കുടിച്ചാലും (ഗീയതാം) പാടിയാലും (ഇതി) ഇപ്രകാരം (സമുൽഘോഷ്യ) ഘോഷിച്ചിട്ടു (സിദ്ധവരോത്സവം) ചെയ്യപ്പെട്ട ഉത്സവത്തോടു കൂടും വണ്ണം (വത്സരമാത്രം) ഒരു വത്സരം (നീത്വാ) കഴിച്ചിട്ട് (ജഗൽപീഡനോദ്യതൌ) ലോകോപദ്രവത്തിലുദ്യുക്തന്മാരായി (വരപ്രഭാവം അവഗമ്യ) വരപ്രഭാവത്തെ അറിഞ്ഞിട്ടു (ബ്രഹ്മലോകം) ബ്രഹ്മലോകത്തെ (അരുഢപൂർവ്വിണൌ) മുമ്പുതന്നെ ആരോഹണംചെയ്തു (ഗീർവ്വാണഗണേന) ദേവഗണത്താൽ (വിസൃഷ്ടം) ഉപേക്ഷിക്കപ്പെട്ട (ത്രിവിഷ്ടപപദം) സ്വർഗ്ഗത്തെ (അനായാസം ഏവ) പ്രയാസംകൂടാതെ (ആക്രമ്യ) ആക്രമിച്ചിട്ട് (ഭുവഃതലേ അപി) ഭൂമിയുടെ തലത്തിലും (സമസ്തലോകധർമ്മപഥാൻ) സകലരുടേയും ധർമ്മമാർഗ്ഗങ്ങളെ (നിർമ്മഥന്തൌ) നശിപ്പിക്കുന്നവരായി (പ്രാവപ്രഹിതബാണപ്രതിമശാപപ്രഹാരാൻ) ചാണക്കു വച്ച ശരങ്ങളോടു സദൃശങ്ങളായ ശാപപ്രഹാരങ്ങളെ ചെയ്യുന്നവരും (പ്രധാവതഃ) ഓടിപ്പോകുന്നവരുമായ (ദ്വിജാരീൻ) ബ്രാഹ്മണരെ (കരോപകർഷം) കൈപിടിച്ചു വലിച്ചു (ഗളോപപീഡം) കഴുത്തിൽ ഞെക്കി (ദ്വിഷന്തൌ) ദ്വേഷിക്കുന്നവരായി (തത്ര തത്ര) അവിടെ അവിടെ (നിലീനാൻ) ഒളുങ്ങിതാമസിക്കുന്ന (മുനീൻ അപി) മുനികളേയും (ഗ്രഹദോഷാൻ ഇവ) ഗ്രഹദോഷങ്ങളെ എന്നപോലെ (ഗജകേസരിരൂപേണ) ഗജസിംഹങ്ങളുടെ സ്വരൂപത്തോടുകൂടെ—ഗജകേസരി യോഗത്താലെന്നും (വ്യാപാദയ

ന്തൗ) നാശിപ്പിക്കുന്നവരായി (അചിരാൽ ഏവ) താമസിയാതെ തന്നെ (ധരണീചക്രം) ഭൂമണ്ഡലത്തെ (രുധിരപിച്ഛിലം) രക്തസിക്തവും (കങ്കാളപങ്കിലം) കങ്കാളംകൊണ്ടു മലിനവും (അസ്ഥിദുശ്ചരം) അസ്ഥികളെക്കൊണ്ടു സഞ്ചരിക്കാനരുതാത്തവിധവും ആക്കി (ചക്രവാംസൌ) ചെയ്യുന്നവരായി (കുരുക്ഷേത്രേ) കുരുക്ഷേത്രത്തിൽ (നിബദ്ധപത്തനൌ) നിമ്മിക്കപ്പെട്ട ഗൃഹത്തോടു കൂടിയവരായി (നിത്യം ഏവ) എല്ലാപ്പോഴും (മദ്യമത്തൌ) മദ്യം കൊണ്ടു മത്തന്മാരായി (മത്തകാശിനീശതേന സഹ) വനിതാസമൂഹത്തോടുകൂടെ (തത്തദ്ദേശേഷു) അതാതു ദേശങ്ങളിൽ (ചിരം) വളരെക്കാലം (അരംസാതാം) രമിച്ചു.

സാ — അതിന്നു ശേഷം സുന്ദോപസുന്ദന്മാർ മനസ്സുംപശാലികളായ ദേവകളാലയക്കപ്പെട്ട തരുണീരത്നങ്ങളാലും വികാരമില്ലാത്തവരായി ദേവന്മാരാലുണ്ടാക്കപ്പെട്ട മായാരാക്ഷസന്റെ ശൂലപ്രഹാരത്താൽ മാതൃജനത്തിന്റേയും സോദരീജനത്തിന്റേയും നിലവിളികൊണ്ടും ഇളക്കമില്ലാത്തവരായി, ബ്രഹ്മാവ് വരംകൊടുപ്പാൻവേണ്ടി സന്തോഷം നടിച്ചു സമീപത്തിൽ ചെന്നു അഭീഷ്ടം തരാമെന്നു പറയുന്നതിന്നു മുമ്പുതന്നെ അമരത്വം തരികയില്ലന്നു ഉൾഭയത്തോടെ പറഞ്ഞപ്പോൾ തങ്ങളുടെ സ്നേഹവിശ്വാസത്താൽ "ഞങ്ങൾ തമ്മിലന്യോന്യം നിഗ്രഹിക്കുന്നതല്ലാതെ മററാരും നിഗ്രഹിക്കരുതെന്നു" വരം സ്വീകരിച്ചു. അതിന്നുശേഷം അനുഭവംകൊണ്ടു അമരത്വം സിദ്ധിച്ച അവർ അസുരപുരങ്ങളിൽ ചെന്നു "കുടിപ്പിൻ, പാടുവിൻ" എന്നു ഘോഷിച്ചു മഹോത്സവംകൂട്ടി ഒരു വത്സരംമാത്രം താമസിച്ചിട്ടു ലോകോപദ്രവത്തിന്നാരംഭിച്ചു. വരപ്രദാനവൃത്താന്തശ്രവണത്താൽ തന്നെ ബ്രഹ്മലോകം പ്രാപിച്ച ദേവകളാൽ ഉപേക്ഷിക്കപ്പെട്ട സ്വർഗ്ഗത്തെ പ്രയാസം കൂടാതെ ആക്രമിച്ച് ഭൂലോകത്തിലുള്ള സകലജനങ്ങളുടേയും ധർമ്മമാർഗ്ഗങ്ങളെ തടുത്തു ചാണയിൽതേച്ച ബാണത്തിനൊത്തവണ്ണം കഠിനമായി ശപിച്ചുകൊണ്ടോടുന്ന ഭൂസുരരെ കൈപിടിച്ചു വലിച്ചു കഴുത്തിൽ ഞെക്കി വ

ധിച്ചു, അങ്ങുമിങ്ങും പേടിച്ചോടുന്ന മാമുനിമാരേയും, ഗജകേസരിയോഗം ഗ്രഹദോഷങ്ങളെ നശിപ്പിക്കുംപോലെ ഗജരൂപമായും കേസരിരൂപമായും നശിപ്പിച്ചു വളരെ താമസിയാതെ ഭൂലോകമൊട്ടുക്ക് രക്തസിക്തവും കങ്കാളപങ്കിലവും അസ്ഥിദുസ്സഞ്ചരവുമാക്കിക്കൊണ്ടു കുരുക്ഷേത്രത്തിൽ പത്തനം നിർമ്മിച്ചു രാപ്പകൽ മദ്യമത്തന്മാരായി തരുണീസമൂഹത്തോടുകൂടെ ഓരോ ദേശങ്ങളിൽ വളരെക്കാലം ക്രീഡിച്ചു.

പ. തതഃ സ്വയംഭൂം മുനയഃപ്രപന്നാ–
സ്തയോഃ പ്രവൃത്തിം നിഖിലാം ശശംസുഃ
വിജിത്യലോകാൻ വനിതാപരൗതൗ
നിശമ്യ ധാതാവിമൃശന്നവാദീൽ. 10

വ്യാ—(തതഃ) അനന്തരം (മുനയഃ) മുനികൾ (സ്വയംഭൂം) ബ്രഹ്മാവിനെ (പ്രപന്നാഃ) പ്രാപ്തന്മാരായിട്ടു (തയോഃ) അവരുടെ (നിഖിലാം) എല്ലാ (പ്രവൃത്തിം) വൃത്താന്തത്തെയും (ശശംസുഃ) അറിയിച്ചു (ധാതാ) ബ്രഹ്മാവ് (തൗ) അവരെ (ലോകാൻ വിജിത്യ) ലോകങ്ങളെ ജയിച്ചിട്ടു (വനിതാപരൗ നിശമ്യ) വധൂസക്തന്മാരായികേട്ടിട്ടു (വിമൃശൻ) ആലോചിച്ചുകൊണ്ട് (അവാദീൽ) പറഞ്ഞു.

സാ—അതിന്നുശേഷം മുനികൾ ബ്രഹ്മസമീപം പ്രാപിച്ചു സുന്ദോപസുന്ദന്മാരുടെ സകല പ്രവൃത്തികളെയും അറിയിച്ചു. ലോകമെല്ലാം ജയിച്ചു കാമിനീസക്തന്മാരായി കളിക്കുന്ന അവരുടെ കഥകളെ കേട്ടിട്ടു ബ്രഹ്മാവ് ആലോചിച്ചുകൊണ്ടു പറഞ്ഞു.

ഗ. "ഏഹി വിശ്വകർമ്മൻ! വിശ്വമധുരപദാർത്ഥാനാഹൃ–
ത്യ സകലസുരാംഗനാതിഗാമിനീം കാമിനീം കാമപി കാ
മനീയസാരനിധിമാരചയേ"തി. 11

വ്യാ—(ഹേ വിശ്വകർമ്മൻ) അല്ലയോ വിശ്വകർമ്മൻ (ഏഹി) വന്നാലും (വിശ്വമധുരപദാർത്ഥാൻ ആഹൃത്യ) ലോകത്തിലുള്ളമനോഹരപദാർത്ഥങ്ങളെകൊണ്ടുവന്നിട്ടു (സകലസുരാംഗ

നാതിഗാമിനീം) സകല ദേവനാരികളേയും അതിക്രമിക്കുന്ന (കാമപി കാമിനീം) അവാങ്മനസഗോചരാത്ഭുതനിധാനയായ ഒരു കാമിനിയെ (കാമനീയകസാരനിധിം) സൌന്ദൎയ്യസാരത്തിന്നിരിപ്പിടമായിട്ടു (ആരചയ) നിൎമ്മിച്ചാലും.

സാ—അല്ലയോ വിശ്വകൎമ്മൻ സമീപത്തിൽ വന്നാലും. അങ്ങു ലോകത്തിലുള്ള എല്ലാ മനോഹരപദാൎത്ഥങ്ങളേയും സംഗ്രഹിച്ച് അവാങ്മനസഗോചരാത്ഭുതനിധാനയായ ഒരു തരുണീമണിയെ സൌന്ദൎയ്യസാരത്തിന്നിരിപ്പിടമായവിധത്തിൽ നിൎമ്മിക്കണം എന്നു്.

ഗ. സോപിഭുവനത്രയസമാഹൃതേഭ്യഃ സകലദ്രവ്യരത്നേഭ്യഃ സുധാരസസുധാംശുകലാമധൂളീസാരമൃണാളീലതാ സുരതരുകുസുമകിസലയാദിഭ്യോപി തിലമാത്രമേവസാരതരാംശമാദായ യോജയൻ അതിചിരകൃതാവധാനഃ സുരശില്പീ ഭുവനശില്പിനാമദ്ധ്യേമദ്ധ്യേസമുപദിശ്യമാനോവിശ്വമദനീയത്രൂപാംമദനാദ്വൈതരൂപാമിവാനവദ്യാം അതിഹൃദ്യാമകരോദമരാംഗനാം. 12

വ്യാ—(സാ സുരശില്പീ അപി) ആ വിശ്വകൎമ്മാവും (ഭുവനത്രയസമാഹൃതേഭ്യഃ) ത്രൈലോക്യത്തിൽനിന്നു സംഗ്രഹിച്ചതായ (സകലദ്രവ്യരത്നേഭ്യഃ) സകല ഉത്തമദ്രവ്യങ്ങളിൽനിന്നും (സുധാരസസുധാംശുകലാ മധൂളീസാരമൃണാളീ ലതാസുരതരുകുസുമകിസലയാദിഭ്യഃ അപി) അമൃതരസം, ചന്ദ്രക്കല, പുഷ്പരസം താമരവളയം, ലത, കല്പകവൃക്ഷത്തിൻെറ കുസുമം, തളിര്, ഇത്യാദികളിൽ നിന്നു (തിലമാത്രം ഏവ) തിലപ്രമാണമായിതന്നെ (സാരതരാംശം) ഏററവും സാരാംശത്തെ (ആദായ) എടുത്തിട്ട് (അതിചിരകൃതാവധാനഃ) വളരെ നേരം മനസ്സിരുത്തി (യോജയൻ) കൂട്ടിചേൎത്ത് (മദ്ധ്യേമദ്ധ്യേ) ഇടക്കിടെ (ഭുവനശില്പിനാ) ബ്രഹ്മാവിനാൽ (സമുപദിശ്യമാനഃ) നല്ലവണ്ണം ഉപദിഷ്ടനായിട്ടു (വിശ്വമദനീയരൂപാം) വിശ്വത്തിന്നു മദജനകമായ രൂപത്തോടുകൂടിയതും (മദനാദ്വൈതവിദ്യാം ഇവ) മദനൻെറ മുഖ്യവിദ്യയെപ്പോലെ (അനവദ്യാം) ദോഷരഹിതയും (അതിഹൃ

ദ്ധ്യാം) ഏററവും ഹൃദയപ്രീതികാരിണിയുമായ (അമരാംഗനാം) ദേവസ്ത്രീയെ (അകരോൽ) നിമ്മിച്ചു.

സാ—ആ വിശ്വകമ്മാവു് വിശ്വങ്ങളിൽനിന്നു സംഗ്രഹിച്ചു ഉത്തമങ്ങളായ എല്ലാ പദാത്ഥങ്ങളിൽനിന്നും, അമൃതരസം, വിധുകല, പുഷ്പരസം, താമരവളയം, കല്പകവൃക്ഷകുസുമം, തളിർ മുതലായവയിൽനിന്നും തിലപ്രമാണം സാരാംശത്തെ എടുത്തു നല്ലവണ്ണം ആലോചിച്ചു കൂട്ടിച്ചേത്തു ഇടക്കിടെ ബ്രഹ്മാവിന്റെ ഉപദേശത്തോടുകൂടെ വിശ്വമോഹനയും മദനന്റെ മുഖ്യവിദ്യയെപ്പോലെ നിദ്ദോഷയും ഹൃദയാഹ്ലാദകാരിണിയുമായ ഒരു സുരതരുണിയെ സൃഷ്ടിച്ചു.

പ. “കിമഹംകാരവാണിവാണിനാഥേ”—
ത്യവനമ്രാമവലോക്യ താം ജ്വലന്തീം
ദ്രുഹിണോമുദിതോദിദേശതസ്യൈ
ഭുവനാകഷ്ണശക്തിമദ്വിതീയാം. 13

വ്യാ—(ഹേ വാണീനാഥ) അല്ലയോ വാണീവല്ലഭ (അഹം കിം കരവാണി) ഞാൻ എന്തുചെയ്യേണ്ടു (ഇതി) ഇപ്രകാരം പറഞ്ഞു് (അവനമ്രാം) കുമ്പിട്ടവളും (ജ്വലന്തീം) പ്രകാശമാനയുമായ (താം) അവളെ (അവലോക്യ) കണ്ടിട്ടു (ദ്രുഹിണഃ) ബ്രഹ്മാവു് (മുദിതഃ) സന്തുഷ്ടനായിട്ടു (തസ്യൈ) അവൾക്കായിക്കൊണ്ടു (അദ്വിതീയാം) മുഖ്യയായ (ഭുവനാകഷ്ണശക്തിം) ലോകത്തെ വശീകരിപ്പാനുള്ള ശക്തിയെ (ദിദേശ) കൊടുത്തു.

സാ—സുരശില്പിയാൽ ചമക്കപ്പെട്ട സുരാംഗന “അല്ലയോ വാണീനാഥ! ഞാൻ എന്തുചെയ്യേണ്ടുവെന്നു കല്പിച്ചാലും” എന്നിപ്രകാരം പറഞ്ഞു കുനിഞ്ഞുനില്ക്കുന്നവളും പ്രകാശമാനയുമായ അവളെ കണ്ടു സന്തുഷ്ടനായ ധാതാവു് അവൾക്കു മുഖ്യമായ ലോകവശീകരണശക്തിയെ കൊടുത്തു.

പ. തിലാംശമാദായ മനോഹരേഭ്യഃ
കൃതാസിയത്നേന തിലോത്തമാസി
സുന്ദോപസുന്ദൌ വരദാനദൃപ്താ-
വന്യോന്യവൈരായ വിലോഭയ ത്വം. 14

വ്യാ—(യൽ ത്വം) യാതൊന്നു ഹേതുവായിട്ടു നീ (മനോഹരേഭ്യഃ) മനോഹരവസ്തുക്കളിൽനിന്നു (തിലാംശം) തിലപ്രമാണമായ അംശത്തെ (ആദായ) സ്വീകരിച്ചിട്ടു് (കൃതാ അസി) നിൎമ്മിച്ചവളാകുന്നു (തേന) അതുകൊണ്ടു് (തിലോത്തമാ അസി) തിലോത്തമ എന്നു പേരോടുകൂടിയവളാകുന്നു. (ത്വം) നീ (വരദാനദൃപ്തൌ) വരപ്രദാനംകൊണ്ടു ഗൎവ്വിഷ്ഠരായ (സുന്ദോപസുന്ദൌ) സുന്ദോപസുന്ദന്മാരെ (അന്യോന്യവൈരായ) അന്യോന്യവിരോധത്തിന്നായിക്കൊണ്ടു (വിലോഭയ) മോഹിപ്പിച്ചാലും.

സാ—വിശ്വകൎമ്മാവു് മനോഹരവസ്തുക്കളിൽനിന്നു തിലമാത്രങ്ങളായ അംശങ്ങളെടുത്തു സൃഷ്ടിക്കുക നിമിത്തം നീ തിലോത്തമയാകുന്നു. നീ എന്റെ വരംകൊണ്ടു ഗൎവ്വിഷ്ഠരായ സുന്ദോപസുന്ദന്മാൎക്കു തമ്മിൽ വിരോധം ഉണ്ടാകുവാനായി അവരെ മോഹിപ്പിച്ചാലും.

ഗ. ഇതി കഥിതാ സാ തഥേതി വിധാതാരം പ്രണമ്യ കാന്തികല്ലോലൈൎമ്മുഹുൎമ്മുഹുഃ ജഗദന്തരാളം ക്ഷാളയന്തീവ വികൎഷയന്തീവ വിമോഹയന്തീവ ഗന്തുകാമാ സ്വഭാവസ്ഥിതം സുരമുനിമണ്ഡലം സ്വഭാവലളിതവിലാസശതമന്ഥരം പ്രദക്ഷിണീകൎത്തുകാമാ ലജ്ജാവനമ്രകമ്രവദനബിംബൈഃ നിഗ്ഗൂഢസസ്മിതവലമാനകടാക്ഷമോക്ഷൈഃ സ്പന്ദമാനകുചഭരവിഭംഗുരമദ്ധ്യാങ്കുരൈഃ വിലോലദുകൂലാഞ്ചലൈഃ വിരണിതമണിനൂപുരൈശ്ചരണവിന്യാസൈരരുണീകൃതധരണീചക്രം പരിചക്രാമ. 15

വ്യാ—(ഇതി കഥിതാ സാ) ഇപ്രകാരം പറയപ്പെട്ട അവൾ (തഥാ ഇതി) അപ്രകാരമെന്നു പറഞ്ഞു (വിധാതാരം) ബ്രഹ്മാവിനെ (പ്രണമ്യ) നമസ്കരിച്ചിട്ടു് (കാന്തികല്ലോലൈഃ) കാന്തിപരമ്പരകളെക്കൊണ്ടു (മുഹുഃ മുഹുഃ) പിന്നെയും പിന്നെയും (ജഗദന്തരാളം) ഭുവനാന്തരാളത്തെ (ക്ഷാളയന്തീ ഇവ) കഴുകുന്നവളൊ എന്നു തോന്നുംവിധവും (വികൎഷയന്തീ ഇവ) ആകൎഷിക്കുന്നവളൊ എന്നു തോന്നുംവിധവും (വിമോഹയന്തീ ഇവ) മോഹിപ്പിക്കുന്നവളൊ എന്നു തോന്നുംവിധവും (ഗന്തുകാമാ)

പോകുവാനാഗ്രഹിക്കുന്നവളായി (സഭാവസ്ഥിതം) സഭയിൽ ഇ
രിക്കുന്ന (സുരമുനിമണ്ഡലം) ദേവർഷിസമൂഹത്തെ (സ്വഭാവല
ളിതവിലാസശതമന്ഥരം) സ്വഭാവേന മനോഹരങ്ങളായ വിലാ
സസമൂഹങ്ങളെക്കൊണ്ടു മന്ദമാകുംവണ്ണം (പ്രദക്ഷിണീകര്‍ത്തുകാ
മാ) പ്രദക്ഷിണം ചെയ്യാനാഗ്രഹിക്കുന്നവളായി (ലജ്ജാവനമ്രക
മ്രവദനബിംബൈഃ) ലജ്ജകൊണ്ടു താഴ്ത്തിയതും മനോഹരവുമാ
യ മുഖബിംബത്തോടുകൂടിയവയും (നിഗൂഢസസ്മിതവലമാനക
ടാക്ഷമോക്ഷൈഃ) ഗൂഢമാകുംവണ്ണം മന്ദസ്മിതത്തോടുകൂടെ വലനം
ചെയ്യുന്ന കടാക്ഷവിക്ഷേപങ്ങളോടുകൂടിയവയും (സ്പന്ദമാനകുച
ഭരവിഭംഗുരമദ്ധ്യാംകുരൈഃ) ഇളകുന്ന കുചഭാരംകൊണ്ട് ഏററ
വും നമ്രമായ മദ്ധ്യപ്രദേശത്തോടുകൂടിയവയും (വിലോലദുകൂലാ
ഞ്ചലൈഃ) ചഞ്ചലങ്ങളായ വസ്ത്രാഗ്രത്തോടുകൂടിയവയും (വിര
ണിതമണിനൂപുരൈഃ) ഏററവും ശബ്ദിപ്പിക്കപ്പെട്ട രത്നനൂപുര
ത്തോടുകൂടിയവയുമായ (ചരണവിന്യാസൈഃ) പാദന്യാസങ്ങ
ളെക്കൊണ്ടു (അരുണീകൃതധരണീചക്രം) ചൊമപ്പിക്കപ്പെട്ട ഭൂ
ചക്രത്തോടുകൂടുംവണ്ണം (പരിചക്രാമ) പരിക്രമിച്ചു—ചുററി ന
ടന്നു.

സാ—ഇപ്രകാരം ബ്രഹ്മാവിനാൽ നിയുക്തയായ തിലോത്ത
മ "അങ്ങിനെതന്നെ" എന്നുപറഞ്ഞു ധാതാവിനെ നമസ്കരിച്ചു
കാന്തിപരമ്പരകളെക്കൊണ്ടു ഭുവനാന്തരാളത്തെ പിന്നെയും പി
ന്നെയും കഴുകുന്നപോലെയും, ആകർഷിക്കുന്നപോലെയും മോഹി
പ്പിക്കുന്നപോലെയും, പോകുവാനാഗ്രഹിച്ചു സഭയിലിരിക്കുന്ന
സുരമുനിമണ്ഡലത്തെ സ്വഭാവമധുരങ്ങളായ വിലാസങ്ങളോടു
കൂടെ സാവധാനത്തിൽ പ്രദക്ഷിണം ചെയ്യാനായി ലജ്ജകൊണ്ടു
മനോഹരമായ മുഖം താഴ്ത്തിയും, ഗൂഢമായി മന്ദസ്മിതം ചെയ്തും,
കടാക്ഷിച്ചും, മദ്ധ്യാംകുരത്തെ താഴ്ത്തുമാറു കുചഭരം കുലുക്കിയും,
വസ്ത്രാഗ്രമിളക്കിയും, നൂപുരങ്ങളെ കിലുക്കിയും, മനോഹരമായ
ചരണവിന്യാസങ്ങളാൽ ഭൂമണ്ഡലത്തെ ചുവപ്പിച്ചുകൊണ്ടു ചു
ററിനടന്നു.

ച. താം വീക്ഷിതും പരിത ഏവ സമുൽസുകസ്യ
ശംഭോരഭൂൽ കില ചതുർദ്ദിശി വക്ത്രമാലാ
ശക്രഃ സഹസ്രനയനോപി തദാ കിലാസീ-
ദന്യാൻ പുനഃ കിമു വദാമി വിലോലഭാവാൻ. 16

വ്യാ—(താം) അവളെ (പരിതഃ) ചുററം (വീക്ഷിതും ഏവ) നോക്കുവാനായിക്കൊണ്ടുതന്നെ (സമുൽസുകസ്യ) സശ്രദ്ധനായ (ശംഭോഃ) പരമേശ്വരന്നു (ചതുർദ്ദിശി) നാലുപുറത്തും (വക്ത്രമാലാ) മുഖസമൂഹം (അഭൂൽ കില) ഭവിച്ചു എന്നു തോന്നും. (തദാ) അപ്പോൾ (ശക്രഃ) ഇന്ദ്രൻ (സഹസ്രനയനഃ അപി) സഹസ്രാക്ഷനായിട്ടും (ആസീൽ കില) ഭവിച്ചുവൊ എന്നു തോന്നും. (പുനഃ) പിന്നെ (വിലോലഭാവാൻ) ചഞ്ചലസ്വഭാവന്മാരായ (അന്യാൻ) മററുള്ളവരെക്കുറിച്ചു (കിമു വദാമി) എന്തുപറയുന്നു.

സാ—അത്യുത്തമയായ തിലോത്തമയെ നല്ലവണ്ണം കാണ്മാൻകൊതിച്ച് പുരാന്തകൻ നാലുപുറത്തും മുഖങ്ങളെയും ശചീകാന്തൻ സഹസ്രം നയനങ്ങളെയും സ്വീകരിച്ചിരിക്കെ ചപലസ്വഭാവന്മാരായ മററുള്ളവരുടെ കഥകളെ കുറിച്ചു ഒന്നും പറവാനില്ലല്ലൊ.

ഗ. തതസ്തദ്രൂപദർശനാൽ സിദ്ധമേവ കാൎയ്യം മന്വാനേഷു സുരേഷു, സാ പുനർവ്വിലാസവിലോഭിതലോകാ ഭുവമുപഗച്ഛന്തി യദൃച്ഛയാ വിന്ധ്യവനശിലാതലേഷു രഹോവിഹാരിണോഃ സൈന്യസ്ഥാനേ സമാഹൃതഗദായുഗളയോഃ മദിരാക്ഷീസഹായയോഃ മദിരാക്ഷീബയോഃ സുന്ദോപസുന്ദയോരനതിദൂരേ കുസുമാപചായൈർവ്വിഹരന്തീ വികിരന്തീ കാന്തിസുധാം വിചചാര. 17

വ്യാ—(തതഃ) അനന്തരം (തദ്രൂപദർശനാൽ) അവളുടെ രൂപദർശനം ഹേതുവായിട്ടു (കാൎയ്യം) കാൎയ്യം (സിദ്ധം ഏവ) സാധിച്ചു എന്നുതന്നെ (സുരേഷു) ദേവകൾ (മന്വാനേഷു) മനനംചെയ്യുന്നവരായപ്പോൾ (സാ) അവളാകട്ടെ (പുനഃ) പിന്നെ (വിലാസവിലോഭിതലോകാ) വിലാസങ്ങളെക്കൊണ്ടു മോഹിപ്പിക്കപ്പെട്ട ജനങ്ങളോടുകൂടിയവളായി (ഭുവം) ഭൂമിയിലേക്കു (ഉപഗ

ച്ഛന്തീ) പോകുന്നവളായി. (യദൃച്ഛയാ) ആകസ്മികമായി (വിന്ധ്യവനശിലാതലേഷു) വിന്ധ്യവനത്തിലുള്ള പാറപ്പുറങ്ങളിൽ (രഹഃ) സൈ്വരമായി (വിഹരമാണയോഃ) കളിക്കുന്നവരായി (സൈന്യസ്ഥാനേ) സൈന്യസ്ഥാനത്തിങ്കൽ (സമാപ്ലുതഗദായുഗളയോഃ) വച്ചപ്പെട്ട രണ്ടു ഗദകളോടുകൂടിയവരായി (മദിരാക്ഷീസഹായയോഃ) കാമിനീസഹായന്മാരായി, (മദിരാക്ഷീബയോഃ) മദ്യമത്തന്മാരായിരിക്കുന്ന (സുന്ദോപസുന്ദയോഃ) സുന്ദോപസുന്ദന്മാരുടെ (അനതിദൂരേ) അതിദൂരത്തിലല്ലാതെ (കുസുമാപചായൈഃ) പുഷ്പാപഹരണങ്ങളോടുകൂടെ (വിഹരന്തീ) കളിക്കുന്നവളായി (കാന്തിസുധാം) കാന്തിപീയൂഷത്തെ (വികിരന്തീ) വർഷിക്കുന്നവളായിട്ടു (വിചചാര) സഞ്ചരിച്ചു.

സാ—അതിന്നുശേഷം ആ തിലോത്തമയുടെ രൂപദർശനത്താൽ "കാര്യം സാധിച്ചു" വെന്നു ദേവന്മാർ തീർച്ചപ്പെടുത്തി. ആ സമയത്തിങ്കൽ തിലോത്തമയാകട്ടെ സരസവിലാസത്താൽ ഭുവനത്തെ ഭ്രമിപ്പിച്ചുകൊണ്ടു ഭൂമിയിലേക്കിറങ്ങി, യദൃച്ഛയാ വിന്ധ്യവനത്തിലുള്ള പാറപ്പുറങ്ങളിൽ സൈ്വരമായി ക്രീഡിക്കുന്നവരും, സൈന്യസ്ഥാനത്തു രണ്ടു ഗദകളെ ചേർത്തിരിക്കുന്നവരും, കാമിനികളോടുചേർന്നവരും, മദ്യമത്തന്മാരുമായ സുന്ദോപസുന്ദന്മാരുടെ അധികം അകലയല്ലാതെ പൂവറുത്തു കളിച്ചും കാന്തിപീയൂഷത്തെ ചൊരിഞ്ഞും സഞ്ചരിച്ചു.

ഗ. തൌ ച വിഹരണരസാന്തരേ ലതാന്തരേണ കാന്തികന്ദളീദർശനാൽ സരഭസമുത്ഥായോപസരന്തൌ നിരുപമസുഷമാമയം ദിവ്യരൂപമാലോക്യ ദൂരനിരാകൃതധൈര്യസാരേണ മാരവീരേണ പാരിപ്ലവീകൃതഹൃദയൌ സോന്മോഹാവിവ സോന്മാദാവിവ തദുപാന്തമാപതതുഃ. 18

വ്യാ—(തൌ ച) അവരും (ക്രീഡാരസാന്തരേ) ക്രീഡാരസത്തിന്റെ ഇടയിൽ (ലതാന്തരേണ) ലതകളുടെ ഇടയിൽക്കൂടെ (കാന്തികന്ദളീദർശനാൽ) കാന്തിപ്രരോഹദർശനം ഹേതുവായിട്ടു (സരഭസം) വേഗത്തിൽ (ഉത്ഥായ) എഴുന്നേററു് (ഉപസര

ന്തൌ) സമീപത്തെ പ്രാപ്തന്മാരായി (നിരുപമസുഷമാമയം) സാദൃശ്യമററ കാന്തിരൂപമായ (ദിവ്യരൂപം) ദിവ്യസ്വരൂപത്തെ (ആലോക്യ) കണ്ടിട്ടു (ദൂരനിരാകൃതധൈൎയ്യേണ) ദൂരത്തിൽ കളയപ്പെട്ട ധൈൎയ്യത്തോടുകൂടിയ (മാരവീരേണ) വീരനായ മാരനാൽ (പരിപ്ലാവിതഹൃദയൌ) ചഞ്ചലമാക്കിച്ചെയ്യപ്പെട്ട ഹൃദയത്തോടുകൂടിയവരായിട്ടു് (സംമ്മോഹൌ ഇവ) മോഹിച്ചവരെന്നപോലെയും (സോന്മാദൌ ഇവ) ഭ്രാന്തുപിടിച്ചവരെന്നപോലെയും (തദുപാന്തം) അവളുടെ സമീപത്തെ (ആപതതുഃ) പ്രാപിച്ചു.

സാ—സുന്ദോപസുന്ദന്മാരും ക്രീഡാരസത്തിൻെറ ഇടക്ക് ലതാന്തരങ്ങളിൽകൂടി ചിന്നുന്ന കാന്തിപ്രരോഹം കാണുകയാൽ ക്ഷണത്തിലെഴുന്നേററു ചെന്നു നിരുപമകാന്തിരൂപമായ ദിവ്യരൂപംകണ്ടിട്ടു, ധൈൎയ്യത്തെ ദൂരത്തിൽ തള്ളിവിട്ട മാരവീരനാൽ ചഞ്ചലിതചിത്തരായി മോഹിച്ചപോലെയും ഉന്മാദംപിടിച്ചപോലെയും അവളുടെ സമീപത്തിലെത്തി.

പ. ത്രപാകുലം തത്ര തരുപകണ്ഠേ
മനാങ്ങ് നിലീനാ സുരസുന്ദരീ സാ
ഭാഗദ്വയാനുപ്രഹിതൈരപാംഗൈ-
സ്തസ്ഥൌ ക്ഷണം ദ്വാവപി മോഹയന്തൌ. 19

വ്യാ—(സാ സുരസുന്ദരീ) ആ സുരതരുണി (തത്ര) അവിടെ (തരുപകണ്ഠേ) വൃക്ഷച്ചുവട്ടിൽ (ത്രപാകുലം) ലജ്ജാകുലമാകുംവണ്ണം (മനാക്ക് നിലീനാ) അല്പം കതുങ്ങിനിന്നു് (ഭാഗദ്വയാനുപ്രഹിതൈഃ) ഇരുഭാഗങ്ങളിലേക്കും അയക്കുന്ന (അപാംഗൈഃ) കടക്കണ്ണുകളെക്കൊണ്ടു (ദ്വൌ അപി) ഇരുവരേയും (മോഹയന്തീ) മോഹിപ്പിക്കുന്നവളായിട്ടു (ക്ഷണം) അല്പസമയം (തസ്ഥൌ) നിന്നു.

സാ—ആ സമയത്തിങ്കൽ ആ സുരതരുണി ഒരു വൃക്ഷച്ചുവട്ടിൽ ലജ്ജയോടുകൂടെ അല്പം കതുങ്ങിനിന്നു് ഇരുഭാഗങ്ങളിലേക്കും കടാക്ഷിച്ചു ഇരുവരെയും മോഹിപ്പിച്ചുകൊണ്ടു അല്പസമയം നിന്നു.

ഗ. തതസ്തൗ പ്രസ്തുതപ്രിയസല്ലാപാവുഭാവപി നിജാർദ്രഭാവം നിശ്ചിന്വാനൌ "ഉചിതവേദീ കിമയം നാപസരതീ"തി സാസൂയം പരസ്പരം നിരീക്ഷമാണൌ പുനരപി കാലാസഹകാമമദവശാൽ "അഹമിമാം ഗൃഹ്ണാമ്യഹമേവേ"ത്യുദിതരോഷം വിവദമാനൌ ഏകൈകമസ്യാഃ കരാംബുജമുപഗൃഹ്ണന്തൌ ഗുരുവധൂം ന സ്പൃശേതി അനുജവധൂം ന സ്പൃശേതി വാദിനൌ രോഷാതിഭൂമിമാരൂഢൌ. 20

വ്യാ—(തതഃ) അനന്തരം (തൌ) അവർ (പ്രസ്തുതപ്രിയസല്ലാപൌ) ആരംഭിക്കപ്പെട്ട സരസവാക്യങ്ങളോടുകൂടിയവരായി (ഉഭൗ) രണ്ടാളും (നിജാർദ്രഭാവം) തന്നിലുള്ള സ്നേഹഭാവത്തെ (മന്വാനൌ) വിചാരിക്കുന്നവരായി (ഉചിതവേദീ) ഉചിതജ്ഞനായ (അയം) ഇവൻ (കിം) എന്തുകൊണ്ടു (ന അപസരതി) പോകുന്നില്ല (ഇതി) ഇപ്രകാരം വിചാരിച്ചു (സാസൂയം) അസൂയയോടുകൂടെ (പരസ്പരം) അന്യോന്യം (നിരീക്ഷമാണൌ) നോക്കുന്നവരായി (പുനഃ അപി) പിന്നെയും (കാലാസഹകാമമദവശാൽ) കാലതാമസം സഹിക്കരുതാത്തകാമമദം ഹേതുവായിട്ടു (അഹം എവ ഇമാം ഗൃഹ്ണാമി) ഞാൻതന്നെ ഇവളെ ഗ്രഹിക്കുന്നു (അഹം എവ ഇമാം ഗൃഹ്ണാമി) ഞാൻതന്നെ ഇവളെ ഗ്രഹിക്കുന്നു (ഇതി ഉദിതരോഷം) ഇപ്രകാരം സഞ്ജാതരോഷമാകുംവണ്ണം (വിവദമാനൌ) വാദിക്കുന്നവരായി (അസ്യാഃ) ഇവളുടെ (ഏകൈകം) ഓരോരു (കരാംബുജം) കരാരവിന്ദത്തെ (ഉപഗൃഹ്ണന്തൌ) പിടിക്കുന്നവരായി (ഗുരുവധൂം ന സ്പൃശ ഇതി) ജ്യേഷ്ഠപത്നിയെ തൊടരുത് എന്നിപ്രകാരവും (അനുജവധൂം ന സ്പൃശ ഇതി) അനുജപത്നിയെ തൊടരുത് എന്നിപ്രകാരവും (വാദിനൌ) പറയുന്നവരായിട്ട് (രോഷാതിഭൂമിം) കോപത്തിന്റെ മുകളിലേക്ക് (ആരൂഢൌ) കേറിയവരായി.

നാ—അനന്തരം ആ സുന്ദോപസുന്ദന്മാർ സരസസല്ലാപം ചെയ്തുകൊണ്ടു തന്നിൽ പ്രേമം കൂടുമെന്നു രണ്ടുപേരും നിശ്ചയിച്ചു, "ഉചിതജ്ഞനായ ഇവൻ മാറിപ്പോകാത്തതെന്തോ"ന്നുക

രുതി അസൂയയോടെ പരസ്പരം നോക്കി കാലവിളംബം സഹിക്കുവാൻ ശക്തിയില്ലാത്ത കാമമദത്താൽ "ഞാനിവളെ ഗ്രഹിക്കും; ഞാനിവളെ ഗ്രഹിക്കും" എന്നിപ്രകാരം സരോഷമായി വാദിച്ചു അവളുടെ കാരോ കൈക്കുപിടിച്ചു, ജ്യേഷ്ഠപത്നിയെ തൊടരുതെന്നും അനുജപത്നിയെ തൊടരുതെന്നും പറഞ്ഞു രോഷഗിരിയുടെ ഉപരിഭാഗത്തിലെത്തി.

പ. സ്വാം സ്വാമാശു ഗദാം സമീപനിഹിതാ-
മാദായ സാംഗ്രാമികീം
ഘോരാഘാതപരൌ മുഹുഃ സുരവധൂ-
വക്ത്രാബ്ജദത്തേക്ഷണൌ
സദ്യശ്ചൂർണ്ണിതമസ്തകസ്രവദസൃ-
ഗ്വ്യാജേന രാഗച്ഛടാം
മുഞ്ചന്തൌ നിപതാംബഭൂവതുരുഭൌ
സുന്ദോപസുന്ദൌ ക്ഷണാൽ. 21

വ്യാ—(സുന്ദോപസുന്ദൌ ഉഭൌ) സുന്ദോപസുന്ദന്മാർ രണ്ടാളും (ആശു) വേഗത്തിൽ (സമീപനിഹിതാം) സമീപത്തിൽ വയ്ക്കപ്പെട്ടതും (സാംഗ്രാമികീം) യുദ്ധോചിതവുമായ (സ്വാം സ്വാം) അവരവരെസ്സംബന്ധിച്ച (ഗദാം) ഗദയെ (ആദായ) എടുത്തിട്ട് (മുഹുഃ മുഹുഃ) പിന്നെയും പിന്നെയും (ഘോരാഘാതപരൌ) കഠിനതാഡനത്തിൽ തല്പരന്മാരും (സുരവധൂവക്ത്രാബ്ജദത്തേക്ഷണൌ) സുരതരുണിയുടെ മുഖാരവിന്ദത്തിൽ ദാനം ചെയ്യപ്പെട്ട കണ്ണുകളോടുകൂടിയവരും (സദ്യഃ) പെട്ടെന്ന് (ചൂർണ്ണിതമസ്തകസ്രവദസൃഗ്വ്യാജേന) പൊടിക്കപ്പെട്ട മസ്തകത്തിൽനിന്നു ഒലിക്കുന്ന ചോരയാകുന്ന വ്യാജംകൊണ്ടു (രാഗച്ഛടാം) രാഗസമൂഹത്തെ (മുഞ്ചന്തൌ) മോചിക്കുന്നവരുമായിട്ട് (ക്ഷണാൽ) വേഗത്തിൽ (നിപതാംബഭൂവതുഃ) നിപതിച്ചു.

സം—അതിന്നുശേഷം സുന്ദോപസുന്ദന്മാർ ഇരുവരും സമീപത്തിൽ വച്ചിട്ടുള്ളതും യുദ്ധോചിതവുമായ അവരവരുടെ ഗദയെ വേഗത്തിലെടുത്ത് പിന്നെയും പിന്നെയും അടികൂടിയും സുരതരുണിയുടെ മുഖാരവിന്ദത്തെ നോക്കിയും പെട്ടെന്നു തലപൊ

ളിഞ്ഞ് കലിക്കുന്ന ചോരയാകുന്ന വ്യാജേന അവളിലുള്ള അനുരാഗസമൂഹത്തെ ഉപേക്ഷിച്ച ക്ഷണത്തിൽ വീണു.

പ. തത്ര ഗത്വാ സമം ദേവൈ-
ർമ്മാനയിത്വാ തിലോത്തമാം
പ്രതിഷ്ഠാപ്യ സുരശ്രേഷ്ഠാൻ
പരമേഷ്ഠീ യയൌ മുദാ. 22

വ്യാ—(പരമേഷ്ഠീ) ബ്രഹ്മാവ് (ദേവൈഃ സമം) ദേവന്മാരോടുകൂടെ (തത്ര) അവിടെ (ഗത്വാ) ഗമിച്ചിട്ട് (തിലോത്തമാം) തിലോത്തമയെ (മാനയിത്വാ) മാനിച്ചിട്ട് (സുരശ്രേഷ്ഠാൻ) ദേവശ്രേഷ്ഠന്മാരെ (പ്രതിഷ്ഠാപ്യ) മടക്കി അയച്ചിട്ട് (മുദാ) സന്തോഷത്തോടുകൂടെ (യയൌ) പോയി.

സാ—ബ്രഹ്മാവ് ദേവകളൊന്നിച്ച തിലോത്തമയുടെ സമീപത്തിൽ ചെന്നു അവളെ മാനിച്ച് ദേവകളെ സ്വർഗ്ഗത്തിലേക്കയച്ച സന്തോഷത്തോടെ മടങ്ങിപ്പോയി.

പ. ഏവം ദൃഢപ്രണയിനാമപി വൈരയോഗാൽ
കാന്താ പരാന്തികഗതാ ന വിലോകനീയാ
സ്വാം വല്ലഭാം പുരത ഏവ പരാർദ്ദ്രഭാവാം
ദൃഷ്ട്വാ ശിലേയമതയോപി കഥം സഹേയുഃ. 23

വ്യാ—(ദൃഢപ്രണയിനാം അപി) പ്രാണപ്രിയന്മാൎക്കും (വൈരയോഗാൽ) വൈരബന്ധം ഹേതുവായിട്ട് (ഏവം) ഇപ്രകാരമാകുന്ന (പരാന്തികഗതാ) അന്യന്റെ സമീപത്തിലുള്ള (കാന്താ) പ്രിയാ (ന വിലോകനീയാ) കാണപ്പെടുവാൻ യോഗ്യയല്ല (സ്വാം വല്ലഭാം ഏവ) തന്റെ വല്ലഭയെത്തന്നെ (പരാർദ്ദ്രഭാവാം) അന്യാസക്തയായിട്ട് (പുരതഃ) മുമ്പിൽ (ദൃഷ്ട്വാ) കണ്ടിട്ട് (ശിലേയമതയഃ അപി) ശിലാബുദ്ധികളും (കഥം) എങ്ങിനെ (സഹേയുഃ) സഹിക്കും

സാ—പ്രാണപ്രിയന്മാൎക്കും ഇപ്രകാരം ആപത്തുണ്ടാകുന്നതു സാധാരണയാകുന്നു. അന്യന്റെ സമീപത്തിലിരിക്കുന്ന കാന്തയെ കാണുന്നതുചിതമല്ല. സ്വപത്നിയെത്തന്നെ അന്യാസ

ക്തയായിട്ടു മുമ്പിൽ കണ്ടാൽ പാറപോലെ കഠിനമായ ചിത്ത ത്തോടുകൂടിയവക്കും സഹിക്കുകയില്ല.

പ. ഏകൈകവാസരതയാ നിയമേ കൃതേത്ര
നിത്യപ്രസംഗിനി ഭവേദവധൌ വിരോധഃ
തസ്മാൽ സുഖോപി നിയമോ ബഹുകാലഭാവീ
ശേഷം വിചിന്തയത നീതിചണാ ഹി യൂയം. 24

വ്യാ—(അത്ര) ഇവിടെ (ഏകൈകവാസരതയാ) ഓരോ ദിവസമായിട്ടു (നിയമേ) നിശ്ചയം (കൃതേ) കൃതമായിരിക്കുംസ മയത്തിങ്കൽ (നിത്യപ്രസംഗിനി) എല്ലാം ദിവസവും ഉണ്ടാവുന്ന തായ (അവധൌ) അവധിയിലും (വിരോധഃ) വിരോധം (ഭ വേൽ) ഭവിക്കും (തസ്മാൽ) അതു ഹേതുവായിട്ടു (ബഹുകാലഭാ വീ) വളരെക്കാലം ഭവിക്കുന്നതായ (നിയമഃ അപി) നിയമവും (സുഖഃ) സുഖമാകുന്ന (നീതിചണാഃ) നീതിമാന്മാരായ (യൂയം) നിങ്ങൾ (ശേഷം) ഇനിയുള്ളതു (വിചിന്തയത) വിചിന്തനംചെ യ്യാലും.

സാ—ഓരോദിവസം ഓരോരുത്തർ രമിക്കുക എന്ന നിയ മവും ഒരുദിവസംതന്നെ എല്ലാവരും രമിക്കുക എന്ന നിയമവും വിരോധത്തിന്നു കാരണമാകുന്നു. അതുകൊണ്ടു കുറെദിവസം ഇട യിട്ടു രമിക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു. ഇനി വേണ്ട തു നീതിമാന്മാരായ നിങ്ങൾതന്നെ നിശ്ചയിച്ചാൽ മതി.

പ. ശ്രുത്വായുക്തിയുതം വചോ ഹരിഗിരം
സ്മൃത്വാ ച നിസ്സംശയാ-
സ്തേ വഹ്നേരിവ നാരദസ്യ പുരത-
ശ്ചക്രുഃപ്രതിജ്ഞാമിമാം
ഏകൈകാബ്ദമമൂം ഭജേമഹി വധൂം
യസ്ത്വേനയാ സംയുതം
പശ്യേന്നഃ സ ഹി വത്സരം വ്രതധരഃ
പ്രാവാസികഃ സ്യാദിതി. 25

വ്യാ—(തേ) പാണ്ഡവന്മാർ (യുക്തിയുതം) യുക്തിയോടുകൂടി യ (വചഃ) വാക്കിനെ (ശ്രുത്വാ) കേട്ടിട്ട് (ഹരിഗിരം ച) ശ്രീ

കൃഷ്ണന്റെ വാക്കിനേയും (സ്മൃത്വാ) സ്മരിച്ചിട്ടു (നിസ്സംശയാഃ) സംശയംകൂടാത്തവരായിട്ട് (വഹ്നേഃ ഇവ) വഹ്നിയുടെ എന്ന പോലെ (നാരദസ്യ) നാരദന്റെ (പുരതഃ) മുമ്പിൽ (ഇമാം പ്രതിജ്ഞാം) ഈ പ്രതിജ്ഞയെ (ചക്രുഃ) ചെയ്തു (വയം) ഞങ്ങൾ (ഏകൈകാബ്ദം) ഓരോ സംവത്സരം (അമൂം വധൂം) ഈ വധുവിനെ (ഭജേമഹി) അനുഭവിക്കുന്നു (നഃ) ഞങ്ങളിൽവെച്ചു (യഃ) യാവനൊരുത്തനാകട്ടെ (ഏനയാ സംയുതം) ഇവളോടുകൂടിയവനെ (പശ്യേൽ) കാണും (സഃ) അവൻ (വത്സരം) ഒരു സംവത്സരം (പ്രാവാസികഃ) വിയുക്തനായി (വ്രതധരഃ) വ്രതം അനുഷ്ഠിക്കുന്നവനായിട്ട് (സ്യാൽ) ഭവിക്കും (ഇതി) ഇപ്രകാരം.

സാ—ആ പാണ്ഡവന്മാർ നാരദമുനിയുടെ യുക്തിയുക്തമായ വാക്കിനെ കേട്ട് ഭഗവദ്വാക്യത്തെയും സ്മരിച്ച് അഗ്നിയുടെ മുമ്പിലെന്നപോലെ നാരദമുനിയുടെ മുമ്പിൽവെച്ച "ഞങ്ങൾ ഓരോ വത്സരമായിട്ട് ഈ പത്നിയെ അനുഭവിച്ചുകൊള്ളാം ഞങ്ങളിലാരെങ്കിലും പത്നീസഹായനായിട്ടിരിക്കുന്നവനെ കണ്ടാൽ അവൻ എല്ലാവരേയും പിരിഞ്ഞ് ഒരു സംവത്സരം തത്ഥസ്നാനവ്രതമനുഷ്ഠിച്ചുകൊള്ളാം" എന്നിപ്രകാരം ഒരുപ്രതിജ്ഞ ചെയ്തു.

സുന്ദോപസുന്ദോപാഖ്യാനം

സമാപ്തം.

KOTTAYAM PUBLIC LIBRARY

KOTTAYAM PUBLIC LIBRARY ★ KOTTAYAM ★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. ........M2A2........ Acc. No. ....19639....

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

KOTTAYAM PUBLIC LIBRARY KOTTAYAM

Cl. No. MA2 Acc. No 19639
Ram-B
AUTHOR

MA2
RAM-B
19639

രാമൻനമ്പ്യാർ, സി. കെ.

ഭാരത പ്രബന്ധം

KOTTAYAM PUBLIC LIBRARY ★ KOTTAYAM ★